**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് ഓഫീസടക്കം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകൾക്ക് വേണ്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;വിശദാംശം ; | (എ) | കൊണ്ടോട്ടി മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സർക്കാറിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | ഇതിന് വേണ്ടി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ലഭ്യമാക്കുമോ; | (ബി) | കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ആയത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ; | (സി) | (ബി) പിരിവിനുള്ള മറുപടി |
| (ഡി) | ഏതെല്ലാം സ്ഥലങ്ങൾ ആയതിന് വേണ്ടി പരിശോധിച്ചിരുന്നുവെന്നും സ്ഥലം കണ്ടെത്തുന്നതിന് എന്ത് തീരുമാനമാണ് എടുത്തത് എന്നും വ്യക്തമാക്കുമോ; | (ഡി) | കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശോധിച്ചിരുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) കൊണ്ടോട്ടി മുൻസിപ്പാലിറ്റി വിട്ടു തരാൻ തയ്യാറായ 50 സെന്റ് നിലം.<br><br>2) കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12ൽ റീ സർവ്വെ 105/5ൽപ്പെട്ട 1.20 ഹെക്ടർ വിസ്തീർണ്ണമുള്ള പുരയിടം ഇനത്തിൽപ്പെട്ട ഭൂമി.<br><br>3) കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്ടിക് പ്രൈവറ്റ് ലിമിറ്റഡിന്റെ 2.2515 ഹെക്ടർ ഭൂമി. |

| | | | |
|---|---|---|---|
| | | | 4) കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്ടിക് പ്രൈവറ്റ് ലിമിറ്റഡിന്റെ 1.75 ഏക്കർ ഭൂമി.<br><br>കൂടാതെ പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ മിനി സിവിൽ സ്റ്റേഷന് അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ടീം രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന 4 ഭൂമികളാണ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിരുന്നത്.<br><br>1) കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ സർവ്വെ 376/1 ലെ 0.2020 ഹെക്ടർ ഭൂമി<br><br>2) കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ സർവ്വെ 414/1, 3ലെ 0.3000 ഹെക്ടർ ഭൂമി<br><br>3) നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ആഡിറ്റോറിയം, കൃഷിഭവൻ എന്നിവ നിൽക്കുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ സർവ്വെ 29/7, 8 ലെ ഭൂമിയും സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ നിൽക്കുന്ന നെടിയിരുപ്പ് വില്ലേജിലെ സർവ്വെ 29/3 ലെ ഭൂമിയും<br><br>4) മേൽ ഭൂമിയോട് ചേർന്ന് ഏറ്റെടുക്കേണ്ട/ കണ്ടെത്തേണ്ടതായി വരുന്ന ഭൂമിയും. |
| (ഇ) | കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷന് സ്ഥലം യഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പദ്ധതിയ്ക്ക് ഭൂമി കണ്ടെത്തുന്നത് സർക്കാർ പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ

**കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങൾ**

- 2020 മാർച്ച് 7-ാം തീയതി രാവിലെ 11.30 മണിയ്ക്ക് മലപ്പുറം ജില്ലാ കലക്ടറുടെ ചേംബറിൽ വച്ച് യോഗം ചേരുകയുണ്ടായി.
- 01/10/2020 ന് മലപ്പുറം ജില്ലാ കലക്ടറുടെ ചേംബറിൽ വച്ച് യോഗം ചേരുകയുണ്ടായി.
- 25/08/2021 ൽ മലപ്പുറം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ചേമ്പറിൽ യോഗം ചേരുകയുണ്ടായി.
- മലപ്പുറം ജില്ലാ വികസന സമിതിയുടെ 2021 ആഗസ്റ്റ് മാസത്തെ യോഗം രാവിലെ 11.00 മണിക്ക് മലപ്പുറം ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി.
- 12/10/2021 തീയതി 12 pm.ന് ഓൺലൈൻ ഗൂഗിൾ മീറ്റ് വഴി ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തുകയുണ്ടായി.
- 21/02/2022 തീയതി 11 AM ന് ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തരം യോഗം നടത്തുകയുണ്ടായി.
- 24/02/2022 ൽ കൊണ്ടോട്ടി താലൂക്ക് ഓഫീസിൽ എൽ ആർ ഡെപ്യൂട്ടി കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.
- 08/11/2023 മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് യോഗം ചേരുകയുണ്ടായി.

File No.DCMPM/9860/2020-LA2

കളക്ടറേറ്റ് 15 OCT 2020 മലപ്പുറം

കലക്ടറേറ്റ്,മലപ്പുറം
തീയതി12/10/2020

01.10.2020 തീയതിയിൽ ഉച്ചക്ക് ശേഷം 3.00 മണിക്ക് മലപ്പുറം ജില്ലാകളക്ടറുടെ ചേംബറിൽ ചേർന്ന കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട യോഗത്തിന്റെ മിനിറ്റ്സ് .

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു:-

| ക്രമ നം. | പേര് | തസ്തിക , ഓഫീസ് |
|---|---|---|
| 1 | ശ്രീ.ടി.വി.ഇബ്രാഹിം | ബഹു. എം.എൽ.എ .കൊണ്ടോട്ടി |
| 2 | ശ്രീമതി.ലത.കെ | ഡെപ്യൂട്ടി കലക്ടർ (എൽ.എ),മലപ്പുറം |
| 3 | ശ്രീ.ഒ.ഹംസ | ഡെപ്യൂട്ടി കലക്ടർ (എൽ.ആർ),മലപ്പുറം |
| 4 | ശ്രീമതി.പി.എ.ഷാജി | ഡെപ്യൂട്ടി ഡയറക്ടർ ,റീ സർവ്വേ ,മലപ്പുറം |
| 5 | ശ്രീ.മുഹമ്മദ് അൻവർ | എക്സി.എഞ്ചിനീയർ , PWD കെട്ടിട വിഭാഗം ,മലപ്പുറം |
| 6 | ശ്രീ.ചന്ദ്രൻ .പി | തഹസിൽദാർ,കൊണ്ടോട്ടി |
| 7 | ശ്രീ.കെ.ദാമോദരൻ | ജില്ലാ സർവ്വെ സൂപ്രണ്ട് ,മലപ്പുറം |
| 8 | ശ്രീ.മഹ്മൂദ് .എൻ | ജൂനിയർ സൂപ്രണ്ട് ,ബി -സെക്ഷൻ ,കലക്ടറേറ്റ് ,മലപ്പുറം |

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് വേണ്ടിയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടിയാണ് യോഗം ചേർന്നിരിക്കുന്നത് എന്ന് ജില്ലാ കലക്ടർ ആമുഖമായി പറഞ്ഞു.

കൊണ്ടോട്ടി താലൂക്ക് 2013 ഡിസംബർ മാസം 23- ാം തീയതി ഉത്ഘാടനം ചെയ്യപ്പെടുകയും,താലൂക്ക് ഓഫീസ് 01.01.2014 തീയതിയിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണെന്നും ,മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്ക് ആസ്ഥാനത്ത് മാത്രമാണ് നിലവിൽ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുവാനായി മിനി സിവിൽ

സ്റ്റേഷന് ഇല്ലാത്തതെന്നും കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു. കൂടാതെ മിനി സിവിൽ സ്റ്റേഷന് ലഭ്യമല്ലാത്തതിനാലും, സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തതിനാലും താലൂക്ക് ഓഫീസ് ,താലൂക്ക് സപ്ലൈ ഓഫീസ് ,അസിസ്റ്റന്റ് ലേബർ ഓഫീസ്,എക്സൈസ് റേഞ്ച് ഓഫീസ് ഉൾപ്പെടെയുള്ള പല സർക്കാർ ഓഫീസുകളും ഇപ്പോഴും സൌകര്യങ്ങൾ അപര്യാപ്തമായ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നതെന്നും ,ഇത് പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ സൌകര്യപ്രദ മാകുന്നതിനും വേണ്ടി താലൂക്ക് പരിധിയിലെ പ്രധാന സർക്കാർ ഓഫീസുകളെല്ലാം ഒരേ കോമ്പൌണ്ടിൽ വരുന്നതിനായി കൊണ്ടോട്ടി ആസ്ഥാനമായി മിനി സിവിൽ സ്റ്റേഷന് നിർമ്മിക്കേണ്ട് അത്യാവശ്യമാണെന്ന് കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു.കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നാല് വർഷങ്ങൾക്ക് മുമ്പ് തന്നെ ആരംഭിച്ചിട്ടുള്ളതാണെന്നും ,എന്നാൽ പല കാരണങ്ങളാൽ മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും,ടി വിഷയവുമായി ബന്ധപ്പെട്ട് മുമ്പ് നാല് യോഗങ്ങൾ കലക്ടറേറ്റിൽ വെച്ച് നടത്തിയിട്ടുണ്ടെന്നും ബഹു.കൊണ്ടോട്ടി എം.എൽ.എ യോഗത്തിൽ അറിയിച്ചു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് നിർമ്മാണത്തിനായി പരിഗണയിലുള്ള മൂന്ന് ഓപ്ഷനുകളിലുള്ള ഭൂമിയുണ്ടെന്നും അവ സംബന്ധിച്ച വിവരങ്ങളും കൊണ്ടോട്ടി തഹസിൽദാർ വിശദീകരിച്ചു.

<u>ഓപ്ഷൻ -1</u> : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ആദ്യം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റീസ 376/1ൽ ഉൾപ്പെടുന്ന 1 ഏക്കർ പരിഗണിച്ചിരുന്നു.കോഴിക്കോട് -പാലക്കാട് ദേശീയപാതയിൽ നിന്നും ഏകദേശം 200 മീറ്റർ ദൂരയായിട്ടാണ് ഈ ഭൂമി സ്ഥിതി ചെയ്യുന്നത്. ടി ഭൂമി നിലം തരത്തിൽ ഉൾപ്പെട്ട ഭൂമിയാണ് ,ഇത് 2008 ലെ തണ്ണീർതട സംരക്ഷണ നിയമം പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട് വരുന്നതുമാണ്.മിനി സിവിൽ സ്റ്റേഷന് നിർമ്മാണത്തിനുള്ള അനുമതിക്കായി ഈ ഭൂമി കാണിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചപ്പോൾ ടി ആവശ്യത്തിനായി മറ്റ് ഭൂമി കണ്ടെത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാരിൽ നിന്നും പ്രൊപ്പോസൽ നിരസിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് തഹസിൽദാർ പറഞ്ഞു.

ഓപ്ഷൻ - 2 : കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റി.സ 414/3 ൽ ഉൾപ്പെട്ട 0.30000 ഹെക്ടർ ഭൂമി.ടി ഭൂമി കൊണ്ടോട്ടി മേലങ്ങാടിയിൽ സ്ഥിതി ചെയ്യുന്നതും, ടൗണിന്റെ നട്ടവിലുള്ളതുമാണ്.ടി സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ വന്നാൽ പൊതുജനങ്ങൾക്ക് വേഗത്തിലെത്താൻ കഴിയുകയും, കൂടുതൽ സൌകര്യപ്രദമാകുകയും ചെയ്യും.നിലവിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി 90 സെന്റ് വരുമെന്ന് തഹസിൽദാർ പറഞ്ഞു.എന്നാൽ തഹസിൽദാർ ഹാജരാക്കിയ രേഖകളിൽ ടി ഭൂമി 75 സെന്റ് മാത്രമെ ഉള്ളുവെന്ന് ജില്ലാ കലക്ടർ പറഞ്ഞു. രേഖകളിൽ 75 സെന്റ് കാണിച്ചിട്ടുള്ളുവെങ്കിലും പിന്നീട് മുനിസിപ്പാലിറ്റി ടി ഭൂമിക്കടുത്തുള്ള ഭൂ ഉടമകളിൽ നിന്നും 15 സെന്റ് ഭൂമി വാങ്ങിച്ചിട്ടുണ്ടെന്നും കൊണ്ടോട്ടി തഹസിൽദാർ അറിയിച്ചു.ടി ഭൂമി സർവ്വെ ചെയ്ത് ശരിയായ വിസ്തീർണ്ണം കണ്ടെത്തുകയും ഭൂമിയുടെ തരം ,ന്യായവില,തൽസ്ഥിതി ,Floor Space Index,തുടങ്ങിയവ ലഭ്യമാക്കാൻ ജില്ലാ കലക്ടർ തഹസിൽദാർക്ക് നിർദ്ദേശം നൽകി.

ഓപ്ഷൻ - 3 : കൊണ്ടോട്ടി -കളത്തിൽ റോഡിന് സമീപത്തായുള്ള ടിഗർ ലോജസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റി.സ 208/1,208/10,209/1,209/2,10/3,10/5,10/7,10/8,10/9,10/22 ൽ ഉൾപ്പെട്ട 2.2515 ഹെക്ടർ ഭൂമി .ഈ ഭൂമി ദേശീയപാത ,എയർപോർട്ട് ജംഗ്ഷനിൽ നിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി കോഴിക്കോട് -പാലക്കാട് ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.ടി ഭൂമി മൊത്തമായോ ഭാഗികമായോ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിലക്ക് നൽകാൻ ഭൂ ഉടമകൾ തയ്യാറാണെന്ന വിവരം തഹസിൽദാർ അറിയിച്ചു.ഭൂ ഉടമകൾ അറിയിച്ച 2 ഓപ്ഷനുകൾ തഹസിൽദാർ വിശദീകരിച്ചു.

ഓപ്ഷൻ നമ്പർ -1 : ദേശീയപാതയിൽ നിന്നും 12 മീറ്റർ റോഡ് സൌകര്യത്തോടു കൂടി കൊണ്ടോട്ടി വില്ലേജിലെ റി .സ 10/3,10/5,10/7,10/8,10/9,10/21,10/22,208/1,208/2, 208/10,209/1,209/2 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന 1 ഏക്കർ 76 സെന്റ് ഭൂമി.ഇത് ദേശീയപാതയിൽ നിന്നും 100 മീറ്റർ ഉൾവശത്താണ്.ടി ഭൂമി ഏകദേശം ചെങ്കുത്തായാണ് സ്ഥിതി ചെയ്യുന്നത്.

ഓപ്ഷൻ നമ്പർ -2 :ദേശീയപാതയിൽ നിന്നും 12 മീറ്റർ റോഡ് സൌകര്യത്തോടു കൂടി കൊണ്ടോട്ടി വില്ലേജിലെ റി .സ 208/1,208/2,208/10 ,209/1,209/2 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 2 ഏക്കർ 09 സെന്റ് ഭൂമി .ഇത് ഇത് ദേശീയപാതയിൽ നിന്നും 150 മീറ്റർ ഉൾവശത്താണ് സ്ഥിതി ചെയ്യുന്നത്.റോഡ് സൌകര്യം,ഏകദേശം നിരപ്പായ ഭൂമി

എന്നിവ പരിഗണിച്ചാൽ ഈ ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണെന്നും, ടി ഭൂമി LARR Act പ്രകാരം നടപടി പൂർത്തീകരിച്ച് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം എടുക്കാവുന്നതാണെന്ന കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു.സ്ഥലമുടമകൾ ന്യായമായ വിലക്ക് ഈ ഭൂമി വിട്ട് തരാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും തഹസിൽദാർ അറിയിച്ചു.

ആകെയുള്ള ഏഴര ഏക്കർ ഭൂമി മൊത്തമായി വാങ്ങുകയാണെങ്കിൽ സെന്റിന് മൂന്ന് ലക്ഷം രൂപയും,ഒന്നര ഏക്കർ ഭൂമിയാണ് വാങ്ങുന്നതെങ്കിൽ സെന്റിന് മൂന്നര ലക്ഷം രൂപയുമാണ് പാർട്ടികൾ ആവശ്യപ്പെടുന്നതെന്ന് തഹസിൽദാർ അറിയിച്ചു.എയർപോർട്ട് ജംഗ്ഷൻ , കോഴിക്കോട് -പാലക്കാട് ദേശീയപാത എന്നിവിടങ്ങളിലേക്ക് ടി പരാമർശിച്ച സ്ഥലത്ത് നിന്നും 150 മീറ്റർ ദൂരം മാത്രമാണുള്ളതെന്ന് ബഹു. MLA പറഞ്ഞു.ഭൂ ഉടമകളുമായി നെഗോഷിയേഷൻ നടത്തുകയാണെങ്കിൽ ഭൂ വില കറയ്ക്കാൻ കഴിയുമെന്ന് തഹസിൽദാർ പറഞ്ഞു.ടി പ്രദേശത്തെ ഭൂമിയുടെ ഫെയർ വാല്യൂ എത്ര വരുമെന്ന് കലക്ടർ തഹസിൽദാരോട് ആരാഞ്ഞു.ഫെയർ വാല്യൂ നോക്കിയിട്ടില്ലെന്നും അത് അടുത്ത ദിവസം തന്നെ നോക്കി അറിയിക്കാമെന്നും കൊണ്ടോട്ടി തഹസിൽദാർ കലക്ടറെ അറിയിച്ചു.മേൽ പരാമർശിച്ച ഏഴര ഏക്കർ ഭൂമിയിൽ വിവിധ സർവ്വെ നമ്പറുകളിലായി ആറിന് 20,000/- രൂപ മുതൽ 1,50,000/- രൂപ വരെ വില വരുന്നുണ്ടെന്ന് ജൂനിയർ സൂപ്രണ്ട് ശ്രീ.മഹ്മൂദ് എന്നവർ കലക്ടറെ അറിയിച്ചു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റവും അനുയോജ്യമായിട്ടുള്ള സ്ഥലം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലമാണെന്ന് ബഹു. MLA പറഞ്ഞു.ടി സ്ഥലത്ത് മിനി സിവിൽ സ്റ്റേഷന് 3-4 നിലകളിലായി കെട്ടിടമുണ്ടാക്കാവുന്നതാണെന്നും ,ഏറ്റവും താഴെ വാഹന പാർക്കിംഗിനായി ഉപയോഗിക്കാമെന്നും എം.എൽ.എ അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റിക്ക് മത്സ്യ മാർക്കറ്റിനായി ലീസിന് വേറെ സ്ഥലം എടുക്കാവുന്നതാണെന്നും MLA പറഞ്ഞു.എയർപോർട്ട് ടി ഭൂമിക്ക് അടുത്തായതിനാൽ മിനി സിവിൽ സ്റ്റേഷന് എത്ര നിലയിൽ കെട്ടിടം പണിയാൻ കഴിയുമെന്ന് കലക്ടർ PWD കെട്ടിട വിഭാഗം എക്സി.എഞ്ചിനീയറോട് ആരാഞ്ഞു.അത് പരിശോധിച്ചിട്ടില്ലെന്നും ഉടൻ പരിശോധിച്ച് അറിക്കാമെന്നും എക്സി.എഞ്ചിനീയർ കലക്ടറെ അറിയിച്ചു.

മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി സർവ്വെ ചെയ്ത് ശരിയായ വിസ്തീർണ്ണം കണക്കാക്കുന്നതിനും ,മിനി സിവിൽ സ്റ്റേഷനായി പരിഗണനയിലുള്ള ടിഗർ ലോജസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള വിവിധ സർവ്വെ നമ്പറുകളിലെ ഭൂമിയുടെ ഫെയർ വാല്യൂ നോക്കി LARR Act പ്രകാരം ഒരു സെന്റ് ഭൂമിക്ക് എത്ര വില വരുന്നുണ്ടെന്നും ,

**File No.DCMPM/9860/2020-LA2**

നെഗോഷിയേഷൻ പ്രകാരം സെന്റിന് എത്ര രൂപ വരെ നൽകാവുന്നതാണെന്നും കണ്ടെത്തി ഒക്ടോബർ 5-ാം തീയതി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർ കൊണ്ടോട്ടി തഹസിൽദാർക്ക് നിർദ്ദേശം നൽകി.കൂടാതെ മിനി സിവിൽ സ്റ്റേഷന് എത്ര നില വരെയുള്ള കെട്ടിടം പണിയാൻ കഴിയുമെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർ PWD കെട്ടിട വിഭാഗം എക്സി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.മേൽ റിപ്പോർട്ടുകൾ ലഭ്യമായതിന് ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് കത്ത് നൽകുന്നതിനും, സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

യോഗം ഉച്ചക്ക് ശേഷം 3.45 മണിക്ക് അവസാനിച്ചു.

Signature valid
Digitally signed by K GOPALAKRISHNAN IAS
Date: 2020.[illegible]
Reason: A[illegible]
ജില്ലാ കളക്ടർ

സ്വീകർത്താവ്: യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും

കലക്ട്രേറ്റ് , മലപ്പുറം.
തീയതി:17/03/2020

07/03/2020 തീയ്യതിയിൽ 11.30 മണിയ്ക്ക് മലപ്പുറം ജില്ലാകളക്ടറുടെ ചേംബറിൽ ചേർന്ന കൊണ്ടോട്ടി താലൂക്ക് മിനിസിവിൽസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട യോഗത്തിന്റെ മിനിറ്റ്സ് .

യോഗ നടപടികൾ രാവിലെ 11.30 മണിക്ക് ജില്ലാകലക്ടറുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

| ക്രമ നം. | പേര് | തസ്തിക , ഓഫീസ് |
|---|---|---|
| 1 | ശ്രീ.ടി വി.ഇബ്രാഹിം | ബഹു.എം.എൽ .എ,കൊണ്ടോട്ടി |
| 2 | ശ്രീമതി.ഷീബ.കെ സി | ചെയർപേഴ്സൺ,,മുനിസിപാലിറ്റി,കൊണ്ടോട്ടി |
| 3 | ശ്രീ.പി .ടി. ബാബു | സെക്രട്ടറി,മുനിസിപ്പാലിറ്റി,കൊണ്ടോട്ടി |
| 4 | ശ്രീ.മുഹമ്മദ് അൻവർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത് കെട്ടിട വിഭാഗം ,മലപ്പുറം |
| 5 | ശ്രീ.മുഹമ്മദ് ഉസ്മാൻ .എം | അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം ,കൊണ്ടോട്ടി |
| 6 | ശ്രീ.പി പി മുഹമ്മദാലി | തഹസിൽദാർ,കൊണ്ടോട്ടി |
| 7 | ശ്രീ.സുലൈമാൻ | വില്ലേജ് ഓഫീസർ,കൊണ്ടോട്ടി |
| 8 | ശ്രീ.മഹമ്മൂദ് എൻ | ജൂനിയർ സൂപ്രണ്ട്(ബി)സെക്ഷൻ |
| 9 | ശ്രീമതി.ലതിക .കെ | സീനിയർ ക്ലാർക്ക് ,ബി 5, കളക്ടറേറ്റ് ,മലപ്പുറം |

കൊണ്ടോട്ടി താലൂക്ക് മിനിസിവിൽസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് യോഗം വിളിച്ചിട്ടുള്ളതെന്ന് അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു.

കൊണ്ടോട്ടി താലൂക്ക് നെടിയിരിപ്പ് വില്ലേജിലെ ചിറയിൽ ചുങ്കത്തുള്ള ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്നതിനു ബഹു .എം എൽ എ നിർദ്ദേശിച്ചു. എന്നാൽ മേൽ ഭൂമി കാലിക്കറ്റ് എയർപോർട്ടിന്റെ റൺവെയുടെ വിപുലീകരണത്തിനായി നോട്ടിഫൈ ചെയ്ത ഭൂമിയായതിനാൽ മേൽ ഭൂമി മിനി സിവിൽ സ്റ്റേഷനു വേണ്ടി ഏറ്റെടുക്കുവാൻ കഴിയില്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ആയതിനാൽ മേൽ ഭൂമി ഏറ്റെടുക്കുന്നതിൽനിന്ന് ഒഴിവാക്കുവാൻ തീരുമാനമായി.

പിന്നീട് കൊണ്ടോട്ടി താലൂക്ക് നെടിയിരിപ്പ് വില്ലേജിൽ കാളോത്ത് പെട്രോൾ പമ്പിന് എതിർവശത്തുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ബഹു എം എൽ എയും , കൊണ്ടോട്ടി താലൂക്കിൽ നെടിയിരിപ്പ് വില്ലേജിൽ കൊളത്തൂർ എയർപോർട്ട് ജംങ്ഷന് പടിഞ്ഞാറോട്ട് മാറി പെട്രോൾ പമ്പിന് സമീപമുള്ള സ്ഥലം കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷനുവേണ്ടി ഏറ്റെടുക്കുന്നതിന് കൊണ്ടോട്ടി വില്ലേജ് ഓഫീസറും നിർദ്ദേശിച്ചു.സ്ഥലം

അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിനും ഇക്കാര്യം കോഡിനേറ്റ് ചെയ്യുന്നതിനുമായി കൊണ്ടോട്ടി തഹസിൽദാരെ കോഡിനേറ്ററായി നിയോഗിച്ചു.കൊണ്ടോട്ടി ,നെടിയിരിപ്പ് വില്ലേജ് ഓഫീസർമാർ മേൽ ഭൂമികളെ സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് സ്കെച്ച് സഹിതം അടുത്ത യോഗത്തിൽ സമർപ്പിക്കുവാൻ തീരുമാനമായി.

ബങ്കാളത്ത് മമ്മദ് മകൾ മമ്മീര്യം എന്നവരുടെ കൈവശത്തിലുള്ള കൊണ്ടോട്ടി താലൂക്കിലെ കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 ൽ റി സർവ്വെ 105/5 ൽപ്പെട്ട 1.20 ഹെക്ടർ വിസ്തീർണ്ണമുള്ള പുരയിടം ഇനത്തിൽപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ പരാമർശിച്ച ഭൂമി റോഡിന്റെ വീതിയില്ലായ്മ മൂലവും , കുന്നിൻമുകളിലായതിനാലും ടൗണിൽനിന്ന് 2 കി.മീ ദൂരപരിധിയുള്ള ചെങ്കുത്തായ സ്ഥലമായതിനാലും മേൽ പ്രൊപ്പോസൽ ഒഴിവാക്കുന്നതിന് എം എൽ എ നിർദ്ദേശിച്ചു.

ബഹു എംഎൽ എയും, കൊണ്ടോട്ടി വില്ലേജ് ഓഫീസറും നിർദ്ദേശിച്ച സ്ഥലത്തിന്റെ ഉടമകളേയും കൂടി ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പിന്നീട് മറ്റൊരു യോഗം ചേരുവാൻ തീരുമാനമായി.

യോഗം 12.00 മണിക്ക് അവസാനിച്ചു

**JAFAR MALIK IAS, DC DCMPM, O/O DC DCMPM**
**ജില്ലാ കളക്ടർ**

സ്വീകർത്താവ്:- 1)ശ്രീ.ടി വി.ഇബ്രാഹിം,ബഹു.എം.എൽ .എ,കൊണ്ടോട്ടി,
2)ചെയർപേഴ്സൺ,,മുനിസിപാലിറ്റി,കൊണ്ടോട്ടി
3)സെക്രട്ടറി,മുനിസിപ്പാലിറ്റി,കൊണ്ടോട്ടി,
4)എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത്,കെട്ടിട വിഭാഗം ,മലപ്പുറം

5)അസിസ്റ്റന്റ് എഞ്ചിനീയർ,പൊതുമരാമത്ത് കെട്ടിട വിഭാഗം ,കൊണ്ടോട്ടി

6)തഹസിൽദാർ,കൊണ്ടോട്ടി

7)വില്ലേജ് ഓഫീസർ,കൊണ്ടോട്ടി/നെടിയിരിപ്പ്

Signature Not Verified

Digitally signed by JAFAR MALIK IAS
Date: 2020.03.17 21:35:43 IST
Reason: Approved

I/310483/2023

കലക്ടേറ്റ് , മലപ്പുറം.
തീയതി:10-11-2023

**08/11/2023 തീയ്യതിയിൽ ഉച്ചക്ക് 12.30 മണിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടിയുള്ള അവലോകന യോഗത്തിന്റെ മിനുട്സ് .**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു:-

| ക്രമ നം. | **പേര്** | **തസ്തിക , ഓഫീസ്** |
|---|---|---|
| 1 | ശ്രീ.ടി.വി.ഇബ്രാഹിം | ബഹു. MLA കൊണ്ടോട്ടി |
| 2 | കുമാരി.ശ്രീധന്യ സുരേഷ് IAS | സബ് കളക്ടർ , പെരിന്തൽമണ്ണ |
| 3 | ശ്രീമതി.ഫാത്തിമത്ത് സുഹ്റാബി | ചെയർപേഴ്സൺ ,കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| 4 | ഡോ.അരുൺ.ജെ.ഒ | ഡെപ്യൂട്ടി കളക്ടർ , എൽ.എ (NH 966),മഞ്ചേരി |
| 5 | ശ്രീ.അൻവർ സാദത്ത്.പി | ഡെപ്യൂട്ടി കളക്ടർ(എൽ.ആർ), മലപ്പുറം |
| 6 | ശ്രീമതി.ലത.കെ | ഡെപ്യൂട്ടി കളക്ടർ(എൽ.എ), മലപ്പുറം |
| 7 | ശ്രീ.കെ.മുഹമ്മദ് ഇസ്മയിൽ | എക്സി.എഞ്ചിനീയർ ,PWD Buildings , മലപ്പുറം |
| 8 | ഡോ.പ്രദീപ് .ആർ | ജില്ലാ ടൗൺ പ്ലാനർ ,മലപ്പുറം |
| 9 | ശ്രീ.അബൂബക്കർ.പി | തഹസിൽദാർ,കൊണ്ടോട്ടി |
| 10 | ശ്രീമതി.ശർമ്മിള.ആർ.പി | ജില്ലാ സർവ്വെ സൂപ്രണ്ട്,മലപ്പുറം |
| 11 | ശ്രീ.ഹജീഷ്.പി.വി | അസി.ജിയോളജിസ്റ്റ്,മൈനിംഗ് &ജിയോളജി ,മഞ്ചേരി |
| 12 | ശ്രീ.ഫിറോസ് ഖാൻ.എം | സെക്രട്ടറി, കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| 13 | ശ്രീ.ആസാദ്.പി.വി | ബഹു. കൊണ്ടോട്ടി MLA യുടെ പി.എ |
| 14 | ശ്രീ.മുഹിയുദ്ദീൻ അലി | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ,കൊണ്ടോട്ടി നഗരസഭ |
| 15 | ശ്രീ. അഷ് റഫ് മാഡൻ | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ,കൊണ്ടോട്ടി നഗരസഭ |
| 16 | ശ്രീ.മുഹമ്മദ് അബ്ദുൽ ഹക്കീം | ഓവർസിയർ, PWD Buildings , കൊണ്ടോട്ടി |
| 17 | ശ്രീമതി.സൗമ്യ.ടി.ഭരതൻ | ജൂനിയർ സൂപ്രണ്ട് (ബി),കലക്ടറേറ്റ് ,മലപ്പുറം |
| 18 | ശ്രീമതി.അംബിക.സി | ജൂനിയർ സൂപ്രണ്ട് (എൽ.എ),കലക്ടറേറ്റ് ,മലപ്പുറം |
| 19 | ശ്രീ.ഒ.എസ്.സജീവ് | താലൂക്ക് സർവ്വെയർ , കൊണ്ടോട്ടി താലൂക്ക് |
| 20 | ശ്രീ.റിയാസ്.പി | കൊണ്ടോട്ടി നഗരസഭ ചെയർപേഴ്സന്റെ പി.എ. |
| 21 | ശ്രീ.അഭിഷേക് | സ്റ്റാഫ് ,കൊണ്ടോട്ടി നഗരസഭ |

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് ഈ യോഗം ചേർന്നിട്ടുള്ളതെന്ന് ആമുഖമായി ജില്ലാ കളക്ടർ പറഞ്ഞു.

I/310483/2023

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇത് വരെ സ്വീകരിച്ചിട്ടുള്ള നടപടി വിവരം എൽ.എ ഡെപ്യൂട്ടി കളക്ടർ വിശദീകരിച്ചു.

മിനി സിവിൽ സ്റ്റേഷന് സർക്കാർ ഭൂമി ലഭ്യത സംബന്ധിച്ച് സർക്കാർ /ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഭൂമി ലഭ്യത സംബന്ധിച്ച വിവരം ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു.

കൊണ്ടോട്ടി താലൂക്കിൽ ചീക്കോട് വില്ലേജ് ബ്ലോക്ക് 17 റി.സ 140/15 ൽ പെട്ട 1.5400 ഹെക്ടർ സ്ഥലവും , ബ്ലോക്ക് 17 റി.സ 140/1/1 ൽ 1.6096 ഭൂമിയും ഉൾപ്പെടെ ആകെ 3.1496 ഹെക്ടർ മിച്ച ഭൂമിയുണ്ടെന്നും ,ടി ഭൂമി ഇത് വരെ ആർക്കും തന്നെ പതിച്ച് നൽകിയിട്ടില്ലെന്നും ,ഈ ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പരിഗണിക്കാവുന്നതാണെന്നും കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചു.

പെരിന്തൽമണ്ണ സബ് കളക്ടർ ടീം ലീഡറായി , കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി സംയുക്ത സ്ഥല പരിശോധന നടത്തി കണ്ടെത്തിയ താഴെ കാണിച്ച 4 ഭൂമി സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി.

i) മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള 50 സെന്റ് നിലം ഭൂമി - - ടി ഭൂമി പരിവർത്തന പ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ നിന്നും നിരസിച്ചിട്ടുള്ളതിനാൽ ആയത് വീണ്ടും പരിഗണിക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്.

ii) ഫിഷ് മാർക്കറ്റ് സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റിയുടെ അധീനതയിവുള്ള 74 സെന്റ് ഭൂമി-ടി ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ മത്സ്യ മാർക്കറ്റിന് മറ്റൊരിടത്തേക്ക് മാറ്റുന്നതിന് ഭൂമി കണ്ടെത്തേണ്ടി വരും.കൂടാതെ തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടതായും വരും.ആയത് തൊഴിലാളികളുടെ വൻ പ്രതിഷേധത്തിന് ഇടയാകുമെന്ന് ബഹു. MLA യും , കൊണ്ടോട്ടി മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും പറഞ്ഞു.ആയതിനാൽ ടി ഭൂമി പരിഗണിക്കുന്നത് ഒഴിവാക്കാൻ യോഗം തീരുമാനിച്ചു.

iii) നിലവിൽ താലൂക്ക് ഓഫീസ് ,മുനിസിപ്പൽ ഓഡിറ്റോറിയം,കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജ് ബ്ലോക്ക് 3 5 റി.സ 29/7,8 ൽ പെട്ട സ്ഥലവും , രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി , സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജ് ബ്ലോക്ക് 35 റി.സ 29/3 ൽ പെട്ട 27 സെന്റ് സ്ഥലം.

iv) ഓപ്ഷൻ മൂന്നിലെ 27 സെന്റ് ഭൂമിയും തൊട്ട് പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് സ്വകാര്യസ്ഥലം അത് കഴിഞ്ഞുള്ള റി.സ.29/3 ൽ പെട്ട രജിസ്ട്രേഷന് വകുപ്പിന്റെ ഇടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ സ്ഥലവും കൂടി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത്.

മൂന്നും ,നാലും ഓപ്ഷനുകളിലെ ഭൂമി ഏറ്റെടുക്കണമെങ്കിൽ മുനിസിപ്പാലിറ്റി ഭൂമി നൽകേണ്ടതുണ്ടെന്നും,കൂടാതെ മറ്റു വകുപ്പുകളുടെ ഭൂമി എടുക്കുമ്പോൾ ഓഫീസുകളുടെ പ്രവർത്തനത്തിന് താൽക്കാലിക സംവിധാനം കാണേണ്ടതായും വരുമെന്ന് യോഗം വിലയിരുത്തി. ഓപ്ഷന് 4 ലെ ഭൂമി ഏറ്റെടുക്കണമെങ്കിൽ മേൽ പരാമർശിച്ചതിന് പുറമെ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമി കൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന കാര്യവും യോഗത്തിൽ ചർച്ച ചെയ്തു,

I/310483/2023

തഹസിൽദാർ പരാമർശിച്ച മിച്ച ഭൂമിയിൽ പെട്ട സ്ഥലം കൊണ്ടോട്ടി ടൗണിൽ നിന്നും വളരെ ദൂരെയാണെന്നും ,ടി സ്ഥലത്ത് മിനി സ്റ്റേഷൻ നിർമ്മിക്കുന്നത് മൂലം പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ വളരെ ബുദ്ധിമുട്ടാവുമെന്നും അത് കാരണം പ്രയോജനപ്പെടുകയില്ലെന്നും ബഹു. കൊണ്ടോട്ടി MLA പറഞ്ഞു.നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഭാഗമായത് മൂലം പഞ്ചായത്ത് കെട്ടിടം ഒഴിഞ്ഞ് കിടക്കുകയാണെന്നും , ടി കെട്ടിടം നിൽക്കുന്ന സ്ഥലം , ട്രഷറി ഓഫീസ് എന്നിവ ഉൾപ്പെടുത്തികൊണ്ടും ആയതിന്റെ പിന്നിലുള്ള കുറച്ച് ഭൂമി കൂടി ആക്റ്റ് പ്രകാരം ഏറ്റെടുത്ത് കൊണ്ടും മിനി സിവിൽ സ്റ്റേഷന് പരിഗണിക്കാവുന്നതാണെന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പറഞ്ഞു.

മിനി സിവിൽ സ്റ്റേഷന് വേണ്ടി പ്രൊപ്പോസ് ചെയ്ത, നിലവിൽ താലൂക്ക് ഓഫീസ് ,മുനിസിപ്പൽ ഓഡിറ്റോറിയം,കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമി, രജിസ്ട്രേഷന് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ തിങ്ങിഞെരുങ്ങിയ സ്ഥലത്താണെന്നും അവിടെ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് മൂലം പാർക്കിംഗിന് വളരെ ബുദ്ധിമുട്ടാവുമെന്നും ബഹു. MLA പറഞ്ഞു. മിനി സിവിൽ സ്റ്റേഷന് വേണ്ടി കൊണ്ടോട്ടി വില്ലേജിലെ ടിഗർ ലോജിസ്റ്റിക്കിന്റെ ഭൂമി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് വിട്ട് നൽകാൻ തയ്യാറാണെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിരുന്നതായും കൂടാതെ എർത്താലി കുടുംബം മുമ്പ് സൗജന്യമായി വിട്ട് തരാമെന്ന് പറഞ്ഞ 2 0 ഏക്കറിൽ പെട്ട 2 1/2 ഏക്കർ ഭൂമി കൂടി പരിഗണിക്കാവുന്നതാണെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

നെടിയിരുപ്പ് വില്ലേജിൽ Enemy property യായി 60 സെന്റ് ഭൂമിയുണ്ടെന്നും , ടി ഭൂമിയിലേക്ക് ഇടുങ്ങിയ റോഡാണുള്ളത് എങ്കിലും സർക്കാർ ഭൂമിയായതിനാൽ, ടി ഭൂമി മിനി സിവിൽ സ്റ്റേഷന് പരിഗണിക്കാവുന്നതാണെന്ന് കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു.

മുനിസിപ്പൽ ഓഫീസിനോട് ചേർന്ന് കിടക്കുന്ന മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള നിലം ഭൂമി മിനി സിവിൽ സ്റ്റേഷന് ഏറ്റവും അനുയോജ്യമാണെന്നും , ടി ഭൂമി പരിവർത്തനം ചെയ്യുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുകയാണ് വേണ്ടതെന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പറഞ്ഞു.എന്നാൽ ടി ഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അപേക്ഷ സർക്കാരിൽ നിന്നും നിരസിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഭൂമി പരിഗണിക്കുവാൻ കഴിയുകയില്ലെന്ന് പെരിന്തൽമണ്ണ സബ് കളക്ടർ അറിയിച്ചു.

മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള നിലം ഭൂമി , Enemy property യായ 60 സെന്റ് , എർത്താലി കുടുംബം മുമ്പ് സൗജന്യമായി വിട്ട് തരാമെന്ന് പറഞ്ഞ 20 ഏക്കറിൽ പെട്ട 2 1/2 ഏക്കർ ഭൂമി , ടിഗർ ലോജിസ്റ്റിക്കിന്റെ ഭൂമി എന്നിവ കളക്ടർ സ്ഥലപരിശോധന നടത്തണമെന്ന് ബഹു. MLA ആവശ്യപ്പെട്ടു.

<u>യോഗ തീരുമാനങ്ങൾ</u>

1.പൊതു സ്ഥലങ്ങളായ മുനിസിപ്പാലിറ്റിയുടെ നിലം ഭൂമി , Enemy property ( 60 സെന്റ് )ഭൂമി എന്നിവയും ,സ്വകാര്യ ഭൂമികളായ എർ ത്താലി കുടുംബത്തിന്റെ 2 1 / 2 ഏക്കർ ഭൂമി ,ടിഗർ

I/310483/2023

ലോജിസ്റ്റിക്കിന്റെ ഭൂമി എന്നിവയും **17/11/2023 ന് ഉച്ചക്ക് 2.00 മണിക്ക്** ബന്ധപ്പെട്ടവരുമായി ജില്ലാ കളക്ടർ സ്ഥല പരിശോധന നടത്തുവാൻ തീരുമാനിച്ചു.

2.തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ള കൊണ്ടോട്ടി താലൂക്കിൽ ചീക്കോട് വില്ലേജ് ബ്ലോക്ക് 17 റി.സ 140/15 ൽ പെട്ട 1.5400 ഹെക്ടർ സ്ഥലവും , ബ്ലോക്ക് 17 റി.സ 140/1/1 ൽ 1.6096 ഭൂമിയും ഉൾപ്പെടെ ആകെ 3.1496 ഹെക്ടർ മിച്ച ഭൂമി ,സംബന്ധിച്ച വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു.

യോഗം 1.30 PM ന് അവസാനിച്ചു.

Signed by
V R Vinod I A S
Date: 10-11-2023 17:56:07
O/O DC DCMPM

ജില്ലാ കളക്ടർ

സ്വീകർത്താവ്ഃ പങ്കെടുത്ത എല്ലാവർക്കും

C1-7098/2020 (1)

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
തീയതി : 24.02.2022.

24.02.2022 തീയതിയിൽ 10.00 മണിക്ക് താലൂക്ക് ഓഫീസിൽ ചേർന്ന താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് യോഗത്തിന്റെ മിനുട്സ്.

യോഗ നടപടികൾ 10 മണിക്ക് എൽ.ആർ ഡെപ്യൂട്ടി കളക്ടർ (ശ്രീ.പുരുഷോത്തമൻ)-റുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ തഹസിൽദാർ സ്വാഗതം പറഞ്ഞു. താഴെ പറയുന്നവർ പങ്കെടുത്തു.

| | | |
|---|---|---|
| 1 | ശ്രീ.പുരുഷോത്തമൻ | എൽ.ആർ ഡെപ്യൂട്ടി കളകക്ടർ |
| 2 | ശ്രീ.അബൂബക്കർ പുലിക്കൂത്ത് | തഹസിൽദാർ, കൊണ്ടോട്ടി |
| 3 | ശ്രീമതി.ടി.അനുപമ | നഗരസഭ സെക്രട്ടറി, കൊണ്ടോട്ടി |
| 4 | ശ്രീമതി.അംബിക | ജൂനിയർ സൂപ്രണ്ട്, കളക്ടറേറ്റ് LA Section |
| 5 | ശ്രീ.ഇബ്രാഹിം കുഞ്ഞി.കെ | സീനിയർ ജിയോളജിസ്റ്റ് |
| 6 | ശ്രീ.അനൂപ് കെ.എസ് | അസിസ്റ്റന്റ് ജിയോളജിസ്റ്റ് |
| 7 | ഡോ.പി.എസ്.ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 8 | ശ്രീ.സുദേഷ് തൊട്ടിയിൽ | അസിസ്റ്റന്റ് ജിയോജിസ്റ്റ് |
| 9 | ശ്രീബോണി ബാസ്റ്റ്യൻ | എ.ജി.എം (എഞ്ചിനീയർ സിവിൽ) |
| 10 | ശ്രീ.അബ്ദുൾ വഹാബ് | AE PWD, കൊണ്ടോട്ടി |
| 11 | ശ്രീ.ബേബി ചാക്കോ | സൂപ്രണ്ട്, മുനിസിപ്പാലിറ്റി, കൊണ്ടോട്ടി |
| 12 | ശ്രീ.സുലൈമാൻ.എ | എച്ച്.ക്യൂ.ഡി.റ്റി, കൊണ്ടോട്ടി |
| 13 | ശ്രീ.അച്യുതൻ.എ.കെ | വില്ലേജ് ഓഫീസർ, നെടിയിരുപ്പ് |
| 14 | ശ്രീ.സി.സുധാകരൻ പിള്ള | ഹെഡ് സർവ്വെയർ |
| 154 | ശ്രീഉണ്ണികൃഷ്ണൻ | താലൂക്ക് സർവ്വെയർ |
| 16 | ശ്രീ.മുഹമ്മദ് ഷരീഫ് | സീനിയർ ക്ലാർക്ക്, കളക്ടറേറ്റ് |

കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ആണ് യോഗം വിളിച്ചിട്ടുള്ളത് എന്ന് അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് വേണ്ടി സ്ഥലമേറ്റെടുപ്പ് തുടങ്ങിയിട്ട് അഞ്ച് വർഷത്തോളമായെന്നും 2015 കാലഘട്ടത്തിൽ നിരന്തരമായി സർക്കാരിലേക്ക് കത്തുകൾ പോവുകയും നേരത്തേ മുനിസിപ്പാലിറ്റിയുടെ ബ്ലോക്ക് 12 റി.സ നമ്പർ 376/1-ൽപ്പെട്ട 50 സെന്റ് (നിലം) സ്ഥലം. പരിഗണിക്കുകയും ആയത് കൃഷി വകുപ്പിന്റെ ഉത്തരവ് പ്രകാരം തരംമാറ്റൽ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. ആയതിന് ശേഷം നടന്ന യോഗത്തിൽ ലാൻഡ് അക്വിസിഷൻ വഴി ഭൂമി ഏറ്റെടുക്കാമെന്നും തീരുമാനിച്ചതായി ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. അത് പോലെ 50 സെന്റ് ഭാവി വികസനം കണക്കിലെടുത്താൽ സ്ഥലം കുറവാണെന്നും അങ്ങനെ 50 സെന്റിൽ കൂടുതലുള്ള 4 ഓളം സ്ഥലങ്ങൾ കണ്ടെത്തുകയും അതിൽ ഒരു സ്ഥലം പരിഗണിച്ച് ലാൻഡ് അക്വിസിഷൻ പ്രകാരം മുന്നോട്ട് പോവുകയും ചെയ്യുകയായിരുന്നു എന്ന് ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

ഈ നടപടികളുമായി മുന്നോട്ട് പോവുമ്പോഴാണ് ബഹുമാനപ്പെട്ട എം.എൽ.എ ഒരു യോഗം വിളിച്ച് ചേർക്കുകയും നേരത്തേ ഒഴിവാക്കിയ അതേ ഭൂമി (50 സെന്റ് നിലം) തന്നെ പരിഗണിക്കുകയും ചെയ്യാൻ പറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ 2 ഭൂമികളും നമ്മൾ സർക്കാരിലേക്ക് പ്രപ്പോസൽ ചെയ്യുകയാണെന്നും അതിൽ ഏത് ഉചിതമെന്നത് നോക്കി സർക്കാർ തീരുമാനിക്കട്ടെ എന്ന തീരുമാനവും ആ യോഗത്തിൽ എടുത്തിട്ടുള്ളതുമായി ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. ആയതിന് ശേഷം ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എം.എൽ.എ, ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ല കളക്ടർ എന്നിവരുൾപ്പെടെ പങ്കെടുത്ത യോഗത്തിൽ ഈ രണ്ട് ഭൂമിയും പരിഗണിക്കാം എന്നും കൂടാതെ കൊണ്ടോട്ടി താലൂക്ക് പരിധിയിൽ അനുയോജ്യമായ സർക്കാർ ഭൂമികൾ ഉണ്ടോ എന്ന് പരിശോധിക്കുകയും കൂടാതെ ലാൻഡ് അക്വിസിഷൻ വഴി ഭൂമി കണ്ടെത്താൻ പറ്റുമോ എന്ന് നോക്കുകയും ചെയ്യണമെന്ന നിർദ്ദേശം വന്നു. ആയതിന്റെ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ സമർപ്പിക്കേണ്ടതുണ്ട് എന്നും യോഗത്തിൽ എൽ.ആർ ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് ഉൾപ്പെടുന്ന സ്ഥലം അടക്കം അഞ്ചോളം സ്ഥലങ്ങൾ ചർച്ചയിൽ വന്നു. മത്സ്യ മാർക്കറ്റിൽ ഏകദേശം 90 സെന്റ് കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലാണ്. ടി സ്ഥലം സ്കെച്ച് ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ വിശദീകരിച്ചു. ടി സ്ഥലത്ത് കൊണ്ടോട്ടി നഗരസഭയും ഫിഷറീസ് ഡിപ്പാർട്ട്മെന്റും കൂടി കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ഡെപ്യൂട്ടി കളക്ടർ നിർദ്ദേശിച്ചു.

90 സെന്റിന് പുറമെ 10 സെന്റ് പ്രൈവറ്റ് ഭൂമിയും ഉൾപ്പെടുത്തി ഒരു ഏക്കർ ലഭിച്ചാൽ നിലവിലെ ഫിഷ് മാർക്കറ്റ് വേറെ സ്ഥലത്തേക്ക് മാറ്റാതെ ഒരു ഭാഗത്തേക്ക് ഒതുക്കി ബാക്കി സ്ഥലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് പരിഗണിക്കാൻ പറ്റുമോ എന്ന് നോക്കണമെന്നും നിർദ്ദേശം വന്നു. ഫിഷ് മാർക്കറ്റിന് മാറ്റി വെക്കുന്ന സ്ഥലത്ത് ഹോൾസെയിൽ ഫിഷ് മാർക്കറ്റിന് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം എം.എൽ.എ–ക്ക് ഒരു പ്രപ്പോസൽ നൽകണമെന്ന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ അഭിപ്രായപ്പെട്ടു. നഗരസഭ, ഫിഷറീസ്, PWD ഡിപ്പാർട്ട്മെന്റുകൾ ഒരുമിച്ച് ടി സ്ഥലവുമായി ബന്ധപ്പെട്ട് ഒരു തീരുമാനത്തിൽ എത്താവുന്നതാണ് എന്നും ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

അത് പോലെ നഗരസഭയുടെ കൈവശത്തിലുള്ള എയർപോർട്ട് ജംഗ്ഷന് അടുത്തുള്ള സ്ഥലം പരിഗണിച്ചപ്പോൾ ടി സ്ഥലത്ത് അഞ്ച് നില ബിൽഡിംഗ് നിർമ്മിക്കാമെന്നും താഴെ നില പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താമെന്നുമുള്ള നിർദ്ദേശം വന്നു. ടി സ്ഥലവുമായി ബന്ധപ്പെട്ട് എയർപോർട്ട് അതോറിറ്റി, കൊണ്ടോട്ടി നഗരസഭ, ജിയോജിസ്റ്റ്, PWD എന്നീ നാല് ഡിപ്പാർട്ട്മെന്റുകൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നത് ഉചിതമാവുമെന്ന് ഡെപ്യൂട്ടി കളക്ടർ നിർദ്ദേശിച്ചു. ടി സ്ഥലങ്ങളിൽ നിലവിൽ അപകട സാധ്യത ഉണ്ടോ എന്ന് അറിയിക്കേണ്ടത് ജിയോളജിസ്റ്റ് ആണ് എന്നും നിർദ്ദേശിച്ചു.

കൂടാതെ മൂന്ന് സ്ഥലങ്ങൾ കൂടി പരിഗണനയിൽ വന്നു. ആയവ മൂന്നും ലാൻഡ് അക്വിസിഷൻ വഴിയാണ് തയ്യാറാക്കേണ്ടത് എന്നതിനാൽ താഴെ പറയുന്ന മൂന്ന് സ്ഥലങ്ങളും നേരിൽ കണ്ട് ചർച്ച ചെയ്യാമെന്നും ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. ശേഷം ചേപ്പിലക്കുന്നിലെ പി.ഇ.ബഷീർ, ബംഗാളത്ത് മമ്മീര്യം കൊളത്തൂരിലെ ട്രിഗർ ലോജിസ്റ്റിക്ക്, എയർപോർട്ട് ജംഗ്ഷനിലെ BSNL ഓഫീസിന്റെ അടുത്ത സ്ഥലം, ഡിമോസ് ഫർണിച്ചറിന്റെ എതിർവശത്തുള്ള സ്ഥലം, മത്സ്യ മാർക്കറ്റ്, കൊണ്ടോട്ടി എന്നിവ സന്ദർശിച്ചു.

യോഗം കൃത്യം 11.30–ന് അവസാനിച്ചു

തഹസിൽദാർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.റവ-എഫ്2/152/2021-റവ

റവന്യൂ (എഫ്) വകുപ്പ്
16-03-2022,തിരുവനന്തപുരം
ഫോൺ: 0471 2518480
E-mail:revenuef8480@gmail.com

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1. ശ്രീ.ടി.വി.ഇബ്രാഹിം എം.എൽ.എ. (കൊണ്ടോട്ടി), കേരള നിയമസഭ
   താഴത്തു വീട്ടിൽ, അത്താണിക്കൽ, വെള്ളൂർ പി.ഒ., പൂക്കോട്ടൂർ,
   മലപ്പുറം- 676 517.
2. കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, മലപ്പുറം.
4. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), മലപ്പുറം.
5. തഹസിൽദാർ, കൊണ്ടോട്ടി, മലപ്പുറം.
6. തഹസിൽദാർ (എൽ.ആർ), കൊണ്ടോട്ടി, മലപ്പുറം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം- 21-02-2022 തീയതിയിലെ യോഗം - മിനിറ്റ്സ് അയയ്ക്കുന്നത്- സംബന്ധിച്ച്

സൂചന:- 10-02-2022 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 21-02-2022 തീയതിയിൽ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ഇതോടൊപ്പം അയയ്ക്കുന്നു.

പ്രസ്തുത യോഗതീരുമാനത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടർ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ടി ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

**മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 21.02.2022-ന് ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്**

പങ്കെടുത്തവർ

1. ശ്രീ.ടി.വി.ഇബ്രാഹിം, ബഹു. എം.എൽ.എ, കൊണ്ടോട്ടി.
2. ശ്രീ.ബിജു. കെ. ഐ.എ.എസ്, ലാന്റ് റവന്യൂ കമ്മീഷണർ.
3. ശ്രീ.വി.ആർ.പ്രേംകുമാർ ഐ.എ.എസ്, ജില്ലാ കളക്ടർ, മലപ്പുറം
4. ശ്രീമതി. ഫാത്തിമത്ത് സുഹറാബി, ചെയർപേഴ്സൺ, കൊണ്ടോട്ടി മുനിസിപ്പാലിറ്റി
5. ശ്രീ.സനൂപ് പി, വൈസ് ചെയർമാൻ.
6. ശ്രീ.എ.മുനിയുദ്ദീൻ അലി, ചെയർമാൻ, മരാമത്ത്.
7. ശ്രീ. അഷറഫ്.എം, സ്റ്റാന്റിംഗ് കമ്മിറ്റി വൈസ് ചെയർമാൻ.
8. ശ്രീ.അബൂബക്കർ പുലിക്കത്ത്, തഹസീൽദാർ, കൊണ്ടോട്ടി.

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ രാവിലെ 11.15 ന് യോഗം ആരംഭിച്ചു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് യോഗം വിളിച്ച് ചേർത്തിട്ടുള്ളതെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ റീ-സർവ്വെ നമ്പർ 376/1-ൽ പ്പെട്ട 50 സെന്റ് സ്ഥലം നെൽവയൽ ആണെന്നും ബഹു.റവന്യൂ മന്ത്രി ആമുഖമായി പറഞ്ഞു. വർഷങ്ങളായി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നു വരികയാണെന്നും 2015-ൽ തന്നെ അന്നത്തെ എം.എൽ.എ ശ്രീ. മുഹമ്മദ് അലി ഹാജി തന്റെ അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും 2 കോടി രൂപ നീക്കി വച്ചിട്ടുള്ളതാണെന്നും മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള സ്ഥല ലഭ്യത കുറവ് കാരണമാണ് ഇതും മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുവാൻ തടസ്സമെന്നും ബഹു.കൊണ്ടോട്ടി എം.എൽ.എ. അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മുനിസിപ്പൽ കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തോടനുബന്ധിച്ചുള്ള 50 സെന്റ് നെൽവയൽ ആയ സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടു നൽകുവാൻ മുനിസിപ്പാലിറ്റി സമ്മതിച്ചിരുന്നുവെന്നും പ്രസ്തുത സ്ഥലം നിയമപ്രകാരം ലഭ്യമാക്കാനാകാത്ത സാഹചര്യത്തിൽ മാത്രമേ മറ്റൊരു സ്ഥല ലഭ്യതയ്ക്കായി നീങ്ങേണ്ടതുള്ളുവെന്നും പൊതു ആവശ്യങ്ങൾക്കായി ഇത്തരം സ്ഥലങ്ങൾ നിയമപ്രകാരം ഉപയോഗിക്കാവുന്നതാണെന്നും എം.എൽ.എ. അഭിപ്രായപ്പെടുകയുണ്ടായി. നിർ ദ്ദിഷ്ട 50 സെന്റ് സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെന്ന് കൊണ്ടോട്ടി തഹസീൽദാർ റിപ്പോർട്ട്

ചെയ്തിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം റവന്യൂ ഭൂമി ആയതിനാൽ പ്രസ്തുത സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണറും അഭിപ്രായപ്പെട്ടു. മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചാൽ ആയത്തു മാർക്കറ്റിലെ തൊഴിലാളികൾക്കിടയിൽ പ്രതിഷേധത്തിന് കാരണമാകുമെന്ന് ബഹു. എം എൽ എ അഭിപ്രായപ്പെട്ടു തുടർന്ന് ബന്ധപ്പെട്ടവരുമായി നടന്ന വിശദമായ ചർച്ചകൾക്ക ശേഷം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു:-

- ജില്ലാ കളക്ടർ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (കെട്ടിട വിഭാഗം), ഡെപ്യൂട്ടി ഡയറക്ടർ (സർവ്വെ), ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവർ ചേർന്ന ഒരു കമ്മിറ്റി രൂപീകരിച്ച് മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുവാൻ അനുയോജ്യമാണോയെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി മറ്റ് റവന്യൂ ഭൂമി ലഭ്യമാക്കുവാൻ കഴിയുമോയെന്നും കൂടാതെ മുൻ എം.എൽ.എ. 2015-ൽ മാറ്റി വച്ച കൊണ്ടോട്ടി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിന്റെ നിലവിലെ ലഭ്യത സംബന്ധിച്ച കാര്യവും പരിശോധിച്ച് 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ തീരുമാനിച്ചു

യോഗം 11.45 ന് അവസാനിച്ചു

Public Works Department

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, മലപ്പുറം-676505
ഫോൺ 0483 2734937
Email : pwdexecutiveengineer@gmail.com

നമ്പർ: ബി5-1324/2020 തീയതി : 13.10.2020

പ്രേഷകൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

DESPATCHED
Date 15.10.2020

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ - ഭൂമി ഏറ്റെടുക്കുന്നത് - കെട്ടിട നിർമ്മാണം - സംബന്ധിച്ച്

സൂചന:- 01.10.2020-ലെ ബഹു. ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗ മിനുട്സ്.

സൂചന മിനുട്സ് പ്രകാരം കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ളതായി പറയുന്ന 75 സെന്റ് ഭൂമിയിൽ കേരള ബിൽഡിംഗ് റൂൾ പ്രകാരം എയർപോർട്ട് പരിധിയിൽ പരമാവധി ഉയരം 10 മീറ്ററിൽ പരിമിതപ്പെടുത്തണമെന്നും പൊതുകെട്ടിടങ്ങൾക്ക് floor space Index (FSI)=3 ആണെന്നും മാത്രം സ്ഥലത്തിന്റെ 60% നിർമ്മാണം നടത്താമെന്നും അറിയുന്നു. ആയതിനാൽ മേൽ സ്ഥലത്ത് 2 നിലകളോടു (G+1) കൂടിയ കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നും ടി സ്ഥലത്ത് മേൽ പ്രകാരമുള്ള ഓഫീസുകൾ സംവിധാനിക്കുന്നതിനായി 1500m² area മതിയാകുന്നതാണെന്നുമുള്ള വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്:- തഹസിൽദാർ, കൊണ്ടോട്ടി



File No. DCMPM/9860/2020-LA2 (Computer No. 56431)
Generated from eOffice by SOUMYA MOL V, LA2 DCMPM., LA2 DCMPM, District Collectorate Malappuram on 16/09/2025 05:05 PM

ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505**

ഫോൺ 0483-2734922 ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

**തീയതി : 24-11-2023**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

1. അഡീഷണൽ ചീഫ് സെക്രട്ടറി
   റവന്യൂ (ബി) വകുപ്പ്, തിരുവനന്തപുരം
2. അഡീഷണൽ ചീഫ് സെക്രട്ടറി
   റവന്യൂ (എഫ്) വകുപ്പ്, തിരുവനന്തപുരം
3. കമ്മിഷണർ
   ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സർ,

വിഷയം :- മലപ്പുറം ജില്ല - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - ഭൂമി കണ്ടെത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19/04/2022, 30/08/2022 എന്നീ തീയതികളിലെ ബി2/146/2020 നമ്പർ കത്തുകൾ

2. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28/12/2022, 18/04/2023 എന്നീ തീയതികളിലെ എഫ്2/152/2021 നമ്പർ കത്തുകൾ

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15/06/2023, 30/09/2023 എന്നീ തീയതികളിലെ എൽ.ആർ/6128/2022 എം1. നമ്പർ കത്തുകൾ

**********************

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ, കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി (താലൂക്ക് ഓഫീസ് ഉൾപ്പെടെ) ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് സൂചനകൾ പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സൂചന 2 ലെ 28/12/2022 ലെ കത്ത് പ്രകാരം കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോയെന്നുള്ള വിവരവും, സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന വിവരവും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച് പെരിന്തൽമണ്ണ സബ് കളക്ടർ ടീം ലീഡറായി ഒരു ടീം രൂപീകരിക്കുകയും, പ്രസ്തുത ടീം കണ്ടെത്തിയ സർക്കാർ ഭൂമി സംബന്ധിച്ച സ്ഥലപരിശോധന റിപ്പോർട്ട് സർക്കാരിലേക്ക് 25/09/2023 ന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് സൂചന 3 ലെ 30/09/2023 ലെ കത്ത പ്രകാരം ബഹു. ലാൻഡ് റവന്യൂ

കമ്മീഷണർ, കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് സർക്കാർ ഭൂമി കണ്ടെത്തുന്നതിനായി കൊണ്ടോട്ടി നെടിയിരുപ്പ് വില്ലേജിലെ സ്ഥലങ്ങൾ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായ സർക്കാർ ഭൂമി ഏതാണെന്നുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം ബന്ധപ്പെട്ട സ്ഥലം 16/11/2023 ന് സ്ഥല പരിശോധന നടത്തിയ വിശദമായ റിപ്പോർട്ട് താഴെ സമർപ്പിക്കുന്നു.

<u>1. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മുനിസിപ്പൽ ഓഫീസിന് സമീപത്തുള്ള നിലം ഭൂമി</u>.

കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 റീ.സ 376/1ൽ പ്പെട്ട മുനിസിപ്പാലിറ്റിയിലെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും, നെൽകൃഷിക്ക് അനിയോജ്യമായ വയലുമാണ്. വെള്ളം കെട്ടികിടക്കുന്ന ടി സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നത് വളരെ ചെലവേറിയതായിരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അഭിപ്രായപ്പെട്ടു. ആയതിനാൽ ഈ ഭൂമി നെൽവയൽ ആയതിനാലും തരംമാറ്റത്തിനായുള്ള അപേക്ഷ സർക്കാർ നേരത്തെതന്നെ നിരസിച്ചിട്ടുള്ളതിനാലും ടി ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പരിഗണിക്കേണ്ടതില്ല.

<u>2. കൊണ്ടോട്ടി താലൂക്ക് ഓഫീസ് കെട്ടിടവും, മുനിസിപ്പൽ ഓഡിറ്റോറിയം, കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുനിസിപ്പാലിറ്റിയിലെ ഉടമസ്ഥതയിലുള്ള സ്ഥലവും തൊട്ടു പടിഞ്ഞാറ് ഭാഗത്തുള്ള റോഡ്, സ്വകാര്യ സ്ഥലം റി.സ.29/3 ൽ പ്പെട്ട രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലവും.</u>

നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം, കൃഷി ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ ബ്ലോക്ക് 35, റീ.സ 29/7-8 ൽ പെട്ട 27.92 സെന്റ് സ്ഥലവും ആയതിന്റെ പടിഞ്ഞാറ് മാറിയുള്ള രജിസ്ട്രാർ ഓഫീസും സബ്ട്രഷറിയും സ്ഥിതി ചെയ്യുന്ന സ്ഥലവും പരിശോധിച്ചു. ടി സ്ഥലത്ത് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുകയാണെങ്കിൽ നിലവിലുള്ള കെട്ടിടങ്ങളെല്ലാം തന്നെ പൊളിച്ച് മാറ്റേണ്ടി വരും. മാത്രവുമല്ല ഈ രണ്ട് സ്ഥലങ്ങളുടെയും ഇടയിൽ മുനിസിപ്പൽ റോഡും കടന്ന് പോകുന്നുണ്ട്. ദേശീയപാതയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ടി സ്ഥലത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുകയാണെങ്കിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാൻ സാധ്യത കൂടുതലാണ്.

താഴത്തെ നില മുഴുവനായും പാർക്കിംഗിന് ഉപയോഗിക്കേണ്ടി വരും. നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന ഏകദേശം 20 വർഷം പഴക്കമുള്ള ഇരുനില കെട്ടിടം, കൃഷിഭവൻ പ്രവർത്തിക്കുന്ന കെട്ടിടം, മുനിസിപ്പാലിറ്റിയുടെ കോൺഫറൻസ് ഹാൾ, സ്വകാര്യകച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഇരുനില കെട്ടിടം എന്നിവ പൊളിച്ചുമാറ്റി സ്ഥലം നിരപ്പാക്കി ഒറ്റ കോംപ്ലക്സ് ആക്കി മാറ്റേണ്ടതുണ്ട്. ആയതിന് ഭീമമായ തുക ആവിശ്യമായിവരും. കൂടാതെ പ്രവർത്തി പൂർത്തീകരിക്കുന്നതുവരെ മേൽപ്പറഞ്ഞ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് താല്കാലിക സൗകര്യം കണ്ടെത്തേണ്ടതായി വരും. കൂടാതെ മുനിസിപ്പാലിറ്റിയുടെ ഭരണസമിതിയിൽ തീരുമാനമെടുത്തു ടി സ്ഥലം മേൽപ്രവർത്തികൾക്കായി വിട്ടുനൽകേണ്ടതും അത്യാവിശ്യമാണ്. മുനിസിപ്പാലിറ്റി റോഡും മേൽപരാമർശിച്ച കെട്ടിടങ്ങളും മുനിസിപ്പാലിറ്റിയും രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥലം ടി വകുപ്പും വിട്ടുതരേണ്ടതായും വരും. കൂടാതെ 10 സെന്റ് സ്വകാര്യ ഭൂമിയും അതിലുള്ള കെട്ടിടങ്ങളും

ഏറ്റെടുക്കേണ്ടതുമുണ്ട്. ദേശീയപാതയോട് ചേർന്ന് കിടക്കുന്ന ടി പ്രദേശത്ത് സെന്റിന് 15 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെയാണ് ഭൂമിയുടെ കമ്പോള വില നിലവിലുള്ളത്. ഭാവിയിൽ റോഡ് വികസനം നടക്കാൻ സാധ്യതയുള്ളതിനാൽ നിലവിലെ സാഹചര്യത്തിൽ ട്രാഫിക് ബ്ലോക്ക് വർദ്ധിക്കാൻ സാധ്യതയുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് ഭൂമിയുടേയും നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം, കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന 27 സെന്റ് ഭൂമിയുടേയും മധ്യത്തിലൂടെയുള്ള സ്വകാര്യ ഭൂമിയും മുനിസിപ്പാലിറ്റി റോഡും ഏറ്റെടുത്ത് റോഡ് സൈഡിലേക്ക് മാറ്റിയോ അല്ലെങ്കിൽ റോഡിന് കുറുകെ ആകാശപാത പണിതോ കെട്ടിടങ്ങൾ തമ്മിൽ ബന്ധിപ്പിക്കാവുന്നതാണെന്ന് പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി സ്ഥലത്ത് നിലവിൽ സ്വാകര്യ കടകളും സ്ഥലവും ഉള്ളതിനാലും സ്ഥലത്തിന്റെ മധ്യത്തിലൂടെ പബ്ലിക് റോഡ് ഉള്ളതിനാലും, ഈ രണ്ടു സ്ഥലങ്ങളുടെ യോജിപ്പിച്ചുകൊണ്ട് റവന്യൂ ടവർ നിർമ്മിക്കണമെങ്കിൽ വളരെ വിലയേറിയ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. കൂടാതെ ടി സാഥലം പൊതുവെ ഗതാഗത തിരക്കുള്ളതും ഇടുങ്ങിയതുമാണ്. പാർക്കിംഗ് സൗകര്യം വളരെ പരിമിതവുമാണ്.

<u>3. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മത്സ്യമാർക്കറ്റ്.</u>

കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 റി.സ. 414/3 ൽപ്പെട്ട 0.3000 ഹെക്ടർ (75 സെന്റ്) സ്ഥലം കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽ നിന്ന് മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്നാണ് പ്രസ്തുത സ്ഥലം സ്ഥിതി ചെയ്യുന്നത്. കെട്ടിടങ്ങളോ നിർമ്മാണങ്ങളോ പ്രസ്തുത സ്ഥലത്തില്ല. ഈ സ്ഥലം ബസ്സ്റ്റാന്റിനും ടൗണിനും അടുത്തായതിനാൽ പൊതു ജനങ്ങൾക്കും ജീവനക്കാർക്കും എത്തിപ്പെടാൻ സൗകര്യമാണ്. ഈ സ്ഥലം കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഏറെ അനുയോജ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അഭിപ്രായപ്പെട്ടു. ഈ സ്ഥലത്ത് താലൂക്ക് ഓഫീസ് നിർമ്മിക്കണമെങ്കിൽ ഫിഷ് മാർക്കറ്റിനായി മുനിസിപ്പാലിറ്റി മറ്റൊരു സ്ഥലം കണ്ടെത്തി തൊഴിലാളി പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ഈ കാര്യത്തിൽ മത്സ്യമാർക്കറ്റിലെ തൊഴൻ്ിലാളികളിൽ നിന്ന് പ്രതിഷേധം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പകരം സംവിധാനം മുനിസിപ്പാലിറ്റി ഒരുക്കേണ്ടതുണ്ട്. ടി സ്ഥലം കൊണ്ടോട്ടി ടൗണിന്റെ വളരെ അടുത്തായതിനാലും ജനങ്ങൾക്ക് എത്തിച്ചേരാൻ ഏറെ എളുപ്പമായതിനാലും കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഏറെ അനുയോജ്യമായ ഭൂമിയയതിനാൽ ടി ഭൂമി മിനി സിവിൽ സ്റ്റേഷനുവേണ്ടി കെട്ടിടം പണിയുന്നതിന് പരിഗണിക്കാവുന്നതാണ്. ഭൂമിയാണിത്. എന്നാൽ, കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് മൽസ്യ മാർക്കറ്റ് മാറ്റി സ്ഥാപിക്കാൻ മറ്റൊരു സ്ഥലം ലഭ്യമല്ലാത്തതിനാൽ, ഈ മാർക്കറ്റ് മാറ്റി സ്ഥലം വിട്ടു നല്കാൻ ബുദ്ധിമുട്ട് ഉണ്ട് എന്ന് മുനിസിപ്പൽ ചെയർപേഴ്സൺ, മുനിസിപ്പൽ സെക്രട്ടറി എന്നിവർ അറിയിച്ചു.

<u>4. മേൽപറഞ്ഞ ഭൂമിക്ക് പുറമെ താഴെ കാണിച്ച സർക്കാർ ഭൂമികൂടി പരിശോധന നടത്തി</u>

i. ***നെടിയിരുപ്പ് വില്ലേജിലെ ബ്ലോക്ക് 35, റീ.സ 273/6ൽ പെട്ട എനിമി പ്രോപർട്ടി.***

നെടിയിരുപ്പ് വില്ലേജിലെ ബ്ലോക്ക് 35, റീ.സ 273/6ൽ പെട്ട 0.2680 Hr വിസ്തീർണമുള്ള മേപ്പടി

സ്ഥലം നല്ല സ്ക്വയർ ആയ കെട്ടിടം നിർമ്മിക്കാൻ പറ്റിയ സ്ഥലമാണ്. എന്നാൽ പ്രസ്തുത സ്ഥലത്തേക്കുള്ള ഉദ്ദേശം 200മീ. റോഡ് വളരെ വീതി കുറഞ്ഞതാകയാൽ റോഡിനുള്ള സ്ഥലം രണ്ട് ഭാഗത്തുനിന്നും ഏറ്റെടുക്കേണ്ടതായി വരും. മാത്രമല്ല ടി സ്ഥലം കൊണ്ടോട്ടി ടൗണിൽ നിന്നും 7കി മീ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. കൊണ്ടോട്ടി താലൂക്കിന്റെ ഏറ്റവും പടിഞ്ഞാറ് ഭാഗമായ വാഴയൂർ, ചേലേമ്പ്ര എന്നിവിടങ്ങളിലെ ജനങ്ങൾക്ക് ടി സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് പ്രയാസം നേരിടും. ടി ഭൂമി പരിഗണിക്കേണ്ടതില്ല.

ii. ***ചീക്കോട് വില്ലേജിലെ മിച്ച ഭൂമി***

കൊണ്ടോട്ടി താലൂക്ക് പഴയ സർവ്വെ നമ്പർ 4643.63$^{1/4}$ ഏക്കർ മിച്ച ഭൂമി ഏറ്റെടുക്കാൻ ഉത്തരാവുകയും ആയതു ഏറ്റെടുത്ത് നിലവിൽ ചീക്കോട് വില്ലേജ് ബ്ലോക്ക് 17 റി.സ 140/15 ൽ 1.5400 ഹെക്ടർ വിസ്തീർണ്ണകത്തിൽ ചേർത്തിട്ടുള്ളത് ബ്ലോക്ക 17 റി.സ 140/1/1 ഉൾപ്പെട്ട 1.6096 ഹേക്ടർ ഭൂമി 14.01.2019 ന് ഏറ്റെടുത്തിട്ടുള്ളതുമാണ്. രണ്ട് കേസുകളിലായി ഏകദേശം 3.1496 ഹെക്ടർ വിസ്തീർണ്ണം വരുന്നുണ്ട്. കൊണ്ടോട്ടി ടൗണിൽ നിന്ന് ഏകദേശം 1 1 കിലോമീറ്റർ പോയാൽ ചീക്കോട് വില്ലേജ്, ഓമാന്നൂർ ജംഗ്ഷനിൽ നിന്നും ഓമാന്നൂർ-മുണ്ടക്കൽ -കിഴിശ്ശേരി റോഡിൽ 3 കിലോമീറ്റർ കഴിഞ്ഞ് റോഡിന് ഇടതുഭാഗത്തായാണ് മിച്ച ഭൂമിയായി ഏറ്റെടുത്ത വഴി സ്ഥലവും തുടർന്ന് മിച്ചഭൂമിയും സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ഭൂമിയിൽ എല്ലാ ഓഫീസുകളും ഉൾകൊള്ളാവുന്ന മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ സാധിക്കുമെങ്കിലും, പ്രസ്തുത ഭൂമി കൊണ്ടോട്ടി ടൗണിൽ നിന്നും 1 4 കിലോമീറ്റർ ദൂരത്തായതിനാൽ പൊതു ജനങ്ങൾക്കും ജീവനക്കാർക്കും എത്തിച്ചേരാൻ പ്രയാസമാണ്. ആയതിനാൽ ടി സ്ഥലം പരിഗണിക്കേണ്ടതില്ല.

മേൽ പറഞ്ഞ സർക്കാർ ഭൂമി കൂടാതെ 18.04.2023 തീയതിയിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ F2/152/2021 നമ്പർ കത്തിലെ നിർദ്ദേശപ്രകാരവും 19.04.2022 തീയതിലെ B2/146/2020 നമ്പർ കത്ത് പ്രകാരമുള്ള സ്വകാര്യ ഭൂമിയും പരിശോധിച്ചു. (ടി സ്ഥലം ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള ഭൂമിയിൽ ഉൾപ്പെട്ടതാണ്).

മേൽ ഭൂമി കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 റി.സ. 10/10, 10/7, 10/8., 10/9, 10/22, 10/5, 10/3, 10/4 എന്നിവയിൽപ്പെട്ട ഭൂമിയാണ്. ടി സ്ഥലം കൊളത്തൂർ എയർപോർട്ട് ജംഗ്ഷനിൽ നിന്നും ഏകദേശം പടിഞ്ഞാറ് മാറി പി.ഡബ്ല്യൂ.ഡി. റോഡിൽ നിന്നും ഏകദേശം വടക്കുമാറിയാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം ഏറ്റെടുക്കുകയാണെങ്കിൽ പി.ഡബ്ല്യൂ.ഡി റോഡിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡിന് സ്ഥലം വിട്ടു നൽകേണ്ടതുണ്ട്.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി സ്വകര്യ ഭൂമി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ (2013 LARR Act പ്രകാരം) കൊണ്ടോട്ടി മുനിസിപ്പൽ പരിധിയിൽ 12 മീറ്റർ വീതിയിൽ റോഡ് സൗകര്യത്തോട് കൂടിയ ഒരു ഏക്കറിൽ കുറയാതെ സ്വകാര്യ ഭൂമി (കരഭൂമി) സർക്കാരിലേക്ക് സൗജന്യമായോ അല്ലെങ്കിൽ 2013 ലെ LARR Act പ്രകാരമോ ഭൂമി വിട്ടുനൽകാൻ തയ്യാറോ ഉള്ള ഭൂവുടമകളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ച് അനുയോജ്യമായ സ്വകാര്യ ഭൂമി കണ്ടെത്തി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഏറ്റെടുക്കുന്ന കാര്യം സർക്കാർ

I/315790/2023

തലത്തിൽ തീരുമാനിക്കാവുന്നതാണ് .

മേൽ റിപ്പോർട്ടും, 16/11/2023 ൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പും തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായും അറിവിലേക്കായും സവിനയം അങ്ങേക്ക് സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

V R VINOD I A S
ജില്ലാ കളക്ടർ

**<u>ഉള്ളടക്കം</u>** : സൂചന(1,2,3), 16/11/2023 ൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പും.

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

C1-7098/2020.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 18.11.2020

പ്രേഷകൻ
തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്
ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന : ജില്ലാ കളക്ടറുടെ 05.11.2020 തീയതിയിലെ കത്ത്.

*******************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. 01.10.2020 തീയതിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന സംഗതിയിൽ താഴെ പറയുന്ന ഭൂമികൾ പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്ന കാര്യം പരിശോധിക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

1) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി.
2) കൊണ്ടോട്ടി വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്ത് ട്രിഗർ ലോജിസ്റ്റിക് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമി

കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി

| ക്രമ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം | ഭൂമിയുടെ വിവരങ്ങൾ | ഭൂമിയുടെ കൈവശം |
|---|---|---|---|
| 1 | 0.3000 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | നിലവിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശവും മത്സ്യ മാർക്കറ്റുമായി പ്രവർത്തിക്കുന്നു. |
| 2 | 0.0607 ഹെകക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തികൾ മുനിസിപ്പാലിറ്റിക്കു നൽകിയത് നിലിവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുകന്നു. |
| ആകെ | 0.3607 | | |
| 3 | 0.0850 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | ശ്രീ.ചേർങ്ങോടൻ ഹസ്സൻ മകൻ കുട്ടി ഹസ്സൻ മുതൽ പേരുള്ള സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |
| 4 | 0.0342 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| 5 | 0.1335 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |
| 6 | 0.1215 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 404/12 | മാർക്കറ്റിനോട് ചേർന്നുകിടക്കുന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം |
| 7 | 0.6061 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 408/10 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിന് പുറത്ത് |
| ആകെ | 0.9803 | | |

ഇപ്രകാരം പരിശോധിച്ചതിൽ നിലവിൽ മാർക്കറ്റിനായി ഉപയോഗിക്കുന്നത് മുനിസിപ്പാലിറ്റിയുടെ കൈവശം 0.3607 ഹെക്ടർ ഭൂമി ആണ്. 0.9803 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതും ജനങ്ങൾ താമസിക്കുന്നതുമായ നിറയെ കെട്ടിടങ്ങൾ ഉള്ളതുമായ ഭൂമിയാണ്. ഈ ഭൂമി ബലം പ്രയോഗിച്ചുള്ള അക്വിസിഷനിലൂടെ മാത്രമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലം പൊതുമരാമത്തു വകുപ്പു പരിശോധിക്കുകയും എയർപോർട്ടു പരിധിയിൽ കെട്ടിടങ്ങൾക്ക് പരമാവധി ഉയരം 10 മീറ്ററിൽ പരിമിതപ്പെടുത്തണമെന്നും പൊതു കെട്ടിടങ്ങൾക്ക് ഫ്ളോർ സ്പെയ്സ് ഇൻസക്സ് 3 ആണെന്നും, 2 നിലകളോടുകൂടിയ കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യം പരിശോധിച്ചതിൽ മുനിസിപ്പാലിറ്റി ഭൂമി വിട്ടു തന്നാലും ചുറ്റുമുള്ള ഭൂമി 0.9803 ഹെക്ടർ ഭൂമി ഒരു അക്വിസിഷനിലൂടെ മാത്രമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. കൂടാതെ രണ്ടു നിലകളോടു കൂടിയ (ഗ്രൗണ്ട് + ഫസ്റ്റ് ഫ്ളോർ) കെട്ടിടം മാത്രമേ ഇവിടെ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളത് ഭാവിയിൽ കൂടുതൽ ഓഫീസുകളെ ഉൾക്കൊള്ളിക്കുന്നതിന് ഒരു പരിമിതിയാണ്. ആയതിനാൽ ഈ ഭൂമി മിനി സിവിൽസ്റ്റേഷന് വേണ്ടി പരിഗണിക്കേണ്ടതില്ല.

കൊണ്ടോട്ടി വില്ലേജിൽ ഉള്ളതും ട്രിഗർ ലോജിസ്റ്റിക്ക് എന്ന സ്ഥാപനത്തിന്റെ കൈവശത്തിലുള്ള ഭൂമിയുടെ രേഖകളും സ്കെച്ചും ഹാജരാക്കുന്നതിന് ഈ സ്ഥാപന ഉടമകൾ കുറച്ച് സമയം ചോദിച്ചതിനാലാണ് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ വൈകിയത്. ഇക്കാര്യത്തിൽ നടപടി പൂർത്തിയാക്കി എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

വിശ്വാസ പൂർവ്വം,

തഹസിൽദാർ.

I/310483/2023

കലക്ട്രേറ്റ് , മലപ്പുറം.
തീയതി:10-11-2023

**08/11/2023 തീയ്യതിയിൽ ഉച്ചക്ക് 12.30 മണിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടിയുള്ള അവലോകന യോഗത്തിന്റെ മിനുട്സ് .**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു:-

| ക്രമ നം. | പേര് | തസ്തിക , ഓഫീസ് |
|---|---|---|
| 1 | ശ്രീ.ടി.വി.ഇബ്രാഹിം | ബഹു. MLA കൊണ്ടോട്ടി |
| 2 | കുമാരി.ശ്രീധന്യ സുരേഷ് IAS | സബ് കളക്ടർ , പെരിന്തൽമണ്ണ |
| 3 | ശ്രീമതി.ഫാത്തിമത്ത് സുഹ്റാബി | ചെയർപേഴ്സൺ ,കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| 4 | ഡോ.അരുൺ.ജെ.ഒ | ഡെപ്യൂട്ടി കളക്ടർ , എൽ.എ (NH 966),മഞ്ചേരി |
| 5 | ശ്രീ.അൻവർ സാദത്ത്.പി | ഡെപ്യൂട്ടി കളക്ടർ(എൽ.ആർ), മലപ്പുറം |
| 6 | ശ്രീമതി.ലത.കെ | ഡെപ്യൂട്ടി കളക്ടർ(എൽ.എ), മലപ്പുറം |
| 7 | ശ്രീ.കെ.മുഹമ്മദ് ഇസ്മയിൽ | എക്സി.എഞ്ചിനീയർ ,PWD Buildings , മലപ്പുറം |
| 8 | ഡോ.പ്രദീപ് .ആർ | ജില്ലാ ടൗൺ പ്ലാനർ ,മലപ്പുറം |
| 9 | ശ്രീ.അബൂബക്കർ.പി | തഹസിൽദാർ,കൊണ്ടോട്ടി |
| 10 | ശ്രീമതി.ശർമ്മിള.ആർ.പി | ജില്ലാ സർവ്വെ സൂപ്രണ്ട്,മലപ്പുറം |
| 11 | ശ്രീ.ഹജീഷ്.പി.വി | അസി.ജിയോളജിസ്റ്റ്,മൈനിംഗ് &ജിയോളജി ,മഞ്ചേരി |
| 12 | ശ്രീ.ഫിറോസ് ഖാൻ.എം | സെക്രട്ടറി, കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| 13 | ശ്രീ.ആസാദ്.പി.വി | ബഹു. കൊണ്ടോട്ടി MLA യുടെ പി.എ |
| 14 | ശ്രീ.മുഹിയുദ്ദീൻ അലി | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ,കൊണ്ടോട്ടി നഗരസഭ |
| 15 | ശ്രീ. അഷ് റഫ് മാഡൻ | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ,കൊണ്ടോട്ടി നഗരസഭ |
| 16 | ശ്രീ.മുഹമ്മദ് അബ്ദുൽ ഹക്കീം | ഓവർസിയർ, PWD Buildings , കൊണ്ടോട്ടി |
| 17 | ശ്രീമതി.സൗമ്യ.ടി.ഭരതൻ | ജൂനിയർ സൂപ്രണ്ട് (ബി),കലക്ടറേറ്റ് ,മലപ്പുറം |
| 18 | ശ്രീമതി.അംബിക.സി | ജൂനിയർ സൂപ്രണ്ട് (എൽ.എ),കലക്ടറേറ്റ് ,മലപ്പുറം |
| 19 | ശ്രീ.ഒ.എസ്.സജീവ് | താലൂക്ക് സർവ്വെയർ , കൊണ്ടോട്ടി താലൂക്ക് |
| 20 | ശ്രീ.റിയാസ്.പി | കൊണ്ടോട്ടി നഗരസഭ ചെയർപേഴ്സന്റെ പി.എ. |
| 21 | ശ്രീ.അഭിഷേക് | സ്റ്റാഫ് ,കൊണ്ടോട്ടി നഗരസഭ |

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് ഈ യോഗം ചേർന്നിട്ടുള്ളതെന്ന് ആമുഖമായി ജില്ലാ കളക്ടർ പറഞ്ഞു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇത് വരെ സ്വീകരിച്ചിട്ടുള്ള നടപടി വിവരം എൽ.എ ഡെപ്യൂട്ടി കളക്ടർ വിശദീകരിച്ചു.

മിനി സിവിൽ സ്റ്റേഷന് സർക്കാർ ഭൂമി ലഭ്യത സംബന്ധിച്ച് സർക്കാർ /ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഭൂമി ലഭ്യത സംബന്ധിച്ച വിവരം ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു.

കൊണ്ടോട്ടി താലൂക്കിൽ ചീക്കോട് വില്ലേജ് ബ്ലോക്ക് 17 റി. സ 140/15 ൽ പെട്ട 1.5400 ഹെക്ടർ സ്ഥലവും , ബ്ലോക്ക് 17 റി.സ 140/1/1 ൽ 1.6096 ഭൂമിയും ഉൾപ്പെടെ ആകെ 3.1496 ഹെക്ടർ മിച്ച ഭൂമിയുണ്ടെന്നും ,ടി ഭൂമി ഇത് വരെ ആർക്കും തന്നെ പതിച്ച് നൽകിയിട്ടില്ലെന്നും ,ഈ ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പരിഗണിക്കാവുന്നതാണെന്നും കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചു.

പെരിന്തൽമണ്ണ സബ് കളക്ടർ ടീം ലീഡറായി , കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി സംയുക്ത സ്ഥല പരിശോധന നടത്തി കണ്ടെത്തിയ താഴെ കാണിച്ച 4 ഭൂമി സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി.

i) മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള 50 സെന്റ് നിലം ഭൂമി - - ടി ഭൂമി പരിവർത്തന പ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ നിന്നും നിരസിച്ചിട്ടുള്ളതിനാൽ ആയത് വീണ്ടും പരിഗണിക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്.

ii ) ഫിഷ് മാർക്കറ്റ് സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 74 സെന്റ് ഭൂമി-ടി ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ മത്സ്യ മാർക്കറ്റിന് മറ്റൊരിടത്തേക്ക് മാറ്റുന്നതിന് ഭൂമി കണ്ടെത്തേണ്ടി വരും.കൂടാതെ തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടതായും വരും.ആയത് തൊഴിലാളികളുടെ വൻ പ്രതിഷേധത്തിന് ഇടയാകുമെന്ന് ബഹു. MLA യും , കൊണ്ടോട്ടി മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും പറഞ്ഞു.ആയതിനാൽ ടി ഭൂമി പരിഗണിക്കുന്നത് ഒഴിവാക്കാൻ യോഗം തീരുമാനിച്ചു.

iii) നിലവിൽ താലൂക്ക് ഓഫീസ് ,മുനിസിപ്പൽ ഓഡിറ്റോറിയം,കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജ് ബ്ലോക്ക് 3 5 റി.സ 29/7,8 ൽ പെട്ട സ്ഥലവും , രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി , സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജ് ബ്ലോക്ക് 35 റി.സ 29/3 ൽ പെട്ട 27 സെന്റ് സ്ഥലം.

iv ) ഓപ്ഷൻ മൂന്നിലെ 27 സെന്റ് ഭൂമിയും തൊട്ട് പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് സ്വകാര്യസ്ഥലം അത് കഴിഞ്ഞുള്ള റി.സ.29/3 ൽ പെട്ട രജിസ്ട്രേഷന് വകുപ്പിന്റെ ഇടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ സ്ഥലവും കൂടി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത്.

മൂന്നും ,നാലും ഓപ്ഷനുകളിലെ ഭൂമി ഏറ്റെടുക്കണമെങ്കിൽ മുനിസിപ്പാലിറ്റി ഭൂമി നൽകേണ്ടതുണ്ടെന്നും,കൂടാതെ മറ്റു വകുപ്പുകളുടെ ഭൂമി എടുക്കുമ്പോൾ ഓഫീസുകളുടെ പ്രവർത്തനത്തിന് താൽക്കാലിക സംവിധാനം കാണേണ്ടതായും വരുമെന്ന് യോഗം വിലയിരുത്തി. ഓപ്ഷന് 4 ലെ ഭൂമി ഏറ്റെടുക്കണമെങ്കിൽ മേൽ പരാമർശിച്ചതിന് പുറമെ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമി കൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന കാര്യവും യോഗത്തിൽ ചർച്ച ചെയ്തു,

I/310483/2023

തഹസിൽദാർ പരാമർശിച്ച മിച്ച ഭൂമിയിൽ പെട്ട സ്ഥലം കൊണ്ടോട്ടി ടൗണിൽ നിന്നും വളരെ ദൂരെയാണെന്നും ,ടി സ്ഥലത്ത് മിനി സ്റ്റേഷൻ നിർമ്മിക്കുന്നത് മൂലം പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ വളരെ ബുദ്ധിമുട്ടാവുമെന്നും അത് കാരണം പ്രയോജനപ്പെടുകയില്ലെന്നും ബഹു. കൊണ്ടോട്ടി MLA പറഞ്ഞു.നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഭാഗമായത് മൂലം പഞ്ചായത്ത് കെട്ടിടം ഒഴിഞ്ഞ് കിടക്കുകയാണെന്നും , ടി കെട്ടിടം നിൽക്കുന്ന സ്ഥലം , ട്രഷറി ഓഫീസ് എന്നിവ ഉൾപ്പെടുത്തികൊണ്ടും ആയതിന്റെ പിന്നിലുള്ള കുറച്ച് ഭൂമി കൂടി ആക്ട് പ്രകാരം ഏറ്റെടുത്ത് കൊണ്ടും മിനി സിവിൽ സ്റ്റേഷന് പരിഗണിക്കാവുന്നതാണെന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പറഞ്ഞു.

മിനി സിവിൽ സ്റ്റേഷന് വേണ്ടി പ്രൊപ്പോസ് ചെയ്ത, നിലവിൽ താലൂക്ക് ഓഫീസ് ,മുനിസിപ്പൽ ഓഡിറ്റോറിയം,കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമി, രജിസ്ട്രേഷന് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ തിങ്ങിഞെരുങ്ങിയ സ്ഥലത്താണെന്നും അവിടെ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് മൂലം പാർക്കിംഗിന് വളരെ ബുദ്ധിമുട്ടാവുമെന്നും ബഹു. MLA പറഞ്ഞു. മിനി സിവിൽ സ്റ്റേഷന് വേണ്ടി കൊണ്ടോട്ടി വില്ലേജിലെ ടിഗർ ലോജിസ്റ്റിക്കിന്റെ ഭൂമി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് വിട്ട് നൽകാൻ തയ്യാറാണെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിരുന്നതായും കൂടാതെ എർത്താലി കുടുംബം മുമ്പ് സൗജന്യമായി വിട്ട് തരാമെന്ന് പറഞ്ഞ 2 0 ഏക്കറിൽ പെട്ട 2 1/2 ഏക്കർ ഭൂമി കൂടി പരിഗണിക്കാവുന്നതാണെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

നെടിയിരുപ്പ് വില്ലേജിൽ Enemy property യായി 60 സെന്റ് ഭൂമിയുണ്ടെന്നും , ടി ഭൂമിയിലേക്ക് ഇടുങ്ങിയ റോഡാണുള്ളത് എങ്കിലും സർക്കാർ ഭൂമിയായതിനാൽ, ടി ഭൂമി മിനി സിവിൽ സ്റ്റേഷന് പരിഗണിക്കാവുന്നതാണെന്ന് കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു.

മുനിസിപ്പൽ ഓഫീസിനോട് ചേർന്ന് കിടക്കുന്ന മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള നിലം ഭൂമി മിനി സിവിൽ സ്റ്റേഷന് ഏറ്റവും അനുയോജ്യമാണെന്നും , ടി ഭൂമി പരിവർത്തനം ചെയ്യുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുകയാണ് വേണ്ടതെന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പറഞ്ഞു.എന്നാൽ ടി ഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അപേക്ഷ സർക്കാരിൽ നിന്നും നിരസിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഭൂമി പരിഗണിക്കുവാൻ കഴിയുകയില്ലെന്ന് പെരിന്തൽമണ്ണ സബ് കളക്ടർ അറിയിച്ചു.

മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള നിലം ഭൂമി , Enemy property യായ 60 സെന്റ് , എർത്താലി കുടുംബം മുമ്പ് സൗജന്യമായി വിട്ട് തരാമെന്ന് പറഞ്ഞ 20 ഏക്കറിൽ പെട്ട 2 1/2 ഏക്കർ ഭൂമി , ടിഗർ ലോജിസ്റ്റിക്കിന്റെ ഭൂമി എന്നിവ കളക്ടർ സ്ഥലപരിശോധന നടത്തണമെന്ന് ബഹു. MLA ആവശ്യപ്പെട്ടു.

<u>യോഗ തീരുമാനങ്ങൾ</u>

1.പൊതു സ്ഥലങ്ങളായ മുനിസിപ്പാലിറ്റിയുടെ നിലം ഭൂമി , Enemy property ( 60 സെന്റ് )ഭൂമി എന്നിവയും ,സ്വകാര്യ ഭൂമികളായ എർ ത്താലി കുടുംബത്തിന്റെ 2 1/2 ഏക്കർ ഭൂമി ,ടിഗർ

I/310483/2023

ലോജിസ്റ്റിക്കിന്റെ ഭൂമി എന്നിവയും **17/11/2023 ന് ഉച്ചക്ക് 2.00 മണിക്ക്** ബന്ധപ്പെട്ടവരുമായി ജില്ലാ കളക്ടർ സ്ഥല പരിശോധന നടത്തുവാൻ തീരുമാനിച്ചു.

2.തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ള കൊണ്ടോട്ടി താലൂക്കിൽ ചീക്കോട് വില്ലേജ് ബ്ലോക്ക് 17 റി.സ 140/15 ൽ പെട്ട 1.5400 ഹെക്ടർ സ്ഥലവും , ബ്ലോക്ക് 17 റി.സ 140/1/1 ൽ 1.6096 ഭൂമിയും ഉൾപ്പെടെ ആകെ 3.1496 ഹെക്ടർ മിച്ച ഭൂമി ,സംബന്ധിച്ച വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു.

യോഗം 1.30 PM ന് അവസാനിച്ചു.

O/O DC DCMPM
ജില്ലാ കളക്ടർ

സ്വീകർത്താവ്ഃ പങ്കെടുത്ത എല്ലാവർക്കും

സി1-7098/20.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
തീയതി : 6. 07.2021.

തഹസീൽദാർ
കൊണ്ടോട്ടി

ജില്ലാ കലക്ടർ
മലപ്പുറം

സർ,

വിഷയം : കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം – ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ – സംബന്ധിച്ച്.

സൂചന : 1. ജില്ലാ കളക്ടറുടെ 08.06.2020 തീയതിയിലെ ബി5-9297/2018 നമ്പർ കത്ത്.
2. ഈ ഓഫീസിലെ 08.02.2021 തീയതിയിലെ സി1-7098/2020 നമ്പർ കത്ത്.

------

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി താലൂക്ക് മിനിസിവിൽസ്റ്റേഷനുവേണ്ടി ഭൂമി ഏറ്റടുക്കുന്നതിന് താഴെ പറയും പ്രകാരം പ്രപോസൽ സമർപ്പിക്കുന്നു

കൊണ്ടോട്ടി താലൂക്ക് കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/3 ,10/4 , 10/5 , 10/7 , 10/8, 10/9 10/21, 10/22 208/1,208/2 209/1 209/2 208/10 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 2.2515 വിസ്തീർണ്ണമുള്ള ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ് കവടിയാർ പിഒ .695003 പണ്ഡിറ്റ് കോളനി റ്റി.സി.4/1778(7) താമസിക്കും ശ്രീ .സി.ഐ.ജോൺ മകൻ ബേബി ജോൺ, മുതൽപേർ ,ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുണ്ട്. ടി ഭൂമിയിൽ നിന്ന് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി താഴെ പറയുന്ന രണ്ട് ഒപ്ഷനുകൾ പ്രകാരം ഉടമസ്ഥർക്ക് ബോധ്യപ്പെടുന്ന വിലക്ക് വിട്ടു തരുവാൻ ഉടമസ്ഥർ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്

<u>ഒന്നാം ഒപ്ഷനിലുള്ള ഭൂമി</u>

<u>കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/3 ,10/4 , 10/5 , 10/7 , 10/8, 10/9 10/21, 10/22 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി</u>

കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/3 ,10/4 , 10/5 , 10/7 , 10/8, 10/9 10/21, 10/22 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 ഏക്കർ ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ് കവടിയാർ പിഒ .695003 പണ്ഡിറ്റ് കോളനി റ്റി.സി.4/1778(7) താമസിക്കും ശ്രീ .സി.ഐ.ജോൺ മകൻ ബേബി ജോൺ, മുതൽപേർ ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുള്ളതാണ് ഭൂമി".ടി ഭൂമിയിൽ നിന്ന് ഒരു ഏക്കർ 75 സെന്റ് ഭൂമി നിയമപരമായി സർക്കാർ നിശ്ചയിക്കുന്നതും ഉടമകൾക്ക് സമ്മതമായതുമായ ഭൂമി വിലക്ക് വിട്ടുതരുവാൻ ഉടമസ്ഥർ തയ്യാറാണ്

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന ഒന്നാം ഓപ്ഷൻ പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 46.5 |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 14.20 |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 19.90 |
| 4 | കൊണ്ടോട്ടി | 10/9 | 16.10 |
| 5 | കൊണ്ടോട്ടി | 10/22 | 26.10 |
| | കൊണ്ടോട്ടി | 10/5 | 23.25 |
| | കൊണ്ടോട്ടി | 10/3 | 17.60 |
| | കൊണ്ടോട്ടി | 10/4 | 11.60 |
| | ആകെ ഭൂമി | | 1.75 |

ഭൂമിയുടെ കിടപ്പ്

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 120മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ചെറുതായി ചെങ്കുത്തായ ഭൂമിയാണ്.**

ഭൂമിയുടെ ന്യായ വില

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | ന്യായവില | |
|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 80,000 | |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 50,000 | |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 50,000 | |
| 4 | കൊണ്ടോട്ടി | 10/9 | 50,000 | |
| 5 | കൊണ്ടോട്ടി | 10/22 | 80000 | |
| | കൊണ്ടോട്ടി | 10/5 | 50000 | |
| | കൊണ്ടോട്ടി | 10/3 | 50000 | |
| | കൊണ്ടോട്ടി | 10/4 | 50000 | |

- ഭൂമി പുരയിടം വിഭാഗത്തിൽപ്പെടുന്നു
- ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ കക്ഷികൾ തയ്യാറാണ്.
- ജലലഭ്യത കൂടുതലുള്ള സ്ഥലമാണ്.

## ഒന്നാം ഓപ്ഷൻ-പൊതുമരാമത്ത് റിപ്പോർട്ട്

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 120 മീറ്റർമാറിയും ഏകദേശം 10 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുക എളുപ്പമാണ് കൂടാതെ വെള്ളസൗകര്യം ലഭ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണ് ഹാർഡ് സോയിൽ ഇനത്തിൽ ഉൾപ്പെടുന്നതിനാൽ 05 നിലകൾ വരെ നിർമ്മിക്കാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന രണ്ടാം ഒപ്ഷനിലുള്ള ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 208/1 | 72.93 |
| 2 | കൊണ്ടോട്ടി | 12,റിസ 208/2 | 53.07 |
| 3 | കൊണ്ടോട്ടി | 12,റിസ 208/10 | 24.25 |
| | | ആകെ ഭൂമി | 150.25 |

ഭൂമിയുടെ കിടപ്പ്

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 300മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ഏക ദേശം ചെങ്കുത്തായതുമായ ഭൂമിയാണ്.**

ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ കക്ഷികൾ തയ്യാറാണ്.

ഭൂമിയുടെ ന്യായ വില

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) | ന്യായവില(ആ റിന്) |
|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 208/1 | 72.93 | 80,000 |
| 2 | കൊണ്ടോട്ടി | 12,റിസ 208/2 | 53.07 | 80000 |
| 3 | കൊണ്ടോട്ടി | 12,റിസ 208/10 | 24.25 | 80000 |
| | | ആകെ | 150.25 | |

**രണ്ടാം ഒപ്ഷൻ- പൊതുമരാമത്ത് റിപ്പോർട്ട്**

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 35 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് 1 ഇൻ 12 ഗ്രേഡിയന്റിൽ റോഡ് നിർമ്മിക്കുക അസാധ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.കൂടാതെ വെള്ളസൗകര്യം ലഭ്യമല്ലെന്നും പറയുന്നു.ആയതിനാൽ ഈ ഒപ്ഷൻ പരിഗണിക്കേണ്ടതില്ല

"ഇക്കാര്യത്തിൽ സ്ഥല ഉടമസ്ഥർ ,പൊതുമരാമത്ത് വകുപ്പ്,മുനിസിപ്പിൽ എഞ്ചിനിയർ എന്നിവരുടെ ഒരു യോഗം ജില്ലാ തലത്തിൽ നടത്തി ആവശ്യമെങ്കിൽ ഭൂമി ഡിമാർക്കേറ്റ് ചെയ്ത് വ്യക്തത വരുത്തി സർക്കാരിലേക്ക് കൂടുതൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാം.പൊതുമാരാമത്ത് വകുപ്പ് ,കൊണ്ടോട്ടി നഗരസഭ എന്നിവരുടെ നിന്നുള്ള റിപ്പോർട്ടുകൾ ,ലൊക്കേഷൻ സ്കച്ച്, എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു

വിശ്വാസപൂർവ്വം,

തഹസിൽദാർ,
താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.

ഭൂമി വിലക്കുനൽകുന്നത് സംബന്ധിച്ച് ഉടമസ്ഥരുടെ സമ്മത പത്രം



From,

1. Mr. [illegible]

[illegible]

2. M/s. [illegible] LOGISTICS PRIVATE LIMITED

[illegible]

To,

The District Collector

[illegible]

Sub: No objection in acquiring portion of our land for [illegible] Station

Sir,

We are the absolute Owners in possession and enjoyment of approximately [illegible] properties situated at [illegible] Village, [illegible] Thaluk, [illegible] District. We don't have objection in government acquiring a portion [illegible] land for the purpose of [illegible] compensation amount shall be mutually [illegible] fixed at a rate acceptable/agreeable [illegible]

Sincerely

[illegible]

[illegible]

FOR M/s. [illegible]

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ഭൂമിയുടെ സ്കെച്ച്

DISTRICT : MALAPPURAM

TALUK : KONDOTTY

VILLAGE : KONDOTTY

DESAM :

**AREA 7 ACRE 15.85 CENT**

**FIELD NO :10,208,209**



കലക്ടറേറ്റ്,മലപ്പുറം
തീയതി:12/10/2020

01.10.2020 തീയതിയിൽ ഉച്ചക്ക് ശേഷം 3.00 മണിയ്ക്ക് മലപ്പുറം ജില്ലാകളക്ടറുടെ ചേംബറിൽ ചേർന്ന കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട യോഗത്തിന്റെ മിനിറ്റ്സ് .

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു:-

| ക്രമ നം. | പേര് | തസ്തിക , ഓഫീസ് |
|---|---|---|
| 1 | ശ്രീ.ടി.വി.ഇബ്രാഹിം | ബഹു. എം.എൽ.എ .കൊണ്ടോട്ടി |
| 2 | ശ്രീമതി.ലത.കെ | ഡെപ്യൂട്ടി കലക്ടർ (എൽ.എ),മലപ്പുറം |
| 3 | ശ്രീ.ഒ.ഹംസ | ഡെപ്യൂട്ടി കലക്ടർ (എൽ.ആർ),മലപ്പുറം |
| 4 | ശ്രീമതി.പി.എ.ഷാജി | ഡെപ്യൂട്ടി ഡയറക്ടർ ,റീ സർവ്വെ ,മലപ്പുറം |
| 5 | ശ്രീ.മുഹമ്മദ് അൻവർ | എക്സി.എഞ്ചിനീയർ , PWD കെട്ടിട വിഭാഗം ,മലപ്പുറം |
| 6 | ശ്രീ.ചന്ദ്രൻ .പി | തഹസിൽദാർ,കൊണ്ടോട്ടി |
| 7 | ശ്രീ.കെ.ദാമോദരൻ | ജില്ലാ സർവ്വെ സൂപ്രണ്ട് ,മലപ്പുറം |
| 8 | ശ്രീ.മഹ്മൂദ് .എൻ | ജൂനിയർ സൂപ്രണ്ട് ,ബി -സെക്ഷൻ ,കലക്ടറേറ്റ് ,മലപ്പുറം |

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് വേണ്ടിയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടിയാണ് യോഗം ചേർന്നിരിയ്ക്കുന്നത് എന്ന് ജില്ലാ കലക്ടർ ആമുഖമായി പറഞ്ഞു.

കൊണ്ടോട്ടി താലൂക്ക് 2013 ഡിസംബർ മാസം 23- ാ തീയതി ഉത്ഘാടനം ചെയ്യപ്പെട്ടുകയും,താലൂക്ക് ഓഫീസ് 01.01.2014 തീയതിയിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണെന്നും ,മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്ക് ആസ്ഥാനത്ത് മാത്രമാണ് നിലവിൽ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുവാനായി മിനി സിവിൽ

സ്റ്റേഷന് ഇല്ലാത്തതെന്നും കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു. കൂടാതെ മിനി സിവിൽ സ്റ്റേഷന് ലഭ്യമല്ലാത്തതിനാലും, സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തതിനാലും താലൂക്ക് ഓഫീസ് ,താലൂക്ക് സപ്ലൈ ഓഫീസ്,അസിസ്റ്റന്റ് ലേബർ ഓഫീസ്,എക്സൈസ് റേഞ്ച് ഓഫീസ് ഉൾപ്പെടെയുള്ള പല സർക്കാർ ഓഫീസുകളും ഇപ്പോഴും സൌകര്യങ്ങൾ അപര്യാപ്തമായ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നതെന്നും ,ഇത് പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ സൌകര്യപ്രദ മാകുന്നതിനും വേണ്ടി താലൂക്ക് പരിധിയിലെ പ്രധാന സർക്കാർ ഓഫീസുകളെല്ലാം ഒരേ കോമ്പൌണ്ടിൽ വരുന്നതിനായി കൊണ്ടോട്ടി ആസ്ഥാനമായി മിനി സിവിൽ സ്റ്റേഷന് നിർമ്മിക്കേണ്ട് അത്യാവശ്യമാണെന്ന് കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു.കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നാല് വർഷങ്ങൾക്ക് മുമ്പ് തന്നെ ആരംഭിച്ചിട്ടുള്ളതാണെന്നും,എന്നാൽ പല കാരണങ്ങളാൽ മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും,ടി വിഷയവുമായി ബന്ധപ്പെട്ട് മുമ്പ് നാല് യോഗങ്ങൾ കലക്ടറേറ്റിൽ വെച്ച് നടത്തിയിട്ടുണ്ടെന്നും ബഹു.കൊണ്ടോട്ടി എം.എൽ.എ യോഗത്തിൽ അറിയിച്ചു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് നിർമ്മാണത്തിനായി പരിഗണയിലുള്ള മൂന്ന് ഓപ്ഷനുകളിലുള്ള ഭൂമിയുണ്ടെന്നും അവ സംബന്ധിച്ച വിവരങ്ങളും കൊണ്ടോട്ടി തഹസിൽദാർ വിശദീകരിച്ചു.

<u>ഓപ്ഷൻ –1</u> : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ആദ്യം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റി.സ 376/1ൽ ഉൾപ്പെടുന്ന 1 ഏക്കർ പരിഗണിച്ചിരുന്നു.കോഴിക്കോട് –പാലക്കാട് ദേശീയപാതയിൽ നിന്നും ഏകദേശം 200 മീറ്റർ ദൂരയായിട്ടാണ് ഈ ഭൂമി സ്ഥിതി ചെയ്യുന്നത്. ടി ഭൂമി നിലം തരത്തിൽ ഉൾപ്പെട്ട ഭൂമിയാണ്.ഇത് 2008 ലെ തണ്ണീർതട സംരക്ഷണ നിയമം പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട് വരുന്നതുമാണ്.മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനുമതിക്കായി ഈ ഭൂമി കാണിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചപ്പോൾ ടി ആവശ്യ ത്തിനായി മറ്റ് ഭൂമി കണ്ടെത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാരിൽ നിന്നും പ്രൊപ്പോസൽ നിരസിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് തഹസിൽദാർ പറഞ്ഞു.

ഓപ്ഷൻ - 2 : കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റി.സ 414/3 ൽ ഉൾപ്പെട്ട 0.30000 ഹെക്ടർ ഭൂമി.ടി ഭൂമി കൊണ്ടോട്ടി മേലങ്ങാടിയിൽ സ്ഥിതി ചെയ്യുന്നതും, ടൌണിന്റെ നടുവിലുള്ളതുമാണ്.ടി സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ വന്നാൽ പൊതുജനങ്ങൾക്ക് വേഗത്തിലെത്താൻ കഴിയുകയും, കൂടുതൽ സൌകര്യപ്രദമാകുകയും ചെയ്യും.നിലവിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി 90 സെന്റ് വരുമെന്ന് തഹസിൽദാർ പറഞ്ഞു.എന്നാൽ തഹസിൽദാർ ഹാജരാക്കിയ രേഖകളിൽ ടി ഭൂമി 75 സെന്റ് മാത്രമെ ഉള്ളൂവെന്ന് ജില്ലാ കലക്ടർ പറഞ്ഞു. രേഖകളിൽ 75 സെന്റ് കാണിച്ചിട്ടുള്ളുവെങ്കിലും പിന്നീട് മുനിസിപ്പാലിറ്റി ടി ഭൂമിക്കടുത്തുള്ള ഭൂ ഉടമകളിൽ നിന്നും 15 സെന്റ് ഭൂമി വാങ്ങിച്ചിട്ടുണ്ടെന്നും കൊണ്ടോട്ടി തഹസിൽദാർ അറിയിച്ചു.ടി ഭൂമി സർവ്വെ ചെയ്ത് ശരിയായ വിസ്തീർണ്ണം കണ്ടെത്തുകയും ഭൂമിയുടെ തരം ,ന്യായവില,തൽസ്ഥിതി ,Floor Space Index,തുടങ്ങിയവ ലഭ്യമാക്കാൻ ജില്ലാ കലക്ടർ തഹസിൽദാർക്ക് നിർദ്ദേശം നൽകി.

ഓപ്ഷൻ - 3 : കൊണ്ടോട്ടി –കുളത്തൂർ റോഡിന് സമീപത്തായുള്ള ടിഗർ ലോജസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റി.സ 208/1,208/10,209/1,209/2,10/3,10/5,10/7,10/8,10/9,10/22 ൽ ഉൾപ്പെട്ട 2.2515 ഹെക്ടർ ഭൂമി .ഈ ഭൂമി ദേശീയപാത ,എയർപോർട്ട് ജംഗ്ഷനിൽ നിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി കോഴിക്കോട് –പാലക്കാട് ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.ടി ഭൂമി മൊത്തമായോ ഭാഗികമായോ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിലക്ക് നൽകാൻ ഭൂ ഉടമകൾ തയ്യാറാണെന്ന വിവരം തഹസിൽദാർ അറിയിച്ചു.ഭൂ ഉടമകൾ അറിയിച്ച 2 ഓപ്ഷനുകൾ തഹസിൽദാർ വിശദീകരിച്ചു.

ഓപ്ഷൻ നമ്പർ –1 : ദേശീയപാതയിൽ നിന്നും 12 മീറ്റർ റോഡ് സൌകര്യത്തോടു കൂടി കൊണ്ടോട്ടി വില്ലേജിലെ റി .സ 10/3,10/5,10/7,10/8,10/9,10/21,10/22,208/1,208/2, 208/10,209/1,209/2 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന 1 ഏക്കർ 76 സെന്റ് ഭൂമി.ഇത് ദേശീയപാതയിൽ നിന്നും 100 മീറ്റർ ഉൾവശത്താണ്.ടി ഭൂമി ഏകദേശം ചെങ്കുത്തായാണ് സ്ഥിതി ചെയ്യുന്നത്.

ഓപ്ഷൻ നമ്പർ –2 :ദേശീയപാതയിൽ നിന്നും 12 മീറ്റർ റോഡ് സൌകര്യത്തോടു കൂടി കൊണ്ടോട്ടി വില്ലേജിലെ റി .സ 208/1,208/2,208/10 ,209/1,209/2 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 2 ഏക്കർ 09 സെന്റ് ഭൂമി .ഇത് ഇത് ദേശീയപാതയിൽ നിന്നും 150 മീറ്റർ ഉൾവശത്താണ് സ്ഥിതി ചെയ്യുന്നത്.റോഡ് സൌകര്യം,ഏകദേശം നിരപ്പായ ഭൂമി

എന്നിവ പരിഗണിച്ചാൽ ഈ ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണെന്നും, ടി ഭൂമി LARR Act പ്രകാരം നടപടി പൂർത്തികരിച്ച് നെഗോഷിയേറ്റഡ് പർച്ചേഴ്സ് പ്രകാരം എടുക്കാവുന്നതാണെന്ന കൊണ്ടോട്ടി തഹസിൽദാർ പറഞ്ഞു.സ്ഥലമുടമകൾ ന്യായമായ വിലക്ക് ഈ ഭൂമി വിട്ട് തരാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും തഹസിൽദാർ അറിയിച്ചു.

ആകെയുള്ള ഏഴര ഏക്കർ ഭൂമി മൊത്തമായി വാങ്ങുകയാണെങ്കിൽ സെന്റിന് മൂന്ന് ലക്ഷം രൂപയും,ഒന്നര ഏക്കർ ഭൂമിയാണ് വാങ്ങുന്നതെങ്കിൽ സെന്റിന് മൂന്നര ലക്ഷം രൂപയുമാണ് പാർട്ടികൾ ആവശ്യപ്പെടുന്നതെന്ന് തഹസിൽദാർ അറിയിച്ചു.എയർപോർട്ട് ജംഗ്ഷൻ , കോഴിക്കോട് -പാലക്കാട് ദേശീയപാത എന്നിവിടങ്ങളിലേക്ക് ടി പരാമർശിച്ച സ്ഥലത്ത് നിന്നും 150 മീറ്റർ ദൂരം മാത്രമാണുള്ളതെന്ന് ബഹു. MLA പറഞ്ഞു.ഭൂ ഉടുകളുമായി നെഗോഷിയേഷൻ നടത്തുകയാണെങ്കിൽ ഭൂ വില കുറയ്ക്കാൻ കഴിയുമെന്ന് തഹസിൽദാർ പറഞ്ഞു.ടി പ്രദേശത്തെ ഭൂമിയുടെ ഫെയർ വാല്യൂ എത്ര വരുമെന്ന് കലക്ടർ തഹസിൽദാരോട് ആരാഞ്ഞു.ഫെയർ വാല്യൂ നോക്കിയിട്ടില്ലെന്നും അത് അടുത്ത ദിവസം തന്നെ നോക്കി അറിയിക്കാമെന്നും കൊണ്ടോട്ടി തഹസിൽദാർ കലക്ടറെ അറിയിച്ചു.മേൽ പരാമർശിച്ച ഏഴര ഏക്കർ ഭൂമിയിൽ വിവിധ സർവ്വെ നമ്പറുകളിലായി ആറിന് 20,000/- രൂപ മുതൽ 1,50,000/- രൂപ വരെ വില വരുന്നുണ്ടെന്ന് ജൂനിയർ സൂപ്രണ്ട് ശ്രീ.മഹ്മൂദ് എന്നവർ കലക്ടറെ അറിയിച്ചു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റവും അനുയോജ്യമായിട്ടുള്ള സ്ഥലം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലമാണെന്ന് ബഹു. MLA പറഞ്ഞു.ടി സ്ഥലത്ത് മിനി സിവിൽ സ്റ്റേഷന് 3-4 നിലകളിലായി കെട്ടിടമുണ്ടാക്കാവുന്നതാണെന്നും ,ഏറ്റവും താഴെ വാഹന പാർക്കിംഗിനായി ഉപയോഗിക്കാമെന്നും എം.എൽ.എ അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റിക്ക് മത്സ്യ മാർക്കറ്റിനായി ലീസിന് വേറെ സ്ഥലം എടുക്കാവുന്നതാണെന്നും MLA പറഞ്ഞു.എയർപോർട്ട് ടി ഭൂമിക്ക് അടുത്തായതിനാൽ മിനി സിവിൽ സ്റ്റേഷന് എത്ര നിലയിൽ കെട്ടിടം പണിയാൻ കഴിയുമെന്ന് കലക്ടർ PWD കെട്ടിട വിഭാഗം എക്സി.എഞ്ചിനീയറോട് ആരാഞ്ഞു.ആയത് പരിശോധിച്ചിട്ടില്ലെന്നും ഉടൻ പരിശോധിച്ച് അറിക്കാമെന്നും എക്സി.എഞ്ചിനീയർ കലക്ടറെ അറിയിച്ചു.

മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി സർവ്വെ ചെയ്ത് ശരിയായ വിസ്തീർണ്ണം കണക്കാക്കുന്നതിനും ,മിനി സിവിൽ സ്റ്റേഷനായി പരിഗണനയിലുള്ള ടിഗർ ലോജസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള വിവിധ സർവ്വെ നമ്പറുകളിലെ ഭൂമിയുടെ ഫെയർ വാല്യൂ നോക്കി LARR Act പ്രകാരം ഒരു സെന്റ് ഭൂമിക്ക് എത്ര വില വരുന്നുണ്ടന്നും ,

നെഗോഷിയേഷൻ പ്രകാരം സെന്റിന് എത്ര രൂപ വരെ നൽകാവുന്നതാണെന്നും കണ്ടെത്തി ഒക്ടോബർ 5–ാം തീയതി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർ കൊണ്ടോട്ടി തഹസിൽദാർക്ക് നിർദ്ദേശം നൽകി.കൂടാതെ മിനി സിവിൽ സ്റ്റേഷന് എത്ര നില വരെയുള്ള കെട്ടിടം പണിയാൻ കഴിയുമെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർ PWD കെട്ടിട വിഭാഗം എക്സി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.മേൽ റിപ്പോർട്ടുകൾ ലഭ്യമായതിന് ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് കത്ത് നൽകുന്നതിനും, സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

യോഗം ഉച്ചക്ക് ശേഷം 3.45 മണിക്ക് അവസാനിച്ചു.

ജില്ലാ കളക്ടർ

സ്വീകർത്താവ്: യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും

ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2739572**

ഇ മെയിൽ- dcm.ker@nic.in

File No. DCMPM/9297/2018-B5 **തീയതി** :30-07-2025

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം:- ശ്രീ.അലി വൈതലപ്പറമ്പിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC-26620/2021 നമ്പർ കേസിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബ:-

സൂചന:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/06/2025 തീയതിയിലെ LR/6994/2021-LR(C4)നമ്പർ കത്ത് .

**********************

സൂചനയിലേയ്ക്ക് ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. ശ്രീ.അലി വൈതലപ്പറമ്പിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC-26620/2021 നമ്പർ കേസിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ റിപ്പോർട്ട് ചെയ്യാനായി സൂചന പ്രകാരം കത്ത് ലഭിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ സൈറ്റ് പരിശോധിച്ചതിൽ ടി കേസ് നിലവിൽ പെന്റിങ് ആണെന്ന് അറിവായിട്ടുള്ളതാണ് . കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് നഗരസഭ ഓഫീസിനോട് ചേർന്ന് കിടക്കുന്ന സ്ഥലം തരംമാറ്റി കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചതായി കൊണ്ടോട്ടി മുൻസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും കൂടാതെ പരിവർത്തനപ്പെടുത്തേണ്ട ഭൂമി നെൽവയലായതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തേണ്ടതാണെന്നും കേരളസർക്കാർ (കൃഷിവകുപ്പ്) 06/04/2015 ലെ സ.ഉ(സാ.ധാ)നം. 711/2015 പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും അറിയിച്ചുകൊണ്ട് കൊണ്ടോട്ടി തഹസിൽദാറുടെ 17/08/2024 തീയ്യതിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് ടി വിവരം അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വാസപൂർവ്വം

Signed by
V T Gholy
Date: 30-07-2025 10:20:08

DEPUTY COLLECTOR
ജില്ലാ കളക്ടർക്ക് വേണ്ടി

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ഭരണഭാഷ-മാതൃഭാഷ

**കൊണ്ടോട്ടി തഹസിൽദാരുടെ കാര്യാലയം,കൊണ്ടോട്ടി-673638**

ഫോൺ **0483 2713311** , ഇ-മെയിൽ- **tah.kondotty.rev@kerala.gov.in**

TLKKDY/3502/2023-C1 **തീയതി:** 17-08-2024

പ്രേഷകൻ

തഹസിൽദാർ

കൊണ്ടോട്ടി

സ്വീകർത്താവ്

ജില്ലാകളക്ടർ

മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം - നെൽ വയൽ തരംമാറ്റുന്നത് സംബന്ധിച്ച്.

സൂചന :- 1. കൊണ്ടോട്ടി മുനിസിപ്പൽ സെക്രട്ടറിയുടെ 03/08/2024 ലെ ഇ2-632332/2024 നമ്പർ കത്ത്.

2. കേരള സർക്കാറിന്റെ 06/04/2015 ലെ സ.ഉ (സാ.ധാ) 711/2015 ഉത്തരവ്.

**********************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം നടത്തിയ മീറ്റിംഗിൽ നഗരസഭ ഓഫീസിനോട് ചേർന്ന് കിടക്കുന്ന വയൽ തരംമാറ്റി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ പരിവർത്തനപ്പെടുത്തേണ്ട ഭൂമി നെൽവയലായതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തേണ്ടതാണെന്ന് കേരള സർക്കാർ (കൃഷി വകുപ്പ്) 06/04/2015 ലെ സ.ഉ (സാ.ധാ) നം.711/2015 പ്രകാരം ഉത്തരത്തരവായിട്ടുള്ളതാണ്. ടി വിവരം അറിവിലേക്കായി സമർപ്പിക്കുന്നു. സൂചന രണ്ടിലെ ഉത്തരവിന്റെ പകർപ്പ് ഇതൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

വിശ്വാസപൂർവ്വം

തഹസിൽദാർ,കൊണ്ടോട്ടി

ഉള്ളടക്കം :സൂചന 2 ഉത്തരവ്

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് **https://eoffice.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്

കേരള സർക്കാർ

സംഗ്രഹം

[illegible] 376/1 [illegible] 50 [illegible]

[illegible]

[illegible]

സ.ഉ.(സാധാ) നം.711/2015/കൃഷി   തീയതി, തിരുവനന്തപുരം, 06.04.2015

പരാമർശം:- 1. [illegible]

2. 21.08.2014 [illegible] 3/2014-15 [illegible]

3. 17.01.2015 [illegible]

ഉത്തരവ്

[illegible] 376/1 [illegible] 50 [illegible] (1) [illegible] (2) [illegible] 17.01.2015 [illegible]

"Committee is of the opinion that alternate dryland may be located".

[illegible]

[illegible]

Scanned with CamScanner

[illegible]

[illegible] (1) പ്രകാരം [illegible]

[illegible]

[illegible] ഉത്തരവിൻ പ്രകാരം

[illegible]

[illegible]

സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, മലപ്പുറം
ജില്ലാ കളക്ടർ, മലപ്പുറം
ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഓഫീസർ, മലപ്പുറം
വില്ലേജ് ഓഫീസർ, കൊണ്ടോട്ടി, മലപ്പുറം
കൃഷി ഓഫീസർ, കൃഷി ഭവൻ, കൊണ്ടോട്ടി, മലപ്പുറം
[illegible] ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[illegible] ഓഫീസർ

ഭരണഭാഷ-മാതൃഭാഷ

**കൊണ്ടോട്ടി തഹസിൽദാരുടെ കാര്യാലയം,കൊണ്ടോട്ടി-673638**

ഫോൺ **0483 2713311 ,** ഇ-മെയിൽ- **tah.kondotty.rev@kerala.gov.in**

TLKKDY/3502/2023-C1 **തീയതി:** 16-08-2024

പ്രേഷകൻ
തഹസിൽദാർ
കൊണ്ടോട്ടി
സ്വീകർത്താവ്

ജില്ലാകളക്ടർ

മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി നഗരസഭ - മിനിസിവിൽസ്റ്റേഷൻ നിർമ്മാണം - സ്ഥലമെടുപ്പ് - മീറ്റിംഗ് മിനുറ്റ്സ്

സൂചന :- കൊണ്ടോട്ടി നഗരസഭ കാര്യാലയത്തിലെ 03/08/2024 തീയതിയിലെ ഇ2-632332/2024 നമ്പർ നടപടിക്കുറിപ്പ്.

**********************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ആസ്ഥാനമായി മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് **18/07/2024** ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് സൂചന പ്രകാരം മുനിസിപ്പൽ സെക്രട്ടറി അയച്ച് നൽകിയിട്ടുണ്ട്. മത്സ്യ മാർക്കറ്റ് നിൽക്കുന്ന സ്ഥലം പ്രസ്തുത ആവശ്യത്തിലേക്ക് വിട്ടു നൽകേണ്ടതില്ലെന്നും മുനിസിപ്പൽ ഓഫീസിനോട് ചേർന്ന് കിടക്കുന്ന വയൽ തരം മാറ്റി നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കണമെന്നും യോഗത്തിൽ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. യോഗത്തിന്റെ നടപടിക്കുറിപ്പ് ഇതൊന്നിച്ച് അയക്കുന്നു.

വിശ്വാസപൂർവ്വം

തഹസിൽദാർ,കൊണ്ടോട്ടി

ഉള്ളടക്കം : സൂചന നടപടിക്കുറിപ്പ്

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് **https://eoffice.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്

# കൊണ്ടോട്ടി മുനിസിപ്പാലിറ്റി

01.08.2024 തീയതി നടന്ന അടിയന്തിരയോഗത്തിലെ

6 / നമ്പർ തീരുമാനം.

**അജണ്ട :**

6 : കൊണ്ടോട്ടി നഗരസഭ- മിനി സിവിൽ സ്റ്റേഷൻ നിർമ്മാണംസ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച് :-

**വിവരണം :**

സൂചന: 1. ബഹു ജില്ലാ കലക്ടറുടെ 05/03/2024 ലെ DCMPM/9860/ 2020-LA2 നമ്പർ കത്ത് .
2. കൊണ്ടോട്ടി തഹസിൽദാരുടെ 16 /03/2024 ലെ 3502/2023-C1 നമ്പർ കത്ത് .
3. നഗരസഭ കൗൺസിലിന്റെ 19/06/ 2024 ലെ 23 നമ്പർ തീരുമാനം
4. 18/07/2024 ലെ സർവ്വ കക്ഷി യോഗതീരുമാനം .

കൊണ്ടോട്ടി ആസ്ഥാനമായി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള മൽസ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലം വിട്ടു നല്കുന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (1),(2) പ്രകാരം ബഹു. മലപ്പുറം ജില്ലാ കളക്ടർ, കൊണ്ടോട്ടി തഹസിൽദാർ എന്നിവർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭ കൗൺസിലിൽ സമർപ്പിക്കുകയും സൂചന (3) കൗൺസിൽ തീരുമാനപ്രകാരം 18/07/2024 ന് സർവ്വകക്ഷി യോഗം ചേരുകയും ചെയ്തു . ടി യോഗത്തിൽ മൽസ്യ മാർക്കറ്റ് നിൽക്കുന്നസ്ഥലം നിലനിർത്തികൊണ്ട് കൊണ്ടോട്ടി പരിസരത്ത് മിനി സിവിൽ സ്റ്റേഷന് സ്ഥലം കണ്ടെത്തുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ഐക്യകണ്ഠേന അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനായി കൊണ്ടോട്ടി നഗരസഭ ഓഫീസിനോട് ചേർന്നു കിടക്കുന്ന സ്ഥലം ഉപയോഗപെടുത്തുന്നതിനും ടി സ്ഥലം തണ്ണീർത്തടം ആയതിനാൽ സിവിൽ സ്റ്റേഷൻ നിർമാണത്തിനായി സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.

മേൽ വിഷയം കൗൺസിൽ പരിഗണനയ്ക്ക്

ഫയൽ നമ്പർ :
E2-632332-2024

തീരുമാന നമ്പർ : 6/ തീയതി : 01.08.2024

തീരുമാനം :

അംഗീകരിച്ചു.

തീരുമാനവിവരണം :

1. സർവകക്ഷി യോഗത്തിലെ അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് മൽസ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിന് വിട്ടുനൽകേണ്ടതില്ല എന്നു തീരുമാനിച്ചു.

2. മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിന് കൊണ്ടോട്ടി നഗരസഭ ഓഫീസിനോട് ചേർന്ന് കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തുന്നതിനും ടി സ്ഥലം തണ്ണീർത്തടം ആയതിനാൽ സിവിൽ സ്റ്റേഷൻ നിർമാണത്തിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

3. സർവകക്ഷി സംഘം ബഹു. എം എൽ എ യുടെ നേതൃത്വത്തിൽ ബഹു. കേരള മുഖ്യമന്ത്രിയെ നേരിൽ കണ്ട് നിവേദനം നല്കുന്നതിന് തീരുമാനിച്ചു.

ശരിപകർപ്പ്
സെക്രട്ടറി

(ഒപ്പ്)
ചെയർമാൻ/
ചെയർപേഴ്സൺ

Secretary
Kondotty Municipality

KONDOTTY MUNICIPALITY
KONDOTTY - 673 638

ഭരണഭാഷ-മാതൃഭാഷ

**കൊണ്ടോട്ടി തഹസിൽദാരുടെ കാര്യാലയം,കൊണ്ടോട്ടി-673638**

ഫോൺ **0483 2713311 ,** ഇ-മെയിൽ- **tah.kondotty.rev@kerala.gov.in**

TLKKDY/3502/2023-C1 തീയതി: 16-08-2024

പ്രേഷകൻ

തഹസിൽദാർ

കൊണ്ടോട്ടി

സ്വീകർത്താവ്

ജില്ലാകളക്ടർ

മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി നഗരസഭ - മിനിസിവിൽസ്റ്റേഷൻ നിർമ്മാണം - സ്ഥലമെടുപ്പ് - മീറ്റിംഗ് മിനുറ്റ്സ്

സൂചന :- കൊണ്ടോട്ടി നഗരസഭ കാര്യാലയത്തിലെ 03/08/2024 തീയതിയിലെ ഇ2-632332/2024 നമ്പർ നടപടിക്കുറിപ്പ്.

**********************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ആസ്ഥാനമായി മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 18/07/2024 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് സൂചന പ്രകാരം മുനിസിപ്പൽ സെക്രട്ടറി അയച്ച് നൽകിയിട്ടുണ്ട്. മത്സ്യ മാർക്കറ്റ് നിൽക്കുന്ന സ്ഥലം പ്രസ്തുത ആവശ്യത്തിലേക്ക് വിട്ടു നൽകേണ്ടതില്ലെന്നും മുനിസിപ്പൽ ഓഫീസിനോട് ചേർന്ന് കിടക്കുന്ന വയൽ തരം മാറ്റി നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കണമെന്നും യോഗത്തിൽ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. യോഗത്തിന്റെ നടപടിക്കുറിപ്പ് ഇതൊന്നിച്ച് അയക്കുന്നു.

വിശ്വാസപൂർവ്വം

തഹസിൽദാർ,കൊണ്ടോട്ടി

ഉള്ളടക്കം : സൂചന നടപടിക്കുറിപ്പ്

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് **https://eoffice.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്

# കൊണ്ടോട്ടി മുനിസിപ്പാലിറ്റി

01.08.2024 തീയതി നടന്ന അടിയന്തിരയോഗത്തിലെ

6 / നമ്പര്‍ തീരുമാനം.

**അജണ്ട :**

6 : കൊണ്ടോട്ടി നഗരസഭ- മിനി സിവില്‍ സ്റ്റേഷന്‍ നിര്‍മ്മാണംസ്ഥലം വിട്ടു നല്‍കുന്നത് സംബന്ധിച്ച് :-

**വിവരണം :**

സൂചന: 1. ബഹു ജില്ലാ കലക്ടറുടെ 05/03/2024 ലെ DCMPM/9860/ 2020-LA2 നമ്പര്‍ കത്ത് .
2. കൊണ്ടോട്ടി തഹസില്‍ദാരുടെ 16 /03/2024 ലെ 3502/2023-C1 നമ്പര്‍ കത്ത് .
3. നഗരസഭ കൗണ്‍സിലിന്റെ 19/06/ 2024 ലെ 23 നമ്പര്‍ തീരുമാനം
4. 18/07/2024 ലെ സര്‍വ്വ കക്ഷി യോഗതീരുമാനം .

കൊണ്ടോട്ടി ആസ്ഥാനമായി മിനി സിവില്‍ സ്റ്റേഷന്‍ നിര്‍മ്മിക്കുന്നതിന് നഗരസഭയുടെ ഉടമസ്ഥതയില്‍ ഉള്ള മല്‍സ്യ മാര്‍ക്കറ്റ് പ്രവര്‍ത്തിക്കുന്ന സ്ഥലം വിട്ടു നല്‍കുന്നതുമായി ബന്ധപ്പെട്ട് റിപ്പോര്‍ട്ട് സമര്‍പ്പിക്കുന്നതിന് സൂചന (1),(2) പ്രകാരം ബഹു. മലപ്പുറം ജില്ലാ കളക്ടര്‍, കൊണ്ടോട്ടി തഹസില്‍ദാര്‍ എന്നിവര്‍ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തില്‍ നഗരസഭ കൗണ്‍സിലില്‍ സമര്‍പ്പിക്കുകയും സൂചന (3) കൗണ്‍സില്‍ തീരുമാനപ്രകാരം 18/07/2024 ന് സര്‍വ്വകക്ഷി യോഗം ചേരുകയും ചെയ്തു . ടി യോഗത്തില്‍ മല്‍സ്യ മാര്‍ക്കറ്റ് നില്‍ക്കുന്നസ്ഥലം നിലനിര്‍ത്തികൊണ്ട് കൊണ്ടോട്ടി പരിസരത്ത് മിനി സിവില്‍ സ്റ്റേഷന് സ്ഥലം കണ്ടെത്തുന്നതിന് എല്ലാ രാഷ്ട്രീയ പാര്‍ട്ടി പ്രതിനിധികളും ഐക്യകണ്ഠേന അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനായി കൊണ്ടോട്ടി നഗരസഭ ഓഫീസിനോട് ചേര്‍ന്നു കിടക്കുന്ന സ്ഥലം ഉപയോഗപെടുത്തുന്നതിനും ടി സ്ഥലം തണ്ണീര്‍ത്തടം ആയതിനാല്‍ സിവില്‍ സ്റ്റേഷന്‍ നിര്‍മാണത്തിനായി സര്‍ക്കാരില്‍ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.

മേല്‍ വിഷയം കൗണ്‍സില്‍ പരിഗണനയ്ക്ക്

ഫയല്‍ നമ്പര്‍ :
E2-632332-2024

തീരുമാന നമ്പര്‍ : 6/ തീയതി : 01.08.2024

തീരുമാനം :

അംഗീകരിച്ചു.

തീരുമാനവിവരണം :

1. സര്‍വകക്ഷി യോഗത്തിലെ അഭിപ്രായങ്ങള്‍ പരിഗണിച്ചുകൊണ്ട് മല്‍സ്യ മാര്‍ക്കറ്റ് പ്രവര്‍ത്തിക്കുന്ന സ്ഥലം മിനി സിവില്‍ സ്റ്റേഷന്‍ നിര്‍മാണത്തിന് വിട്ടുനല്‍കേണ്ടതില്ല എന്നു തീരുമാനിച്ചു.

2. മിനി സിവില്‍ സ്റ്റേഷന്‍ നിര്‍മാണത്തിന് കൊണ്ടോട്ടി നഗരസഭ ഓഫീസിനോട് ചേര്‍ന്ന് കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തുന്നതിനും ടി സ്ഥലം തണ്ണീര്‍ത്തടം ആയതിനാല്‍ സിവില്‍ സ്റ്റേഷന്‍ നിര്‍മാണത്തിന് സര്‍ക്കാരില്‍ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

3. സര്‍വകക്ഷി സംഘം ബഹു. എം എല്‍ എ യുടെ നേതൃത്വത്തില്‍ ബഹു. കേരള മുഖ്യമന്ത്രിയെ നേരില്‍ കണ്ട് നിവേദനം നല്കുന്നതിന് തീരുമാനിച്ചു.

ശരിപകര്‍പ്പ്
സെക്രട്ടറി

Secretary
Kondotty Municipality

KONDOTTY MUNICIPALITY
KONDOTTY - 673 638

(ഒപ്പ്)
ചെയര്‍മാന്‍/
ചെയര്‍പേഴ്സണ്‍

DCMPM/9860/2020-LA2

296306/2023

- 5 OCT 2023

DCMPM/9860/2020-LA2

കലക്ടറേറ്റ് ,മലപ്പുറം
തീയതി - 27/09/23

**<u>എൽ.ആർ. ഡെപ്യൂട്ടി കലക്ടർക്കുള്ള കുറിപ്പ്</u>**

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - സർക്കാർ ഭൂമി കണ്ടെത്തുന്നത് - സ്ഥല പരിശോധന നടത്തിയത് - സംബന്ധിച്ച് .

സൂചന : ഈ കാര്യാലയത്തിലെ 25/09/2023 തീയതിയിലെ DCMPM/9860/2020-LA2 നമ്പർ കത്ത്.

.....................................

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോ എന്ന, വിവരം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ബഹു.ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ളതാണ്.മേൽ സാഹചര്യത്തിൽ ടി വിഷയത്തിൽ അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർ നിർദ്ദേശിച്ചിരുന്നു.ആയത് പ്രകാരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് സ്ഥല പരിശോധന നടത്തുന്നതിനായി പെരിന്തൽമണ്ണ സബ് കലക്ടർ ചെയർപേഴ്സണായും ,കൊണ്ടോട്ടി തഹസിൽദാർ കൺവീനർ ആയും ജില്ലാ ടൗൺ പ്ലാനർ , എക്സി.എഞ്ചിനീയർ PWD Buildings , മുനിസിപ്പൽ സെക്രട്ടറി കൊണ്ടോട്ടി ,താലൂക്ക് സർവ്വെയർ കൊണ്ടോട്ടി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് കൊണ്ട് പെരിന്തൽമണ്ണ സബ് കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത കമ്മിറ്റി സംയുക്ത സ്ഥല പരിശോധന നടത്തിയത് പ്രകാരമുള്ള വിശദമായ റിപ്പോർട്ട് പെരിന്തൽമണ്ണ സബ് കലക്ടർ സമർപ്പിച്ചിട്ടുണ്ട്.സംയുക്ത സ്ഥല പരിശോധന റിപ്പോർട്ട് മേൽ നടപടികൾക്കായി 25/09/2023 തീയതിയിലെ DCMPM/9860/2020-LA2 നമ്പർ കത്ത് പ്രകാരം റവന്യൂ (ബി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ,ലാൻഡ് റവന്യൂ കമ്മീഷണർക്കും സമർപ്പിച്ചിട്ടുണ്ട്.പ്രസ്തുത കത്തിന്റെ പകർപ്പും ,സംയുക്ത സ്ഥല പരിശോധന റിപ്പോർട്ടും അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Signed by
Letha K
ഡെപ്യൂട്ടി കലക്ടർ (എൽ.എ)
Date: 03-10-2023 15:25:23

ഉള്ളടക്കം :

294368/2023

ഭരണഭാഷ-മാതൃഭാഷ

ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505
ഫോൺ 0483-2734922 ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

തീയതി 25-09-2023

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

1) പ്രിൻസിപ്പൽ സെക്രട്ടറി ,

റവന്യൂ (ബി) വകുപ്പ് , തിരുവനന്തപുരം.

2) കമ്മീഷണർ,

ലാൻഡ് റവന്യൂ ,തിരുവനന്തപുരം.

ബഹുമാനപ്പെട്ട സർ,

വിഷയം :- മലപ്പുറം ജില്ല - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം -സർക്കാർ ഭൂമി കണ്ടെത്തുന്നത് - സ്ഥല പരിശോധന നടത്തിയത് - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) റവന്യൂ (ബി ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 26/10/2021 തീയതിയിലെ B2/146/2020 നമ്പർ കത്ത്.

2) ഈ കാര്യാലയത്തിലെ 01/04/2022 തീയതിയിലെ DCMPM/9297/2018-B5 നമ്പർ കത്ത്.

3) റവന്യൂ (എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/04/2023 തീയതിയിലെ F2/152/2021 നമ്പർ കത്ത്.

4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 15/06/2023 തീയതിയിലെ LR/6128/2022-LRM1 നമ്പർ കത്ത്.

5) ഈ കാര്യാലയത്തിലെ 21/07/2023 തീയതിയിലെ DCMPM/9860/2020-LA2 നമ്പർ കത്ത്.

6) പെരിന്തൽമണ്ണ സബ് കലക്ടറുടെ 14/08/2023 തീയതിയിലെ RDOPTM/2325/2023-A1 നമ്പർ നടപടിക്രമം.

7) പെരിന്തൽമണ്ണ സബ് കലക്ടറുടെ 08/09/2023 തീയതിയിലെ RDOPTM/2325/2023-A1 നമ്പർ കത്ത്.

**********************

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി നെൽവയലല്ലാത്ത സർക്കാർ ഭൂമി ലഭ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സൂചന (1) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശിച്ചിരുന്നു.ആയതുമായി ബന്ധപ്പെട്ട് ഭൂമി കണ്ടെത്തുന്നതിന് സബ് കമ്മിറ്റി യോഗം ചേർന്ന് ലഭ്യമായ ഭൂമി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സൂചന (2) പ്രകാരം റവന്യൂ (എഫ്) വകുപ്പിലേക്ക്

സമർപ്പിച്ചിരുന്നു. സൂചന (3) പ്രകാരമുള്ള സർക്കാർ കത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവ് ഇനത്തിൽ വേണ്ടി വരുന്ന ഏകദേശ തുക വ്യക്തമാക്കി ഇത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.തുടർന്ന് പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോ എന്ന വിവരം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (4) പ്രകാരം ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 21/07/2023 തീയതിയിൽ ജില്ലാ കലക്ടർ നിർദ്ദേശം നൽകിയിരുന്നു.ആയത് പ്രകാരമുള്ള ഇടക്കാല റിപ്പോർട്ട് സൂചന (5) പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് സ്ഥല പരിശോധന നടത്തുന്നതിനായി പെരിന്തൽമണ്ണ സബ് കലക്ടർ ചെയർപേഴ്സണായും ,കൊണ്ടോട്ടി തഹസിൽദാർ കൺവീനറായും ,ജില്ലാ ടൗൺ പ്ലാനർ , എക്സി.എഞ്ചിനീയർ PWD കെട്ടിട വിഭാഗം, മുനിസിപ്പൽ സെക്രട്ടറി കൊണ്ടോട്ടി , താലൂക്ക് സർവ്വേയർ കൊണ്ടോട്ടി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സൂചന (6) പ്രകാരം പെരിന്തൽമണ്ണ സബ് കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.പ്രസ്തുത ടീം സംയുക്ത സ്ഥല പരിശോധന നടത്തിയത് പ്രകാരമുള്ള വിശദമായ റിപ്പോർട്ട് സൂചന (7) പ്രകാരം പെരിന്തൽമണ്ണ സബ് കലക്ടർ സമർപ്പിച്ചിട്ടുണ്ട്.

സൂചന (7) പ്രകാരമുള്ള സംയുക്ത സ്ഥല പരിശോധന റിപ്പോർട്ട് മേൽ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

Signed by
Letha K
Date: 25-09-2023 16:59:51
DEPUTY COLLECTOR(LA)
ജില്ലാ കളക്ടർക്ക് വേണ്ടി

ഉള്ളടക്കം :സൂചന (7) റിപ്പോർട്ട്

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ ഒപ്പ് ആവശ്യമില്ല . ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

288651/2023

ഭരണഭാഷ - മാതൃഭാഷ

സബ് കളക്ടറുടെ കാര്യാലയം, മിനി സിവിൽ സ്റ്റേഷന് സമീപം പെരിന്തൽമണ്ണ -679322
ഫോൺ 04933-227214, ഇ മെയിൽ- rdopmna.rev@kerala.gov.in

RDOPTM/2325/2023-A1

തിയ്യതി : 08-09-2023

പ്രേഷകൻ

സബ് കളക്ടർ
പെരിന്തൽമണ്ണ

സ്വീകർത്താവ്,

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി താലൂക്ക് - മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിനായിസർക്കാർ ഭൂമി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- 1-അങ്ങയുടെ 20/7/23 ലെ DCMPM/9297/2018-B5 നമ്പർ കത്ത്

2-അങ്ങയുടെ 21/7/23 ലെ DCMPM/9860/2020-LA2- നമ്പർ കത്ത്

3-കൊണ്ടോട്ടി തഹസിൽദാരുടെ 4/8/23തിയ്യതിയിലെ C1-7098/2020 നമ്പർ കത്ത്

4-ഈ കാര്യാലയത്തിലെ 14/8/23 ലെ ഇതേ നമ്പർ നടപടിക്രമം

5-കൊണ്ടോട്ടി തഹസിൽദാരുടെ 26/8/23തിയ്യതിയിലെ TLKKDY/3502/2023-C1 നമ്പർ റിപ്പോർട്ട്

സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു . കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീം രൂപീകരിച്ച് അനുയോജ്യമായ സർക്കാർ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ സൂചന(1) പ്രകാരവും, ആയതുപോലെ മേലാവശ്യത്തിനായി പെരിന്തൽമണ്ണ സബ് കളക്ടറുടെ നേതൃത്വത്തിൽ 1)എക്സി.എഞ്ചിനിയർ PWD ബിൽഡിംഗ്സ് മലപ്പുറം2)ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം 3)തഹസിൽദാർ, കൊണ്ടോട്ടി 4-മുനിസിപ്പൽ സെക്രട്ടറി, കൊണ്ടോട്ടി നഗര സഭ 5)താലൂക്ക് സർവെയർ, കൊണ്ടോട്ടി എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിക്കുവാനും, പ്രസ്തുത ടീം സ്ഥലപരിശോധന നടത്തി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തി സ്ഥല പരിശോധന റിപ്പോർട്ട് ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കുവാനും സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്.

സൂചന(1), (2) കത്തുകളുടെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ ഭൂമികൾ ലഭ്യമാണെങ്കിൽ വിവരം സമർപ്പിക്കാൻ കൊണ്ടോട്ടി തഹസിൽദാർക്ക് ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നതും ലഭ്യമായ സർക്കാർ ഭൂമികളുടെ വിവരങ്ങൾ സൂചന (3)പ്രകാരം കൊണ്ടോട്ടി

തഹസിൽദാർ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നതും ആണ് .ആയതുപോലെ തന്നെ ജില്ലാ കലക്ടറുടെ സൂചന രണ്ട് കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സംയുക്ത സ്ഥലപരിശോധന സമിതി സൂചന(4) പ്രകാരം രൂപീകരിച്ച് ഉത്തരവാക്കിയിട്ടുള്ളതും , ആയതുപ്രകാരം സമിതി അംഗങ്ങൾ 17/8/23 ന് രാവിലെ 11 മണിക്ക് സ്ഥലപരിശോധന നടത്തിയ ശേഷം സബ്കലക്ടറുടെ നേതൃത്വത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട് അവലോകന യോഗം ചേർന്നിട്ടുള്ളതുമാണ്. യോഗത്തിന്റെ മിനുട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സ്ഥലപരിശോധന അംഗങ്ങൾ സമർപ്പിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സൂചന (5) പ്രകാരം കൊണ്ടോട്ടി തഹസിൽദാർ സ്ഥലപരിശോധനയുടെ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരംകൊണ്ടോട്ടി താലൂക്ക് മിനിസിവിൽ സ്റ്റേഷൻ ഭൂമി കണ്ടെത്തുന്നതിനായി, കൊണ്ടോട്ടി, നെടിയിരുപ്പ് വില്ലേജിലെ നാല് സ്ഥലങ്ങൾ സംയുക്തമായി സ്ഥല പരിശോധന നടത്തിയിട്ടുള്ളതും ടി ഭൂമികൾ സംബന്ധിച്ചുള്ള സൂചന (5) റിപ്പോർട്ടിലെ പ്രധാന വിവരങ്ങളും താഴെ കൊടുക്കുന്നു.

**1- മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , കൊണ്ടോട്ടി, വില്ലേജിലെ ബ്ലോക്ക് 12, റീ. സ 376/1ൽ പെട്ട 0.202 ഹെക്ടർ ഭൂമി**

കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12, റീ. സ 376/1 ൽ പെട്ട മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതും വെള്ളക്കെട്ട് നിറഞ്ഞതും നെൽകൃഷിക്ക് അനുയോജ്യമായ വയലായതിനാലും ഈ ഭൂമി പരിഗണിക്കേണ്ടെന്ന് സംയുക്തമായി തീരുമാനിച്ചിട്ടുള്ളതാണ്.

**2-മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , കൊണ്ടോട്ടി, വില്ലേജിലെ ബ്ലോക്ക് 12, റീ. സ 414/13 ൽ പെട്ട0.3000 H നിലവിൽ മത്സ്യ മാർക്കറ്റായി പ്രവർത്തിക്കുന്ന സ്ഥലം**

കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽ നിന്ന് മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന PWD റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ടൗണിൽ നിന്നും ഉദ്ദേശം 300 മീ. അകലെയായി സ്ഥിതി ചെയ്യുന്നു. അതിൽ കെട്ടിടങ്ങളോ നിർമ്മാണങ്ങളോ ഇല്ല. മേൽ ഭൂമിയിൽ മൂന്ന് നിലയുള്ള ഒരു താലൂക്ക് ഓഫീസ് നിർമ്മിക്കുന്നതിനുള്ള സൗകര്യം മാത്രമേ ഉള്ളൂ റവന്യൂ ടവർ നിർമ്മാണത്തിന് ആവശ്യമായ അത്ര സ്ഥല സൗകര്യം ഇല്ല . ഈ സ്ഥലം ബസ് സ്റ്റാൻഡിനും ടൗണിനും അടുത്താണ്. ആയതിനാൽ പൊതുജനങ്ങൾക്ക ജീവനക്കാർക്കുംഎത്തിച്ചേരാൻ സൗകര്യമുണ്ട്. നിലവിൽ ഈ സ്ഥലം മുനിസിപ്പാലിറ്റിയിൽ നിന്നും വിട്ട് കിട്ടുകയാണെങ്കിൽ കോഴിക്കോട് വിമാനത്താവള അതോറിറ്റിയുടെ അനുമതിക്ക് വിധേയമായി മൂന്ന് നില ബിൽഡിംഗ് നിർമ്മിച്ച് താഴത്തെ നില മുഴുവനായി പാർക്കിംഗ് ഏരിയ ആയും മുകളിൽ രണ്ട് നില താലൂക്ക് ഓഫീസായും പ്രവർത്തിക്കാവുന്നതാണെന്ന് കെട്ടിടവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല ടൗൺ പ്ലാനർ ഈ സ്ഥലം ശുപാർശ ചെയ്തിട്ടില്ല. നിലവിൽ ടി ഭൂമിയോട് ചേർന്ന് സ്വകാര്യ ഭൂമി ഉണ്ട്. നിർദിഷ്ട സ്ഥലം മുനിസിപ്പാലിറ്റി ഫിഷ് മാർക്കറ്റിനായി ലേലത്തിൽ കൊടുത്തിരിക്കുന്ന സ്ഥലമാണ് . ഈ സ്ഥലത്ത് താലൂക്ക് ഓഫീസ് നിർമ്മിക്കണമെങ്കിൽ ഫിഷ് മാർക്കറ്റിനായി മുനിസിപ്പാലിറ്റി മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതും ടി ഭൂമി ഭരണ സമിതിയിൽ തീരുമാനമെടുത്ത് താലൂക്ക് ഓഫീസ് നിർമ്മാണത്തിനായി വിട്ടു തരികയും ചെയ്യേണ്ടതുണ്ട്. ഈ കാര്യത്തിൽ മേൽ ഫിഷ് മാർക്കറ്റിലെ തൊഴിലാളികളിൽ നിന്ന് പ്രതിഷേധം ഉണ്ടാകാനുള്ള സാധ്യത കാണുന്നുണ്ട്.

98651/2023

3-നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം ,കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , നെടിയിരുപ്പ് വില്ലേജ്, ബ്ലോക്ക് 35. റി.സ 29/7,8 ൽ പ്പെട്ട സ്ഥലവും, രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരിപ്പ് വില്ലേജിലെ ബ്ലോക്ക് 35, റി.സ 29/3 ൽ പെട്ട സ്ഥലം

നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , നെടിയിരുപ്പ് വില്ലേജ്, ബ്ലോക്ക് 35. റി.സ 29.7,8 ൽ പ്പെട്ട 27.92 സെന്റ് സ്ഥലത്ത് 3 ഇരു നില കെട്ടിടങ്ങളുണ്ട്. ഈ സ്ഥലം കോഴിക്കോട്- പാലക്കാട് നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും, മുൻസിപ്പൽ ഹാൾ ഉള്ള കെട്ടിടത്തിന്റെ താഴത്തെ നില സ്വകാര്യ സ്ഥാപനങ്ങൾ ഉള്ളതും, ജനങ്ങൾക്കും ജീവനക്കാർക്കും എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലവുമാണ്. സ്ഥലവും കെട്ടിടങ്ങളും മുനിസിപ്പാലിറ്റി വിട്ട നൽകുകയാണെങ്കിൽ ഈ മൂന്ന് കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ഗ്രൗണ്ട് ലെവൽ ചെയ്ത് താഴെ നില പാർക്കിംഗിനായി ഉപയോഗിച്ച് രണ്ട് നിലകളായി താലൂക്ക് ഓഫീസ്, അല്ലെങ്കിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് അനുയോജ്യമാണ്. നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം, റോഡ് കണക്ടിവിറ്റി കൊണ്ടും ബസ് ഗതാഗതസൗകര്യ ലഭ്യത കൊണ്ടും സ്ഥലം ഏറ്റെടുക്കൽ ഒഴിവാക്കാവുന്നതു കൊണ്ടും ഉചിതമാണ് എന്ന് ജില്ലാ ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട് താലൂക്ക് ഓഫീസ് അല്ലെങ്കിൽ റവന്യൂ ടവർ എന്നിവയ്ക്ക് മാത്രമായി ഈ സ്ഥലം പരിഗണിക്കാവുന്നതാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ..

താഴത്തെ നില മുഴുവനായും പാർക്കിങ്ങിന് ഉപയോഗിക്കേണ്ടി വരും നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന ഏകദേശം 20 വർഷം പഴക്കമുള്ള ഇരുനില കെട്ടിടം, കൃഷിഭവൻ പ്രവർത്തിക്കുന്ന കെട്ടിടം മുൻസിപ്പാലിറ്റിയുടെ കോൺഫറൻസ് ഹാൾ, സ്വകാര്യ കച്ചവടം സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന ഇരുനില കെട്ടിടം എന്നിവ പൊളിച്ചുമാറ്റി സ്ഥലം നിരപ്പാക്കി ഒറ്റ കോംപ്ലക്സ് ആക്കി മാറ്റേണ്ടതുണ്ട് . ആയതിനു ഭീമമായ തുക ആവശ്യമായി വരും കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്ന നാൾ വരെ ഈ മൂന്ന് ഓഫീസുകൾക്കും പ്രവർത്തിക്കുന്നതിനു താത്കാലിക സൗകര്യം കണ്ടെത്തേണ്ടതും ആവശ്യമായി വരും. കൂടാതെ മുനിസിപ്പാലിറ്റി ഭരണ സമിതിയിൽ തീരുമാനമെടുത്ത ടി സ്ഥലം ടി പ്രവൃത്തിക്കായി വിട്ടു നൽകേണ്ടത് അത്യാവശ്യമാണ്. ആകയാൽ ഫിഷ് മാർക്കറ്റ് നിൽക്കുന്ന സ്ഥലം ലഭ്യമായില്ലെങ്കിൽ മാത്രം ടി ഏരിയ പരിഗണിക്കുന്നതാകും ഉചിതം എന്ന് അറിയിക്കുന്നു.

4. മേൽ കാണിച്ച 27 സെന്റ് ഭൂമിയും തൊട്ട് പടിഞ്ഞാറ് ഭാഗത്തുള്ള റോഡ്, സ്വകാര്യസ്ഥലം ഇവക്ക് കിഴക്കുള്ള റി.സ 29/3 ൽ പെട്ട രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ സ്ഥലവും കൂടി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത്

മുനിസിപ്പാലിറ്റി റോഡും, മേൽ പ്രസ്താവിച്ച 27 സെൻറ് ഭൂമിയും കെട്ടിടങ്ങളും മുനിസിപ്പാലിറ്റിയും, രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥലം ടി വകുപ്പും വിട്ടുതരേണ്ടതും ആയതുപോലെ 10 സെൻറ് സ്വകാര്യഭൂമിയും അതിലുള്ള കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതും ഉണ്ട് .ഈ പ്രദേശത്ത് ഏകദേശം 15 മുതൽ 20 ലക്ഷം വരെയാണ് ഭൂമിയുടെ മാർക്കറ്റ് വില.ദേശീയപാതയോട് ചേർന്ന് കിടക്കുന്ന സ്ഥലമായതിനാലും ഭാവിയിൽ റോഡ് വികസനം നടക്കാൻ സാധ്യത ഉള്ളതിനാലും

നിലവിലെ സാഹചര്യത്തിൽ തന്നെ ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നത് വർധിക്കാൻ സാധ്യത ഉണ്ട് എന്നും. ഈ സ്ഥലം ഏറ്റെടുക്കുകയാണെങ്കിൽ നിലവിൽ മേപ്പടി27 സെന്റ് ഭൂമിയുടെയും, രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് ഭൂമിയുടെയും, മധ്യത്തിലൂടെയുള്ള മുനിസിപ്പാലിറ്റിറോഡും, സ്വകാര്യ ഭൂമിയും ഏറ്റെടുത്ത് റോഡ്സൈഡിലേക്ക് മാറ്റിയോ അല്ലെങ്കിൽ റോഡിന് കുറുകെ ആകാശപാത പണിതോ തമ്മിൽ ബന്ധിപ്പിക്കാവുന്നതാണെന്ന് പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനർ ഈ സ്ഥലം ശുപാർശ ചെയ്തിട്ടില്ലാത്തതുമാണ്.

ടി സ്ഥലത്ത് നിലവിൽ സ്വകാര്യ കടകളും സ്ഥലങ്ങളും ഉള്ളതിനാലും , ടി സ്ഥലത്തിന്റെ മധ്യത്തിലൂടെ പബ്ലിക് റോഡ് ഉള്ളതിനാലും ഈ രണ്ടു സ്ഥലങ്ങളും യോജിപ്പിച്ചു കൊണ്ട് റവന്യൂ ടവർ നിർമിക്കണമെങ്കിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. കൂടാതെ ടി സ്ഥലം പൊതുവെ ഗതാഗത തിരക്ക് ഉള്ളതും ഇടുങ്ങിയതുമാണ് . പാർക്കിങ് സൗകര്യം വളരെ പരിമിതമാണ്. ആകയാൽ രണ്ടും മൂന്നും ഓപ്ഷൻസ് നടന്നില്ലെങ്കിൽ മാത്രം ഇത് പരിഗണിച്ചാൽ മതിയെന്ന് അറിയിക്കുന്നു .

മുനിസിപ്പൽ സെക്രട്ടറി സ്ഥലപരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ലാത്തതും, കൗൺസിൽ തീരുമാനം ലഭ്യമാകുന്ന മുറക്ക് റിപ്പോർട്ട് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുള്ളതായും സൂചന(2) പ്രകാരം കൊണ്ടോട്ടിതഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

മേൽ സ്ഥലങ്ങളാണ് സംയുക്ത പരിശോധന നടത്തി പരിഗണിച്ചിട്ടുള്ളത്. മേൽ പ്രപ്പോസലുകളിൽ പ്രധാനമായും മുനിസിപ്പാലിറ്റിയിൽ നിന്ന് ഭൂമി വിട്ടുകിട്ടേണ്ടതായിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ടി വകുപ്പും വിട്ട് നൽകേണ്ടതായിട്ടുണ്ട്. ക്രമനമ്പർ 4 എന്നി പരിഗണിക്കുകയാണെങ്കിൽ ടി ഭൂമികൾ സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ടി വരുന്നതായും കാണുന്നു. മേൽ പ്രപ്പോസലുകളിൽ നിന്ന് സർക്കാറിന് അധികം സാമ്പത്തിക ബാധ്യത വരാത്ത രൂപത്തിലുള്ളതും പൊതുജനങ്ങൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായിട്ടുള്ളതുമായ ഭൂമി താലൂക്ക് നിർമ്മാണത്തിനായി പരിഗണിക്കാവുന്നതാണ്. കൂടാതെ 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം മേൽ ആവശ്യത്തിന് അനുയോജ്യമായഭൂമി വിട്ട് നൽകാൻ സന്നദ്ധരായ വ്യക്തികളുണ്ടെങ്കിൽ അവരിൽ നിന്നും ഭൂമി ഏറ്റെടുത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. മേൽ വിവരങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സ്കെച്ചുകളുടെയും, റിപ്പോർട്ടുകളുടെയും പകർപ്പുകൾ സഹിതം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

Signed by
Sreedhanya Suresh I A S
Date: 08-09-2023 15:02:31

ഭരണഭാഷ – മാതൃഭാഷ

**സബ് കളക്ടറുടെ കാര്യാലയം, മിനി സിവിൽ സ്റ്റേഷന് സമീപം പെരിന്തൽമണ്ണ -679322**

ഫോൺ 04933-227214, ഇ മെയിൽ- rdopmna.rev@kerala.gov.in

**RDOPTM/2325/2023-A1** **തിയ്യതി : 08-09-2023**

പ്രേഷകൻ

സബ് കളക്ടർ
പെരിന്തൽമണ്ണ

സ്വീകർത്താവ്,

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി താലൂക്ക് - മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിനായിസർക്കാർ ഭൂമി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- 1-അങ്ങയുടെ 20/7/23 ലെ DCMPM/9297/2018-B5 നമ്പർ കത്ത്

2-അങ്ങയുടെ 21/7/23 ലെ DCMPM/9860/2020-LA2- നമ്പർ കത്ത്

3-കൊണ്ടോട്ടി തഹസിൽദാരുടെ 4/8/23തിയ്യതിയിലെ C1-7098/2020 നമ്പർ കത്ത്

4-ഈ കാര്യാലയത്തിലെ 14/8/23 ലെ ഇതേ നമ്പർ നടപടിക്രമം

5-കൊണ്ടോട്ടി തഹസിൽദാരുടെ 26/8/23തിയ്യതിയിലെ TLKKDY/3502/2023-C1 നമ്പർ റിപ്പോർട്ട്

സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു . കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീം രൂപീകരിച്ച് അനുയോജ്യമായ സർക്കാർ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് റിപ്പോർട്ട് അങ്ങേക്ക് സമർപ്പിക്കാൻ സൂചന(1) പ്രകാരവും, ആയതുപോലെ മേലാവശ്യത്തിനായി പെരിന്തൽമണ്ണ സബ് കളക്ടറുടെ നേതൃത്വത്തിൽ 1)എക്സി.എഞ്ചിനിയർ PWD ബിൽഡിംഗ്സ് മലപ്പുറം2)ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം 3)തഹസിൽദാർ, കൊണ്ടോട്ടി 4-മുനിസിപ്പൽ സെക്രട്ടറി, കൊണ്ടോട്ടി നഗര സഭ 5)താലൂക്ക് സർവെയർ, കൊണ്ടോട്ടി എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരി്ക്കുവാനും, പ്രസ്തുത ടീം സ്ഥലപരിശോധന നടത്തി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തി സ്ഥല പരിശോധന റിപ്പോർട്ട് ജില്ലാ കളക്ടർ മുമ്പാകെ സമർപ്പി്ക്കുവാനും സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്.

സൂചന(1), (2) കത്തുകളുടെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ ഭൂമികൾ ലഭ്യമാണെങ്കിൽ വിവരം സമർപ്പിക്കാൻ കൊണ്ടോട്ടി തഹസിൽദാർക്ക് ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നതും ലഭ്യമായ സർക്കാർ ഭൂമികളുടെ വിവരങ്ങൾ സൂചന (3)പ്രകാരം കൊണ്ടോട്ടി

തഹസിൽദാർ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നതും ആണ് .ആയതുപോലെ തന്നെ ജില്ലാ കലക്ടറുടെ സൂചന രണ്ട് കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സംയുക്ത സ്ഥലപരിശോധന സമിതി സൂചന(4) പ്രകാരം രൂപീകരിച്ച് ഉത്തരവാക്കിയിട്ടുള്ളതും , ആയതുപ്രകാരം സമിതി അംഗങ്ങൾ 17/8/23 ന് രാവിലെ 11 മണിക്ക് സ്ഥലപരിശോധന നടത്തിയ ശേഷം സബ്കളക്ടറുടെ നേതൃത്വത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട് അവലോകന യോഗം ചേർന്നിട്ടുള്ളതുമാണ്. യോഗത്തിന്റെ മിനുട്ട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സ്ഥലപരിശോധന അംഗങ്ങൾ സമർപ്പിച്ച റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സൂചന (5) പ്രകാരം കൊണ്ടോട്ടി തഹസിൽദാർ സ്ഥലപരിശോധനയുടെ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരംകൊണ്ടോട്ടി താലൂക്ക് മിനിസിവിൽ സ്റ്റേഷൻ ഭൂമി കണ്ടെത്തുന്നതിനായി, കൊണ്ടോട്ടി, നെടിയിരുപ്പ് വില്ലേജിലെ നാല് സ്ഥലങ്ങൾ സംയുക്തമായി സ്ഥല പരിശോധന നടത്തിയിട്ടുള്ളതും ടി ഭൂമികൾ സംബന്ധിച്ചുള്ള സൂചന (5) റിപ്പോർട്ടിലെ പ്രധാന വിവരങ്ങളും താഴെ കൊടുക്കുന്നു.

**1- മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , കൊണ്ടോട്ടി, വില്ലേജിലെ ബ്ലോക്ക് 12, റി. സ 376/1ൽ പെട്ട 0.202 ഹെക്ടർ ഭൂമി**

കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12, റി. സ 376/1 ൽ പെട്ട മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതും ,വെള്ളക്കെട്ട് നിറഞ്ഞതും നെൽകൃഷിക്ക് അനുയോജ്യമായ വയലായതിനാലും ഈ ഭൂമി പരിഗണിക്കേണ്ടെന്ന് സംയുക്തമായി തീരുമാനിച്ചിട്ടുള്ളതാണ്.

**2-മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , കൊണ്ടോട്ടി, വില്ലേജിലെ ബ്ലോക്ക് 12, റി. സ 414/1,3 ൽ പെട്ട0.3000 H നിലവിൽ മത്സ്യ മാർക്കറ്റായി പ്രവർത്തിക്കുന്ന സ്ഥലം**

കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽ നിന്ന് മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന PWD റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ടൗണിൽ നിന്നും ഉദ്ദേശം 300 മീ. അകലെയായി സ്ഥിതി ചെയ്യുന്നു. അതിൽ കെട്ടിടങ്ങളോ നിർമ്മാണങ്ങളോ ഇല്ല. മേൽ ഭൂമിയിൽ മൂന്നു നിലയുള്ള ഒരു താലൂക്ക് ഓഫീസ് നിർമ്മിക്കുന്നതിനുള്ള സൗകര്യം മാത്രമേ ഉള്ളൂ ,റവന്യൂ ടവർ നിർമ്മാണത്തിന് ആവശ്യമായ അത്ര സ്ഥല സൗകര്യം ഇല്ല . ഈ സ്ഥലം ബസ് സ്റ്റാൻഡിനും ടൗണിനും അടുത്താണ്. ആയതിനാൽ പൊതുജനങ്ങൾക്കു ജീവനക്കാർക്കുംഎത്തിപ്പെടാൻ സൗകര്യമുണ്ട്. നിലവിൽ ഈ സ്ഥലം മുനിസിപ്പാലിറ്റിയിൽ നിന്നും വിട്ടു കിട്ടുകയാണെങ്കിൽ കോഴിക്കോട് വിമാനത്താവള അതോറിറ്റിയുടെ അനുമതിക്ക് വിധേയമായി മൂന്ന് നില ബിൽഡിംഗ് നിർമ്മിച്ച് താഴത്തെ നില മുഴുവനായി പാർക്കിംഗ് ഏരിയ ആയും മുകളിൽ രണ്ട് നില താലൂക്ക് ഓഫീസായും പ്രവർത്തിക്കാവുന്നതാണെന്ന് കെട്ടിടവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല ടൗൺ പ്ലാനർ ഈ സ്ഥലം ശുപാർശ ചെയ്തിട്ടില്ല. നിലവിൽ ടി ഭൂമിയോടു ചേർന്ന് സ്വകാര്യ ഭൂമി ഉണ്ട്. നിർദിഷ്ട സ്ഥലം മുനിസിപ്പാലിറ്റി ഫിഷ് മാർക്കെറ്റിനായി ലേലത്തിൽ കൊടുത്തിരിക്കുന്ന സ്ഥലമാണ് . ഈ സ്ഥലത്തു താലൂക് ഓഫീസ് നിർമ്മിക്കണമെങ്കിൽ ഫിഷ് മാർക്കറ്റിനായി മുനിസിപ്പാലിറ്റി മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതും ടി ഭൂമി ഭരണ സമിതിയിൽ തീരുമാനമെടുത്തു താലൂക് ഓഫീസ് നിർമ്മാണത്തിനായി വിട്ടു തരികയും ചെയ്യേണ്ടതുണ്ട്. ഈ കാര്യത്തിൽ മേൽ ഫിഷ് മാർക്കറ്റിലെ തൊഴിലാളികളിൽ നിന്ന് പ്രധിഷേധം ഉണ്ടാകാനുള്ള സാധ്യത കാണുന്നുണ്ട്.

**3-നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം ,കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , നെടിയിരുപ്പ് വില്ലേജ്, ബ്ലോക്ക് 35. റി.സ 29/7,8 ൽ പ്പെട്ട സ്ഥലവും, രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരിപ്പ് വില്ലേജിലെ ബ്ലോക്ക് 35, റി.സ 29/3 ൽ പെട്ട സ്ഥലം**

നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള , നെടിയിരുപ്പ് വില്ലേജ്, ബ്ലോക്ക് 35. റി.സ് 29/7,8 ൽ പ്പെട്ട 27.92 സെന്റ് സ്ഥലത്ത് 3 ഇരു നില കെട്ടിടങ്ങളുണ്ട്. ഈ സ്ഥലം കോഴിക്കോട്- പാലക്കാട് നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും, മുൻസിപ്പൽ ഹാൾ ഉള്ള കെട്ടിടത്തിന്റെ താഴത്തെ നില സ്വകാര്യ സ്ഥാപനങ്ങൾ ഉള്ളതും, ജനങ്ങൾക്കും ജീവനക്കാർക്കും എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലവുമാണ്. സ്ഥലവും കെട്ടിടങ്ങളും മുനിസിപ്പാലിറ്റി വിട്ട് നൽകുകയാണെങ്കിൽ ഈ മൂന്ന് കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ഗ്രൗണ്ട് ലെവൽ ചെയ്തു താഴെ നില പാർക്കിംഗിനായി ഉപയോഗിച്ച് രണ്ട് നിലകളായി താലൂക്ക് ഓഫീസ്, അല്ലെങ്കിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് അനുയോജ്യമാണ്. നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം, റോഡ് കണക്ടിവിറ്റി കൊണ്ടും ബസ് ഗതാഗതസൗകര്യ ലഭ്യത കൊണ്ടും സ്ഥലം ഏറ്റെടുക്കൽ ഒഴിവാക്കാവുന്നതു കൊണ്ടും ഉചിതമാണ് എന്ന് ജില്ലാ ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട് താലൂക്ക് ഓഫീസ് അല്ലെങ്കിൽ റവന്യൂ ടവർ എന്നിവയ്ക്ക് മാത്രമായി ഈ സ്ഥലം പരിഗണിക്കാവുന്നതാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ..

താഴത്തെ നില മുഴുവനായും പാർക്കിങ്ങിന് ഉപയോഗിക്കേണ്ടി വരും നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന ഏകദേശം 20 വർഷം പഴക്കമുള്ള ഇരുനില കെട്ടിടം, കൃഷിഭവൻ പ്രവർത്തിക്കുന്ന കെട്ടിടം മുൻസിപ്പാലിറ്റിയുടെ കോൺഫറൻസ് ഹാൾ, സ്വകാര്യ കച്ചവടം സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന ഇരുനില കെട്ടിടം എന്നിവ പൊളിച്ചുമാറ്റി സ്ഥലം നിരപ്പാക്കി ഒറ്റ കോംപ്ലക്സ് ആക്കി മാറ്റേണ്ടതുണ്ട് . ആയതിനു ഭീമമായ തുക ആവശ്യമായി വരും കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്ന നാൾ വരെ ഈ മൂന്ന് ഓഫീസുകൾക്കും പ്രവൃത്തിക്കുന്ന്നതിനു താത്കാലിക സൗകര്യം കണ്ടെത്തേണ്ടതും ആവശ്യമായി വരും. കൂടാതെ മുനിസിപ്പാലിറ്റി ഭരണ സമിതിയിൽ തീരുമാനമെടുത്തു ടി സ്ഥലം ടി പ്രവൃത്തിക്കായി വിട്ടു നൽകേണ്ടത് അത്യാവശ്യമാണ്. ആകയാൽ ഫിഷ് മാർക്കറ്റ് നിൽക്കുന്ന സ്ഥലം ലഭ്യമായില്ലെങ്കിൽ മാത്രം ടി ഏരിയ പരിഗണിക്കുന്നതാകും ഉചിതം എന്ന് അറിയിക്കുന്നു.

**4. മേൽ കാണിച്ച 27 സെന്റ് ഭൂമിയും തൊട്ട് പടിഞ്ഞാറ് ഭാഗത്തുള്ള റോഡ്, സ്വകാര്യസ്ഥലം അത് കഴിഞ്ഞുള്ള റി.സ 29/3 ൽ പെട്ട രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ സ്ഥലവും കൂടി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത്**

മുനിസിപ്പാലിറ്റി റോഡും, മേൽ പ്രസ്താവിച്ച 27 സെൻറ് ഭൂമിയും കെട്ടിടങ്ങളും മുനിസിപ്പാലിറ്റിയും, രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥലം ടി വകുപ്പും വിട്ടുതരേണ്ടതും ആയതുപോലെ 10 സെൻറ് സ്വകാര്യഭൂമിയും അതിലുള്ള കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതും ഉണ്ട് .ഈ പ്രദേശത്ത് ഏകദേശം 15 മുതൽ 20 ലക്ഷം വരെയാണ് ഭൂമിയുടെ മാർക്കറ്റ് വില.ദേശീയപാതയോട് ചേർന്ന് കിടക്കുന്ന സ്ഥലമായതിനാലും ഭാവിയിൽ റോഡ് വികസനം നടക്കാൻ സാധ്യത ഉള്ളതിനാലും

നിലവിലെ സാഹചര്യത്തിൽ തന്നെ ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നത് വർധിക്കാൻ സാധ്യത ഉണ്ട് എന്നും, ഈ സ്ഥലം ഏറ്റെടുക്കുകയാണെങ്കിൽ നിലവിൽ മേപ്പടി27 സെന്റ് ഭൂമിയുടെയും, രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് ഭൂമിയുടെയും, മധ്യത്തിലൂടെയുള്ള മുനിസിപ്പാലിറ്റിറോഡും, സ്വകാര്യ ഭൂമിയും ഏറ്റെടുത്ത് റോഡ്സൈഡിലേക്ക് മാറ്റിയോ ,അല്ലെങ്കിൽ റോഡിന് കുറുകെ ആകാശപാത പണിതോ തമ്മിൽ ബന്ധിപ്പിക്കാവുന്നതാണെന്ന് പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനർ ഈ സ്ഥലം ശുപാർശ ചെയ്തിട്ടില്ലാത്തതുമാണ്.

ടി സ്ഥലത്തു നിലവിൽ സ്വകാര്യ കടകളും സ്ഥലങ്ങളും ഉള്ളതിനാലും , ടി സ്ഥലത്തിന്റെ മധ്യത്തിലൂടെ പബ്ലിക് റോഡ് ഉള്ളതിനാലും ഈ രണ്ടു സ്ഥലങ്ങളും യോജിപ്പിച്ചു കൊണ്ട് റവന്യു ടവർ നിർമിക്കണമെങ്കിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. കൂടാതെ ടി സ്ഥലം പൊതുവെ ഗതാഗത തിരക്ക് ഉള്ളതും ഇടുങ്ങിയതുമാണ് . പാർക്കിങ് സൗകര്യം വളരെ പരിമിതമാണ്. ആകയാൽ രണ്ടും മൂന്നും ഓപ്ഷൻസ് നടന്നില്ലെങ്കിൽ മാത്രം ഇത് പരിഗണിച്ചാൽ മതിയെന്ന് അറിയിക്കുന്നു .

മുനിസിപ്പൽ സെക്രട്ടറി സ്ഥലപരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ലാത്തതും, കൗൺസിൽ തീരുമാനം ലഭ്യമാക്കുന്ന മുറക്ക് റിപ്പോർട്ട് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുള്ളതായും സൂചന(2) പ്രകാരം കൊണ്ടോട്ടിതഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

മേൽ സ്ഥലങ്ങളാണ് സംയുക്ത പരിശോധന നടത്തി പരിഗണിച്ചിട്ടുള്ളത്. മേൽ പ്രപ്പോസലുകളിൽ പ്രധാനമായും മുനിസിപ്പാലിറ്റിയിൽ നിന്ന് ഭൂമി വിട്ടുകിട്ടേണ്ടതായിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ടി വകുപ്പും വിട്ട് നൽകേണ്ടതായിട്ടുണ്ട്. ക്രമനമ്പർ 4 എന്നീ പരിഗണിക്കുകയാണെങ്കിൽ ടി ഭൂമികൾ സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ടി വരുന്നതായും കാണുന്നു. മേൽ പ്രപ്പോസലുകളിൽ നിന്ന് സർക്കാറിന് അധികം സാമ്പത്തിക ബാധ്യത വരാത്ത രൂപത്തിലുള്ളതും പൊതുജനങ്ങൾക്കും ജീവനക്കാർക്കും സൗകര്യപ്രദമായിട്ടുള്ളതുമായ ഭൂമി താലൂക് നിർമ്മാണത്തിനായി പരിഗണിക്കാവുന്നതാണ്. കൂടാതെ 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം മേൽ ആവശ്യത്തിന് അനുയോജ്യ മായഭൂമി വിട്ട് നൽകാൻ സന്നദ്ധരായ വ്യക്തികളുണ്ടെങ്കിൽ അവരിൽ നിന്നും ഭൂമി ഏറ്റെടുത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. മേൽ വിവരങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സ്കെച്ചുകളുടെയും, റിപ്പോർട്ടുകളുടെയും പകർപ്പുകൾ സഹിതം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

സബ് കളക്ടർ

I/288651/2023

ഉള്ളടക്കം

1- മിനുട്ട്സ്,

2-സൂചന(4) നടപടിക്രമം, സൂചന(5) കത്ത്

3-സ്കെച്ചുകൾ

I/283340/2023

**തീയതി: 17/08/2023**

ബഹു.പെരിന്തൽമണ്ണ സബ്കളക്ടറുടെ 14/08/2023ലെ RDOPTM/2325/2023-A1 നമ്പർ ഉത്തരവ് പ്രകാരം 17/08/2023 ന് വ്യാഴ്ച്ച രാവിലെ 11.00 മണിക്ക് കൊണ്ടോട്ടി താലൂക്ക് മിനി സിവിൽസ്റ്റേഷൻ ഭൂമി കണ്ടെത്തുന്നതിന് വേണ്ടി സംയുക്ത സ്ഥലപരിശോധനയും തുടർ ന്ന് അവലോകന യോഗവും സംബന്ധിച്ച നടപടിക്കുറിപ്പ്.

**യോഗനടപടിക്കുറിപ്പ്**

പങ്കെടുത്തവർ

| | | |
|---|---|---|
| 1 | കുമാരി. ശ്രീധന്യ IAS | ബഹു:സബ്കളക്ടർ, പെരിന്തൽമണ്ണ |
| 2 | അബൂബക്കർ പുലിക്കുത്ത് | തഹസിൽദാർ, താലൂക്ക് ഓഫീസ് കൊണ്ടോട്ടി |
| 3 | ശ്രീ.ഗോപൻ മുള്ളത്ത് | അസി.എക്സി.എഞ്ചിനീയർ (PWD Buildings ) പരപ്പനങ്ങാടി |
| 4 | ഡോ. പ്രദീപ് ആർ | ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം |
| 5 | അനൂപ് കെ | ക്ലർക്ക് , കൊണ്ടോട്ടി മുനിസിപ്പാലിറ്റി<br>കൊണ്ടോട്ടി മുനിസിപ്പൽ സെക്രട്ടറിക്കു വേണ്ടി |
| 6 | കെ അജയൻ | എഫ് ജി എസ് ,താലൂക്ക് ഓഫീസ് കൊണ്ടോട്ടി |

കൊണ്ടോട്ടി, നെടിയിരുപ്പ് വില്ലേജുകളിലുള്ള താഴെ കാണിച്ച നാല് സ്ഥലങ്ങൾ പരിശോധിച്ചു

**1.** മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 376/1 ൽ പെട്ട 50 സെന്റ് സ്ഥലം.

**2.** മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 414/1 ,3ൽ പെട്ട 0.3000 H നിലവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുന്ന സ്ഥലം.

**3.**നിലവിൽ താലൂക്ക് ഓഫീസ്, ഓഡിറ്റോറിയം, കൃഷി ഓഫീസ് നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ B L 35 ,റീ.സ 29/7,8ൽ പെട്ട സ്ഥലവും, രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ്ട്രഷറി സബ് രജിസ്ട്രാർഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ BL 35 റീ.സ 29/3 ൽ പെട്ടസ്ഥലം

**4.** കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3ൽ പെട്ട

ടിഗർ ലോജിസ്റ്റിക് പ്രൈ.ലിമിറ്റഡ് ന്റെ 1.75 ഏക്കർ സ്വകാര്യഭൂമി.

**യോഗതീരുമാനങ്ങൾ**

**1.** മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 376/1 ൽ പെട്ട 50 സെന്റ് സ്ഥലം സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും വെള്ളക്കെട്ട് നിറഞ്ഞതും നെൽകൃഷിക്ക് അനുയോജ്യമായ വയലായതിനാലും ബിൽഡിംഗ് നിർമാണത്തിന് അനുയോജ്യമല്ല. ആയതിനാൽ

I/283340/2023

പ്രസ്തുത സ്ഥലം പ്രൊപോസ് ചെയ്യേണ്ടതില്ലെന്ന് യോഗത്തിൽതീരുമാനിച്ചു.

**2.** മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 414/1 ,3ൽ പെട്ട നിലവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുന്ന സ്ഥലം ,കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽ നിന്നും മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന PWD റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ടൗണിൽ നിന്നും ഉദ്ദേശം 300 മീ. അകലെയായി സ്ഥിതി ചെയ്യുന്നു. നിലവിൽ ഈ സ്ഥലം താലൂക്ക് ഓഫീസ് മാത്രം പണിയുന്നതിന് അനുയോജ്യമാണെന്നും 7 0 സെന്റ് സ്ഥലം വിട്ടു കിട്ടുകയാണെങ്കിൽ 3 നില ബിൽഡിംഗ് നിർമ്മിച്ച് താഴെ മുഴുവനായി പാർക്കിംഗ് ഏരിയ ആയും മുകളിൽ 2 നില താലൂക്ക് ഓഫീസായും പ്രവർത്തിക്കാവുന്നതാണെന്നും പാർക്കിംഗിനായി താഴെ നില മുഴുവനായും ഉപയോഗിച്ചു കഴിഞ്ഞാൽ ഗതാഗത പ്രശ്നങ്ങൾ കുറക്കാമെന്നും സബ്കളക്ടർ അഭിപ്രായപ്പെട്ടു.

**3.a)** നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം, കൃഷി ഓഫീസ് നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ BL 35 ,റീ.സ 29/7,8ൽ പെട്ട 27.92 സെന്റ് സ്ഥലം നിലവിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒറ്റ കോംപ്ലക്സാക്കി മൂന്നു നിലകെട്ടിടം നിർമ്മിക്കാവുന്നതാണെന്നും പ്രൊപ്പോസ് ചെയ്യാമെന്നും യോഗത്തിൽ നിർദ്ദേശിച്ചു. ഇങ്ങനെ ചെയ്യുന്ന പക്ഷം ബിൽഡിംഗ് നിർമാണ സമയത്ത് താലൂക്ക് ഓഫീസും കൃഷി ഓഫീസും പ്രവർത്തിക്കുവാൻ മറ്റ് കെട്ടിടം കണ്ടെത്തേണ്ടി വരും. ടി.ഭൂമി പ്രൊപോസ് ചെയ്യാവുന്നതാണ്.

**b)** 3a) യിൽ പരാമർശിക്കപ്പെട്ട ഭൂമിയും ടി ഭൂമിയുടെ പടിഞ്ഞാറ് റോഡും അതിന് പടിഞ്ഞാറുള്ള സ്വകാര്യ 1 0 സെന്റ് സ്വകാര്യ ഭൂമി ക്വേയർ ചെയ്ത് ആയതുംസ്ഥലവും കൂടാതെ രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ്ട്രഷറി , സബ് രജിസ്ട്രാർഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലവും ഉൾപ്പെടുത്തി റോഡിന് കുറുകെ ഓവർ ബ്രിഡ്ജ് നിർമിച്ച് സിവിൽ സ്റ്റേഷൻ നിർമിക്കാവുന്നതാണെന്ന് യോഗത്തിൽ വിലയിരുത്തി.

**4.** കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3ൽ പെട്ട

ടൈഗർ ലോജിസ്റ്റിക് പ്രൈ.ലിമിറ്റഡ് ന്റെ 1. 7 5 ഏക്കർ സ്വകാര്യഭൂമിയിലേക്ക് നിലവിൽ റോഡ് സൗകര്യമില്ല. ഭൂമി അക്വയർ ചെയ്യുകയാണെങ്കിൽ 12 മീ. റോഡ് സൗകര്യം നൽകാമെന്ന് ഉടമസ്ഥർ വാക്കാൽ അറിയിച്ചിട്ടുണ്ട്. . വാഹനങ്ങളുടെ സുഗമമായ യാത്രക്ക് ചുരുങ്ങിയത് 1 5 മീ. എങ്കിലും റോഡിന് വീതി ആവശ്യമാണെന്ന് കാണുന്നു. മേൽ പറഞ്ഞ 1. 7 5 ഏക്കർ ഏറ്റെടുക്കുന്നതിന് സർക്കാറിന് സാമ്പത്തിക ബാധ്യത വരുന്നതാണ്.

മേൽ പ്രൊപോസലുകൾ സംബന്ധിച്ച് റിപ്പോർട്ട് ജില്ലാടൗൺപ്ലാനർ, എക്സി.എഞ്ചിനീയർ (PWD Buildings ) പരപ്പനങ്ങാടി, മുനിസിപ്പൽ സെക്രട്ടറി ,കൊണ്ടോട്ടി എന്നിവർ 23/08/2023ന് മുമ്പായി കൊണ്ടോട്ടി തഹസിൽദാർക്ക് നൽകേണ്ടതാണ്. തഹസിൽ ദാർ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് റിമാർക്സ് സഹിതം 26/08/2023 ന് മുമ്പായി സബ്കളക്ടർക്ക് നൽകേണ്ടതാണ്.

യോഗനടപടികൾ 12.45 ഓടെ പൂർത്തിയായി.

തഹസിൽദാർ കൊണ്ടോ

# കൊണ്ടോട്ടി നഗരസഭ കാര്യാലയം

കൊണ്ടോട്ടി (പി ഒ) :673638, മലപ്പുറം ജില്ല
ഫോൺ : 0483 2712037, ഇ-മെയിൽ :kondottynagarasabha@gmail.com

TALUK OFFICE
Date 23/08/23
KONDOTTY

നമ്പർ : PW1-9039/23 തീയതി : 23/08/2023

പ്രേഷകൻ

സെക്രട്ടറി
കൊണ്ടോട്ടി നഗരസഭ

C1

സ്വീകർത്താവ്

തഹസിൽദാർ,
കൊണ്ടോട്ടി

സർ,

വിഷയം : കൊണ്ടോട്ടി നഗരസഭ – മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം– സ്ഥലം അനുവദിക്കുന്നത് – റിപ്പോർട്ട് നൽകുന്നത് – സംബന്ധിച്ച്.

സൂചന : താങ്കളുടെ 19/08/2023 ലെ TLKKDY/3502/2023-C1 നമ്പർ കത്ത്

********

സൂചന കത്ത് പ്രകാരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി അനുയോജ്യമായ സ്ഥലം അനുവദിക്കുന്നതിന് റിപ്പോർട്ട് നൽകുന്നതിന് വേണ്ടി ആവശ്യപ്പെട്ടത് പ്രകാരം ആയത് സംബന്ധിച്ച വിഷയം കൗൺസിൽ അറിവിലേക്കായി സമർപ്പിച്ചിട്ടുള്ളതാണ്. കൗൺസിൽ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് നൽകുന്നതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി
കൊണ്ടോട്ടി നഗരസഭ



Generated from eOffice by JYOTHILAKSHMY.M, C1 TLKKDY., C1 TLKKDY, TLKKDY on 04/09/2023 10:27 AM

കേരള സർക്കാർ

നമ്പർ : LSGD/JD/MPM/4305/2023-PLG1

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: jdlsgdmpm@gmail.com
ഫോൺ: 0483-2734838
തീയ്യതി: 25-08-2023

പ്രേഷകൻ:

ജോയിന്റ് ഡയറക്ടർ
മലപ്പുറം

സ്വീകർത്താവ് :

സബ് കലക്ടർ
പെരിന്തൽമണ്ണ

സർ,

വിഷയം :- ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - സ്ഥലപരിശോധന റിപ്പോർട്ട് - നൽകുന്നത് സംബന്ധിച്ച്

സൂചന :- കൊണ്ടോട്ടി തഹസിൽദാരുടെ 19/8/23 ലെ TLKKDY /3505/2023-C1 നമ്പർ കത്ത്.

17/8/23 ന് കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

പരിഗണിച്ചിട്ടുള്ള നല്ല സ്ഥലങ്ങളുടെ സ്ഥാനീയ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം , റോഡ് കണക്ടിവിറ്റി കൊണ്ടും, ബസ് ഗതാഗതസൗകര്യ ലഭ്യത കൊണ്ടും, സ്ഥലം ഏറ്റെടുക്കൽ ഒഴിവാക്കാവുന്നതു കൊണ്ടും ഏറ്റവും ഉചിതമാണ് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

കെട്ടിടം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് കെട്ടിട നിർമ്മാണ ചട്ടം 5(3) പ്രകാരം എല്ലാ പ്ലാനുകളും, ബിൽഡിംഗ് ഡ്രോയിങ്ങുകളും, സഹിതം കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് അനുസൃതമായി ആണ് നിർമ്മാണം നടത്തുന്നത് എന്ന് മുനിസിപ്പൽ സെക്രട്ടറി മുൻപാകെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.



Generated from eOffice by JYOTHILAKSHMY.M, C1 TLKKDY., C1 TLKKDY, TLKKDY on 04/09/2023 10:25 AM

കെട്ടിടം നിർമ്മാണ ചട്ടങ്ങളിൽ ഇളവ് ആവശ്യമെങ്കിൽ കെട്ടിട നിർമ്മാണ ചട്ടം 3(4) പ്രകാരം മുനിസിപ്പൽ സെക്രട്ടറി മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Pradeep R
Date: 25-08-2023 14:42:50

Dr.PRADEEP R
DISTRICT TOWN PLANNER
(ജോയിന്റ് ഡയറക്ടർക്ക് വേണ്ടി)

പകർപ്പ് :
1.തഹസിൽദാർ, കൊണ്ടോട്ടി താലൂക്ക്.
2.ഫയൽ.



Generated from eOffice by JYOTHILAKSHMY.M, C1 TLKKDY., C1 TLKKDY, TLKKDY on 04/09/2023 10:25 AM

PDF-XChange Editor Click to BUY NOW! www.tracker-software.com

# KONDOTY MUNICIPALITY



I/408426/2023

പൊതുമരാമത്ത് കെട്ടിട ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
പരപ്പനങ്ങാടി

**Phone:04942965549**
**Email: aeepwdblpgdi@gmail.com**

നം.AEEBL-SD0PGDI/304/2023-AB1- PWD തീയതി::18-08-2023

പ്രേഷകൻ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ
പൊതുമരാമത്ത് കെട്ടിട വിഭാഗം
മലപ്പുറം

സർ,

വിഷയം:- പൊ മ വ കെട്ടിട ഉപ വിഭാഗം പരപ്പനങ്ങാടി-കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സർക്കാർ ഭൂമികളിൽ സ്ഥല പരിശോധന നടത്തിയ റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള 16.08.2023 തിയ്യതിയിലെ D5-2003/2023 നമ്പർ കീഴെഴുത്ത്

*************

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സർക്കാർ ഭൂമികളിൽ സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് താഴെ ചേർക്കുന്നു

1) **<u>കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഓഫീസിന് സമീപം മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള സ്ഥലം</u>**

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള 50 സെൻറ് വയൽ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമായതിനാലും കൃഷിക്ക് അനുയോജ്യമായ സ്ഥലമായതിനാലും കൊണ്ടോട്ടി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് അംഗങ്ങൾ വിലയിരുത്തി.

2) **<u>കൊണ്ടോട്ടി ബസ്സ്റ്റാൻഡിന് സമീപം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള സ്ഥലം</u>**

പ്രസ്തുത സ്ഥലം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിൽ 75 സെൻറ് വിസ്തീർണ്ണവും 24m റോഡ് frontageഒട്ടുകൂടിയ സ്ഥലവുമാണ് .പ്രസ്‌തുത സ്ഥലം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നിന്ന് വിട്ടുകിട്ടുകയാണെങ്കിൽ കൊണ്ടോട്ടി താലൂക്ക് ഓഫീസും മറ്റ് ഓഫീസുകൾക്കുമായി 3 നില കെട്ടിടം കോഴിക്കോട് വിമാനത്താവള അതോറിറ്റിയുടെ അനുമതിക്ക് വിധേയമായി നിർമ്മിക്കാവുന്നതാണ്

3) **<u>ദേശീയ പാതയിൽ കുറുപ്പത്ത് നിലവിലെ താലൂക് ഓഫീസ് കെട്ടിടവും സബ് രജിസ്റ്റർ ഓഫീസ് കെട്ടിടവും ഉൾപ്പെടുന്ന സ്ഥലം</u>**

നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന 28 സെന്റോളം വിസ്തീർണവും 35.40m റോഡ് frontageഓട്ടുകൂടിയുള്ള സ്ഥലവുമാണ്.നിലവിലുള്ള താലൂക്ക് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന കൊണ്ടോട്ടി സബ് രജിസ്ട്രാർ ഓഫീസ്, കൊണ്ടോട്ടി സബ് ട്രഷറി എന്നിവയുടെ കോമ്പൗണ്ടിൽ ഉള്ള 15 സെൻറ് സ്ഥലം കൂടി പുതിയ കൊണ്ടോട്ടി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉപയോഗിക്കാം. ഈ സ്ഥലം നാഷണൽ ഹൈയവേയോട് ചേർന്ന് കുറുപ്പത്ത് ഇപ്പോൾ സബ്

I/408426/2023

ട്രഷറി ഓഫീസ്, സബ് രെജിസ്റ്റർ ഓഫീസ്, എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്ന സ്ഥലവും താലൂക് ഓഫീസ് , പഴയ നെടിയിരുപ്പ് പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉൾകൊള്ളുന്ന സ്ഥലവും കൂടിയതാണ്. ഇതിന് രണ്ടിനും നടുക്കായി സ്വകാര്യ ഭൂമിയും മുനിസിപ്പാലിറ്റി റോഡും ഉണ്ട്. സ്വകാര്യ ഭൂമി ഏറ്റെടുക്കുകയും റോഡ് സൈഡിലേക് മാറ്റുകയും ചെയ്താൽ ഒറ്റ പ്ലോട്ടായി ബിൽഡിംഗ് നിര്മിക്കാവുന്നതാണ്. രണ്ട് സ്ഥലങ്ങളിലും വെവ്വേറെ കെട്ടിടങ്ങൾ നിർമ്മിച്ച് സ്വകാര്യ ഭൂമി കുറച്ച് മാത്രം ഏറ്റെടുത്ത ആകാശ പാത പണിത് കെട്ടിടങ്ങൾ തമ്മിൽ ബന്ധിപ്പിക്കാവുന്നതാണ്. ഈ സ്ഥലത്തിന് മെയിൻ റോഡിനോട് ചേർന്ന് 35.40മീറ്റർ വീതിയുണ്ട്

4) **<u>ദേശീയ പാത എയർപോർട്ട് ജംഗ്ഷന് സമീപമുള്ള പ്രൈവറ്റ് സ്ഥലം</u>**

പ്രസ്തുത സ്ഥലം റോഡിൽ നിന്നും ഏകദേശം 120മീറ്റർ മാറിയും ഏകദേശം 10മീറ്റർ ഉയരത്തിലുമാണ്. ടി സ്ഥലത്തിൻറെ ഘടന അനുസരിച്ച് തട്ട് തട്ടായി കൊണ്ടോട്ടി സിവിൽ സ്റ്റേഷന് വേണ്ടി 3 നില കെട്ടിടം കോഴിക്കോട് വിമാന ത്താവള അതോറിറ്റിയുടെ അനുമതിക്ക് വിധേയമായി നിർമ്മിക്കാവുന്നതാണ്.

കൊണ്ടോട്ടി സിവിൽ സ്റ്റേഷന് വേണ്ടി നിർമ്മിക്കാവുന്ന മേൽ സ്ഥല പരിശോധന റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു

വിശ്വസ്തതയോടെ,

Signed by
Gopan Mukkulath
Date: 18-08-2023 16:03:22

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

Proposed mini civil station Site Plan -
Kuruppath Kondotty . Block No-35 . 29/8, 29/7, 29/3, 29/5, 29/4, 29/15, 29/6
NEDIYIRUPPU VILLAGE .




Scanned with CamScanner




Scanned with CamScanner







Scanned with CamScanner

I/281505/2023

ഭരണഭാഷ-മാതൃഭാഷ

സബ് കളക്ടറുടെ കാര്യാലയം
മിനി സിവിൽ സ്റ്റേഷന് സമീപം
പെരിന്തൽമണ്ണ-679322
ഫോൺ: 04933-227214
ഇ-മെയിൽ:
rdopmna.rev@kerala.gov.in

**പെരിന്തൽമണ്ണ സബ് കളക്ടറുടെ നടപടിക്രമം**

**(ഹാജർ:- ശ്രീധന്യ സുരേഷ് ഐ എ എസ്)**

RDOPTM/2325/2023-A1 തീയതി :14-08-2023

വിഷയം: കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാർ ഭൂമി കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച്

സൂചന: 1-മലപ്പുറം ജില്ലാ കളക്ടറുടെ 20/7/23 ലെ മലപ്പുറം ജില്ലാ കളക്ടറുടെ 20/7/23 ലെ DCMPM/9297/2018-B5 നമ്പർ കത്ത്
2-മലപ്പുറം ജില്ലാ കളക്ടറുടെ 21/7/23 ലെ DCMPM/9860/2020-LA2- നമ്പർ കത്ത്

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോ എന്നറിയിക്കുന്നതിനായി പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ താഴെ കൊടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ടീം രൂപീകരിച്ച് സ്ഥലപരിപരിശോധന റിപ്പോർട്ട് അടിയന്തിരമായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ സൂചന(1)(2) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ താഴെ കൊടുത്ത അംഗങ്ങളെ ഉൾ പ്പെടുത്തി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാർ ഭൂമി കണ്ടെത്തുന്നതിനായുള്ള സ്ഥല പരിശോധന കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാക്കുന്നു.

| ക്രമ നമ്പർ | പദവി | റിമാർക്സ് |
|---|---|---|
| 1 | സബ് കളക്ടർ പെരിന്തൽമണ്ണ | ചെയർപേഴ്സൺ |
| 2- | തഹസിൽദാർ, കൊണ്ടോട്ടി | കൺവീനർ |
| 3 | ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം | അംഗം |
| 4 | എക്സി.എഞ്ചിനിയർ(പി.ഡബ്ള്യു.ഡി) ബിൽഡിംഗ്സ് മലപ്പുറം | അംഗം |
| 5 | മുനിസിപ്പൽ സെക്രട്ടറി, കൊണ്ടോട്ടി | അംഗം |
| 6 | താലൂക്ക് സർവെയർ, കൊണ്ടോട്ടി | അംഗം |

മേൽ അംഗങ്ങൾകാണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായസർക്കാർ ഭൂമി കണ്ടെത്തി സംയുക്ത പരിശോധന

I/281505/2023

നടത്തേണ്ടതും, സംയുക്ത പരിശോധനയുടെ സമയവും, തീയ്യതിയും മറ്റ് അംഗങ്ങളുമായി ചർച്ച ചെയ്തു. തീരുമാനിക്കുന്നതിനും, സമയബന്ധിതമായി പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി കൺവീനറായ കൊണ്ടോട്ടി തഹസിൽദാരെ ചുമതലപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാക്കുന്നു.

സബ്കളക്ടർ

പെരിന്തൽമണ്ണ

സ്വീകർത്താവ്:-

1-എല്ലാ സമിതി അംഗങ്ങൾക്കും

പകർപ്പ്-

ജില്ലാ കളക്ടർ മലപ്പുറം(ആമുഖ കത്ത് സഹിതം)

I/286172/2023

**<u>ഭരണഭാഷ – മാതൃഭാഷ</u>**

**കൊണ്ടോട്ടി തഹസിൽദാരുടെ കാര്യാലയം, കൊണ്ടോട്ടി - 673638**

ഫോൺ 0483 2713311, ഇ-മെയിൽ - tah.kondotty.rev@kerala.gov.in

------------------------------------------------------------------

26-08-2023

പ്രേഷകൻ

തഹസിൽദാർ

കൊണ്ടോട്ടി

സ്വീകർത്താവ്

സബ്കളക്ടർ

പെരിന്തൽമണ്ണ

വിഷയം: കൊണ്ടോട്ടി താലൂക്ക് - മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിനായി

സർക്കാർ ഭൂമി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. പെരിന്തൽമണ്ണ സബ്കളക്ടറുടെ 14/08/2023 ലെ RDOPTM/2325/2023-A1 നമ്പർ കത്ത്.

2. സംയുക്ത സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ 17/08/2023 ന് നടന്ന മീറ്റിംഗ് മിനുറ്റ്സ്.

************************************

ബഹു. പെരിന്തൽമണ്ണ സബ്കളക്ടറുടെ നേതൃത്വത്തിൽ 17/08/2023 ന് കൊണ്ടോട്ടി താലൂക്ക് മിനിസിവിൽ സ്റ്റേഷൻ ഭൂമി കണ്ടെത്തുന്നതിനായി സംയുക്ത സ്ഥല പരിശോധനയും തുടർന്ന് അവലോകനയോഗവും നടത്തി. കൊണ്ടോട്ടി, നെടിയിരുപ്പ് വില്ലേജിലെ നാല് സ്ഥലങ്ങൾ പരിശോധിച്ചു. കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 1 2 റീ സ 376/1 ൽ പെട്ട മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 5 0 സെന്റ് സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതും വെള്ളക്കെട്ട് നിറഞ്ഞതും നെൽകൃഷിക്ക് അനുയോജ്യമായ വയലായതിനാലും ടി ഭൂമി പരിഗണിക്കേണ്ടെന്ന് സംയുക്തമായി തീരുമാനിച്ചു. താഴെ കാണിച്ച പ്രൊപോസലുകളാണ് പരിഗണിച്ചത്.

<u>1. മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 414/1 ,3ൽ പെട്ട 0.3000 H നിലവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുന്ന സ്ഥലം.</u>

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 12 ൽ റീ.സ 414/1,3 ൽ പെട്ട 0.3000 H ഭൂമി നിലവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുന്നു. ടി സ്ഥലം കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽ നിന്ന് മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന PWD റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ടൗണിൽ നിന്നും ഉദ്ദേശം 300 മീ. അകലെയായി സ്ഥിതി ചെയ്യുന്നു. അതിൽ കെട്ടിടങ്ങളോ നിർമ്മാണങ്ങളോ ഇല്ല. താലൂക്ക് ഓഫീസ് അല്ലെങ്കിൽ റവന്യൂടവർ നിർമാണത്തിന് സൗകര്യമുള്ള ഈ സ്ഥലം ബസ് സ്റ്റാൻഡിനും ടൗണിനും അടുത്താണ്. ആയതിനാൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും

എത്തിപ്പെടാൻ സൗകര്യമുണ്ട്. നിലവിൽ ഈ സ്ഥലം മുനിസിപ്പാലിറ്റിയിൽ നിന്നും വിട്ടു കിട്ടുകയാണെങ്കിൽ കോഴിക്കോട് വിമാനത്താവള അതോറിറ്റിയുടെ അനുമതിക്ക് വിധേയമായി മൂന്ന് നില ബിൽഡിംഗ് നിർമ്മിച്ച് താഴത്തെ നില മുഴുവനായി പാർക്കിംഗ് ഏരിയ ആയും മുകളിൽ രണ്ട് നില താലൂക്ക് ഓഫീസായും പ്രവർത്തിക്കാവുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല ടൗൺ പ്ലാനർ ഈ സ്ഥലം ശുപാർശ ചെയ്തിട്ടില്ല.

ടി സ്ഥലം മുനിസിപ്പാലിറ്റി അധികൃതർ വിട്ടു നൽകേണ്ടതുണ്ട് താഴത്തെ നില മുഴുവനായും പാർക്കിംഗിനായി ഉപയോഗിക്കേണ്ടതായി വരും. മത്സ്യ മാർക്കറ്റ് ഇവിടെ നിന്നും മാറ്റേണ്ടതുണ്ട്. മത്സ്യ മാർക്കറ്റിനായി പകരം ഭൂമി കണ്ടെത്തേണ്ടി വരും. തൊഴിലാളികളിൽ നിന്ന് പ്രതിഷേധമുണ്ടാകാൻ സാധ്യതയുണ്ട്. മുനിസിപ്പൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

<u>2.നിലവിൽ താലൂക്ക് ഓഫീസ്, ഓഡിറ്റോറിയം, കൃഷി ഓഫീസ് നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ B L 35 .റീ.സ 29/7,8ൽ പെട്ട സ്ഥലവും, രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ്ട്രഷറി സബ് രജിസ്ട്രാർഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ BL 35 റീ.സ 29/3 ൽ പെട്ടസ്ഥലം.</u>

നിലവിൽ താലൂക്ക് ഓഫീസ്, മുനിസിപ്പൽ ഓഡിറ്റോറിയം, കൃഷി ഓഫീസ് എന്നിവ നിൽക്കുന്ന മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് വില്ലേജിലെ ബ്ലോക്ക് 35, റീ.സ 29/7,8 ൽ പെട്ട 27.92 സെന്റ് സ്ഥലത്ത് മൂന്ന് ഇരു നില കെട്ടിടങ്ങളുണ്ട്. ടി സ്ഥലം കോഴിക്കോട് - പാലക്കാട് നാഷണൽ ഹൈവേയോട് ചേർന്ന് കുറപ്പത്ത് 35.40 മീ. റോഡ് frontage ഓട്ടുകൂടി സ്ഥിതി ചെയ്യുന്നു. മുനിസിപ്പൽ ഹാൾ ഉള്ള കെട്ടിടത്തിന്റെ താഴെ നില (GF) സ്വകാര്യ സ്ഥാപനങ്ങളുള്ളതാണ്. പൊതു ജനങ്ങൾക്കും ജീവനക്കാർക്കും എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലമാണ്. ടി സ്ഥലവും കെട്ടിടങ്ങളും വിട്ടു നൽകുകയാണെങ്കിൽ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ഗ്രൗണ്ട് ലെവൽ ചെയ്ത് താഴെ നില പാർക്കിംഗിനായി ഉപയോഗിച്ച് രണ്ട് നിലകളായി താലൂക്ക് ഓഫീസ് അല്ലെങ്കിൽ റവന്യൂടവർ, നിർമ്മിക്കുന്നതിന് അനുയോജ്യമാണ്. നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലം റോഡ് കണക്ടിവിറ്റി കൊണ്ടും ബസ് ഗതാഗത സൗകര്യം കൊണ്ടും സ്ഥലം ഏറ്റെടുക്കൽ ഒഴിവാക്കുന്നത് കൊണ്ടും ഏറ്റവും ഉചിതമാണെന്ന് ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

ഇങ്ങനെ ചെയ്യുമ്പോൾ താഴെ നില (GF) മുഴുവനായും പാർക്കിംഗിന് ഉപയോഗിക്കേണ്ടി വരും .നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന ഏകദേശം 20 വർഷം പഴക്കമുള്ള ഇരു നില കെട്ടിടം കൃഷി ഭവൻ പ്രവർത്തിക്കുന്ന കെട്ടിടം, മുനിസിപ്പാലിറ്റിയുടെ കോൺഫറൻസ് ഹാളും സ്വകാര്യ കച്ചവട സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന ഇരു നില കെട്ടിടം എന്നിവ പൊളിച്ചു മാറ്റി സ്ഥലം നിരപ്പാക്കി ഒറ്റ കോംപ്ലക്സ് ആക്കി മാറ്റേണ്ടതുണ്ട്. ആ സമയത്ത് താലൂക്ക് ഓഫീസ്, കൃഷി ഓഫീസ് എന്നിവ പ്രവർ ത്തിക്കുന്നതിന് മറ്റ് സ്ഥല സൗകര്യം കണ്ടെത്തേണ്ടതും അങ്ങോട്ട് മാറ്റേണ്ടതുമുണ്ട് താലൂക്ക് ഓഫീസ് അല്ലെങ്കിൽ റവന്യൂടവർ എന്നിവക്ക് മാത്രമായി ഈ സ്ഥലം പരിഗണിക്കാവുന്നതാണ്.

**2a.** മേൽ കാണിച്ച 27 സെന്റ് ഭൂമിയും തൊട്ട് പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് , സ്വകാര്യസ്ഥലം അത് കഴിഞ്ഞുള്ള റീ.സ 29/3 ൽ പെട്ട രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സബ്ട്രഷറി സബ് രജിസ്ട്രാർഓഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജിലെ സ്ഥലവും കൂടി ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണിച്ചു.

10 സെൻറ് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതും മുനിസിപ്പാലിറ്റി റോഡും മേൽ കാണിച്ച 27 സെൻറ് ഭൂമിയും കെട്ടിടങ്ങളും മുനിസിപ്പാലിറ്റിയും രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥലം ടി വകുപ്പും വിട്ടു തരേണ്ടതും സ്വകാര്യ ഭൂമിയും അതിലുള്ള കെട്ടിടങ്ങളും (10 സെന്റ്) അക്വയർ ചെയ്ത് ഏറ്റെടുക്കേണ്ടതുമുണ്ട്. ഈ പ്രദേശത്ത് ഭൂവില വളരെ കൂടുതലാണ്. ഇവിടെ ഏകദേശം 15 മുതൽ 20 ലക്ഷം വരെയാണ് മാർക്കറ്റ് വില. ഫെയർ വാല്യൂ ആർസ് ഒന്നിന് ഒന്നര ലക്ഷം വരെയാണ്. ദേശീയപാതയോട് ചേർന്ന് കിടക്കുന്ന സ്ഥലമായതിനാലും ഭാവിയിൽ റോഡ് വികസനം നടക്കാൻ സാധ്യത ഉള്ളതിനാലും നിലവിലെ സാഹചര്യത്തിൽ തന്നെ ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നത് വർധിക്കാൻ സാധ്യത ഉണ്ട്.

നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന 35-40 മീ. റോഡ് frontage ഓടു കൂടിയ 28 സെന്റോളം വിസ്തീർണമുള്ള സ്ഥലവും രജിസ്ട്രേഷൻ വകുപ്പിന്റെ 15 സെന്റ് സ്ഥലവും രണ്ടിനും മധ്യത്തിലുള്ള സ്വകാര്യ ഭൂമിയും മുനിസിപ്പാലിറ്റി റോഡും ഏറ്റെടുത്ത് മധ്യത്തിലുള്ള റോഡ് സൈഡിലേക്ക് മാറ്റിയോ, അല്ലെങ്കിൽ റോഡിനു കുറുകെ ആകാശ പാത പണിതോ തമ്മിൽ ബന്ധിപ്പിക്കാവുന്നതാണെന്ന് PWD കെട്ടിട വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല ടൗൺ പ്ലാനർ ഈ സ്ഥലം ശുപാർശ ചെയ്തിട്ടില്ല.

<u>3. കൊണ്ടോട്ടി വില്ലേജിലെ BL 12, റീ.സ 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, ൽ പെട്ട ടൈഗർ ലോജിസ്റ്റിക് പ്രൈ.ലിമിറ്റഡ് ന്റെ 1.75 ഏക്കർ സ്വകാര്യഭൂമി.</u>

ടി സ്ഥലം കൊളത്തൂർ - എയർപോർട്ട് ജംഗഷനിൽ നിന്നും ഏകദേശം പടിഞ്ഞാറ് മാറി PWD റോഡിൽ നിന്നും വടക്ക് ഭാഗത്തായാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം ഏറ്റെടുക്കുകയാണെങ്കിൽ P W D റോഡിൽ നിന്നും 10 മീ. വീതിയിൽ റോഡ് നൽ കാമെന്ന് സ്ഥലം ഉടമ മുമ്പ് വാക്കാൽ നിർദേശിച്ചിരുന്നു. ഈ സ്ഥലം അക്വയർ ചെയ്യുകയാണെങ്കിൽ എല്ലാ ഓഫീസുകളും ഉൾക്കൊള്ളുവുന്ന മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ സാധിക്കും. പൊതു ജനങ്ങൾക്കും ജീവനക്കാർക്കും എത്തിച്ചേരാൻ സൗകര്യപ്രദമാണ്. ഇവിടെ സെന്റിന് ഏകദേശം 2 ലക്ഷം മുതൽ 3 ലക്ഷം വരെ മാർക്കറ്റ് വിലയുണ്ട്. ഫെയർ വാല്യൂ ആർസ് ഒന്നിന് അമ്പത്തയ്യായിരം രൂപ വരെയാണ്. ഭൂമി അക്വയർ ചെയ്ത് ഏറ്റെടുക്കാൻ ഉത്തരവാകുകയാണെങ്കിൽ ഈ ഭൂമി ഉചിതമാണ്. ആയത് ശുപാർശ ചെയ്യാവുന്നതാണ്. ടി സ്ഥലത്തിന്റെ ഘടന തട്ടു തട്ടായത് കൊണ്ട് മൂന്നു നില കെട്ടിടം കോഴിക്കോട് വിമാനത്താവള അതോറിറ്റിയുടെ അനുമതിക്ക് വിധേയമായി നിർമ്മിക്കാവുന്നതാണെന്ന് പൊതുമരാമത്ത് വിഭാഗവും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഈ സ്ഥലങ്ങളാണ് സംയുക്ത പരിശോധന നടത്തി പരിഗണിച്ചിട്ടുള്ളത്. PWD കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ടൗൺ പ്ലാനർ എന്നിവരുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നു. മുനിസിപ്പൽ സെക്രട്ടറി ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ ഒന്നും സമർ പ്പിച്ചിട്ടില്ല. കൗൺസിൽ തീരുമാനം ലഭ്യമാക്കുന്ന മുറക്ക് റിപ്പോർട്ട് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ തുടർനടപടിക്കായി സമർപ്പിക്കുന്നു

വിശ്വാസപൂർവം

തഹസിൽദാർ

പകർപ്പ്:സ്കെച്ചുകൾ

I/281505/2023

ഭരണഭാഷ-മാതൃഭാഷ

സബ് കളക്ടറുടെ കാര്യാലയം
മിനി സിവിൽ സ്റ്റേഷന് സമീപം
പെരിന്തൽമണ്ണ-679322
ഫോൺ: 04933-227214
ഇ-മെയിൽ:
rdopmna.rev@kerala.gov.in

**പെരിന്തൽമണ്ണ സബ് കളക്ടറുടെ നടപടിക്രമം**
**(ഹാജർ:- ശ്രീധന്യ സുരേഷ് ഐ എ എസ്)**

RDOPTM/2325/2023-A1 തീയതി :14-08-2023

വിഷയം: കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാർ ഭൂമി കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച്

സൂചന: 1-മലപ്പുറം ജില്ലാ കളക്ടറുടെ 20/7/23 ലെ മലപ്പുറം ജില്ലാ കളക്ടറുടെ 20/7/23 ലെ DCMPM/9297/2018-B5 നമ്പർ കത്ത്
2-മലപ്പുറം ജില്ലാ കളക്ടറുടെ 21/7/23 ലെ DCMPM/9860/2020-LA2- നമ്പർ കത്ത്

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോ എന്നറിയിക്കുന്നതിനായി പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ താഴെ കൊടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക ടീം രൂപീകരിച്ച് സ്ഥലപരിപരിശോധന റിപ്പോർട്ട് അടിയന്തിരമായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ സൂചന(1)(2) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ താഴെ കൊടുത്ത അംഗങ്ങളെ ഉൾ പ്പെടുത്തി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാർ ഭൂമി കണ്ടെത്തുന്നതിനായുള്ള സ്ഥല പരിശോധന കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാക്കുന്നു.

| ക്രമ നമ്പർ | പദവി | റിമാർക്സ് |
|---|---|---|
| 1 | സബ് കളക്ടർ പെരിന്തൽമണ്ണ | ചെയർപേഴ്സൺ |
| 2- | തഹസിൽദാർ, കൊണ്ടോട്ടി | കൺവീനർ |
| 3 | ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം | അംഗം |
| 4 | എക്സി.എഞ്ചിനിയർ(പി.ഡബ്ള്യു.ഡി) ബിൽഡിംഗ്സ് മലപ്പുറം | അംഗം |
| 5 | മുനിസിപ്പൽ സെക്രട്ടറി, കൊണ്ടോട്ടി | അംഗം |
| 6 | താലൂക്ക് സർവെയർ, കൊണ്ടോട്ടി | അംഗം |

മേൽ അംഗങ്ങൾകൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായസർക്കാർ ഭൂമി കണ്ടെത്തി സംയുക്ത പരിശോധന

I/281505/2023

നടത്തേണ്ടതും, സംയുക്ത പരിശോധനയുടെ സമയവും, തീയ്യതിയും മറ്റ് അംഗങ്ങളുമായി ചർച്ച ചെയ്തു. തീരുമാനിക്കുന്നതിനും, സമയബന്ധിതമായി പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി കൺവീനറായ കൊണ്ടോട്ടി തഹസിൽദാരെ ചുമതലപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാക്കുന്നു.

സബ്കളക്ടർ

Signed by
Sreedhanya Suresh I A S
Date: 14-08-2023 10:31:09

പെരിന്തൽമണ്ണ

സ്വീകർത്താവ്:-

1-എല്ലാ സമിതി അംഗങ്ങൾക്കും

പകർപ്പ്-

ജില്ലാ കളക്ടർ മലപ്പുറം(ആമുഖ കത്ത് സഹിതം)

DCMPM/9860/2020-LA2

273873/2023

B5

<u>ഭരണഭാഷ-മാതൃഭാഷ</u>


**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505**

ഫോൺ 0483-2734922 ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in


**തീയതി: 21-07-2023**

22 JUL 2023

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

സബ് കലക്ടർ, പെരിന്തൽമണ്ണ -

സർ,

വിഷയം :- കൊണ്ടോട്ടി താലൂക്ക് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - സർക്കാർ ഭൂമി കണ്ടെത്തുന്നത് - സംബന്ധിച്ച്.

സൂചന : 1) റവന്യൂ (ബി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 26.10.2021 തീയതിയിലെ B2/146/2020 നമ്പർ കത്ത്.

2) ഈ കാര്യാലയത്തിലെ 01.04.2022 തീയതിയിലെ DCMPM/9297/2018-B5 നമ്പർ കത്ത്.

3) റവന്യൂ (എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.04.2023 തീയതിയിലെ F2/152/2021 നമ്പർ കത്ത്.

4) ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.06.2023 തീയതിയിലെ LR/6128/2022-LRM1 നമ്പർ കത്ത്.

5) ജില്ലാ കളക്ടറുടെ 12/07/2023 തീയതിയിലെ ഉത്തരവ്.

************************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോ എന്നത് സംബന്ധിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ ബഹു.ലാൻഡ് റവന്യൂ കമ്മീഷണർസൂചന(4)പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട് ആയതിനാൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ ഭൂമി കണ്ടെത്തുന്നത്തുന്നതിനായി **പെരിന്തൽമണ്ണ സബ് കലക്ടറുടെ നേതൃത്വത്തിൽ** ഒരു ടീം താഴെ കാണിച്ച അംഗങ്ങൾ ഉൾപ്പെടെ രൂപീകരിക്കുവാൻ സൂചന (5) പ്രകാരം ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.പ്രസ്തുത ടീം സ്ഥലപരിശോധന നടത്തി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തി 15 ദിവസത്തിനകം സ്ഥലപരിശോധന റിപ്പോർട്ട് ജില്ലാ കളക്ടർ മുമ്പാകെ ലഭ്യമാക്കേണ്ടതാണ് .സർക്കാരിലേക്ക് റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ താങ്കൾ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

<u>അംഗങ്ങൾ</u>

1) എക്സി.എഞ്ചിനീയർ ,PWD ബിൽഡിംഗ്സ് ,മലപ്പുറം

2) ജില്ലാ ടൗൺ പ്ലാനർ,മലപ്പുറം

3) തഹസിൽദാർ, കൊണ്ടോട്ടി

4) മുനിസിപ്പൽ സെക്രട്ടറി , കൊണ്ടോട്ടി

5) താലൂക്ക് സർവ്വെയർ , കൊണ്ടോട്ടി

273873/2023

പ്രസ്തുത ടീം ഉടൻ തന്നെ സ്ഥല പരിശോധന നടത്തി അനുയോജ്യമായ സർക്കാർ ഭൂമി സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിലേക്ക് എത്രയും വേഗം സമർപ്പിക്കേണ്ടതാണ്.

പകർപ്പ് : എല്ലാ അംഗങ്ങൾക്കും

ഡെപ്യൂട്ടി കളക്ടർ (LA),മലപ്പുറം(DCMPM/9297/2018-B5 നമ്പർ ഫയലിലേക്കും അറിവിലേക്കായും)

വിശ്വാസപൂർവ്വം

Signed by
Letha K
DEPUTY COLLECTOR(LA)
Date: 21-07-2023 14:31:57
ജില്ലാ കളക്ടർക്കുവേണ്ടി

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമായതിനാൽ മാനുവൽ ഒപ്പ് ആവശ്യമില്ല. ഈ കത്തിന്റെ ആധികാരികത പരിശോധിക്കാനായി https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

I/273553/2023

ഭരണഭാഷ-മാതൃഭാഷ

DCMPM/9297/2018-B5

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :20-07-2023

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

സബ് കലക്ടർ
പെരിന്തൽമണ്ണ

സർ,

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - സർക്കാർ ഭൂമിയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നത് - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

1. ലാന്റ് റവന്യൂ കമ്മീഷണറുടെ 15/06/2023 തിയ്യതിയിലെ എൽ.ആർ/6128/2022-എൽ.ആർ.എം1 നം. കത്ത്.
2. ലാന്റ് അക്വസിഷൻ വിഭാഗം ഡെപ്യൂട്ടി കലക്ടറുടെ 13/07/2023 തിയ്യതിയിലെ DCMPM/9860/2020/LA2 നം. കുറിപ്പ്.

**********************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ ഭൂമിയുടെ ലഭ്യതയും സ്വകാര്യ ഭൂമി ഏറ്റെടുക്കാവുന്നതും സംബന്ധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിൽ സൂചന (1) പ്രകാരം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോയെന്നുള്ള വിവരം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിഷയത്തിൽ ജില്ല കലക്ടറുടെ നിർദ്ദേശ പ്രകാരം, **പെരിന്തൽമണ്ണ സബ് കലക്ടറുടെ** നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായി സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ താങ്കൾ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ സർക്കാർ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് റിപ്പോർട്ട് ജില്ല കലക്ടർക്ക് സമർപ്പിക്കുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വാസപൂർവ്വം

ANVER SADATH P
ജില്ലാ കളക്ടർക്ക് വേണ്ടി

പകർപ്പ്:- തഹസിൽദാർ - കൊണ്ടോട്ടി

Signed by
Anver Sadath P
Date: 20-07-2023 15:20:24

/137778/2023


ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
മെയിൽ ഐ ഡി :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in


3
22/6/23

എൽ.ആർ/6128/2022-എൽ.ആർ.എം1

Date:15-06-2023

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

ജില്ലാ കളക്ടർ,
മലപ്പുറം.

കളക്ടറേറ്റ്
22 JUN 2023

സർ,

B5

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം- ഭൂമി ലഭ്യത സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- താങ്കളുടെ 08/02/2023-ലെ റിപ്പോർട്ട്.

********************************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാണോ എന്നുള്ള വിവരം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

VINEETH T K, AC(SC) CLR, O/o AC(SC) CLR

Signed by Vineeth T K
Date: 16-06-2023 14:37:07

DCMPM/9860/2020-LA2

'244177/2023

കളക്ടറേറ്റ്
26 APR 2023
മലപ്പുറം

DCMPM/9860/2020-LA2

കലക്ടറേറ്റ് ,മലപ്പുറം
25-04-2023

**എൽ.എ ഡെപ്യൂട്ടി കലക്ടറിൽ നിന്നും എൽ.ആർ ഡെപ്യൂട്ടി കലക്ടർക്കുള്ള കുറിപ്പ്**

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന : താങ്കളുടെ 24/04/2023 തീയതിയിലെ DCMPM/9297/2018-B5 നം. കുറിപ്പ്.

.............................

08/02/2023 തീയതിയിലെ DCMPM/9297/2018-B5 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് LARR ACT 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവ് ഇനത്തിൽ വേണ്ടി വരുന്ന ഏകദേശ തുക വ്യക്തമാക്കി പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാരിൽ നിന്നും ആവശ്യപ്പെട്ട 18/04/2023 തീയതിയിലെ റവ-എഫ്2/152/2021-റവ. നമ്പർ സർക്കാർ കത്തിലും ,24/04/2023 തീയതിയിലെ താങ്കളുടെ DCMPM/9297/2018-B5 നം. കുറിപ്പിലും മിനി സിവിൽ സ്റ്റേഷന് വേണ്ടി ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരം (വില്ലേജ് ,സർവ്വെ നമ്പർ ,വിസ്തീർണ്ണം) വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് വേണ്ടി LARR ACT 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവ് ഇനത്തിൽ വേണ്ടി വരുന്ന ഏകദേശ തുക കണക്കാക്കുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരം (വില്ലേജ് ,സർവ്വെ നമ്പർ , വിസ്തീർണ്ണം എന്നിവ ഉൾപ്പെടെ) ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

DEPUTY COLLECTOR(LA)
Signed by
Letha K
Date: 25-04-2023 16:42:43

I/5693879/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ. റവ-എഫ്2/152/2021-റവ

റവന്യൂ (എഫ്) വകുപ്പ്
18-04-2023, തിരുവനന്തപുരം
ഫോൺ: 0471 2518480
E-mail: revenuef8480@gmail.com

കളക്ടറേറ്റ്
24 APR 2023

പ്രേഷകൻ
അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്
ജില്ലാ കളക്ടർ,
മലപ്പുറം

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 08-02-2023 തീയതിയിലെ DCMPM/9297/2018-B5 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി LARR ACT 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവ് ഇനത്തിൽ വേണ്ടി വരുന്ന ഏകദേശ തുക വ്യക്തമാക്കി ഇതു സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SOBHANAKUMAR P
ഡെപ്യൂട്ടിസെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Pushpavally B
സെക്ഷൻ ഓഫീസർ.
Date: 18-04-2023 15:34:31

I/243400/2023

"ഭരണഭാഷ-മാതൃഭാഷ"
"DCMPM/9297/2018-B5 "

കലക്ടേറ്റ് , മലപ്പുറം.
തീയതി:24-04-2023

## ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കലക്ടറിൽ നിന്നും ലാന്റ് അക്വസിഷൻ ഡെപ്യൂട്ടി കലക്ടർക്കുള്ള കുറിപ്പ്.

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന : റവന്യൂ (എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/04/2023 തിയ്യതിയിലെ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 22/12/2022 തിയ്യതിയിലെ എഫ്.2/152/2021-റവ നം. കത്ത് പ്രകാരം സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി തഹസിൽദാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി 08/02/2023 തിയ്യതിയിൽ റവന്യൂ എഫ്. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് എൽ.എ ആക്ട് പ്രകാരമോ നെഗോസിയേഷൻ പർച്ചേസ് പ്രകാരമോ ഭൂമി ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് അറിയിച്ച് ഈ സെക്ഷനിൽ നിന്നും റിപ്പോർട്ട് സമർപ്പിച്ചിരുന്നു.. സൂചന കത്തിൽ ഭൂമി ഏറ്റെടുക്കൽ ചെലവ് ഇനത്തിൽ വേണ്ടി വരുന്ന ഏകദേശ തുക കണക്കാക്കി പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെടുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നത് L.A സെക്ഷനുമായി ബന്ധപ്പെട്ടുള്ള വിഷയം ആയതിനാൽ സൂചന കത്തിനോടൊപ്പം കൊണ്ടോട്ടി തഹസിൽദാരുടെ 31/01/2023 തിയ്യതിയിലെ സി.1-7098/2020 നം. റിപ്പോർട്ടും ഈ സെക്ഷനിൽ നിന്നും 08/02/2023 തിയ്യതിയിൽ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച റിപ്പോർട്ടും സഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി സമർപ്പിക്കുന്നു.

ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ
ANVER SADATH P
മലപ്പുറം

Signed by
Anver Sadath P
Date: 24-04-2023 11:56:04

ഭരണഭാഷ-മാതൃഭാഷ

DCMPM/9297/2018-B5

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :24-04-2023

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

ലാന്റ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം :- മലപ്പുറം ജില്ല - കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത് - റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :-

1. അങ്ങയുടെ 04/04/2023 തിയ്യതിയിലെ LR/6128/2022-M1 നം. കത്ത്.
2. ഈ കാര്യലയത്തിലെ 01/04/2022 തിയ്യതിയിലെ ഇതേ നം. റിപ്പോർട്ട്.
3. ഈ കാര്യാലയത്തിൽ നിന്നും റവന്യൂ(എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കാര്യാലയത്തിലേക്ക് 08/02/2023 തിയ്യതിയിൽ സമർപ്പിച്ചിട്ടുള്ള ഇതേ നം. റിപ്പോർട്ട്.

**********************

സൂചനകളിലേക്ക് സവിനയം അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 21/02/2022 തീയതിയിൽ ബഹു. റവന്യൂ ഭവന നിമ്മാണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ലാന്റ് റവന്യൂ കമ്മീഷണർ, ബഹു. കൊണ്ടോട്ടി എം . എൽ . എ , കൊണ്ടോട്ടി മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ല കലക്ടർ മലപ്പുറം , ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ മലപ്പുറം , കൊണ്ടോട്ടി തഹസിൽദാർ , സ്പെഷ്യൽ തഹസിൽദാർ എൽ. എ. എയർപോർട്ട് എന്നിവരുൾപ്പെട്ട യോഗം വീഡിയോ കോൺഫറൻസ് വഴി ചേരുകയുണ്ടായിരുന്നു.

21/02/2022 തിയതിയിൽ ചേർന്ന യോഗ തീരുമാനം പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി മുമ്പ് സർക്കാരിലേക്ക് പ്രൊപ്പോസ് ചെയ്തിരുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള വയൽ ഭൂമിയല്ലാതെ ലഭ്യമായ മറ്റു ഭൂമികളെ സംബന്ധിച്ച് വിവിധ വകുപ്പുകളുൾപ്പെട്ട സബ് കമ്മിറ്റി ചേരാൻ നിദ്ധേശിക്കുകയും സബ് കമ്മിറ്റി യോഗം ചേന്ന് ലഭ്യമായ ഭൂമികളുടെ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. യോഗ തീരുമാന പ്രകാരം കൊണ്ടോട്ടി താലൂക്ക് ഓഫീസിൽ വെച്ച് L R ഡെപ്യൂട്ടി കലക്ടറുടെ അദ്ധ്യക്ഷതയിൽ 24/02/2022 തീയതിയിൽ കൊണ്ടോട്ടി തഹസിൽദാർ, വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് കലക്ടേറ്റ് ലാന്റ് അക്വസിഷൻ വിഭാഗം, കരിപ്പൂർ എയർപ്പോർട്ട് വിഭാഗം, ജിയോളജി വിഭാഗം, പൊതുമരാമത്ത് വിഭാഗം, ഫിഷറീസ് വിഭാഗം, സർവ്വെ ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട സബ് കമ്മിറ്റി അംഗങ്ങൾ യോഗം ചേരുകയും കൊണ്ടോട്ടി മത്സ്യ

I/243398/2023

മാർക്കറ്റ് ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി തഹസിർദാർ റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് അക്വസിഷൻ നടപടികൾ ഒഴിവാക്കി കൊണ്ടോട്ടി സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങൾ നിലനിർത്തിക്കൊണ്ടും പഴയ കെട്ടിടങ്ങൾ പൊളിച്ചും ലഭ്യമാകുന്ന ഭൂമിയിൽ സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങളിലേക്ക് റാമ്പ് സൗകര്യം ഒരുക്കി 1374.56 ചതുരശ്ര വിസ്തീർണ്ണത്തിൽ താഴത്തെ നിലയിൽ പാർക്കിംഗ് സൗകര്യത്തോടെ 4 നില കെട്ടിടം നിർമ്മിക്കാവുന്നതാണെന്ന് സൂചന 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്

തുടർന്ന് 28/12/2022 തിയ്യതിയിലെ റവന്യൂ(എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റവ-എഫ്.2/152/2021 നം. കത്ത് പ്രകാരം 04/01/2022 തിയ്യതിയിൽ ഈ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഭൂമി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പര്യാപ്തമാണോയെന്ന് പരിശോധിക്കുന്നതിനും സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്വകാര്യഭൂമി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരും എന്നതു സംബന്ധിച്ചും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. മേൽ നിർദ്ദേശം പ്രകാരം ബഹു.കൊണ്ടോട്ടി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 18/01/2023 തിയ്യതിയിൽ കൊണ്ടോട്ടി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊണ്ടോട്ടി തഹസിൽദാർ എന്നിരുൾപ്പെട്ട യോഗം ചേരുകയും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിൽ എല്ലാ ഓഫീസുകളെയും ഉൾക്കൊളളിക്കുന്നതിനായും ഭാവിയിലെ ആവശ്യം കൂടി പരിഗണനക്കെടുത്തും 2 ഏക്കർ ഭൂമി ആവശ്യമാണെന്നും കൊണ്ടോട്ടി വില്ലേജ് പരിധിയിൽ പെട്ട 1.75 ഏക്കർ ഭൂമി എൽ.എ ആക്ട് പ്രകാരം ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണെന്നും കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുളളതും മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ (എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിലേക്ക് സൂചന 2 പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുളളതാണ്.

സൂചന 2 പ്രകാരം സമർപ്പിച്ചിട്ടുളള റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം ചേർത്ത് സമർപ്പിച്ചു കൊളളുന്നു.

വിശ്വാസപൂർവ്വം

ANVER SADATH P

ജില്ലാ കളക്ടർക്ക് വേണ്ടി

Signed by
Anver Sadath P
Date: 24-04-2023 11:55:25

747903/2023/FC DCMPM

I/218578/2023

ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**

ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

**തീയതി** :08-02-2023

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി.

റവന്യൂ(എഫ്) വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം:- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം -സംബന്ധിച്ച്

സൂചന:- 1.റവന്യൂ(എഫ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28/12/2022 ലെ റവ-എഫ്2/152/2021 നമ്പർ കത്ത്

2.കൊണ്ടോട്ടി തഹസിൽദാരുടെ 31.01.23 ലെ സി1-7098/2020 നമ്പർ കത്ത്

3.ഈ കാര്യാലയത്തിലെ 23.10.2022 ലെ ഇതേ നമ്പർ കത്ത്

**********************

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു.കൊണ്ടോട്ടി പഴയ റജിസ്ട്രാർ ഓഫീസ് നിൽക്കുന്ന സ്ഥലവും അതിനോട്ചേർന്ന് ഒഴിഞ്ഞുകിടക്കുന്ന സ്ഥലവും ചേർത്ത് 16.50 സെന്റ് സർക്കാർ ഭൂമിയാണ് കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പ്രപ്പോസൽ തന്നിരുന്നത്.മേൽ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കൊണ്ടോട്ടി എം എൽ എ യുടെ അദ്ധ്യക്ഷതയിൽ 18/01/2023 ന് കൊണ്ടോട്ടി തഹസിൽദാർ, കൊണ്ടോട്ടി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊണ്ടോട്ടി അഡീഷണൽ അസിസ്റ്റന്റ് എഞ്ചിനീയർ (പൊതുമരാമത്ത് കെട്ടിട വിഭാഗം) എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തിട്ടുള്ളതും നേരത്തെ ശുപാർശ ചെയ്തിരുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ദേശീയപാതയോട് ചേർന്ന് കിടക്കുന്ന സ്ഥലമായതിനാൽ ഭാവിയിൽ റോഡ് വികസനം നടക്കാൻ സാധ്യതയുണ്ടെന്നും, നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ ഉൾക്കൊള്ളാൻ ടി സ്ഥലത്ത് സാധിക്കില്ലെന്നും യോഗം വിലയിരുത്തുകയുണ്ടായെന്നും. അതുപോലെ നിലവിലുള്ള സാഹചര്യത്തിൽ തന്നെ റോഡിൽ ട്രാഫിക് ബ്ലോക്ക് ഉണ്ടാവുന്നുണ്ടെന്നും ആയത് വർദ്ധിക്കുവാൻ സാധ്യതയുണ്ടെന്നും വളരെ ജനത്തിരക്കുള്ള ടി സ്ഥലത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം അപ്രായോഗികമാണെന്നും വാണിജ്യ പ്രാധാന്യമുള്ള ടി സ്ഥലത്തോട് ചേർന്നുള്ള സ്വകാര്യ ഭൂമി ഏറ്റെടുക്കൽ ചെലവേറിയ കാര്യമാണെന്നും യോഗം വിലയിരുത്തിയതായി കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ സാങ്കേതികത്വം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് യോഗം പിഡബ്ല്യുഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതിൻറെ അടിസ്ഥാനത്തിൽ പുതുതായി വരുന്ന മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ആവശ്യപ്പെട്ട ഓഫീസുകളുടെ മൊത്തം വിസ്തീർണ്ണം ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതിനേക്കാൾ (1374.56 M2) കൂടുതലായതിനാൽ സ്ഥല സൗകര്യം പര്യാപ്തമല്ലെന്നും ദേശീയപാതയോട് ചേർന്ന് നിൽക്കുന്ന സ്ഥലം റോഡ് വികസനത്തെ തുടർന്ന്

നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും നിലവിൽ നല്ല ട്രാഫിക് ജാം ഉള്ള ടി സ്ഥലത്ത് സിവിൽ സ്റ്റേഷൻ കൂടി വന്നാൽ ട്രാഫിക്ക് ബ്ലോക്ക് കൂടാൻ സാധ്യതയുണ്ടെന്നും സ്ഥലം വളരെ കുറവായതിനാൽ പാർക്കിംഗ് , ഫയർ & സേഫ്റ്റി ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ സാധിക്കില്ലെന്നുമുള്ള വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ടാക്കിയിട്ടുണ്ട്.

കൊണ്ടോട്ടി താലൂക്ക് 2014-ൽ ആരംഭിച്ചത് മുതൽ താലൂക്ക് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പരിമിതമായ സൗകര്യത്തിൽ ജോലി ചെയ്യുന്നത് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനോ മീറ്റിംഗുകൾ കൂടുന്നതിനോ സൗകര്യമില്ലാത്തതാണ്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, ലീഗൽ മെട്രോളജി ഓഫീസ്, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മൈനർ ഇറിഗേഷൻ ഓഫീസ്, ഇറിഗേഷൻ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ ഓഫീസ് എന്നിവയും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

കൂടാതെ നെടിയിരുപ്പ് ,കൊണ്ടോട്ടി കൃഷിഭവനുകൾ, പൊതുമരാമത്ത് റോഡ് ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, എസ്.സി ഡെവലപ്പ്മെന്റ് ഓഫീസ്, എംപ്ലോയിമെന്റ് & ഗൈഡൻസ്, പെർഫോർമൻസ് ഓഡിറ്റ് എന്നിവ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിച്ചുവരുന്നത്.കൂടാതെ കൊണ്ടോട്ടി താലൂക്കിന്റെ ഭാഗമായി ഭാവിയിൽ കോടതിയും ഫയർ & സേഫ്റ്റി ഓഫീസും മറ്റ് താലൂക്ക് തല ഓഫീസുകളും ആവശ്യമായി വരും എന്നും കാണുന്നു.

മേൽ കാര്യങ്ങളെല്ലാം പരിഗണിച്ച് മേൽ ഓഫീസുകളെയെല്ലാം ഉൾക്കൊള്ളുന്ന തരത്തിലുള്ള കെട്ടിടനിർമ്മാണത്തിന് 2 ഏക്കറോളം ഭൂമി ആവശ്യമാണെന്ന് കാണുന്നു. ഇക്കാര്യത്തിനായി എൽ എ ആക്ട് പ്രകാരമോ, നെഗോസിയേഷൻ പർച്ചേസ് പ്രകാരമോ ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതും ആയതിന് റോഡ് സൗകര്യമുള്ള 1.75 ഏക്കർ സ്ഥലം കൊണ്ടോട്ടി വില്ലേജ് പരിധിയിൽതന്നെ ലഭ്യമാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്..

മേൽ വിവരങ്ങൾ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു

വിശ്വാസപൂർവ്വം

Signed by
Anver Sadath P
Date: 08-02-2023 13:47:05

ജില്ലാ കളക്ടർക്ക് വേണ്ടി

പകർപ്പ്-ഡെപ്യൂട്ടി കളക്ടർ(എൽ.എ)

ഭരണഭാഷ- മാതൃഭാഷ

സി1-7098/2020

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311
ഇ-മെയിൽ : kondottytaluk@gmail.com
പിൻ- 673 638
തീയതി : 31/01/2023

പ്രേഷകൻ
തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം. സംബന്ധിച്ച്.

സൂചന:- 1) അങ്ങയുടെ 04/01/2023 ലെ ഡി സി എം പിഎം/ 9297/2018/ബി5 നമ്പർ കത്ത്.
2) ഈ ഓഫീസിലെ 07/03/2022 ലെ സി1/7078/202 നമ്പർ റിപ്പോർട്ട്.
3) ഈ ഓഫീസിൽ നിന്നും അങ്ങേയ്ക്ക് അയച്ച 08/07/2021 ലെ ഇതേ നമ്പർ റിപ്പോർട്ട്.
4) കൊണ്ടോട്ടി പൊതുമരാമത്ത് കെട്ടിട വിഭാഗം അസി. എഞ്ചിനീയറുടെ 23/01/2023 ലെ കെ.ബി. എസ് / മിനി സിവിൽ സ്റ്റേഷൻ/2023 നമ്പർ കത്ത്.
5) കൊണ്ടോട്ടി നഗരസഭ സെക്രട്ടറിയുടെ 06/07/2021 ലെ ഇ1/5176/21 നമ്പർ കത്ത്.

******

സൂചനകളിലേയക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ച് കൊള്ളുന്നു. കൊണ്ടോട്ടി താലൂക്കിൽ ആസ്ഥാനമായി മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി കൊണ്ടോട്ടി താലൂക്കിൽ നെടിയിരുപ്പ് വില്ലേജിൽ കൊണ്ടോട്ടി കുറുപ്പത്ത് ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊണ്ടോട്ടി സബ് രജിസ്ട്രാർ ഓഫീസും സബ്ട്രഷറി ഓഫീസും, സ്ഥിതി ചെയ്യുന്ന ബ്ലോക്ക് 36 ൽ റീ.സ 29/3 ൽ പ്പെട്ട 0.1310 ഹെക്ടർ ഭൂമിയിൽ ഇപ്പോൾ പഴയ രജിസ്ട്രാർ ഓഫീസ് നിൽക്കുന്ന സ്ഥലവും ഒഴിഞ്ഞ് കിടക്കുന്ന സ്ഥലവും ഉൾപ്പെടെ $16^{1/2}$ സെന്റ് സ്ഥലത്ത് ബഹുനില കെട്ടിടം

നിർമ്മിച്ച് താലൂക്ക് ഓഫീസും (റവന്യൂ ടവർ) സ്ഥല ലഭ്യതക്കനുസരിച്ച് മറ്റ് ഓഫീസുകളും അനുവദിക്കാമെന്ന് സൂചന(2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഈ വിഷയത്തിൽ ആകെ ലഭ്യമായ സർക്കാർ ഭൂമിയുടെ വിസ്തീർണ്ണവും ഇവിടെ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന്റെ സാധ്യതയും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് റിപ്പോർട്ട് ചെയ്യുവാൻ സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നു.ടി ഭൂമി 0.1310 ഹെക്ടർ വിസ്തീർണ്ണമുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുമാണ്. റവന്യൂ ഭൂമിയല്ല.

ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കൊണ്ടോട്ടി എം എൽ എ യുടെ അദ്ധ്യക്ഷതയിൽ 18/01/2023 ന് കൊണ്ടോട്ടി തഹസിൽദാർ, പൊതുമരാമത്ത് കെട്ടിട വിഭാഗം കൊണ്ടോട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊണ്ടോട്ടി അഡീഷണൽ അസിസ്റ്റന്റ് എഞ്ചിനീയർ (പൊതുമരാമത്ത് കെട്ടിട വിഭാഗം) കൊണ്ടോട്ടി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയുണ്ടായി. നേരത്തെ ശുപാർശ ചെയ്തിരുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി സംബന്ധിച്ച വിഷയം യോഗം ചർച്ച ചെയ്തു. ദേശീയപാതയോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് ഭാവിയിൽ റോഡ് വികസനം നടക്കാൻ സാധ്യതയുണ്ടെന്നും, നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ ഉൾക്കൊള്ളാൻ ടി സ്ഥലത്ത് സാധിക്കില്ലെന്നും യോഗം വിലയിരുത്തുകയുണ്ടായി. അത്പോലെ നിലവിലുള്ള സാഹചര്യത്തിൽതന്നെ റോഡിൽ ട്രാഫിക് ബ്ലോക്ക് ഉണ്ടാവുന്നുണ്ടെന്നും ആയത് വർദ്ധിപ്പിക്കുവാൻ സാധ്യതയുണ്ടെന്നും യോഗം അഭിപ്രായപ്പെടുകയുണ്ടായി. വളരെ ജനത്തിരക്കുള്ള ടി സ്ഥലത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം അപ്രായോഗികമാണെന്നും വാണിജ്യ പ്രാധാന്യമുള്ള ടി സ്ഥലത്തോട് ചേർന്നുള്ള സ്വകാര്യ ഭൂമി ഏറ്റെടുക്കൽ ചെലവേറിയ കാര്യമാണെന്നും യോഗം വിലയിരുത്തുകയുണ്ടായി.

ഇക്കാര്യത്തിൽ സാങ്കേതികത്വം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് യോഗം പിഡബ്ല്യുഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം സൂചന (4) അനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പുതുതായി വരുന്ന മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ആവശ്യപ്പെട്ട ഓഫീസുകളുടെ മൊത്തം വിസ്തീർണ്ണം ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നതിനേക്കാൾ (1374.56 M2) കൂടുതലായതിനാൽ സ്ഥല സൗകര്യം പര്യാപ്തമല്ലെന്നും ദേശീയപാതകയോട് ചേർന്ന് നിൽക്കുന്ന സ്ഥലം റോഡ് വികസനത്തെ തുടർന്ന് നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും നല്ല ട്രാഫിക്ക് ജാം ഉള്ള ടിസ്ഥലത്ത് സിവിൽ സ്റ്റേഷൻ വന്നാൽ

ട്രാഫിക്ക് ബ്ലോക്ക് ഉണ്ടാവാൻ സാധ്യതയുണ്ടെന്നും സ്ഥലം വളരം കുറവായതിനാൽ പാർക്കിംഗ്, ഫയർ&സേഫ്റ്റി ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ സാധിക്കില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ടാക്കിയിട്ടുണ്ട്.

അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന കൊണ്ടോട്ടിയിൽ ദേശീയപാത യോട് ചേർന്നുള്ള പരിമിതമായ സ്ഥലത്ത് സിവിൽ സ്റ്റേഷൻ നിർമാണം സാധ്യമ ല്ലെന്നും ആയത് ഭാവി വികസനത്തെ ബാധിക്കുമെന്നും കാണുന്നു.

കൊണ്ടോട്ടി താലൂക്ക് 2014-ൽ ആരംഭിച്ചത് മുതൽ താലൂക്ക് ഓഫീസ് വാട ക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പരിമിതമായ സൗകര്യത്തിൽ ജോലി ചെയ്യു ന്നത് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യുന്ന തിനോ മീറ്റിംഗുകൾ കൂടുന്നതിനോ സൗകര്യമില്ലാത്തതാണ്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, ലീഗൽ മെട്രോളജി ഓഫീസ്, സബ്റീജിയ ണൽ ട്രാൻസ്പോർട്ട് ഓഫീസ്, മൈനർ ഇറിഗേഷൻ ഓഫീസ്, ഇറിഗേഷൻ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ ഓഫീസ് എന്നിവയും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

കൂടാതെ നെടിയിരുപ്പ് കൊണ്ടോട്ടി കൃഷിഭവനുകൾ, പൊതുമരാമത്ത് റോഡ് ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, എസ്.സി ഡെവലപ്പ്മെന്റ് ഓഫീസ്, എംപ്ലോയിമെന്റ് & ഗൈഡൻസ്, പെർഫോർമൻസ് ഓഡിറ്റ് എന്നിവയ്ക്ക് പരി മിതമായ സൗകര്യത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

കൂടാതെ കൊണ്ടോട്ടി താലൂക്കിന്റെ ഭാഗമായി ഭാവിയിൽ കോടതിയും ഫയർ & സേഫ്റ്റി ഓഫീസും മറ്റ് താലൂക്ക് തല ഓഫീസുകളും ആവശ്യമായി വരും എന്നും കാണുന്നു.

മേൽ കാര്യങ്ങളെല്ലാം പരിഗണിച്ച് മേൽ ഓഫീസുകളെയെല്ലാം ഉൾക്കൊള ളുന്ന തരത്തിലുള്ള 2.0 ഏക്കറോളം ഭൂമി അത്യാവശ്യമാണെന്ന് കാണുന്നു. ആയതി നാൽ ഈ ഓഫീസിൽ നിന്നും സൂചന മൂന്ന് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പരാ മർശിക്കുന്ന ട്രിഗർ ലൊജിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയി ലുള്ള കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 റീസ 10/3, 10/4, 10/7, 10/8, 10/9, 10/21, 10/22 എന്നീ സർവ്വേ നമ്പറുകളിലുള്ള ഉദ്ദേശം 1.75 ഏക്കർ സ്ഥലത്ത് തെക്ക് ഭാഗത്തുള്ള ദേശീയപാതയിൽ നിന്നും പത്ത് മീറ്റർ റോഡ് സൗകര്യത്തോട്കൂടി സിവിൽ സ്റ്റേഷൻ

നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നത് ഉചിതമാണെന്ന് കാണുന്നു. മേൽ സ്ഥലം എൽ എ ആക്ട് പ്രകാരമോ, നെഗോസിയേഷൻ പർച്ചേഴ്സ് പ്രകാരമോഏറ്റെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സ്ഥലം കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും 2 കി.മീ മാത്രം അകലെ ആയതിനാൽ എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സിയ്ക്ക് വിധേയമായി 06 നില കെട്ടിടം നിർമ്മിക്കാവുന്നതാണെന്ന് സൂചന (5) മുൻസിപ്പൽ സെക്രട്ടറി റിപ്പോർട്ടാക്കിയിട്ടുണ്ട്.

വിശ്വാസപൂർവ്വം ,

തഹസിൽദാർ

ഉള്ളടക്കം

അസി. എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന്റെ കത്ത്.

549

# കേരള പൊതുമരാമത്ത് വകുപ്പ്

**അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം**

**കെട്ടിട വിഭാഗം, കൊണ്ടോട്ടി,തുറക്കൽ.പി.ഒ, 673638**

aebuildingskondotty@gmail.com

നമ്പർ. കെ.ബി.എസ്/മിനിസിവിൽ സ്റ്റേഷൻ/2023 തീയതി : 23.01.2023

പ്രേഷകൻ,
അസിസ്റ്റന്റ് എഞ്ചിനീയർ

സ്വീകർത്താവ്,
തഹസിൽദാർ
കൊണ്ടോട്ടി താലൂക്ക്

സർ,

വിഷയം:- കൊണ്ടോട്ടി സബ് ട്രഷറി, സബ് രജിസ്ട്രാർ കെട്ടിടം നിൽക്കുന്ന സ്ഥലം മിനി സിവിൽ സ്റ്റേഷനു അനുയോജ്യമാണോ എന്ന് വിലയിരുത്തുന്നതിനായി 18-01-23 നു നടന്ന മീറ്റിംഗ് - സംബന്ധിച്ച്.

സൂചന:- 1. 07.03.2022 തിയ്യതിയിൽ ഈ ഓഫീസിൽ നിന്നും അയച്ച ഇതേ നമ്പർ കത്ത്.
2. 18.01.2023 തിയ്യതിയിൽ കൊണ്ടോട്ടി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ നടന്ന മീറ്റിംഗ്.

പുതുതായി അനുവദിച്ച കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷനു നിലവിൽ സബ് ട്രഷറി-സബ് രജിസ്ട്രാർ കെട്ടിടം നിൽക്കുന്ന സ്ഥലം അനുയോജ്യമാണോ എന്ന് വിലയിരുത്താൻ 18.01.2023 ന് കൊണ്ടോട്ടി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തന്നെ തത്വത്തിൽ മേൽ സൂചിപ്പിച്ച സ്ഥലം അനുയോജ്യമല്ല എന്ന് പങ്കെടുത്ത എല്ലാവരും വിലയിരുത്തിയിട്ടുണ്ട്.

സൂചന (1) പ്രകാരം ഈ ഓഫീസിൽ നിന്നും അയച്ച റിപ്പോർട്ടിൽ കൊണ്ടോട്ടി സബ്ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന ഇതേ സ്ഥലം പരിശോധിച്ചതാണ്. സബ്ട്രഷറി, സബ് രജിസ്ട്രാർ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം നില നിർത്തുകയും, ബാക്കിയുള്ള പഴയ കെട്ടിടങ്ങൾ ബസ് സ്റ്റോപ്പ് ഉൾപ്പെടെ പൊളിച്ചു മാറ്റുകയും ചെയ്താൽ ലഭ്യമാകുന്ന സ്ഥലത്ത് ഒരു നിലയിൽ 343.64 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിടം പണിയാവുന്നതാണ്. താഴെ നില പാർക്കിംഗായി നാലു നില കെട്ടിടം നിർമ്മിക്കാവുന്നതാണ്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1374.56 ചതുരശ്ര മീറ്ററും, ഉയരം റോഡ് നിരപ്പിൽ നിന്നും 15.38 മീറ്ററും ഉണ്ടായിരിക്കും. നിലവിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത് ഉയർന്ന സ്ഥലത്ത് ആയതിനാൽ അവിടേക്ക് റാമ്പ് സൗകര്യം നൽകേണ്ടി വരും. കൂടാതെ സ്ഥലം റോഡ് നിരപ്പിലേക്ക് താഴ്ത്തുമ്പോൾ വശങ്ങളിൽ സംരക്ഷണ ഭിത്തി ആവശ്യമായി വരും.

പുതുതായി വരുന്ന മിനി സിവിൽ സ്റ്റേഷനിലേക്ക് സ്ഥലം ആവശ്യപ്പെട്ട ഓഫീസുകളുടെ മൊത്തം വിസ്തീർണ്ണം മേൽ റിപ്പോർട്ട് ചെയ്ത വിസ്തീർണ്ണത്തേക്കാൾ കൂടുതലാണ്. ആയതിനാൽ നിലവിൽ തന്നെ സ്ഥലം അപര്യാപ്തമായി വരികയും ഭാവിയിൽ വികസനത്തിന് തടസ്സമാവുകയും ചെയ്യും.

കൂടാതെ നിലവിൽ ദേശീയപാതയോട് വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥലം ഭാവിയിൽ റോഡ് വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെടാനും സാധ്യതയുണ്ട്. ഇപ്പോൾ തന്നെ ദേശീയ പാതയിൽ സാമാന്യം നല്ല ട്രാഫിക്കുള്ള ഈ സ്ഥലം മിനി സിവിൽ സ്റ്റേഷൻ വന്നാൽ സ്ഥിരം ട്രാഫിക് ബ്ലോക്കുണ്ടാക്കാനും സാധ്യതയുണ്ട്. മുകളിൽ സൂചിപ്പിച്ച സ്ഥലത്തിന്റെ മൊത്തം വിസ്തീർണ്ണം താരതമ്യേന കുറവായതിനാൽ പാർക്കിംഗ്, ഫയർ & സേഫ്റ്റി ഉൾപ്പെടെ എല്ലാ മാനദണ്ഡങ്ങളും കൃത്യമായി പാലിക്കാൻ പരിമിതികൾ ഉണ്ട്. ആയതിനാൽ ഭാവി വികസനവും കൂടെ കണക്കിലെടുത്ത് മേൽ സൂചിപ്പിച്ച സ്ഥലത്തിനേക്കാളും ഉചിതമായ വിശാലമായ സ്ഥലം പരിഗണിക്കാവുന്നതാണ്.

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം
കൊണ്ടോട്ടി, തുറക്കൽ പി.ഒ

Scanned with OKEN Scanner

I/5551986/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ. റവ-എഫ്2/152/2021-റവ

റവന്യൂ (എഫ്) വകുപ്പ്
28-12-2022,തിരുവനന്തപുരം
ഫോൺ: 0471 2518480
E-mail:revenuef8480@gmail.com

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം- സംബന്ധിച്ച്

സൂചന:- താങ്കളുടെ 23-10-2022 തീയതിയിലെ DCMPM/9297/2018-B5 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം, പ്രസ്തുത ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പര്യാപ്തമാണോ, മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ ഏറ്റവും കുറഞ്ഞത് എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരും എന്നീ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ശ്രീ ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

I/186041/2022

<u>ഭരണഭാഷ-മാതൃഭാഷ</u>

DCMPM/9297/2018-B5

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :23-10-2022

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
റവന്യൂ(ബി) വകുപ്പ്
തിരുവനന്തപുരം

ബഹുമാനപ്പെട്ട സർ,

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - ഭൂമി ലഭ്യമാക്കുന്നത് - ഈ കാര്യാലയത്തിലെ 01/04/2022, 26/09/2022 തിയ്യതികളിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ - തുടർനടപടികൾക്കായി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :-

1. കൊണ്ടോട്ടി തഹസിൽദാരുടെ 31/08/2021 തിയ്യതിയിലെ സി1.7098/2020 നം. റിപ്പോർട്ട്.
2. ഈ കാര്യാലയത്തിലെ 02/09/2021 തിയ്യതിയിലെ ഇതേ നം. റിപ്പോർട്ട്.
3. അങ്ങയുടെ 26/10/2021 തിയ്യതിയിലെ റവ-ബി.2/146/2020 നം. കത്ത്.
4. ഈ കാര്യാലയത്തിലെ 17/12/2021 തിയ്യതിയിലെ ഇതേ നം. കത്ത്.
5. 21/02/2022 തിയ്യതിയിലെ ബഹു.റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.കൊണ്ടോട്ടി എം.എൽ.എ യുടേയും ബഹു. ലാന്റ് റവന്യൂ കമ്മീഷണറുടേയും സാന്നിദ്ധ്യത്തിൽ നടന്ന യോഗ തീരുമാനം.
6. ഈ കാര്യാലയത്തിലെ 01/04/2022 തിയ്യതിയിലെ ഇതേ നം. റിപ്പോർട്ട്.
7. അങ്ങയുടെ 19/4/22 ,30/8/22 തിയ്യതികളിലെ റവ.ബി2/146/2020-റവ നം കത്തുകൾ.
8. ഈ കാര്യാലയത്തിലെ 03/08/2022 ,11/10/22 തിയ്യതികളിലെ DCMPM/9860/2020-LA2 നം. റിപ്പോർട്ടുകൾ.
9. ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ 03/06/2022 തിയ്യതിയിലെ LR/6128/22(M1), 08/08/2022 തിയ്യതിയിലെ LR/2706/2021-LR(C4) നം. കത്തുകൾ.
10. അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ എഫ് വകുപ്പ്) കാര്യാലയത്തിലെ 10/07/2022 തിയ്യതിയിലെ റവ.എഫ്.2/152/2021 നം. കത്ത്.

**********************

സൂചനകളിലേക്ക് സവിനയം അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു. കൊണ്ടോട്ടി എം.എൽ.എ ശ്രീ. ടി.വി ഇബ്രാഹിം സാന്നിദ്ധ്യത്തിൽ ജില്ലാ വികസന കമ്മീണറുടെ അദ്ധ്യക്ഷതയിൽ 25/08/2021 തിയ്യതിയിൽ ഈ കാര്യാലയത്തിൽ വെച്ച നടന്ന യോഗത്തിൽ എം.എൽ.എ അറിയിച്ചതു പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലുള്ളതും ഡാറ്റാ ബാങ്കിൽ നിലം ആയി രേഖപ്പെടുത്തിയിട്ടുള്ളതും ഗവൺമെന്റ് ഒരിക്കൽ നിരസിച്ചിട്ടുള്ളതുമായ കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ റീ.സ 376/1 ൽ പെട്ട 1 ഏക്ര 56 സെന്റ് വയൽ ഭൂമിയിൽ 70 സെന്റ് ഭൂമിക്ക് തരം മാറ്റ അനുമതി നൽകിയോ കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സർവ്വെ നം. 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4 ൽ പെട്ട 1.75 ഏക്ര ഭൂമി ലാന്റ് അക്വസിഷൻ നടപടികൾ മുഖാന്തിരം ഏറ്റെടുക്കാവുന്നതോ ആണെന്നും കാണിച്ച് സൂചന 2 പ്രകാരം 02/09/2021 തിയ്യതിയിൽ ഈ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് സമർപ്പിച്ചിരുന്നതാണ്.

സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിൽ നെൽവയലല്ലാത്ത സർക്കാർ ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സൂചന 3 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനനുയോജ്യമായ ഇത്തരത്തിലുള്ള കരഭൂമി പരിശോധന നടത്തിയെങ്കിലും ലഭ്യമായിട്ടില്ലെന്ന് സൂചന 1 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ റീ.സ 376/1 ൽ പെട്ട നിലം ഭൂമി നിർദ്ദേശിച്ചതിനെതിരായും കൊണ്ടോട്ടി കൊളത്തൂരിലെ 2 ഏക്കർ ഭൂമി എൽ.എ ആക്ട് പ്രകാരം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. റഹ്മത്ത് ഷാജഹാൻ എന്നവർ സർക്കാർ തലത്തിൽ പരാതികൾ സമർപ്പിക്കുകയും മേൽ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. അലി വൈതലപ്പറമ്പിൽ എന്നവർ ബഹു. ഹൈക്കോടതിയിൽ WP(C) 26620/2021 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായി. മേൽ കേസിലെ 25/11/2021 തിയ്യതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം ലഭ്യമാക്കുകയുണ്ടായി. ഉത്തരവ് പ്രകാരം ശ്രീ. റഹ്മത്ത് ഷാജഹാൻ എന്നവർ സർക്കാർ തലത്തിൽ നൽകിയ പരാതി പരിഗണിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെടുകയും മുനിസിപ്പാലിറ്റി കൈവശമുള്ള വയൽ ഭൂമി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പരിഗണനക്കെടുത്തിട്ടില്ലെന്ന് പരാതിക്കാരന് സർക്കാർ തലത്തിൽ മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 5 പ്രകാരം 21/02/2022 തീയതിയിൽ ബഹു.റവന്യൂ ഭവന നിമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു. ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. കെ. ബിജു ഐ.എ.എസ്. കൊണ്ടോട്ടി എം.എൽ.എ ശ്രീ. ടി.വി. ഇബ്രാഹിം, കൊണ്ടോട്ടി മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ല കലക്ടർ മലപ്പുറം, ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ മലപ്പുറം, കൊണ്ടോട്ടി തഹസിൽദാർ, സ്പെഷ്യൽ തഹസിൽദാർ എൽ.എ. എയർപോർട്ട് എന്നിവരുൾപ്പെട്ട യോഗം വീഡിയോ കോൺഫ്രൺസ് വഴി യോഗംചേരുകയുണ്ടായി.

പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ആണ്

I/186041/2022

റിപ്പോർട്ട് ചെയ്യാൻ സൂചന 9 ഉം 10 ഉം പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

21/02/2022 തിയതിയിൽ ചേർന്ന യോഗ തീരുമാനം പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസ് ചെയ്തിരുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള വയൽ ഭൂമിയല്ലാതെ ലഭ്യമായ മറ്റ് ഭൂമികളെ സംബന്ധിച്ച് വിവിധ വകുപ്പുകളുൾപ്പെട്ട സബ് കമ്മിറ്റി ചേരാൻ നിദ്ദേശിക്കുകയും സബ് കമ്മിറ്റി യോഗം ചേർന്ന് ലഭ്യമായ ഭൂമികളുടെ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ഉണ്ടായി. ആയതു പ്രകാരം കൊണ്ടോട്ടി താലൂക്ക് ഓഫീസിൽ വെച്ച് LR ഡെപ്യൂട്ടി കലക്ടറുടെ അദ്ധ്യക്ഷതയിൽ 24/02/2022 തീയതിയിൽ കൊണ്ടോട്ടി തഹസിൽദാർ, വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് കലക്ടേറ്റ് ലാന്റ് അക്വസിഷൻ വിഭാഗം, കരിപ്പൂർ എയർപ്പോർട്ട് വിഭാഗം, ജിയോളജി വിഭാഗം, പൊതുമരാമത്ത് വിഭാഗം, ഫിഷറീസ് വിഭാഗം, സർവ്വെ ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട സബ് കമ്മിറ്റി അംഗങ്ങൾ യോഗം ചേരുകയും കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 28/02/2022, 07/03/2022 തീയതികളിൽ കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കൊണ്ടോട്ടി സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങൾ നിലനിർത്തിക്കൊണ്ടും ടി ഭൂമിയിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചും ലഭ്യമാകുന്ന സ്ഥലത്ത് സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങളിലേക്ക് റാമ്പ് സൗകര്യം ഒരുക്കി 1374.56 ചതുരശ്ര വിസ്തീർണ്ണത്തിൽ താഴത്തെ നിലയിൽ പാർക്കിംഗ് സൗകര്യത്തോടെ 4 നില കെട്ടിടം നിർമ്മിക്കാവുന്നതാണെന്ന് സൂചന 6 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ റി.സ സർവ്വെ നം. 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4 ൽ പെട്ട 1.75 ഏക്കർ ഭൂമി 2013 ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന ഏകദേശ തുക കണക്കാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ സൂചന 7 പ്രകാരം ജില്ലാ കലക്ടർ/ഡെ.കലക്ടർ (എൽ.എ) യോട് നിർദ്ദേശിച്ചിട്ടുള്ളതും ആയത് പ്രകാരം കൊണ്ടോട്ടി തഹസിൽദാറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി, DCMPM/9860/2020-LA2 നമ്പറായി സൂചന 8 പ്രകാരം അങ്ങേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

മേൽവിഷയത്തിൽ, കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ,ജില്ലാ കളക്ടർ സർക്കാരിലേക്ക് 1/4/22 ന് സമർപ്പിച്ച സർക്കാർഭൂമി ലഭ്യത സംബന്ധിച്ച റിപ്പോർട്ട് അങ്ങേക്ക് പരിശോധിക്കുന്നതിനായും തുടർനടപടിസംബന്ധിച്ച ഉത്തരവിനായും സമർപ്പിക്കുന്നു.

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

Signed by
ANVER SADATH P
Letha K
ജില്ലാ കളക്ടർക്ക് വേണ്ടി
Date: 23-10-2022 11:46:54

ഉള്ളടക്കം :-

1. ഈ കാര്യാലയത്തിലെ 01/04/2022 തിയ്യതിയിലെ ഇത നം. പ്രൊപ്പോസൽ.
2. ഈ കാര്യാലയത്തിലെ 26/09/2022 തിയ്യതിയിലെ ഇതേ നം. റിപ്പോർട്ട്.

ഭരണഭാഷ-മാതൃഭാഷ

DCMPM/9297/2018-B5

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :26-09-2022

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - ഭൂമി ലഭ്യമാക്കുന്നത് - 21/02/2022 തിയ്യതിയിലെ യോഗ തീരുമാനം - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 10/07/2022 തിയ്യതിയിലെ എഫ്.2/152/2021-റവ നം. കത്ത്.
2. അങ്ങയുടെ 08/08/2022 തിയ്യതിയിലെ എൽ.ആർ/2706/2021-എൽ.ആർ.സി4 നം. കത്ത്.
3. ഈ കാര്യലയത്തിലെ 01/04/2022 തിയ്യതിയിലെ ഇതേ നം. റിപ്പോർട്ട്.

**********************

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 21/02/2022 തിയ്യതിയിൽ ബഹു. റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ കെ. രാജൻ അവർകളുടെ അദ്ധ്യക്ഷതയിൽ ലാൻഡ് റവന്യൂ കമ്മീഷണർ ശ്രീ. കെ.ബിജു. ഐ.എ.എസ്, കൊണ്ടോട്ടി എം.എൽ.എ ശ്രീ. ടി.വി ഇബ്രാഹിം, കൊണ്ടോട്ടി മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ല കലക്ടർ മലപ്പുറം, ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ മലപ്പുറം, കൊണ്ടോട്ടി തഹസിൽദാർ, സ്പെഷ്യൽ തഹസിൽദാർ എൽ.എ എയർപോർട്ട് എന്നിവരുൾപ്പെട്ട യോഗം വീഡിയോ കോൺഫ്രൺസ് വഴി ചേരുകയുണ്ടായി.

കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു. കൊണ്ടോട്ടി എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ 25/08/2021 തിയ്യതിയിൽ ജില്ലാ വികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഈ കാര്യാലയത്തിൽ വെച്ച നടന്ന യോഗത്തിൽ എം.എൽ.എ അറിയിച്ചു പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലുള്ളതും ഡാറ്റാ ബാങ്കിൽ നിലം ആയി രേഖപ്പെടുത്തിയിട്ടുള്ളതും ഗവൺമെന്റ് ഒരിക്കൽ നിരസിച്ചിട്ടുള്ളതുമായ കൊണ്ടോട്ടി വില്ലജ് ബ്ലോക്ക് 12 ൽ റീ.സ 376/1 ൽ പെട്ട 1 ഏക്ര 56 സെന്റ് ഭൂമിയിൽ 70 സെന്റ് ഭൂമിക്ക് തരം മാറ്റാനനുമതി നൽകുകയോ കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റ

സർവ്വെ നം . 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3 ൽപെട്ട 1.75 ഏക്കർ ഭൂമി ലാന്റ് അക്വസിഷൻ മുഖേന ഏറ്റെടുക്കാവുന്നതോ ആണെന്ന് കാണിച്ച് 2/9/2021 തിയ്യതിയിൽ അങ്ങേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള കൊണ്ടോട്ടി ബ്ലോക്ക് 12 ൽ റി.സ 376/1 ൽ പെട്ട വയൽ ഭൂമി നിർദ്ദേശിച്ചതിനെതിരായും കൊണ്ടോട്ടി കൊളത്തൂരിലെ 2 ഏക്കർ ഭൂമി എൽ.എ ആക്ട് പ്രകാരം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. റഹ്മത്ത് ഷാജഹാൻ എന്നവർ സർക്കാർ തലത്തിൽ പരാതി സമർപ്പിക്കുകയും മേൽ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. അലി വൈതലപ്പറമ്പിൽ എന്നവർ ബഹു. ഹൈക്കോടതിയിൽ WPC NO.26620/21 നം. കേസ് ഫയൽ ചെയ്യുകയുമുണ്ടായി. മേൽ കേസിലെ 25/11/2021 തിയ്യതിയിലെ ഉത്തരവ് പ്രകാരം ശ്രീ. റഹ്മത്ത് ഷാജഹാൻ എന്നവർ സർക്കാർ തലത്തിൽ നൽകിയ പരാതിയിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകയും മുനിസിപ്പാലിറ്റി കൈവശമുള്ള വയൽ ഭൂമി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പരിഗണനക്കെടുത്തിട്ടില്ലെന്ന് പരാതിക്കാരന് സർക്കാർ തലത്തിൽ മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ 21/02/2022 തിയ്യതിയിൽ ചേർന്ന യോഗതീരുമാനം പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസ് ചെയ്തിരുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള വയൽ ഭൂമിയല്ലാതെ ലഭ്യമായ മറ്റ ഭൂമികളെ സംബന്ധിച്ച് വിവിധ വകുപ്പുകളുൾപ്പെട്ട സബ് കമ്മിറ്റി ചേരാൻ നിർദ്ദേശിക്കുകയും സബ് കമ്മിറ്റി യോഗം ചേർന്ന് ലഭ്യമായ ഭൂമികളുടെ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടുകയും ഉണ്ടായി. യോഗ തീരുമാനം പ്രകാരം കൊണ്ടോട്ടി താലൂക്ക് ഓഫീസിൽ വെച്ച് L.R ഡെപ്യൂട്ടി കലക്ടറുടെ അധ്യക്ഷതയിൽ 24/02/2022 തിയ്യതിയിൽ കൊണ്ടോട്ടി തഹസിൽദാർ, വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് കലക്ടേറ്റ് ലാന്റ് അക്വസിഷൻ വിഭാഗം, കരിപ്പൂർ എയർപോർട്ട് വിഭാഗം, ജിയോളജി വിഭാഗം, പൊതുമരാമത്ത് വിഭാഗം, ഫിഷറീസ് വിഭാഗം, സർവ്വെ ഉദ്ധ്യോഗസ്ഥർ, റവന്യൂ ഉദ്ധ്യോഗസ്ഥർ എന്നിവരുൾപ്പെട്ട സബ് കമ്മിറ്റി അംഗങ്ങൾ യോഗം ചേരുകയും കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 28/02/2022, 07/03/2022 തിയ്യതികളിൽ കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01/04/2022 തിയ്യതിയിൽ കൊണ്ടോട്ടി സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങൾ നിലനിർത്തിക്കൊണ്ടും പഴയ കെട്ടിടങ്ങൾ പൊളിച്ചും ലഭ്യമാകുന്ന സ്ഥലത്ത് സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങളിലേക്ക് റാമ്പ് സൗകര്യം ഒരുക്കി 1374.56 ചതുരശ്ര വിസ്തീർണ്ണത്തിൽ താഴത്തെ നിലയിൽ പാർക്കിംഗ് സൗകര്യത്തോടെ 4 നില കെട്ടിടം നിർമ്മിക്കാവുന്നതാണെന്ന് ഇതേ നമ്പർ പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.

നിലവിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ റി.സ സർവ്വെ നം . 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3 ൽപെട്ട 1.75 ഏക്കർ ഭൂമി 2013 ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന ഏകദേശ തുക കണക്കാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 19/04/2022 ലെ

I/179793/2022

റവ-ബി2/146/2020-റവ നമ്പർ കത്ത് പ്രകാരം ജില്ലാ കലക്ടർ/ഡെ.കലക്ടർ (എൽ.എ) യോട് സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ളതും ആയത് പ്രകാരം കൊണ്ടോട്ടി തഹസിൽദാറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി, DCMPM/9860/2020-LA2 നമ്പറായി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

ANVER SADATH P

ജില്ലാ കളക്ടർക്ക് വേണ്ടി

Signed by
Anver Sadath P
Date: 26-09-2022 12:39:21

DCMPM/9860/2020-LA2

210457/2023
കളക്ടറേറ്റ്

കലക്ടറേറ്റ് മലപ്പുറം
16-01-2023

<u>എൽ.ആർ. ഡെപ്യൂട്ടി കലക്ടർക്കുള്ള കുറിപ്പ്</u>

കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ സെക്ഷനിൽ നിലവിൽ നടപടികളൊന്നും സ്വീകരിച്ച് വരുന്നില്ല. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ ഏറ്റവും കുറഞ്ഞത് എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരും എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട യോഗത്തിൽ കൂടിയാലോചിച്ച് (28/12/22 ലെ സർക്കാർ കത്ത് പ്രകാരം) തീരുമാനമെടുക്കാവുന്നതാണെന്ന വിവരം അറിയിക്കുന്നു.

Signed by
Letha K
Date: 16-01-2023 15:59:49
DEPUTY COLLECTOR(LA)

കളക്ടറേറ്റ്
17 JAN 2023
മലപ്പുറം

**ഓർമ്മക്കുറിപ്പ്**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ. റവ-എഫ്2/152/2021-റവ

റവന്യൂ (എഫ്) വകുപ്പ്
10-07-2022,തിരുവനന്തപുരം
ഫോൺ: 0471 2518480
E-mail:revenuef8480@gmail.com

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1. കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
2. ജില്ലാ കളക്ടർ, മലപ്പുറം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം- 21.02.2022 തീയതിയിലെ യോഗം - സംബന്ധിച്ച്.

സൂചന:- 1. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 21.02.2022 തീയതി ചേർന്ന യോഗതീരുമാനം.
2. 16.03.2022 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 21.02.2022 തീയതി ചേർന്ന യോഗതീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ANILKUMAR K
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Pushpavally B
Date: 11-07-2022 09:39:19
സെക്ഷൻ ഓഫീസർ.

IS244055/2022

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

നമ്പർ.റവ - ബി 2/146/2020-റവ

19-04-2022,തിരുവനന്തപുരം

25 APR 2022

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ കളക്ടർ, മലപ്പുറം

ഡെപ്യൂട്ടി കളക്ടർ (എൽ.എ), മലപ്പുറം

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. താങ്കളുടെ 17.12.2021-ലെ DCMPM/9297/2018-B5 നമ്പർ കത്ത്

2. 16.03.2022-ലെ ബഹു. കൊണ്ടോട്ടി എം.എൽ.എ യുടെ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് നം.12 ൽ റീസർവ്വേ 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4 ൽ ഉൾപ്പെട്ട 1.75 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന ഏകദേശ തുക കണക്കാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

അബ്ദുൾ നാസർ ബി ഐ എ എസ്

അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Signed by Binu Varghese

Date: 19-04-2022 11:32:21

**അടിയന്തരം- അത്യാവശ്യം**

സി1-7098/2020

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311
ഇ-മെയിൽ : tah.kondotty.rev@kerala.gov.in
പിൻ- 673 638
തീയതി : 19/04/2022

പ്രേഷകൻ

തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്

ജില്ലാ കലക്ടർ ,
മലപ്പുറം .

സർ,

വിഷയം :- കൊണ്ടോട്ടി - മിനി സിവിൽ സ്റ്റേഷൻ - നിർമ്മാണം -നടപടി സ്വീകരിക്കുന്നത്- അപേക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) അങ്ങയുടെ 22.01.2022 ലെ ഡിസിഎംപിഎം/9297/2018/ബി5 നമ്പർ കത്ത്.
2) ഈ കാര്യാലയത്തിലെ 28.02.2022 ലെ ഇതേ നമ്പർ കത്ത്.

******

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിയ്ക്കുന്നു. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ സ്ഥലമെടുപ്പ് സംബന്ധിച്ച് ഡെപ്യൂട്ടി കലക്ടർ (എൽ.ആർ) ന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് , സർക്കാർ ഭൂമികളുടെയും സ്വകാര്യ ഭൂമികളുടെയും സംബന്ധിച്ച് പരിശോധന നടത്തി പ്രസ്തുത സ്ഥലങ്ങളെ സംബന്ധിച്ച വിശദമായ റിപ്പോർട്ടും സ്കെച്ചും സൂചന (1) പ്രകാരം അങ്ങേയ്ക്ക് സമർപ്പിച്ചിരുന്നു.

ടി റിപ്പോർട്ടിൽ നിലവിൽ കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിയ്ക്കുന്ന സ്ഥലവും (പഴയ മുൻസിപ്പാലിറ്റി ഓഫീസ്) രജിസ്ട്രാർ ഓഫീസ് പ്രവർത്തിയ്ക്കുന്ന സർക്കാർ ഭൂമിയും ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിയ്ക്കുമ്പോൾ അക്വിസിഷൻ നടപടികൾ ആവശ്യമായി വരുന്നില്ലെന്നും അങ്ങയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. (സൂചന (2) ലെ ഓപ്ഷൻ II A)

ടി സാഹചര്യത്തിൽ ഇപ്പോൾ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലവും (0.1130 ഹെക്ടർ ) സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലവും (0.2460 ഹെക്ടർ) ഒന്നിച്ച് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം ,

തഹസിൽദാർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.റവ-എഫ്2/152/2021-റവ

റവന്യൂ (എഫ്) വകുപ്പ്
16-03-2022,തിരുവനന്തപുരം.
ഫോൺ: 0471 2518480
E-mail:revenuef8480@gmail.com

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1. ശ്രീ.ടി.വി.ഇബ്രാഹിം എം.എൽ.എ. (കൊണ്ടോട്ടി), കേരള നിയമസഭ
   താഴത്ത് വീട്ടിൽ, അത്താണിക്കൽ, വെള്ളൂർ പി.ഒ., പൂക്കോട്ടൂർ,
   മലപ്പുറം- 676 517.
2. കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, മലപ്പുറം.
4. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), മലപ്പുറം.
5. തഹസീൽദാർ, കൊണ്ടോട്ടി, മലപ്പുറം.
6. തഹസീൽദാർ (എൽ.ആർ), കൊണ്ടോട്ടി, മലപ്പുറം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം- 21-02-2022 തീയതിയിലെ യോഗം - മിനിറ്റ്സ് അയയ്ക്കുന്നത്- സംബന്ധിച്ച്

സൂചന:- 10-02-2022 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 21-02-2022 തീയതിയിൽ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ഇതോടൊപ്പം അയയ്ക്കുന്നു.

പ്രസ്തുത യോഗതീരുമാനത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടർ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ടി ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

**<u>മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 21.02.2022-ന് ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്</u>**

<u>പങ്കെടുത്തവർ</u>

1. ശ്രീ.ടി.വി.ഇബ്രാഹിം, ബഹു. എം.എൽ.എ. കൊണ്ടോട്ടി.
2. ശ്രീ.ബിജു. കെ. ഐ.എ.എസ്, ലാന്റ് റവന്യൂ കമ്മീഷണർ.
3. ശ്രീ.വി.ആർ.പ്രേംകുമാർ ഐ.എ.എസ്, ജില്ലാ കളക്ടർ, മലപ്പുറം.
4. ശ്രീമതി. ഫാത്തിമത്ത് സുഹറാബി, ചെയർപേഴ്സൺ, കൊണ്ടോട്ടി മുനിസിപ്പാലിറ്റി
5. ശ്രീ.സനൂപ് പി, വൈസ് ചെയർമാൻ.
6. ശ്രീ.എ.മുനിയുദ്ദീൻ അലി, ചെയർമാൻ, മരാമത്ത്.
7. ശ്രീ. അഷറഫ്.എം, സ്റ്റാന്റിംഗ് കമ്മിറ്റി വൈസ് ചെയർമാൻ.
8. ശ്രീ.അബൂബക്കർ പുലിക്കത്ത്, തഹസീൽദാർ, കൊണ്ടോട്ടി.

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ രാവിലെ 11.15 ന് യോഗം ആരംഭിച്ചു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലെ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് യോഗം വിളിച്ചു ചേർത്തിട്ടുള്ളതെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ റീ-സർവ്വേ നമ്പർ 376/1-ൽ പ്പെട്ട 50 സെന്റ് സ്ഥലം നെൽവയൽ ആണെന്നും ബഹു.റവന്യൂ മന്ത്രി ആമുഖമായി പറഞ്ഞു. വർഷങ്ങളായി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നു വരികയാണെന്നും 2015-ൽ തന്നെ അന്നത്തെ എം.എൽ.എ ശ്രീ. മുഹമ്മദ് അലി ഹാജി തന്റെ അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും 2 കോടി രൂപ നീക്കി വച്ചിട്ടുള്ളതാണെന്നും മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള സ്ഥല ലഭ്യത കുറവ് കാരണമാണ് ഇന്നും മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുവാൻ തടസ്സമെന്നും ബഹു.കൊണ്ടോട്ടി എം.എൽ.എ. അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മുനിസിപ്പൽ കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തോടനുബന്ധിച്ചുള്ള 50 സെന്റ് നെൽവയൽ ആയ സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടു നൽകുവാൻ മുനിസിപ്പാലിറ്റി സമ്മതിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം നിയമപ്രകാരം ലഭ്യമാക്കാനാകാത്ത സാഹചര്യത്തിൽ മാത്രമേ മറ്റൊരു സ്ഥല ലഭ്യതയ്ക്കായി നീങ്ങേണ്ടതുള്ളുവെന്നും പൊതു ആവശ്യങ്ങൾക്കായി ഇത്തരം സ്ഥലങ്ങൾ നിയമപ്രകാരം ഉപയോഗിക്കാവുന്നതാണെന്നും എം.എൽ.എ. അഭിപ്രായപ്പെടുകയുണ്ടായി. നിർ ദ്ദിഷ്ട 50 സെന്റ് സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെന്ന് കൊണ്ടോട്ടി തഹസീൽദാർ റിപ്പോർട്ട്

ചെയ്തിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം റവന്യൂ ഭൂമി ആയതിനാൽ പ്രസ്തുത സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണറും അഭിപ്രായപ്പെട്ടു. മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചാൽ ആയത് മാർക്കറ്റിലെ തൊഴിലാളികൾക്കിടയിൽ പ്രതിഷേധത്തിന് കാരണമാകുമെന്ന് ബഹു. എം എൽ എ അഭിപ്രായപ്പെട്ടു തുടർന്ന് ബന്ധപ്പെട്ടവരുമായി നടന്ന വിശദമായ ചർച്ചകൾക്ക ശേഷം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു:-

- ജില്ലാ കളക്ടർ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (കെട്ടിട വിഭാഗം), ഡെപ്യൂട്ടി ഡയറക്ടർ (സർവ്വെ), ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവർ ചേർന്ന ഒരു കമ്മിറ്റി രൂപീകരിച്ച് മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുവാൻ അനുയോജ്യമാണോയെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി മറ്റ് റവന്യൂ ഭൂമി ലഭ്യമാക്കുവാൻ കഴിയുമോയെന്നും കൂടാതെ മുൻ എം.എൽ.എ. 2015-ൽ മാറ്റി വച്ച കൊണ്ടോട്ടി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിന്റെ നിലവിലെ ലഭ്യത സംബന്ധിച്ച കാര്യവും പരിശോധിച്ച് 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ തീരുമാനിച്ചു

യോഗം 11.45 ന് അവസാനിച്ചു

KKB 13/2017-18

COLLECTORATE
22 OCT 2018
MALAPPURAM

KRISHI BHAVAN KONDOTTY
Date 16/10/18
KONDAPALAM: 673 638

പ്രേഷിത

AGRICULTURAL OFFICER
KRISHI BHAVAN
KONDOTTY

സ്വീകർത്താവ്,

ബഹു. ജില്ലാ കളക്ടർ

മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് സ്ഥലം - കൈമാറുന്നത്

സൂചന:- KKB 13/2017-18 നമ്പർ 15/10/18 ലെ ഓഫീസിലെ കത്ത്, email വഴി, സമർപ്പിച്ചത്.

File No ഡി.സി.എം.പി.എം/9294/2018-B5 dtd 9/10/18 ബഹു. ജില്ലാ കളക്ടർ മലപ്പുറം എടെ, email വഴി, ലഭിച്ച കത്ത്

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി പഞ്ചായത്ത് ഭൂമിയായി റിലിങ്ക്വിഷ് ചെയ്യുന്നതിനു ബന്ധപ്പെട്ട് 2014 ആഗസ്റ്റ് 23ന് കൂടിയ ജില്ലാതല കമ്മിറ്റിയിലെ തീരുമാനം അറിയിക്കുവാൻ സൂചന(2) പ്രകാരം നിർദ്ദേശിക്കുകയും സൂചന(1) പ്രകാരം 2014 ആഗസ്റ്റ് 23ന് കൂടിയ കമ്മിറ്റിയിലെ തീരുമാനം ഈ ഓഫീസിൽ ലഭ്യമായിട്ടില്ല എന്ന് സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ കൊണ്ടോട്ടി താലൂക്ക് ഓഫീസ് ഉൾപ്പെടെ മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് (376/1 ൽപ്പെട്ട 50 സെന്റ് സ്ഥലം കൊണ്ടോട്ടി വില്ലേജ്) കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17/1/2015ന് ചേർന്ന സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് dtd 6/4/2015 ലെ കാർഷികോൽപാദന ഉത്തരവ് ജി.ഒ.(സാധാ) നം 711/2015/കൃഷി ലഭ്യമായത് 23856 ഫയൽ കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കോപ്പി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

[signature] 16/10/18

AGRICULTURAL OFFICER
KRISHI BHAVAN
KONDOTTY

Encl : Copy of the above said order

P5

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ്–കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 – സംസ്ഥാനതല സമിതി - മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിൽ റീസർവ്വെ നം. 376/1ൽപ്പെട്ട 50 സെന്റ് സ്ഥലം താലൂക്ക് ഓഫീസ് ആസ്ഥാന മന്ദിരവും മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ – നിരസിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻസിഎ) വകുപ്പ്

സ.ഉ.(സാധാ) നം.711/2015/കൃഷി     തീയതി, തിരുവനന്തപുരം, 06.04.2015

---

പരാമർശം:- 1. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രാദേശികതല സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷ.

2. 21.08.2014 തീയതിയിലെ കൊണ്ടോട്ടി കൃഷി ഓഫീസറുടെ KKB 37/2014-15 നമ്പർ കത്ത്.

3. 17.01.2015 തീയതിയിലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

ഉത്തരവ്

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിൽ റീസർവ്വെ നം. 376/1ൽപ്പെട്ട 50 സെന്റ് സ്ഥലം താലൂക്ക് ഓഫീസ് ആസ്ഥാന മന്ദിരവും മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സഹിതം പരാമർശം (2) പ്രകാരം കൊണ്ടോട്ടി കൃഷി ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ 17.01.2015 തീയതിയിൽ ചേർന്ന സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും താഴെ പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"Committee is of the opinion that alternate dryland may be located".

അതായത് പ്രസ്തുത ആവശ്യത്തിലേക്കായി മറ്റൊരു കര ഭൂമി കണ്ടെത്തേണ്ടതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിൽ റീസർവ്വെ നം. 376/1ൽപ്പെട്ട 50 സെന്റ് സ്ഥലം

6/5/15

താലൂക്ക് ഓഫീസ് ആസ്ഥാന മന്ദിരവും മിനി സിവിൽ സ്റ്റേഷൻ കെട്ടി നിർമ്മിക്കുന്നതിനായി പരിവർത്തനപ്പെടുത്തുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച പരിവർത്തനപ്പെടുത്തേണ്ട സ്ഥലം നെൽവയലായതിനാൽ മറ്റൊരു കര ഭൂമി കണ്ടെത്തേണ്ടതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുബ്രതാ വിശ്വാസ്
കാർഷികോൽപ്പാദന കമ്മീഷണർ &
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, മലപ്പുറം
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, മലപ്പുറം
വില്ലേജ് ഓഫീസർ, കൊണ്ടോട്ടി, മലപ്പുറം
കൃഷി ഓഫീസർ, കൃഷി ഭവൻ, കൊണ്ടോട്ടി, മലപ്പുറം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഭരണഭാഷ-മാതൃഭാഷ**

സി1-616/19

COLLECTORATE 22 JUL

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി
ഫോൺ നമ്പർ : 0483 2713311
ഇ-മെയിൽ: kondottytaluk@gmail.com
പിൻ- 673 638
തീയതി : 05.07.2019

പ്രേഷകൻ
തഹസിൽദാർ
കൊണ്ടോട്ടി.

സ്വീകർത്താവ്
ജില്ലാ കലക്ടർ,
മലപ്പുറം.

സർ,

വിഷയം:- കൊണ്ടോട്ടി താലൂക്ക് ഓഫീസ് ഉൾപ്പെടുന്ന മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- അങ്ങയുടെ 06.03.2017 തീയതിയിലെ ബി1-32519/2013 നമ്പർ കത്ത്.

...............

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. കൊണ്ടോട്ടി താലൂക്ക് ഓഫീസ് ഉൾപ്പെടുന്ന മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് കൊണ്ടോട്ടി മുൻസിപ്പാലിറ്റി വിട്ട് തരാൻ തയ്യാറായ 50 സെന്റ് നിലം മുമ്പ് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിലം നികത്തുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിക്കാതിരുന്നതിനാൽ, അക്വയർ ചെയ്യുന്നതിനായി അനുയോജ്യമായ ഒരേക്കർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു.

മേൽ നിർദ്ദേശ പ്രകാരം അന്വേഷണം നടത്തിയതിൽ കണ്ടെത്തിയ ഭൂമികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ വിലാസം | വില്ലേജ് | ബ്ലോക്ക് | റി.സ. | വിസ്തീർണ്ണം | തരം |
|---|---|---|---|---|---|---|
| 1. | മുഹമ്മദ് ബഷീർ S/O മുഹമ്മദാജി | കൊണ്ടോട്ടി | 12 | 110/1-3<br>109/1-4<br>109/1-1 | 0.5580 ഹെക്ടർ<br>0.1658 ഹെക്ടർ<br>0.0170 ഹെക്ടർ<br>0.7408 ഹെക്ടർ | പുരയിടം<br>"<br>" |
| 2. | ബങ്കാളത്ത് മമ്മദ്കുട്ടി മകൾ മറിയം | കൊണ്ടോട്ടി | 12 | 105/5 | 1.20 ഹെക്ടർ | പുരയിടം |

ശ്രീ.മുഹമ്മദ് ബഷീർ എന്നവരുടെ കൈവശഭൂമി തട്ടുകളായി സ്ഥിതി ചെയ്യുന്നതും ആയതിന്റെ ഒരു ഭാഗം മുമ്പ് കരിങ്കൽ ക്വാറിയായി ഉപയോഗിച്ചിരുന്നതും, കഴിക്കൂർ ചമയങ്ങൾ ഇല്ലാത്തതുമാണ്. പ്രസ്തുത ഭൂമി കൊണ്ടോട്ടി പഴയങ്ങാടി റോഡിൽ നിന്നും വടക്കോട്ടുള്ള ബ്ലോക്ക് റോഡിൽ ഏകദേശം 2 കി.മീ മാറി പ്രസ്തുത റോഡിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.

ശ്രീമതി മമ്മീര്യം എന്നവരുടെ കൈവശഭൂമി തട്ടുകളായി സ്ഥിതിചെയ്യുന്നതും കൊണ്ടോട്ടി പഴയങ്ങാടി റോഡിൽ നിന്നും വടക്കോട്ടുള്ള ബ്ലോക്ക് റോഡിൽ ഏകദേശം 2.5 കി.മീ മാറി റോഡിന്റെ കിഴക്ക ഭാഗത്തുള്ള പഞ്ചായത്ത് റോഡിലൂടെ ഏകദേശം 100 മീറ്റർ മാറി റോഡിന്റെ വടക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നു.

മേൽ പറഞ്ഞ രണ്ടു ഭൂമികളും പരിശോധിച്ചതിൽ ശ്രീമതി.മമ്മീര്യം എന്നവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലായിരിക്കും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് കൂടുതൽ അനുയോജ്യം എന്ന് കാണുന്നു.

പുതുതായി നിർമ്മിക്കപ്പെടുന്ന കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ താലൂക്ക് തലത്തിൽ പുതുതായി അനുവദിക്കപ്പെട്ടതും ഇനി അനുവദിക്കപ്പെടാൻ സാധ്യതയുള്ളതുമായ മുഴുവൻ ഓഫീസുകളെയും ഉൾക്കൊള്ളാൻ പര്യാപ്തമായതായിരിക്കണം. കോടതി ഉൾപ്പെടെ ഏകദേശം 20 ൽപരം ഓഫീസുകൾ താലൂക്ക് തലത്തിൽ ഭാവിയിൽ അനുവദിക്കപ്പെടുവാൻ സാധ്യതയുണ്ട്. ഇത്തരം ഓഫീസുകൾ എല്ലാം തന്നെ ഉൾക്കൊള്ളുന്നതിന് മിനിമം മൂന്ന് ഏക്കർ ഭൂമിയെങ്കിലും അക്വയർ ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മേൽ പറഞ്ഞ രണ്ട് ഭൂവുടമകളും തങ്ങളുടെ ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ന്യായമായ വില ലഭിക്കുകയാണെങ്കിൽ വിട്ടു നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ഭൂമികളുടെ ലൊക്കേഷൻ മാപ്പ് ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം,

തഹസിൽദാർ.

ജില്ല. മലപ്പുറം

അംശം. കൊണ്ടോട്ടി

താലൂക്ക്. കൊണ്ടോട്ടി

ദേശം. കൊട്ടുക്കര




Counter Signed.

TAHSILDAR
KONDOTTY

VILLAGE OFFICER
KONDOTTY

ഭരണഭാഷ–മാതൃഭാഷ

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

## വളരെ അടിയന്തിരം

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :23/02/2021

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

1. ചെയർപേഴ്സൺ/സെക്രട്ടറി
മുൻസിപ്പാലിറ്റി,കൊണ്ടോട്ടി

സർ,

വിഷയം :– കൊണ്ടോട്ടി താലൂക്കിന് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സ്ഥലം ലഭ്യമാക്കുന്നത് –സംബന്ധിച്ച്

സൂചന :– കൊണ്ടോട്ടി മുനിസിപ്പൽ ചെയർപേഴ്സനുമായുള്ള ബഹ :ജില്ലാ കളക്ടറുടെ അഭിമുഖ മീറ്റിംഗ്

***********************

കൊണ്ടോട്ടി താലൂക്ക് ആസ്ഥാനവും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന്, മുമ്പ് കണ്ടെത്തിയ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള റീ സർവ്വെ 376/1ൽ ഉൽപ്പെട്ട 50 സെന്റ് സ്ഥലം നെൽവയൽ ആയതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ശുപാർശ നിരസിച്ച് 06/04/2015 ലെ സർക്കാർ ഉത്തരവ് (സാധാ)നം 711/2015/കൃഷി പ്രകാരം ഉത്തരവാവായിട്ടുള്ളതാണ്.ആയതിനാൽ കൊണ്ടോട്ടി താലൂക്ക് ആസ്ഥാനവും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിന് രണ്ടേക്കറിൽ താഴെയല്ലാത്ത അനുയോജ്യമായ കരഭൂമി കണ്ടുപിടിച്ച് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഉടനെ സ്വീകരിക്കേണ്ടതും വിവരം റിപ്പോര്ട് ചെയ്യേണ്ടതുമാണ് .

വിശ്വാസപൂർവ്വം
**BIJU C, DYC(LR) DCMPM, O/O DYC(LR) DCMPM**
ഡെപ്യൂട്ടി കലക്ടർ(എൽ ആർ)
ജില്ലാ കളക്ടർക്ക് വേണ്ടി

സി1-7098/20.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
തീയതി : 6. 07.2021.

തഹസീൽദാർ
കൊണ്ടോട്ടി

ജില്ലാ കലക്ടർ
മലപ്പുറം

സർ,

വിഷയം : കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം – ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ – സംബന്ധിച്ച്.

സൂചന : 1. ജില്ലാ കളക്ടറുടെ 08.06.2020 തീയതിയിലെ ബി5-9297/2018 നമ്പർ കത്ത്.
2. ഈ ഓഫീസിലെ 08.02.2021 തീയതിയിലെ സി1-7098/2020 നമ്പർ കത്ത്.

------

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി താലൂക്ക് മിനിസിവിൽസ്റ്റേഷനുവേണ്ടി ഭൂമി ഏറ്റടുക്കുന്നതിന് താഴെ പറയും പ്രകാരം പ്രപോസൽ സമർപ്പിക്കുന്നു

കൊണ്ടോട്ടി താലൂക്ക് കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/3 ,10/4 , 10/5 , 10/7 , 10/8, 10/9 10/21, 10/22 208/1,208/2 209/1 209/2 208/10 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 2.2515 വിസ്തീർണ്ണമുള്ള ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ് കവടിയാർ പിഒ .695003 പണ്ഡിറ്റ് കോളനി റ്റി.സി.4/1778(7) താമസിക്കും ശ്രീ .സി.ഐ.ജോൺ മകൻ ബേബി ജോൺ, മുതൽപേർ ,ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുണ്ട്. ടി ഭൂമിയിൽ നിന്ന് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി താഴെ പറയുന്ന രണ്ട് ഒപ്ഷനുകൾ പ്രകാരം ഉടമസ്ഥർക്ക് ബോധ്യപ്പെടുന്ന വിലക്ക് വിട്ടു തരുവാൻ ഉടമസ്ഥർ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്

<u>ഒന്നാം ഒപ്ഷനിലുള്ള ഭൂമി</u>

<u>കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/3 ,10/4 , 10/5 , 10/7 , 10/8, 10/9 10/21, 10/22 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി</u>

കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/3 ,10/4 , 10/5 , 10/7 , 10/8, 10/9 10/21, 10/22 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 ഏക്കർ ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ് കവടിയാർ പിഒ .695003 പണ്ഡിറ്റ് കോളനി റ്റി.സി.4/1778(7) താമസിക്കും ശ്രീ .സി.ഐ.ജോൺ മകൻ ബേബി ജോൺ, മുതൽപേർ ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുള്ളതാണ് ഭൂമി".ടി ഭൂമിയിൽ നിന്ന് ഒരു ഏക്കർ 75 സെന്റ് ഭൂമി നിയമപരമായി സർക്കാർ നിശ്ചയിക്കുന്നതും ഉടമകൾക്ക് സമ്മതമായതുമായ ഭൂമി വിലക്ക് വിട്ടുതരുവാൻ ഉടമസ്ഥർ തയ്യാറാണ്

**സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന ഒന്നാം ഓപ്ഷന് പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ**

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 46.5 |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 14.20 |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 19.90 |
| 4 | കൊണ്ടോട്ടി | 10/9 | 16.10 |
| 5 | കൊണ്ടോട്ടി | 10/22 | 26.10 |
| | കൊണ്ടോട്ടി | 10/5 | 23.25 |
| | കൊണ്ടോട്ടി | 10/3 | 17.60 |
| | കൊണ്ടോട്ടി | 10/4 | 11.60 |
| | ആകെ ഭൂമി | | 1.75 |

**ഭൂമിയുടെ കിടപ്പ്**

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 120മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ചെറുതായി ചെങ്കുത്തായ ഭൂമിയാണ്.**

**ഭൂമിയുടെ ന്യായ വില**

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് സർവ്വെ നമ്പർ | ന്യായവില | |
|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 80,000 | |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 60,000 | |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 60,000 | |
| 4 | കൊണ്ടോട്ടി | 10/9 | 60,000 | |
| 5 | കൊണ്ടോട്ടി | 10/22 | 80000 | |
| | കൊണ്ടോട്ടി | 10/5 | 50000 | |
| | കൊണ്ടോട്ടി | 10/3 | 50000 | |
| | കൊണ്ടോട്ടി | 10/4 | 50000 | |

- ഭൂമി പുരയിടം വിഭാഗത്തിൽപ്പെടുന്നു
- ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ കക്ഷികൾ തയ്യാറാണ്.
- ജലലഭ്യത കൂടുതലുള്ള സ്ഥലമാണ്.

**ഒന്നാം ഒപ്ഷൻ-പൊതുമരാമത്ത് റിപ്പോർട്ട്**

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 120 മീറ്റർമാറിയും ഏകദേശം 10 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുക എളുപ്പമാണ് കൂടാതെ വെള്ളസൗകര്യം ലഭ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണ് ഹാർഡ് സോയിൽ ഇനത്തിൽ ഉൾപ്പെടുന്നതിനാൽ 05 നിലകൾ വരെ നിർമ്മിക്കാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന രണ്ടാം ഓപ്ഷനിലുള്ള ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 208/1 | 72.93 |
| 2 | കൊണ്ടോട്ടി | 12,റിസ 208/2 | 53.07 |
| 3 | കൊണ്ടോട്ടി | 12,റിസ 208/10 | 24.25 |
| | | ആകെ ഭൂമി | 150.25 |

**ഭൂമിയുടെ കിടപ്പ്**

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 300മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ഏക ദേശം ചെങ്കുത്തായതുമായ ഭൂമിയാണ്.**

ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ കക്ഷികൾ തയ്യാറാണ്.

**ഭൂമിയുടെ ന്യായ വില**

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) | ന്യായവില(ആറിന്) |
|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 208/1 | 72.93 | 80,000 |
| 2 | കൊണ്ടോട്ടി | 12,റിസ 208/2 | 53.07 | 80000 |
| 3 | കൊണ്ടോട്ടി | 12,റിസ 208/10 | 24.25 | 80000 |
| | | ആകെ | 150.25 | |

**രണ്ടാം ഓപ്ഷൻ- പൊതുമരാമത്ത് റിപ്പോർട്ട്**

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 35 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് 1 ഇൻ 12 ഗ്രേഡിയന്റിൽ റോഡ് നിർമ്മിക്കുക അസാധ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.കൂടാതെ വെള്ളസൗകര്യം ലഭ്യമല്ലെന്നും പറയുന്നു.ആയതിനാൽ ഈ ഓപ്ഷൻ പരിഗണിക്കേണ്ടതില്ല

ഇക്കാര്യത്തിൽ സ്ഥല ഉടമസ്ഥർ ,പൊതുമരാമത്ത് വകുപ്പ്,മുനിസിപ്പിൽ എഞ്ചിനിയർ എന്നിവരുടെ ഒരു യോഗം ജില്ലാ തലത്തിൽ നടത്തി ആവശ്യമെങ്കിൽ ഭൂമി ഡിമാർക്കേറ്റ് ചെയ്ത് വ്യക്തത വരുത്തി സർക്കാരിലേക്ക് കൂടുതൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാം.പൊതുമാരാമത്ത് വകുപ്പ് ,കൊണ്ടോട്ടി നഗരസഭ എന്നിവരുടെ നിന്നുള്ള റിപ്പോർട്ടുകൾ ,ലൊക്കേഷൻ സ്കച്ച്, എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു

വിശ്വാസപൂർവ്വം,

തഹസിൽദാർ,
താലൂക്ക് ഓഫീസ്, കൊണ്ടോട്ടി

ഭൂമി വിലക്കുനൽകുന്നത് സംബന്ധിച്ച് ഉടമസ്ഥരുടെ സമ്മത പത്രം

From,

1. [illegible]

[illegible]

2. [illegible] PRIVATE LIMITED

[illegible]

To,

The District Collector,

Malappuram

Sub: No objection in [illegible] Mini Civil Station

Sir,

We are the absolute Owners in possession and enjoyment of [illegible] Mini Civil Station. [illegible]

Sincerely

[illegible]

[illegible]

FOR M/s. [illegible] PRIVATE LIMITED

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ഭൂമിയുടെ സ്കെച്ച്

DISTRICT : MALAPPURAM

TALUK : KONDOTTY

VILLAGE : KONDOTTY

DESAM :

**AREA 7 ACRE 15.85 CENT**

**FIELD NO :10,208,209**



ഭരണഭാഷ- മാതൃഭാഷ

സി1-7098/2020

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311
ഇ-മെയിൽ : tah.kondotty.rev@kerala.gov.in
പിൻ- 673 638
തീയതി : 31/08/2021

പ്രേഷകൻ

തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്

ബഹു.ജില്ലാ കലക്ടർ ,
മലപ്പുറം.

സർ,

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ - കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ബ്ലോക്ക് 12 റി.സ 376/1 ൽ പെട്ട നിലം ഭൂമി -പുനപരിശോധിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ബഹു. ഡിസിസിയുടെ അധ്യക്ഷതയിൽ ബഹു. ടി.വി.ഇബ്രാഹിം എം.എൽ.എ മലപ്പുറം കലക്ട്രേറ്റിൽ പങ്കെടുത്ത യോഗത്തിന്റെ തീരുമാനം.
2) സ.ഉ (സാധാ) 711/2015 /കൃഷി , തിയ്യതി 06.04.2015 കൃഷി (എൻ.സി.എ) വകുപ്പ്.
3) കൊണ്ടോട്ടി വില്ലേജ് ഓഫീസറുടെ 26.08.2021 ലെ 123/21 നമ്പർ റിപ്പോർട്ട്.
4) കൊണ്ടോട്ടി കൃഷി ഓഫീസറുടെ 26.08.21 ലെ കെകെബി 9/2021 നമ്പർ റിപ്പോർട്ട്.
5) ജില്ലാ കലക്ടറുടെ ബി4-45007/2014 നമ്പർ ഫയൽ.

******

കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 12 റി.സ 376/1 ൽ (പ.സ 338/2) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള 50 സെന്റ് നിലം ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് വേണ്ടി ഏറ്റെടുക്കുന്നത് പുനഃപരിശോധിക്കുന്നതിന് വേണ്ടി നിർദ്ദേശിച്ചിരുന്നു.

കൊണ്ടോട്ടി എസ്ആർഒ യിലെ 1314/1982 നമ്പർ ജൻമം തീറാധാര പ്രകാരം കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് തീറുലഭിച്ച പഴയ റി.സ 338/2 (പുതിയ റി.സ ബ്ലോക്ക് 12 റി.സ 376/1) 1 ഏക്ര 56 സെന്റിൽ പെട്ട 50 സെന്റ് ഭൂമി മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി വില ഈടാക്കാതെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് 12.12.2013 ൽ ചേർന്ന ഭരണ സമിതി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ടി ഭൂമി ബിടിആർ പ്രകാരം നിലവും 2008 ലെ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ

ഉൾപ്പെട്ടതുമാണ്. ആയത് പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട മേപ്പടി ഭൂമി സർക്കാർ ആവശ്യത്തിനുവേണ്ടി തരംമാറ്റുന്നതിന് വേണ്ടി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് പ്രാദേശിക നിരീക്ഷണ സമിതി ഭൂരിപക്ഷ തീരുമാന പ്രകാരം 19.08.2014 ൽ ചേർന്ന യോഗത്തിൽ ശുപാർശ ചെയ്തിരുന്നു.

എന്നാൽ മേപ്പടി തരംമാറ്റത്തിനുള്ള അപേക്ഷ 06.04.2015 ലെ സൂചന(2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പകരം കര ഭൂമി കണ്ടെത്തുക എന്ന് നിർദ്ദേശിച്ചുകൊണ്ട് നിരസിക്കുകയുണ്ടായി.

തുടർന്ന് മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി (കര ഭൂമി) ലഭ്യമാണോ എന്ന് പരിശോധന നടത്തിയെങ്കിലും താലൂക്ക് പരിധിയിൽ ഇത്തരത്തിലുള്ള ഭൂമി ലഭ്യമായിട്ടില്ല.

തുടർന്ന് ഭൂമി അക്വയർ ചെയ്യുന്നതിനും, നെഗോഷ്യബിൾ പർച്ചേസ് വഴിയും ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ചിരുന്നുവെങ്കിലും ആയതിന്റെ നടപടികളൊന്നും പൂർത്തിയായിട്ടില്ല.

കൊണ്ടോട്ടി താലൂക്ക് ഓഫീസ് നിലവിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വളരെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. അതുപോലെ താലൂക്ക് പരിധിയിലെ മറ്റു പല സർക്കാർ ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്.

മിനി സിവിൽസ്റ്റേഷനുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 376/1 ൽ പെട്ട 50 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയിൽ നിന്നും പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നതായി കൃഷി ഓഫീസറും, ടി സ്ഥലം നിലവിൽ തരിശായി കിടക്കുന്നതായും മുൻ വർഷങ്ങളിൽ നെൽ കൃഷി ചെയ്തിരുന്നതായി വില്ലേജ് ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ കര ഭൂമി ലഭ്യമല്ലാത്തതിനാലും ഭൂമി ഏറ്റെടുക്കുന്നതിനുള്ള മറ്റു നടപടികളിൽ തീരുമാനമാവാത്തതിനാലും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള നിലം ഭൂമി മിനി സിവിൽസ്റ്റേഷനുവേണ്ടി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾക്കായി മേൽ വിവരങ്ങൾ റിപ്പോർട്ടാക്കുന്നു.

വിശ്വാസപൂർവ്വം ,

തഹസിൽദാർ

-pression shall where the context so admits include its successors and assigns) of the other part WHEREAS the property described in the schedule hereunder obtained to the VENDOR under Kanam deed Number 1728 of 1962 of Sub Registry office Kondotty and Jenmam right obtained from Kondotty Land Tribunal Pattayam Number 2145 of 1976. AND WHEREAS the Vendor now the absolute owner and possessor of the property mentioned and described in the schedule here to have agreed with the purchaser to sell absolutely to the latter the said property with all improvements thereon for the price of Rs 49920 (Rupees Fortynine thousand nine hundred and twenty only) for which the purchaser has agreed. Now THIS INDENTURE WITNESSETH that in pursuance of the said agreement and in consideration of the sum of Rs 49920 (Rupees Forty nine thousand nine hundred and twenty only) paid by the purchaser to the Vendor on the day of 31st March 198 (The receipt where of the Vendor do hereby acknowledge) The Vendor do hereby grant convey and assign unto the purchaser all the

Corr: 5

Ro

27.

piece or parcel of land situated in Kolathur de Sum and more particularly — Aminakutty (sd) finger impression — described in the Schedule hereunder written and which together with the message or tenement erected thereon & commonly called or known as "Madambinahi Nilam" TOGETHER with all liaberties, privileges, easements, advantages and appurtenances whatsoever to the said piece or parcel of land message and premises or any of them in anywise appertaining or heretofore occupied or enjoyed therewith AND all the estate, right, title, interest, property, claim and demand whatsoever of the ~~Vendor~~ Vendor into and upon the same premises TO HAVE AND TO HOLD the said piece or parcel of land, message and premises hereby granted, conveyed and assigned unto the purchaser for ever AND the Vendor doth hereby convenant with the purchaser that she the Vendor now hath good right to ~~grant~~ grant convey and assign the premises hereby granted conveyed and assigned unto the purchaser in manner aforesaid AND that the purchaser shall and may at all times hereafter

peacefully and quietely possess and enjoy the said premises free from all encumbrances whatsoever and receive the rents and profits there of without any lawful eviction, interruption, claim or demand whatsoever from or by the Vendor or any other person or persons AND further that she the Vendor and all persons having lawfully or equitably claiming any estate or interest in the said premises or any of them or any part thereof from under or in trust for the Vendor or from or under any of her ancestors and will from time to time and at all times hereafter at the request and cost of the purchaser do execute and register or cause to be done executed and registred all such acts deeds and things whatsoever for further and more perfectly assuring the said premises and every part thereof unto the purchaser in manner aforesaid as shall may be reasonably required ____ Aminakutty (Sd) finger impression (2) ____ The purchase is under the seven point programme of Government of Kerala and the property is for the use of mini stadium to be established by Government. IN WITNESS

Cw...

whereof the vendor hath hereunto set her hand and seal the (2) day and year first above written THE SCHEDULE ABOVE REFERRED TO. District: Malappuram Sub District: Kondotty, Taluk: Ernad, Firka: Kondotty, Amsom: Kondotty, Desom: Kolathur, Tenure Jenmam, Re-survey No. 338/2. Extent: 1 Acre 56 Cents. Total extent 1 Acre 56 Cents. Description of property: Madamkuzhi Nilam Samasthavakasangal Sahitham 6 feet kole east west Northern side 23 kole middle 36 kole Southern side 23 kole South North 70 kole Hector 0.62A Total extent 1 Acre 56 Cents. Boundaries: East Machingal ennum poorakkal aru nilavum Rs No 342/1, North: Poorakkal parambu Athikkavu parambu Mangalathodika parambu Machingal parambu Rs No. 335/2A1 West: Naduchali nilam Madamkuzhinilam Rs. No 338/1. South: Chaladi nilavum mattum Rs. No 341/1,3 Aminakutty (Sd) finger impression. Witness 1 Kuzhi palli Vasu (Sd) S/o Kunhinayadi Nallur. 2 Theilhadan poorachan (Sd) S/o Nayadi Nallur Typed by Koottungal Jeevanandan (Sd) SAD 99 State Licence. Note of Correction Nil Aminakutty (Sd)

Cor... 2

finger impression Stamp Nil Copy typed by kottangal Veeramandun (sd) SRD aa Copy of endorsements and Certificates: Presented in the office of the Sub Registrar Kondotty and fee of Rs 501/- (Rupees five hundred and one only) paid at 1.30 PM on this the 31st March 1982 by Thottassery Aminakutty (sd) 31st March 1982 Sub Registrar P. Saidalavi (sd) Execution admitted by, Thottassery Aminakutty (sd)(Finger impression) D/o Ahammed Kutty Sarvathin Kolathur Identified by, [illegible] 31st March 1982 Sub Registrar P- Saidalavi (sd) Registered as No 1314 of 1982 of Book I Volume 361 pages 421 to 423. 3 Sheets. 1st Sheet 31st March 1982 Sub Registrar P- Saidalavi (sd) (Seal) In document interlineations etc are Nil in Copy interlineations (1)(2)(5)(6)(7) Scorings (3)(4)(8)(9) ends

True Copy and endorsements Compared by Reader: N Padmanabhan (SD) Examiner. K. Velayudhan Clerk(SD) Sub Registrar P. [illegible] Saidalavi (SD) Dated 31.3.8[illegible] Returned to DW II Abdurahiman on 1.4.82 (SD) —

[True Copy on Seven rolls]

Cover: 1

Total Cover: 15

Copy prepared by: M.P. Balasubramanian Clerk [illegible]

Compared by { Reader: T. Narayanan LDC [illegible]
Examiner: M.P. Balasubramanian Clerk [illegible]

SRO Kondotty,
27. 9. 2002.

P.K. Muhammed [illegible]

True Copy

P. K. ABDUL LATHEEF
Secretary
Kondotty Grama Panchayat
Malappuram [illegible]

KKB 9/2021

കൊണ്ടോട്ടി കൃഷിഭവൻ
26/08/2021

പ്രേഷിത,

കൃഷി ഓഫീസർ
കൊണ്ടോട്ടി

സ്വീകർത്താവ്,

തഹസിൽദാർ
കൊണ്ടോട്ടി

8637/21

C1

സർ,

വിഷയം: കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി, കൊണ്ടോട്ടി വില്ലേജ് BL-12, 376/1 - ൽ പെട്ട - ഭാഗങ്ങളിൽ ഉൾപ്പെട്ട നിലം ഭൂമിയുടെ തൽസ്ഥിതി പരിശോധിച്ച് ബോധ്യപ്പെടുത്തുന്നത് സംബന്ധിച്ച്;

അവലംബം: 25.08.2021 - ന് കലക്ടറേറ്റിൽ ചേർന്ന അടിയന്തിര യോഗത്തിൽ മുന്നോട്ട് വച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ;

25.08.2021-ന് കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റീസർവ്വേ നമ്പർ 376/1-ൽ പെട്ട 50 സെന്റ് നെൽവയൽ പരിശോധിച്ചു. പ്രസ്തുത വയലിന്റെ വടക്ക് ഭാഗം പുറമ്പോക്കും പടിഞ്ഞാറ് അതിര് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലേക്കുള്ള വഴിയുമാണ്. ബാക്കി രണ്ട് അതിരുകളും നെൽവയലാണ്. പ്രസ്തുത ഭൂമിയിൽ കഴിഞ്ഞ വർഷം വരെ മുനിസിപ്പാലിറ്റിയിൽ നിന്നും പാട്ടത്തിന് എടുത്ത് ശ്രീമതി. നഫീസ എന്ന കർഷക നെൽകൃഷി ചെയ്തിട്ടുണ്ട്. പ്രസ്തുത വയലിന്റെ തരംമാറ്റം/ രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക പ്രശ്നവും

തൊട്ടടുത്തുള്ള വയലുകളെയും വയലിലെ കൃഷിയെയും
ദോഷകരമായി ബാധിക്കുന്നതാണ്. പ്രദേശത്തെ നീർച്ചാലുകളെയും
നീരൊഴുക്കിനെയും പ്രതികൂലമായി ബാധിക്കുന്നതാണ്.
ചുറ്റുമുള്ള പാടശേഖരത്തെയും പ്രതികൂലമായി ബാധിക്ക
ഇടയുണ്ട്. അതിനാൽ മേൽ പറഞ്ഞ 50 സെന്റ്
നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് ശുപാർശ
ചെയ്യുന്നില്ല.

വിശ്വസ്തതയോടെ

(signature)

AGRICULTURAL OFFICER
KRISHI BHAVAN-KONDOTTY
KONDOTTY(PO) - 673638

397930/2021/FC DCMPM

C1-7098/2020.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 08.02.2021

പ്രേഷകൻ
തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്
ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം : കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ – സംബന്ധിച്ച്

സൂചന : ജില്ലാ കളക്ടറുടെ 08.06.2020 തീയതിയിലെ ബി5-9297/2018 നമ്പർ കത്ത്.

********************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട പ്രൊപ്പോസൽ ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം,

തഹസിൽദാർ.

## മിനി സിവിൽ സ്റ്റേഷൻ കൊണ്ടോട്ടി - സ്ഥലമെടുപ്പ്

**ആമുഖം**

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്ക് ആസ്ഥാനത്ത് മാത്രമാണ് നിലവിൽ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുവാനായി മിനി സിവിൽ സ്റ്റേഷൻ ഇല്ലാതിരിക്കുന്നത്. മിനി സിവിൽ സ്റ്റേഷൻ ലഭ്യമല്ലാത്തതിനാലും സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തതിനാലും ഓഫീസുകൾ വിവിധ സ്ഥലങ്ങളിലായി വാടക കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്.സ്വന്തമായി കെട്ടിടമുള്ള ഓഫീസുകൾ സ്ഥലപരിമിതി പ്രയാസപ്പെടുകയാണ്. താലൂക്ക്തല ഓഫീസുകൾ വ്യത്യസ്ഥ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതുമൂലം ഓഫീസുകളിൽ എത്തിപ്പെടുവാൻ പൊതുജനങ്ങൾ പ്രയാസപ്പെടുന്നുണ്ട് . ആയതിനാൽ കൊണ്ടോട്ടി ആസ്ഥാനമായിട്ട് മിനി സിവിൽസ്റ്റേഷൻ പണിയേണ്ടത് വളരെ അധികം ആവശ്യമാണ്.എന്നാൽ സർക്കാർ ഭൂമി ലഭ്യമല്ലാത്തത് ഇതിന് തടസ്സം നിൽക്കുന്നുണ്ട്. ആയതിനാൽ ഭൂമി നിയമപരമായി ഏറ്റെടുത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുക എന്നതാണ് സാധ്യമായ മാർഗ്ഗം

**നിലിവിൽ കൊണ്ടോട്ടി മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്നതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഓഫീസുകൾ**

1.താലൂക്ക് ഓഫീസ് കൊണ്ടോട്ടി

2.താലൂക്ക് സപ്ലൈ ഓഫീസ്,കൊണ്ടോട്ടി

3.അസിസ്റ്റന്റ് ലേബർ ഓഫീസ്.കൊണ്ടോട്ടി

4.ലീഗൽ മെട്രോളജി ഓഫീസ് ,കൊണ്ടോട്ടി

5.റീജണൽ ട്രാൻസ്പോർട്ട് ഓഫീസ്,

6.മൈനർ ഇറിഗേഷൻ ഓഫീസ്

6.എക്സൈസ് റേഞ്ച് ഓഫീസ്,

**സ്വന്തമായി കെട്ടിടമുണ്ടെങ്കിലും വളരെ അസൗകര്യത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ**

1.അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസ്

2.പൊതുമരാമത്ത് റോഡ് വിഭാഗം ഓഫീസ്

**പുതിയകെട്ടിടത്തിലേക്ക് മാറ്റാവുന്ന ഓഫീസുകൾ,**

1.കൃഷി ഓഫീസ്,കൊണ്ടോട്ടി,

2.കൃഷി ഓഫീസ് നെടിയിരുപ്പ്

3 കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ ഓഫീസ്

താലൂക്ക് തലത്തിൽ രൂപീകരിക്കാവുന്ന ഓഫീസുകൾ

1.താലൂക്ക് സ്റ്റാറ്റിക്കൽ ഓഫീസ്

2.താലൂക്ക് എംപ്ലോയ്മെന്റ് ഓഫീസ്

3.സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർഓഫീസ്

4,വ്യവസായ ഓഫീസ്

## താലൂക്ക് ഓഫീസ് കൊണ്ടോട്ടി

**ജി.ഒ(എം.എസ്)** 227/13 /റവന്യൂ തിയതി 28/05/2013 സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ താലൂക്ക് ഓഫീസ് 01-01-2014 തിയതിയിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. താലൂക്ക് ഓഫീസ് രണ്ട് വർഷത്തോളം സ്വകാര്യവ്യക്തിയുടെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയും ആയതിന് ശേഷം നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഭാഗമായപ്പോൾ ഒഴിവ് വന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.



നിലിവൽ 63 ജീവനക്കാർ ജോലി ചെയ്യുന്ന ഓഫീസിൽ 22 സ്ത്രീ ജീവനക്കാരുണ്ട് . ഇരുനിലയായിട്ടുള്ള കെട്ടിത്തിന് 200 ചതുരശ്രമീറ്റർ വിസ്തീർണ്ണം മാത്രമാണുള്ളത്. ഈ സ്ഥലത്താണ് 63 ഓളം ജീവനക്കാർ ജോലിചെയ്യുന്നത് .ഇരിപ്പിടങ്ങൾ ക്രമീകരിച്ച്

സൗകര്യപ്രദമായി ഇരിക്കുന്നതിനോ കമ്പ്യൂട്ടറും മറ്റു ഉപകരണങ്ങളും സ്ഥാപിക്കുന്നതിനോ ഓഫീസിൽ സ്ഥലമില്ല. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി രണ്ട് ശുചിമുറികൾ ഉണ്ടെങ്കിലും ആയതിൽ സൗകര്യമില്ല. തഹസിൽദാർക്കും ഭൂരേഖാ തഹസിൽദാർക്കും പ്രത്യേക സൗകര്യങ്ങളോ ശുചിമുറിയോ ഇല്ല. നിത്യേന ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് പ്രത്യേക ശുചി മുറിയില്ല. സ്ഥല സൗകര്യമില്ലാത്തതിനാൽ ഇവിടെ വാഹന തിരക്ക് പതിവാണ്.



2.താലൂക്ക് സപ്ലൈ ഓഫീസ്,കൊണ്ടോട്ടി

കൊണ്ടോട്ടി താലൂക്ക് സപ്ലൈഓഫീസിൽ നിലവിൽ 16 ജീവനക്കാർ ജോലിചെയ്യുന്നു .എട്ട് പേർ സ്ത്രീ ജീവനക്കാരാണ്. ഏകദേശം 100ലധികം പൊതുജനങ്ങൾ ഇവിടെ ദിവസേന എത്താറുണ്ട്. നിലവിൽ താലൂക്ക് സപ്ലൈഓഫീസ് ഒരുസ്വകാര്യവ്യക്തിയുടെ ഏകദേശം 25 വർഷം പഴക്കമുള്ള കെട്ടിടത്തിലെ ഒന്നാം നിലയിലാണ് സ്ഥിതിചെയ്യുന്നത്. ജനങ്ങൾക്ക് ഇരിക്കുവാനോ ജീവനക്കാർക്ക് ശരിയായിട്ട് ഇരുന്നു ജോലിചെയ്യുവാനോ നിവർത്തിയില്ലാത്ത കുടുസ്സായ മുറികളാണ് കൂടാതെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുവാൻ ഗുണനിലവാരമുള്ള ശുചിമുറിപോലുമില്ല.ചൂട് കാലത്ത് ഈ കെട്ടിടത്തിൽ അതികഠിനമായ ചൂടായിരിക്കും .വളരെ അധികം വാഹനങ്ങൾ കടന്നുപോവുന്ന ഇവിടെ പാർക്കിങ്ങ് സൗകര്യം ഇല്ല.



3.അസിസ്റ്റന്റ് ലേബർ ഓഫീസ്.കൊണ്ടോട്ടി

നിലവിൽകൊണ്ടോട്ടി അങ്ങാടിയിൽ വളരെ തിരക്കുള്ള സ്ഥലത്താണ് പ്രവർത്തിക്കുന്നത്. സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നു. ജീവനക്കാർക്കോ പൊതുജനങ്ങൾക്കോ ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഇല്ല. സ്തീ ജീവനക്കാർക്ക് ഉപയോഗിക്കുവാനുള്ള ശുചിമുറിയില്ല

4.ലീഗൽ മെട്രോളജി ഓഫീസ് ,കൊണ്ടോട്ടി

നെടിയിരുപ്പ് കുറുപ്പത്ത് എന്ന സ്ഥലത്ത് സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്നു.ഏറ്റവും മുകളിലുള്ള നിലയിൽ പ്രവർത്തിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് എത്തിപ്പെടുവാൻ പ്രയാസമാണ്. കൂടാതെ വേനൽ കാലത്ത് അതികഠിനമായ ചൂട് അനുഭവപ്പെടുന്നു.

5.റീജൽ ട്രാൻസ്പോർട്ട് ഓഫീസ്,

പുതിയതായി നിലവിൽ വന്ന ഓഫീസ് സ്വകാര്യവ്യക്തിയിടെ വാടക കെട്ടിട ത്തിൽ പ്രവർത്തക്കുന്നു.ഈ ഓഫീസ് കൊണ്ടോട്ടി അങ്ങാടിയിൽനിന്ന് 06 കിലോമീറ്റർ അപ്പുറം മുസ്ലിയാരങ്ങാടി എന്ന സ്ഥലത്താണ് പ്രവർത്തിക്കുന്നത്.

6.മൈനർ ഇറിഗേഷൻ ഓഫീസ്

വർഷങ്ങളായി സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ ഒറ്റമുറിയിൽ പ്രവർത്തി ക്കുന്നു

7.എക്സൈസ് റേഞ്ച് ഓഫീസ്

പുതുതായിട്ട് നിലവിൽ വന്നു.സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.ജീവനക്കാർക്ക് ആവശ്യമായ സൗകര്യങ്ങളില്ല. പൊതുജനങ്ങൾക്ക് എത്തിപ്പെടുവാൻ പ്രയാസം.

**മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് പരിഗണിച്ച ഭൂമികൾ**

**മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള മത്സ്യമാർക്കറ്റിന് ഉപയോഗിക്കുന്ന ഭൂമി**

കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റിസ 414/3 ൽ ഉൾപ്പെട്ട 0.3000 ഹെക്ടർ ഭൂമി കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ളതും നിലവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിച്ചുവരുന്നതാണ്.ടി ഭൂമി കൊണ്ടോട്ടി നഗരത്തിൽ തിരക്കേറിയ സ്ഥലത്താണ് സ്ഥിചെയ്യുന്നത്.ആയതിനാൽ തന്നെ ഇവിടെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കൂടുതൽ ഭൂമി ഏറ്റെടുക്കുന്നത് അസാധ്യമാണ്.കൂടാതെ ടി സ്ഥലത്ത് പാർക്കിങ്ങ് സൗകര്യം കുറവും എയർപ്പോർട്ടിന്റെ സാന്നിധ്യംകൊണ്ട് രണ്ട് നിലകൾ മാത്രമാണ് നിർമ്മിക്കുവാൻ സാധിക്കുകയൊള്ളു എന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിനാൽ ഈ ഭൂമി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/21,10/3,10/5 10/7 ,10/8,10/9 10/22 208/1,208/2 209/1 209/2 208/10 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 2.2515 ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂമി**

കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 10/21,10/3,10/5 10/7 ,10/8,10/9 10/22 208/1,208/2 209/1 209/2 208/10 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 2.2515 ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജ് കവടിയാർ പിഒ .695003 പണ്ഡിറ്റ് കോളനി റ്റി സി.4/1778(7) താമസിക്കും ശ്രീ .സി.ഐ.ജോൺ മകൻ ബേബി ജോൺ,ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുണ്ട്.ടി ഭൂമിയിൽ നിന്ന് ഒരു ഏക്കർ 50 സെന്റ് ഭൂമി താഴെ പറയും പ്രകാരം നിയമപരമായി സർക്കാർ നിശ്ചയിക്കുന്ന വിലക്ക് വിട്ടുതരുവാൻ ഉടമസ്ഥർ തയ്യാറാണ് ,ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് ഉടമസ്ഥർ താഴെ പറയും പ്രകാരം സ്കച്ചും സമ്മതപത്രവും ് സമർപ്പിച്ചിട്ടുണ്ട്.

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 208/1 | 72.93 |
| 2 | കൊണ്ടോട്ടി | 12,റിസ 208/2 | 53.07 |
| 3 | കൊണ്ടോട്ടി | 12,റിസ 208/10 | 24.25 |
| | | ആകെ | 150.25 |

നിലവിൽ കക്ഷികൾ കൈവശത്തിലുള്ള ഭൂമിയിൽ നിന്ന് വിലക്ക് വിട്ടുതരുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ച്



<u>ഭൂമിയുടെ കിടപ്പ്</u>

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 300മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ഏക ദേശം ചെങ്കുത്തായതുമായ ഭൂമിയാണ്.**




ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ കക്ഷികൾ തയ്യാറാണ്.

<u>ഭൂമിയുടെ ന്യായ വില</u>

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് സർവ്വേ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) | ന്യായവില(ആറിന്) |
|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 208/1 | 72.93 | 80,000 |
| 2 | കൊണ്ടോട്ടി | 12,റിസ 208/2 | 53.07 | 80000 |
| 3 | കൊണ്ടോട്ടി | 12,റിസ 208/10 | 24.25 | 80000 |
| | | ആകെ | 150.25 | |

**ഭൂമിയുടെ നഷ്ടപരിഹാരം**

നിലവിൽ ഈ പ്രദേശത്ത് സെന്റിന് നാല് ലക്ഷം രൂപ വില വരെ മാർക്കറ്റ് വില കണക്കാക്കി വിൽപ്പന നടന്നു വരുന്നുണ്ട്.

**പൊതുമരാമത്ത് റിപ്പോർട്ട്**

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 35 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് 1 ഇൻ 12 ഗ്രേഡിയന്റിൽ റോഡ് നിർമ്മിക്കുക അസാധ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.കൂടാതെ വെള്ളസൗകര്യം ലഭ്യമല്ലെന്നും പറയുന്നു.

**രണ്ടാം ഓപ്ഷനിലുള്ള ഭൂമി**

**കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/10,10/7 10/8,10/9,10/22,10/5/10/3,10/4,10/3 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 സെന്റ് ഭൂമി വിസ്തീർണ്ണമുള്ള ഭൂമി**

കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/10,10/7 10/8,10/9,10/22,10/5/10/3,10/4,10/3 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 സെന്റ് ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ 1956 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുണ്ട്.ടി ഭൂമിയിൽ നിന്ന് ഒരു ഏക്കർ 75 സെന്റ് ഭൂമി താഴെ പറയും പ്രകാരം നിയമപരമായി സർക്കാർ നിശ്ചയിക്കുന്ന വിലക്ക് വിട്ടുതരുവാൻ ഉടമസ്ഥർ തയ്യാറാണ് ,ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് ഉടമസ്ഥർ താഴെ പറയും പ്രകാരം സ്കച്ചും സമ്മതപത്രവും" സമർപ്പിച്ചിട്ടുണ്ട്.(സ്കച്ചിൽ നിറം നൽശാത്തതും റോഡിന് ഇടതുവഥത്തുള്ള ഭൂമി)



397930/2021/FC DCMPM

സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന രണ്ടാം ഓപ്ഷൻ പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 46.5 |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 14.20 |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 19.90 |
| 4 | കൊണ്ടോട്ടി | 10/9 | 16.10 |
| 5 | കൊണ്ടോട്ടി | 10/22 | 26.10 |
| | കൊണ്ടോട്ടി | 10/5 | 23.25 |
| | കൊണ്ടോട്ടി | 10/3 | 17.60 |
| | കൊണ്ടോട്ടി | 10/4 | 11.60 |
| | ആകെ | | 1.75 |

ഭൂമിയുടെ കിടപ്പ്

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 120മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ചെറു തായി ചെങ്കുത്തായ ഭൂമിയാണ്.**

ഭൂമിയുടെ ന്യായ വില

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് സർവ്വെ നമ്പർ | ന്യായവില |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 80,000 |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 50,000 |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 50,000 |
| 4 | കൊണ്ടോട്ടി | 10/9 | 50,000 |
| 5 | കൊണ്ടോട്ടി | 10/22 | 80000 |
| | കൊണ്ടോട്ടി | 10/5 | 50000 |
| | കൊണ്ടോട്ടി | 10/3 | 50000 |
| | കൊണ്ടോട്ടി | 10/4 | 50000 |
| | ആകെ | | 1.75 |

**ഭൂമിയുടെ നഷ്ടപരിഹാരം**

നിലവിൽ ഈ പ്രദേശത്ത് സെന്റിന് നാല് ലക്ഷം രൂപ വില വരെ മാർക്കറ്റ് വില കണക്കാക്കി വിൽപ്പന നടന്നു വരുന്നുണ്ട്.

**പൊതുമരാമത്ത് റിപ്പോർട്ട്**

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 35 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് 1 ഇൻ 12 ഗ്രേഡിയന്റിൽ റോഡ് നിർമ്മിക്കുക അസാധ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.കൂടാതെ വെള്ളസൗകര്യം ലഭ്യമല്ലെന്നും പറയുന്നു.

**രണ്ടാം ഒപ്ഷനിലുള്ള ഭൂമി**

**കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/10,10/7 10/8,10/9,10/22,10/5/10/3,10/4,10/3 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 സെന്റ് ഭൂമി വിസ്തീർണ്ണമുള്ള ഭൂമി**

കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/10,10/7 10/8,10/9,10/22,10/5/10/3,10/4,10/3 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 സെന്റ് ഭൂമി വ്യത്യസ്ഥ ആധാരങ്ങൾ 1956 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും മുബൈ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ ട്രിഗർ ലോജിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ കൈവശത്തിലുണ്ട്.ടി ഭൂമിയിൽ നിന്ന് ഒരു ഏക്കർ 75 സെന്റ് ഭൂമി താഴെ പറയും പ്രകാരം നിയമപരമായി സർക്കാർ നിശ്ചയിക്കുന്ന വിലക്ക് വിട്ടുതരുവാൻ ഉടമസ്ഥർ തയ്യാറാണ് ,ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് ഉടമസ്ഥർ താഴെ പറയും പ്രകാരം സ്കച്ചും സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ട്.(സ്കച്ചിൽ നിറം നൽശാത്തതും റോഡിന് ഇടതുവഥത്തുള്ള ഭൂമി)



സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിലക്കുതരുവാൻ ഉദ്ദേശിക്കുന്ന രണ്ടാം ഓപ്ഷൻ പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം (സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 46.5 |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 14.20 |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 19.90 |
| 4 | കൊണ്ടോട്ടി | 10/9 | 16.10 |
| 5 | കൊണ്ടോട്ടി | 10/22 | 26.10 |
| | കൊണ്ടോട്ടി | 10/5 | 23.25 |
| | കൊണ്ടോട്ടി | 10/3 | 17.60 |
| | കൊണ്ടോട്ടി | 10/4 | 11.60 |
| | ആകെ | | 1.75 |

ഭൂമിയുടെ കിടപ്പ്

ദേശീയപാത എയർപോർട്ട് ജംഗ്ഷനിൽനിന്നും ഉദ്ദേശം 150 മീറ്റർ കോഴിക്കോട് റോഡിൽ പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. **ദേശീയ പാതയിൽ നിന്ന് ഏകദേശം 120മീറ്റർ വടക്ക് കിഴക്ക് മാറി സ്ഥിതിചെയ്യുന്നതും ചെറുതായി ചെങ്കുത്തായ ഭൂമിയാണ്.**

ഭൂമിയുടെ ന്യായ വില

| ക്രമ നമ്പർ | വില്ലേജ് | ബ്ളോക്ക് സർവ്വെ നമ്പർ | ന്യായവില |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 80,000 |
| 2 | കൊണ്ടോട്ടി | 12,റിസ 10/7 | 50,000 |
| 3 | കൊണ്ടോട്ടി | 12,റിസ 10/8 | 50,000 |
| 4 | കൊണ്ടോട്ടി | 10/9 | 50,000 |
| 5 | കൊണ്ടോട്ടി | 10/22 | 80000 |
| | കൊണ്ടോട്ടി | 10/5 | 50000 |
| | കൊണ്ടോട്ടി | 10/3 | 50000 |
| | കൊണ്ടോട്ടി | 10/4 | 50000 |
| | ആകെ | | 1.75 |

**ഭൂമിയുടെ നഷ്ടപരിഹാരം**

നിലവിൽ ഈ പ്രദേശത്ത് സെന്റിന് നാല് ലക്ഷം രൂപ വില വരെ മാർക്കറ്റ് വില കണക്കാക്കി വിൽപ്പന നടന്നു വരുന്നുണ്ട്.

**പൊതുമരാമത്ത് റിപ്പോർട്ട്**

പൊതുമാരാമത്ത് വകുപ്പിന്റെ പരിശോധന പ്രകാരം ചർച്ചയിലുള്ള ഭൂമി പ്രധാന റോഡിൽനിന്ന് ഏകേദേശം 120 മീറ്റർമാറിയും ഏകദേശം 10 മീറ്റർ ഉയരത്തിലും പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുക എലുപ്പമാണ് കൂടാതെ വെള്ളസൗകര്യം ലഭ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്

ഒന്നാം ഒപ്ഷനിലുള്ള ഭൂമിയേക്കൾ ഏറ്റവും അനുയോജ്യം രണ്ടാം ഒപ്ഷനിലുള്ള ഭൂമിയാണ്.ആയതിനാൽ രണ്ടാം ഒപ്ഷനിലുള്ള ( കൊണ്ടോട്ടി വില്ലേജ് ബ്ളോക്ക് 12 റിസ 10/10,10/7 10/8,10/9,10/22,10/5/10/3,10/4,10/3 എന്നീ സർവ്വെ നമ്പറുകളിലുള്ള ഏകദേശം 1.75 സെന്റ് ഭൂമി വിസ്തീർണ്ണുള്ള ഭൂമി ) അകിസിഷൻ നടപടികൾക്കായി നടപടി സ്വീകരിക്കാവുന്നതാണ്

തഹസീൽദാർ

ഭൂമി വിലക്കുനൽകുന്നത് സംബന്ധിച്ച് ഉടമസ്ഥരുടെ സമ്മത പത്രം



<u>ഭരണഭാഷ–മാതൃഭാഷ</u>

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :02/09/2021

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി ( ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)
റവന്യൂ (എഫ്) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം :– കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം – ഭൂമി ലഭ്യമാക്കുന്നത് – റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :–

1. ഈ കാര്യാലയത്തിലെ 12/05/2014 തീയതിയിലെ B1– 32519/2013 നമ്പർ കത്തും ഉള്ളടക്കവും.
2. 06/04/2015 തീയതിയിലെ 711/2015/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3. 25/9/2019 തീയതിയിലെ ഇതേ നമ്പർ കത്ത്.
4. 17/03/2020 തീയതിയിൽ ഈ കാര്യാലയത്തിൽ വച്ച് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗം.
5. കൊണ്ടോട്ടി തഹസിൽദാരുടെ 08/02/2021 തീയതിയിലെ C1–7098/2020 നമ്പർ കത്തും ഉള്ളടക്കം.
6. 25/08/2021 തീയതിയിൽ DDC യുടെ അദ്ധ്യക്ഷതയിൽ ബഹു MLA യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗം.
7. കൊണ്ടോട്ടി തഹസിൽദാരുടെ 31/08/2021 തീയതിയിലെ C1–7098/2020 നമ്പർ കത്ത്.
8. കൊണ്ടോട്ടി കൃഷി ഓഫീസറുടെ 26/08/2021 ലെ KRB9/2021 നമ്പർ കത്ത്.

**********************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു, കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന്റ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റി സർവ്വെ 376/1 ൽ പെട്ട 50 സെന്റ് സ്ഥലം കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി കൈമാറുന്നതിനുള്ള പ്രപ്പോസൽ സൂചന 1 പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ വില്ലേജ് റിക്കാർഡ് പ്രകാരം നഞ്ച വിഭാഗത്തിൽ പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമായ പ്രസ്തുത ഭൂമിയുടെ തരം മാറ്റം സൂചന 2 പ്രകാരം സർക്കാർ നിരസിച്ച് ഉത്തരവായിരുന്നു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി മറ്റൊരു ഭൂമി

കണ്ടെത്തുന്നതിനായി ബഹു.ലാന്റ് റവന്യൂ കമ്മീഷണർ 15/12/2018 ലെ LRM1 – 36975/2018 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി താലൂക്ക്, കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 റിസ. 105/5 ൽ പെട്ടതും ബങ്കാളത്ത് മമ്മദ് കുട്ടി മകൾ മമ്മിര്യം എന്നവരുടെ കൈവശത്തിലുള്ളതുമായ 1.20 ഏക്കർ ഭൂമി 2013 ലെ RFCT LARR Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവാക്കുന്നതിന് സൂചന 3 പ്രകാരം ബഹു.ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 17/03/2020 ൽ ഈ കാര്യാലയത്തിൽ വച്ച് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മേൽ ഭൂമി റോഡിന്റെ വീതിക്കുറവ് മൂലവും കുന്നിൻ മുകൾ ആയതിനാലും ടൗണിൽ നിന്ന് 2KM ദൂരമുള്ള ചെങ്കുത്തായ സ്ഥലമായതിനാലും ഒഴിവാക്കണമെന്ന് ബഹു .MLA നിർദ്ദേശിച്ചിരുന്നു. ആയതിനാൽ മറ്റ് ലഭ്യമായ ഭൂമികളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്യുകയും പ്രസ്തുത ഭൂമികളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് സൂചന 5 പ്രകാരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് താഴെ വിവരിക്കുന്ന 3 ഭൂമികൾ തഹസിൽദാർ നിർദ്ദേശിക്കുകയുണ്ടായി.

1. മുൻസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള മത്സ്യ മാർക്കറ്റിന് ഉപയോഗിക്കുന്ന ഭൂമി.
2. കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ സർവ്വെ നം. 10/20, 10/3, 10/5, 10/7, 10/8, 10/9, 10/22, 208/1, 208/2, 209/1, 209/2, 208/10 ൽപെട്ട 2.2515 ഹെക്ടർഭൂമി.
3. കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ സർവ്വെ നം. 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3 ൽപെട്ട 1.75 ഏക്കർ ഭൂമി.

മേൽ ഭൂമികളിൽ നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 3 പ്രകാരമുള്ള ഭൂമിയാണ് കൂടുതൽ അനുയോജ്യം എന്ന് കൊണ്ടോട്ടി തഹസിൽദാർ സൂചന 5 പ്രകാരം റിപ്പോർട്ട് ചെയിതിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ സൂചന 2 പ്രകാരം തരംമാറ്റ അനുമതി നിരസിച്ച കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റി സർവ്വെ 376/1 ൽ പെട്ട 50 സെന്റ് ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി ഒരിക്കൽ കൂടി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലേക്ക് വിടുവാനുള്ള സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് വേണ്ടി ഒരു യോഗം ചേരുവാൻ ബഹു. കൊണ്ടോട്ടി MLA ശ്രീ. T.V ഇബ്രാഹിം നിർദ്ദേശിച്ചത് പ്രകാരം 25/08/2021 തീയതിയിൽ ജില്ലാ വികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ബഹു . MLA യുടെ സാന്നിദ്ധ്യത്തിൽ ഈ കാര്യാലയത്തിൽ ഒരു യോഗം നടത്തുകയുണ്ടായി ( സൂചന 6). പ്രസ്തുത യോഗത്തിൽ കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റി സർവ്വെ 376/1 ൽ പെട്ട 50 സെന്റ് ഭൂമിയെക്കുറിച്ചുള്ള നിലവിലെ വിശദമായ റിപ്പോർട്ട് തഹസിൽദാരിൽ നിന്നും കൃഷി ഓഫീസറിൽ നിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി തഹസിൽദാരും, കൃഷി ഓഫീസറും സൂചന 7,8 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ കരഭൂമി ലഭ്യമല്ലാത്തതിനാൽ കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റി സർവ്വെ 376/1 ൽ പെട്ട 50 സെന്റ് ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ വേണ്ട തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷനുവേണ്ടി നിലവിൽ ലഭ്യമായ ഭൂമികളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

**1. <u>കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലുള്ള ബ്ലോക്ക് നമ്പർ 12 ൽ റി സർവ്വെ 376/1 ൽ പെട്ട 50 സെന്റ് ഭൂമി</u>**

i. 25/08/2021 ലെ സൂചന 6 പ്രകാരമുള്ള യോഗത്തിൽ ബഹു. കൊണ്ടോട്ടി MLA, കൊണ്ടോട്ടി താലൂക്ക് കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള നിലം ഭൂമി കൂടുതൽ സൗകര്യപ്രദമാണെന്ന് അഭിപ്രായപ്പെട്ടിരുന്നു.

ii. നഗരസഭയുടെ കൈവശത്തിലുള്ള ഭൂമി ആയതിനാൽ ഭൂമി വിട്ടൊഴിയൽ നടപടിയിലൂടെ സർക്കാരിലേക്ക് നിക്ഷിപ്തമാക്കാവുന്നതാണ്.

iii. വില്ലേജ് റിക്കാർഡ് പ്രകാരം നഞ്ച വിഭാഗത്തിൽ പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഭൂമി ആയതിനാൽ തരം മാറ്റം നിരസിച്ച് സർക്കാർ ഒരിക്കൽ ഉത്തരവായിട്ടുള്ളതാണ്.

iv. കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലുള്ള 50 സെന്റ് ഭൂമിയാണ് വിട്ടുതരുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. എന്നാൽ സൗകര്യപ്രദമായ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ ചുരുങ്ങിയത് ഒരു ഏക്കർ ഭൂമി എങ്കിലും അനിവാര്യമാണ്.

v. പ്രസ്തുത ഭൂമി മുൻസിപ്പാലിറ്റിയിൽ നിന്നും പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നതായും ഭൂമിയുടെ തരംമാറ്റം /രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയെയും തൊട്ടടുത്തുള്ള വയലുകളെയും കൃഷിയെയും നീരൊഴുക്കിനെയും പ്രതികൂലമായി ബാധിക്കുന്നതാണെന്നും, കൂടാതെ ചുറ്റുമുള്ള പാടശേഖരത്തെയും ദോഷകരമായി ബാധിക്കുമെന്നും ആകയാൽ മേൽ പറഞ്ഞ 50 സെന്റ് നെൽവയൽ പരിവർത്തനപ്പെടുത്തുവാൻ ശുപാർശ ചെയ്യുന്നില്ല എന്നും കൃഷി ഓഫീസർ സൂചന 8 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

vi. ടി ഭൂമിയിൽ മുൻ വർഷങ്ങളിൽ കൃഷി ചെയ്തിരുന്നതായി തഹസിൽദാരും വില്ലേജ് ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2. <u>കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ സർവ്വെ നം. 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3 ൽപെട്ട 1.75 ഏക്കർ ഭൂമി.</u>**

a) പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നത് പ്രകാരമാണ്.

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് സർവ്വെ നമ്പർ | വിസ്തീർണ്ണം( സെന്റിൽ) |
|---|---|---|---|
| 1 | കൊണ്ടോട്ടി | 12,റിസ 10/10 | 46.5 |
| 2 | കൊണ്ടോട്ടി | 12, റിസ 10/7 | 14.20 |
| 3 | കൊണ്ടോട്ടി | 12, റിസ 10/8 | 19.90 |
| 4 | കൊണ്ടോട്ടി | 10/9 | 16.10 |
| 5 | കൊണ്ടോട്ടി | 10/22 | 26.10 |
| 6 | കൊണ്ടോട്ടി | 10/5 | 23.25 |
| 7 | കൊണ്ടോട്ടി | 10/3 | 17.60 |
| 8 | കൊണ്ടോട്ടി | 10/4 | 11.60 |

| | | | |
|---|---|---|---|
| | ആകെ | | 1.75 ഏക്ര |

b) പ്രസ്തുത ഭൂമി ഭൂമി ലാന്റ് അക്വസിഷൻ മുഖേന ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമി വിട്ടു നൽകുന്നതിന് ഉടമസ്ഥർ തയ്യാറാണ് എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

c) സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണ് എന്ന് കൊണ്ടോട്ടി തഹസിൽദാർ സൂചന 5 പ്രകാരം റിപ്പോർട്ട് ചെയിതിട്ടുണ്ട്.

d) ടി ഭൂമിയിലേക്ക് ഗതാഗത ആവശ്യത്തിനായി വേണ്ടിവരുന്ന സൗകര്യപൂർണ്ണമായ വഴി വിട്ടുതരാമെന്ന് ഉടമകൾ അറിയിച്ചിട്ടുള്ളതാണ്.

കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നിലവിൽ മറ്റ് കര ഭൂമികൾ ഒന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ കൈവശത്തിലുള്ളതും ഡാറ്റാബാങ്ക് പ്രകാരം നിലം ഭൂമിയിൽ ഉൾപ്പെട്ട കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റി സർവ്വെ 376/1 ൽ ഒട്ടുളവ് 1 ഏക്ര 56 സെന്റ് ഭൂമിയിൽ, 70 സെന്റ് ഭൂമിക്ക് തരംമാറ്റ അനുമതി നൽകുകയോ, കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റ സർവ്വെ നം. 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4, 10/3 ൽപെട്ട 1.75 ഏക്ര ഭൂമി ലാന്റ് അക്വസിഷൻ മുഖേന ഏറ്റെടുക്കാൻ അനുമതി നൽകുകയോ ചെയ്യാവുന്നതാണ്.

മേൽ പ്രസ്താവിച്ച വിവരങ്ങൾ ഉചിതമായ തീരുമാനത്തിനും ഉത്തരവിനുമായി സമർപ്പിച്ചു കൊള്ളുന്നു.

വിശ്വാസപൂർവ്വം

**K.GOPALAKRISHNAN IAS, DC DCMPM, O/O DC DCMPM**
ജില്ലാ കളക്ടർ

Signature Not Verified

Digitally signed by K GOPALAKRISHNAN IAS
Date: 2021.09.02 11:25:11 IST
Reason: Approved

C1-7098/2020.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 18.11.2020

പ്രേഷകൻ
തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്
ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന : ജില്ലാ കളക്ടറുടെ 05.11.2020 തീയതിയിലെ കത്ത്.

*******************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. 01.10.2020 തീയതിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന സംഗതിയിൽ താഴെ പറയുന്ന ഭൂമികൾ പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്ന കാര്യം പരിശോധിക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

1) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി.
2) കൊണ്ടോട്ടി വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്ത് ട്രിഗർ ലോജിസ്റ്റിക്ക് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമി

കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി

| ക്രമ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം | ഭൂമിയുടെ വിവരങ്ങൾ | ഭൂമിയുടെ കൈവശം |
|---|---|---|---|
| 1 | 0.3000 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | നിലവിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശവും മത്സ്യ മാർക്കറ്റുമായി പ്രവർത്തിക്കുന്നു. |
| 2 | 0.0607 ഹെകക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തികൾ മുനിസിപ്പാലിറ്റിക്കു നൽകിയത് നിലിവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുകന്നു. |
| ആകെ | 0.3607 | | |
| 3 | 0.0850 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | ശ്രീ.ചേർങ്ങോടൻ ഹസ്സൻ മകൻ കുട്ടി ഹസ്സൻ മുതൽ പേരുള്ള സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |
| 4 | 0.0342 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| 5 | 0.1335 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |
| 6 | 0.1215 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 404/12 | മാർക്കറ്റിനോട് ചേർന്നുകിടക്കുന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം |
| 7 | 0.6061 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 408/10 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിന് പുറത്ത് |
| ആകെ | 0.9803 | | |

ഇപ്രകാരം പരിശോധിച്ചതിൽ നിലവിൽ മാർക്കറ്റിനായി ഉപയോഗിക്കുന്നത് മുനിസിപ്പാലിറ്റിയുടെ കൈവശം 0.3607 ഹെക്ടർ ഭൂമി ആണ്. 0.9803 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതും ജനങ്ങൾ താമസിക്കുന്നതുമായ നിറയെ കെട്ടിടങ്ങൾ ഉള്ളതുമായ ഭൂമിയാണ്. ഈ ഭൂമി ബലം പ്രയോഗിച്ചുള്ള അക്വിസിഷനിലൂടെ മാത്രമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലം പൊതുമരാമത്തു വകുപ്പ് പരിശോധിക്കുകയും എയർപോർട്ടു പരിധിയിൽ കെട്ടിടങ്ങൾക്ക് പരമാവധി ഉയരം 10 മീറ്ററിൽ പരിമിതപ്പെടുത്തണമെന്നും പൊതു കെട്ടിടങ്ങൾക്ക് ഫ്ളോർ സ്പെയ്സ് ഇൻഡക്സ് 3 ആണെന്നും, 2 നിലകളോടുകൂടിയ കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യം പരിശോധിച്ചതിൽ മുനിസിപ്പാലിറ്റി ഭൂമി വിട്ടു തന്നാലും ചുറ്റുമുള്ള ഭൂമി 0.9803 ഹെക്ടർ ഭൂമി ഒരു അക്വിസിഷനിലൂടെ മാത്രമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. കൂടാതെ രണ്ടു നിലകളോടു കൂടിയ (ഗ്രൗണ്ട് + ഫസ്റ്റ് ഫ്ളോർ) കെട്ടിടം മാത്രമേ ഇവിടെ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളത് ഭാവിയിൽ കൂടുതൽ ഓഫീസുകളെ ഉൾക്കൊള്ളിക്കുന്നതിന് ഒരു പരിമിതിയാണ്. ആയതിനാൽ ഈ ഭൂമി മിനി സിവിൽസ്റ്റേഷന് വേണ്ടി പരിഗണിക്കേണ്ടതില്ല.

കൊണ്ടോട്ടി വില്ലേജിൽ ഉള്ളതും ട്രിഗർ ലോജിസ്റ്റിക്ക് എന്ന സ്ഥാപനത്തിന്റെ കൈവശത്തിലുള്ള ഭൂമിയുടെ രേഖകളും സ്കെച്ചും ഹാജരാക്കുന്നതിന് ഈ സ്ഥാപന ഉടമകൾ കുറച്ച് സമയം ചോദിച്ചതിനാലാണ് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ വൈകിയത്. ഇക്കാര്യത്തിൽ നടപടി പൂർത്തിയാക്കി എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

വിശ്വാസ പൂർവ്വം,

തഹസിൽദാർ.

C1-7098/2020.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 18.11.2020

പ്രേഷകൻ
തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്
ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന : ജില്ലാ കളക്ടറുടെ 05.11.2020 തീയതിയിലെ കത്ത്.

*******************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. 01.10.2020 തീയതിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന സംഗതിയിൽ താഴെ പറയുന്ന ഭൂമികൾ പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്ന കാര്യം പരിശോധിക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

1) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി.
2) കൊണ്ടോട്ടി വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്ത് ട്രിഗർ ലോജിസ്റ്റിക്ക് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമി

കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി

| ക്രമ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം | ഭൂമിയുടെ വിവരങ്ങൾ | ഭൂമിയുടെ കൈവശം |
|---|---|---|---|
| 1 | 0.3000 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | നിലവിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശവും മത്സ്യ മാർക്കറ്റുമായി പ്രവർത്തിക്കുന്നു. |
| 2 | 0.0607 ഹെകക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തികൾ മുനിസിപ്പാലിറ്റിക്കു നൽകിയത് നിലിവിൽ മത്സ്യമാർക്കറ്റായി പ്രവർത്തിക്കുകന്നു. |
| ആകെ | 0.3607 | | |
| 3 | 0.0850 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | ശ്രീ.ചേർങ്ങോടൻ ഹസ്സൻ മകൻ കുട്ടി ഹസ്സൻ മുതൽ പേരുള്ള സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |
| 4 | 0.0342 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| 5 | 0.1335 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 414/1 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിനായി ഉപയോഗിക്കുന്നു. |
| 6 | 0.1215 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 404/12 | മാർക്കറ്റിനോട് ചേർന്നുകിടക്കുന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം |
| 7 | 0.6061 ഹെക്ടർ | കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് 12, റി.സ 408/10 | സ്വകാര്യ വ്യക്തിയുടെ സ്ഥലം മാർക്കറ്റിന് പുറത്ത് |
| ആകെ | 0.9803 | | |

ഇപ്രകാരം പരിശോധിച്ചതിൽ നിലവിൽ മാർക്കറ്റിനായി ഉപയോഗിക്കുന്നത് മുനിസിപ്പാലിറ്റിയുടെ കൈവശം 0.3607 ഹെക്ടർ ഭൂമി ആണ്. 0.9803 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതും ജനങ്ങൾ താമസിക്കുന്നതുമായ നിറയെ കെട്ടിടങ്ങൾ ഉള്ളതുമായ ഭൂമിയാണ്. ഈ ഭൂമി ബലം പ്രയോഗിച്ചുള്ള അകിസിഷനിലൂടെ മാത്രമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലം പൊതുമരാമത്തു വകുപ്പ് പരിശോധിക്കുകയും എയർപോർട്ടു പരിധിയിൽ കെട്ടിടങ്ങൾക്ക് പരമാവധി ഉയരം 10 മീറ്ററിൽ പരിമിതപ്പെടുത്തണമെന്നും പൊതു കെട്ടിടങ്ങൾക്ക് ഫ്ളോർ സ്പെയ്സ് ഇൻസക്സ് 3 ആണെന്നും, 2 നിലകളോടുകൂടിയ കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യം പരിശോധിച്ചതിൽ മുനിസിപ്പാലിറ്റി ഭൂമി വിട്ടു തന്നാലും ചുറ്റുമുള്ള ഭൂമി 0.9803 ഹെക്ടർ ഭൂമി ഒരു അകിസിഷനിലൂടെ മാത്രമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളൂ. കൂടാതെ രണ്ടു നിലകളോടു കൂടിയ (ഗ്രൗണ്ട് + ഫസ്റ്റ് ഫ്ളോർ) കെട്ടിടം മാത്രമേ ഇവിടെ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളത് ഭാവിയിൽ കൂടുതൽ ഓഫീസുകളെ ഉൾക്കൊള്ളിക്കുന്നതിന് ഒരു പരിമിതിയാണ്. ആയതിനാൽ ഈ ഭൂമി മിനി സിവിൽസ്റ്റേഷന് വേണ്ടി പരിഗണിക്കേണ്ടതില്ല.

കൊണ്ടോട്ടി വില്ലേജിൽ ഉള്ളതും ട്രിഗർ ലോജിസ്റ്റിക്ക് എന്ന സ്ഥാപനത്തിന്റെ കൈവശത്തിലുള്ള ഭൂമിയുടെ രേഖകളും സ്കെച്ചും ഹാജരാക്കുന്നതിന് ഈ സ്ഥാപന ഉടമകൾ കുറച്ച് സമയം ചോദിച്ചതിനാലാണ് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ വൈകിയത്. ഇക്കാര്യത്തിൽ നടപടി പൂർത്തിയാക്കി എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

വിശ്വാസ പൂർവ്വം,

തഹസിൽദാർ.

**ഭരണഭാഷ- മാതൃഭാഷ**

സി1-7098/2020

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311
ഇ-മെയിൽ : tah.kondotty.rev@kerala.gov.in
പിൻ- 673 638
തീയതി: 31/08/2021

പ്രേഷകൻ

തഹസിൽദാർ,
കൊണ്ടോട്ടി.

സ്വീകർത്താവ്

ബഹു.ജില്ലാ കലക്ടർ ,
മലപ്പുറം.

കളക്ടറേറ്റ്
0 5 SEP 2021

സർ,

വിഷയം :- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ – കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ബ്ലോക്ക് 12 റി.സ 376/1 ൽ പെട്ട നിലം ഭൂമി -പുനപരിശോധിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1) ബഹു. ഡിസിസിയുടെ അധ്യക്ഷതയിൽ ബഹു. ടി.വി.ഇബ്രാഹിം എം.എൽ.എ മലപ്പുറം കലക്ട്രേറ്റിൽ പങ്കെടുത്ത യോഗത്തിന്റെ തീരുമാനം.
2) സ.ഉ (സാധാ) 711/2015 /കൃഷി , തിയ്യതി 06.04.2015 കൃഷി (എൻ.സി.എ) വകുപ്പ്.
3) കൊണ്ടോട്ടി വില്ലേജ് ഓഫീസറുടെ 26.08.2021 ലെ 123/21 നമ്പർ റിപ്പോർട്ട്.
4) കൊണ്ടോട്ടി കൃഷി ഓഫീസറുടെ 26.08.21 ലെ കെകെബി 9/2021 നമ്പർ റിപ്പോർട്ട്.
5) ജില്ലാ കലക്ടറുടെ ബി4-45007/2014 നമ്പർ ഫയൽ.

******

കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 12 റി.സ 376/1 ൽ (പ.സ 338/2) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള 50 സെന്റ് നിലം ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് വേണ്ടി ഏറ്റെടുക്കുന്നത് പുനഃപരിശോധിക്കുന്നതിന് വേണ്ടി നിർദ്ദേശിച്ചിരുന്നു.

കൊണ്ടോട്ടി എസ്ആർഒ യിലെ 1314/1982 നമ്പർ ജന്മം തീരാധാര പ്രകാരം കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് തീരുലഭിച്ച പഴയ റി.സ 338/2 (പുതിയ റി.സ ബ്ലോക്ക് 12 റി.സ 376/1) 1 ഏക്ര 56 സെന്റിൽ പെട്ട 50 സെന്റ് ഭൂമി മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി വില ഈടാക്കാതെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് 12.12.2013 ൽ ചേർന്ന ഭരണ സമിതി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ടി ഭൂമി ബിടിആർ പ്രകാരം നിലവും 2008 ലെ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ

ഉൾപ്പെട്ടതുമാണ്. ആയത് പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട മേപ്പടി ഭൂമി സർക്കാർ ആവശ്യത്തിനുവേണ്ടി തരംമാറ്റുന്നതിന് വേണ്ടി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് പ്രാദേശിക നിരീക്ഷണ സമിതി ഭൂരിപക്ഷ തീരുമാന പ്രകാരം 19.08.2014 ൽ ചേർന്ന യോഗത്തിൽ ശുപാർശ ചെയ്തിരുന്നു.

എന്നാൽ മേപ്പടി തരംമാറ്റത്തിനുള്ള അപേക്ഷ 06.04.2015 ലെ സൂചന(2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പകരം കര ഭൂമി കണ്ടെത്തുക എന്ന് നിർദ്ദേശിച്ചുകൊണ്ട് നിരസിക്കുകയുണ്ടായി.

തുടർന്ന് മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി (കര ഭൂമി) ലഭ്യമാണോ എന്ന് പരിശോധന നടത്തിയെങ്കിലും താലൂക്ക് പരിധിയിൽ ഇത്തരത്തിലുള്ള ഭൂമി ലഭ്യമായിട്ടില്ല.

തുടർന്ന് ഭൂമി അക്വയർ ചെയ്യുന്നതിനും, നെഗോഷ്യബിൾ പർച്ചേസ് വഴിയും ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ചിരുന്നുവെങ്കിലും ആയതിന്റെ നടപടികളൊന്നും പൂർത്തിയായിട്ടില്ല.

കൊണ്ടോട്ടി താലൂക്ക് ഓഫീസ് നിലവിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വളരെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. അതുപോലെ താലൂക്ക് പരിധിയിലെ മറ്റു പല സർക്കാർ ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്.

മിനി സിവിൽസ്റ്റേഷനുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 376/1 ൽ പെട്ട 50 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയിൽ നിന്നും പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നതായി കൃഷി ഓഫീസറും, ടി സ്ഥലം നിലവിൽ തരിശായി കിടക്കുന്നതായും മുൻ വർഷങ്ങളിൽ നെൽ കൃഷി ചെയ്തിരുന്നതായി വില്ലേജ് ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ കര ഭൂമി ലഭ്യമല്ലാത്തതിനാലും ഭൂമി ഏറ്റെടുക്കുന്നതിനുള്ള മറ്റു നടപടികളിൽ തീരുമാനമാവാത്തതിനാലും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള നിലം ഭൂമി മിനി സിവിൽസ്റ്റേഷനുവേണ്ടി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾക്കായി മേൽ വിവരങ്ങൾ റിപ്പോർട്ടാക്കുന്നു.

വിശ്വാസപൂർവ്വം ,

തഹസിൽദാർ




Document No 1314 of 1982

This indenture made this the 31st day of March One thousand nine hundred and eighty two BETWEEN Thottassery Aminakutty aged 60 years Swasthans D/o Ahammed Kutty residing at Kondotty amsom Kolathur desom of Ernad Taluk Malappuram District (hereinafter called the "VENDOR" which expression shall where the context so admit include their heirs, executors, administrators and ~~(xxxx)~~ legal representatives) of one part and Kondotty panchayat constituted under the Kerala panchayat Act 1960 (Act 32 of 1960) (hereinafter called the "PURCHASER" which

(

expression shall where the context so admits include its successors and assigns) of the other part WHEREAS the property described in the schedule hereunder obtained to the VENDOR under Kanam deed Number 1728 of 1962 of Sub Registry office Kondotty and Jenmam right obtained from Kondotty Land Tribunal pattayam Number 2145 of 1976. AND WHEREAS the Vendor now the absolute owner and possessor of the property mentioned and described in the schedule have to have agreed with the purchaser to sell absolutely to the latter the said property with all improvements thereon for the price of Rs 49920 (Rupees Fortynine thousand nine hundred and twenty only) for which the purchaser has agreed. Now THIS INDENTURE WITNESSETH that in pursuance of the said agreement and in consideration of the sum of Rs 49920 (Rupees Fortynine thousand nine hundred and twenty only) paid by the purchaser to the Vendor on the day of 31st March 1978 (The receipt whereof the Vendor do hereby acknowledge) The Vendor do hereby grant convey and assign unto the purchaser all the

Corr: 5 2

- Rs

27.

piece or parcel of land situated in Kolathur desam and more particularly —— Aminakutty (sd) fingerimpression —— described in the Schedule hereunder written and which together with the message or tenement erected thereon is commonly called or known as "Madamkuzhi Nilam" TOGETHER with all liberties, privileges, easements, advantages and appurtenances whatsoever to the said piece or parcel of land message and premises or any of them in anywise appertaining or heretofore occupied or enjoyed therewith AND all the estate, right, title, interest, property, claim and demand whatsoever of the ~~Vendo~~ Vendor into and upon the same premises TO HAVE AND TO HOLD the said piece or parcel of land, message and premises hereby granted, conveyed and assigned unto the purchaser for ever AND the Vendor doth hereby covenant with the purchaser that she the Vendor now hath good right to ~~[illegible]~~ grant convey and assign the premises hereby granted conveyed and assigned unto the purchaser in manner aforesaid AND that the purchaser shall and may at all times hereafter

Lawn ...

peacefully and quietely possess and enjoy the said premises free from all encumbrances whatsoever and receive the rents and profits thereof without any lawful eviction, interruption, claim or demand whatsoever from or by the Vendor or any other person or persons AND further that she the Vendor and all persons having lawfully or equitably claiming any estate or interest in the said premises or any of them or any part thereof from under or in trust for the Vendor or from or under any of her ancestors and will from time to time and at all times hereafter at the request and cost of the purchaser de execute and register or cause to be done executed and registered all such acts (deeds) deeds and things whatsoever for further and more perfectly assuring the said premises and every part thereof unto the purchaser in manner aforesaid as shall may be reasonably required — Aminabutty (sd) finger impression (3) — The purchase in under the seven point programme of Government of Kerala and the property is for the use of mini Stadium to be established by Government. IN WITNESS

Conc...

Whereof the vendor hath hereunto set her hand and seal the 2nd day and year first above written. THE SCHEDULE ABOVE REFERRED TO. District: Malappuram Sub District: Kondotty, Taluk: Ernad, Firka: Kondotty, Amsom: Kondotty, Desom: Kolathur, Tenure Jenmom Re-Survey No. 338/2. Extent: 1 Acre 56 Cents. Total extent 1 Acre 56 Cents. Descriptions of Property: Madamkuzhi Nilam Samasthavakasangal Sahitham 6 feet Kole east west Northern side 23 Kole middle 36 Kole Southern side 23 Kole South North 70 Kole Hector 0-624 Total extent 1 Acre 56 Cents. Boundaries: East Marchingal ~~[illegible]~~ ennum paakkal aru nilavum Rs No 342/1, North: Paakkal parambu Athikkavu parambu Mangalay thodika parambu Marchingal parambu Rs No. 335/2A1 West: Naduchali nilam Madamkuzhinilam Rs-No 338/1. South: Chaladi nilavum mattum Rs-No 341/1,3 Aminakutty (SD) finger impression. Witness 1 Kuzhi palli Vasu (SD) S/o ~~[illegible]~~ Kunhinayadi Nallur. 2 Thaithodu poorachan (SD) S/o Nayadi Nallur Typed by Koottungal Jeevanandan (SD) SAD 99 State Licence. Note of Correction Nil Aminakutty (SD)

Contd. 7

finger impression Stamp Nil Copy typed by Kuttingal
Jeevanandan (SD) SAD 99 Copy of endorsements
and Certificates: Presented in the office of the
Sub Registrar Kondotty and fee of Rs 501/- (Rupees
five hundred and one only) paid at 1.30 PM on this
the 31st March 1982 by Thottassery Aminakutty -
(SD) 31st March 1982 Sub Registrar P. Saidalavi
(SD) Execution admitted by, Thottassery Aminakutty
(SD)(Finger impression) D/o Ahammed Kutty Swasthim
Kolathur Identified by, [illegible]
[illegible]
[illegible]
[illegible] 31st
March 1982 Sub Registrar P. Saidalavi (SD) Regist
red as No 1314 of 1982 of Book I Volume 361
pages 421 to 423. 3 Sheets: 1st Sheet 31st March
1982 Sub Registrar P. Saidalavi (SD) (Seal)
In document interlineations etc are Nil in Copy
interlineations (1)(2)(5)(6)(7) Scorings (3)(4)(8)(9) endo

-2-

True Copy and endorsements Compared by Reader: N. Padmanabhan (SD) Examiner K. Velayudhan Clerk (SD) Sub Registrar P. Saidalavi (SD) Dated 31.3.82 Returned to DW II Abdurahiman on 1.4.82 (SD)

[True Copy Seven sollis]

Cover: 1

Total Cover: 15

Copy prepared by: M.P. Balasubramanian Clerk

Compared by { Reader: T. Narayanan LDC
Examiner: M.P. Balasubramanian Clerk

SRO Kondotty,
27. 9. 2002.

P.K. Muhammed

True Copy

P. K. ABDUL LATHEEF
Secretary
Kondotty Grama Panchayat
Malappuram Dt.

തിരുവനന്തപുരം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.റവ-എഫ്2/152/2021-റവ

റവന്യൂ (എഫ്) വകുപ്പ്
11/10/2021,തിരുവനന്തപുരം
ഫോൺ: 0471 2518480
E-mail:revenuef8480@gmail.com

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ.ടി.വി.ഇബ്രാഹിം എം.എൽ.എ.
മെമ്പർ (കൊണ്ടോട്ടി), കേരള നിയമസഭ.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, മലപ്പുറം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച യോഗം - സംബന്ധിച്ച്.

--------

സൂചന:-

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 12-10-2021-ന് ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം നടത്തുവാൻ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി തീരുമാനിച്ചിട്ടുണ്ട്. നിയമസഭ കോംപ്ലക്സിലെ ബഹു.മന്ത്രിയുടെ ചേംബറിൽ വച്ച് (ഓൺ. ലൈ) വീഡിയോ കോൺഫറൻസ് മുഖാന്തിരം കൂടി നടക്കുന്ന പ്രസ്തുത യോഗത്തിൽ താങ്കൾ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

Meeting link - https://meet.google.com/cph-mcpe-hzc

വിശ്വസ്തതയോടെ,

ടി ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

നമ്പർ.റവ -ബി 2/146/2020-റവ

26/10/2021,തിരുവനന്തപുരം

കളക്ടറേറ്റ്
05 NOV 2021
മലപ്പുറം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ കളക്ടർ, മലപ്പുറം

സർ,

വിഷയം:- റവന്യൂ വകുപ്പ് - കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലുള്ളതും ഡാറ്റാ ബാങ്ക് പ്രകാരം നിലം ഭൂമിയിൽ ഉൾപ്പെട്ട കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റീ സർവ്വേ നമ്പർ 376/1 ൽ ഉൾപ്പെട്ട 1 ഏക്കർ 56 സെന്റ് ഭൂമിയിൽ, 70 സെന്റ് ഭൂമിക്ക് തരം മാറ്റി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന:- 02.08.2021-ലെ താങ്കളുടെ DCMPM/9297/2018-B5 നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി നെൽവയലല്ലാത്ത സർക്കാർ ഭൂമി ലഭ്യമാണോ എന്ന് പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു.

B5

വിശ്വസ്തതയോടെ,
Sajan C V I A S
Deputy Secretary
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

No.57/20/(X.N.dis)/Tapal

Collectorate, Palakkad
Date :22/09/2021

Being missent forwarded to the District Collector, Malappuram

22/9/21
Faircopy Superintendent
Tapal Section

25 SEP 2021

Enclosure:1)B2/146/2020/Rev
2)B2/256/2021/Rev
3)B1/296/2021/Rev

File No.REV-B2/146/2020-REV

20 SEP 2021

GOVERNMENT OF KERALA

Revenue (B) Department

No.B2/146/2020-REV

16/09/2021,Thiruvananthapuram

From

Additional Chief Secretary to Government

To

The Commissioner of Land Revenue, Thiruvananthapuram

The District Collector, Malappuram

Sir,

Sub: Revenue Department - Acquisition of 1.20 Hectares of land in Kondotty Village for the construction of Mini Civil Station - Reg

Ref: Government letter of even no. dated 11/05/2020 (copy enclosed)

I am to invite your attention to the reference cited and to request you to furnish the details called for immediately to Govt. without further delay.

Yours Faithfully,
Sajan C V I A S
Deputy Secretary
For Additional Chief Secretary to Government

Approved for Issue,

Section Officer

**GOVERNMENT OF KERALA**

Revenue (B) Department

No.REV-B2/146/2020-REV 11/05/2020,Thiruvananthapuram

From
Principal Secretary to Government

To
The Commissioner of Land Revenue
The District Collector, Malappuram

Sir,

Sub: Revenue Department - Acquisition of 1.20 Hectares of land in Kondotty Village for the construction of Minil Civil Station - Reg

Ref: 1. Letter No DCMPM/9297/2018-B5 dated 25/07/2019 from the District Collector, Malappuram
2. Letter No LRC4-8089/2020 dated 17.02.2020 from the Commisoner of Land Revenue

I am to invite your attention to the reference cited and to request you to furnish special proposal enclosing formal requisition form & clearly specifying the availability of funds with regard to the acquisition of 1.20 Hectares of land in Kondotty Village for the construction of Mini Civil Station immediately so as to proceed further in the matter.

Yours Faithfully,
**JAFFERKHAN S**
**DEPUTY SECRETARY**
For Principal Secretary to Government

Approved for Issue,

Section Officer

File No.REV-B2/256/2021-REV

20 SEP 2021

**GOVERNMENT OF KERALA**

**Abstract**

Revenue Department - Acquisition of 0.2709 Hectares of land in Cheriyamundam and Thrikkandiyur Villages of Malappuram district for the construction of Koottilathara Manjhakkadavu Bridge & its approach road - Sanction accorded - Orders issued

**REVENUE (B) DEPARTMENT**

G.O.(Rt)No.3151/2021/RD Dated,Thiruvananthapuram, 17/09/2021

Read 1. G.O.(Ms)No.56/2019/RD dated 14.02.2019
2. G.O.(Rt)6/2021/PWD dated 05/01/2021
3. Letter No. CE/BR/MNJ/12099/19 dated 12/08/2021 from the Chief Engineer, PWD (Bridges), Thiruvananthapuram

**ORDER**

The Chief Engineer, PWD (Bridges), Thiruvananthapuram in the letter read as 3rd paper above has requested sanction for the acquisition of 0.2709 Hectares of land in Cheriyamundam and Thrikkandiyur Villages of Malappuram district for the construction of Koottilathara Manjhakkadavu Bridge & its approach road as detailed below:

| Village | Taluk | Survey Nos. | Extent |
|---|---|---|---|
| Cheriyamundam | Tirur | 55/2, 55/3, 55/7, 55/8 | |
| Thrikkandiyur | | 287/19, 287/20, 295/2, 295/3, 295/4, 296/3 | |
| Total | | | 0.2709 Ha |

2. Government have examined the matter in detail and are pleased to accord sanction to District Collector, Malappuram to acquire an extent of 0.2709 Hectares of land in Cheriyamundam and Thrikkandiyur Villages of Malappuram district for the construction of Koottilathara Manjhakkadavu Bridge & its approach road by invoking the provisions contained in LARR Act, 2013.

3. The District Collector, Malappuram is directed to acquire the land by invoking the provisions contained in LARR Act, 2013. The District Collector will ensure that approval under extent Acts & Rules, viz. Conservation of Paddy land and Wet land Act, Coastal Zone Regulation Act and Environment Act, whichever are applicable to the proposal in this case are obtained by the requisitioning Authority before proceeding with land acquisition.

4. The District Collector shall ensure that the requisitioning authority has deposited 5% Contingency Charges of the cost of compensation or Rupees fifty lakhs whichever is less as provided in Rule 4(3) of LARR Rules, 2015 r/w G.O.(P)17/18/RD dated 12.04.2018, in the TSB account before proceeding with the acquisition. Before issuance of 19(1) Declaration the District Collector should also ensure that the balance entire cost of compensation as provided in Rule 4(6) of LARR Rules, 2015 has been deposited by the requisitioning authority in the TSB account or else the acquisition proceedings may be stopped atonce.

(By order of the Governor)
K Biju I A S
Special Secretary

To:
The Commissioner of Land Revenue, Thiruvananthapuram.
The District Collector, Malappuram
The Accountant General (A&E/Audit), Kerala, Thiruvananthapuram.
The Public Works Department
The I&PR(Web & New Media) Department
Stock File/Office Copy

Copy to : PS to Hon'ble Minister (Revenue)
PA to Additional Chief Secretary (Revenue & DM)
CA to Special Secretary (Revenue)
Deputy Secretary (Revenue)

Forwarded /By order

Section Officer
Signed by Binu Varghese
Date: 17-09-2021 10:48:46
Reason: Approved

**File No.REV-B1/296/2021-REV**

20 SEP 2021

**GOVERNMENT OF KERALA**

Revenue (B) Department

No.REV-B1/296/2021-REV

09/09/2021,Thiruvananthapuram

From

Additional Chief Secretary to Government

To

The Advocate General
Ernakulam

Sir,

Sub: Revenue Department : WP(c) 6540/2021 filed by Shri Noushad P P - Reg

Ref: WP(c) 6540/2021 filed by Shri Noushad P P

Inviting attention to the reference cited, it is requested to defend the case for and on behalf of Govt. as and when the case comes up for hearing. It is informed that necessary directions has been given to the District Collector, Malappuram for furnishing Statement of Facts directly to you for filing Counter affidavit.

Yours Faithfully,
Sajan C V I A S
Deputy Secretary
For Additional Chief Secretary to Government

Approved for Issue,

Section Officer

Copy to : The District Collector, Malappuram (You are requested to give necessary directions to CALA, Malappuram to furnish Statement of Facts directly to O/o Advocate General, Ernakulam for filing Counter affidavit under intimation to Govt).

ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**
ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

**തീയതി :17/12/2021**

പ്രേഷകൻ
ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്
അഡീഷണൽ ചീഫ് സെക്രട്ടറി
റവന്യൂ (ബി) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച്.

സൂചന:- 1. അങ്ങയുടെ 26/10/2021 തിയ്യതിയിലെ റവ - ബി.2/146/2020 നം. കത്ത്.
2. കൊണ്ടോട്ടി തഹസിൽദാരുടെ 31/08/2021 തിയ്യതിയിലെ സി 1. 7098/2020 നം. കത്ത്.
3. ഈ കാര്യാലയത്തിലെ 02/09/2021 തിയ്യതിയിലെ DCMPM/9297/2018/B5 നം.കത്ത്.

**********************

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കര ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ കൈവശത്തിലുള്ളതും ഡാറ്റാ ബാങ്ക് പ്രകാരം നിലം ഭൂമിയിൽ ഉൾപ്പെട്ട കൊണ്ടോട്ടി വില്ലേജ് ബ്ലോക്ക് നമ്പർ 12 ൽ റീ സർവ്വെ 376/1 ൽ 1 ഏക്ര 56 സെന്റ് ഭൂമിയിൽ 70 സെന്റ് ഭൂമിക്ക് തരം മാറ്റ അനുമതി നൽകുകയോ, കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ പെട്ട ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ സർവ്വെ നം. 10/10, 10/7, 10/8, 10/9, 10/22, 10/5, 10/3, 10/4 ൽ പെട്ട 1.75 ഏക്ര ഭൂമി ലാന്റ് അക്വസിഷൻ മുഖേന ഏറ്റെടുക്കാൻ അനുമതി നൽകുകയോ ചെയ്യാവുന്നതാണെന്ന് സൂചന 3 പ്രകാരം ഈ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ ഉടമസ്ഥതയിലുള്ള കര ഭൂമി ലഭ്യമാണോയെന്ന് പരിശോധന നടത്തിയെങ്കിലും കൊണ്ടോട്ടി താലൂക്ക് പരിധിയിൽ ഇത്തരത്തിലുള്ള ഭൂമി ലഭ്യമായിട്ടില്ലെന്നാണ് സൂചന 2 പ്രകാരം കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേൽ വിവരം അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

**PURUSHOTHAMAN P N, DYC(LR) DCMPM, O/O DYC(LR) DCMPM**
ജില്ലാ കളക്ടർക്ക് വേണ്ടി

Signature Not Verified

Digitally signed by
PURUSHOTHAMAN P N
Date: 2021.12.17 13:26:19 IST
Reason: Approved

85

# 25/08/2021 ന് മലപ്പുറം അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെ ചേമ്പറിൽ നടന്ന യോഗത്തിന്റെ നടപടി ക്കുറിപ്പ്

മലപ്പുറം ജില്ലാ വികസന സമിതിയുടെ 2021 ആഗസ്റ്റ് മാസത്തെ യോഗം 25/08/21 ന് രാവിലെ 11.15 ന് മലപ്പുറം ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്നു.യോഗത്തിൽ ബഹു കൊണ്ടോട്ടി എം.എൽ.എ, ടി.വി ഇബ്രാഹിം, അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് ശ്രീ.എൻ.മെഹറലി, ഡെപ്യൂട്ടി കലക്ടർ (എൽ.ആർ)ശ്രീ.പുരുഷോത്തമൻ, കൊണ്ടോട്ടി തഹസിൽദാർ, കൊണ്ടോട്ടി നഗര സഭാ ചെയർപേഴ്സൺ, ജൂനിയർ സൂപ്രണ്ട് ആർ. ആർ സെക്ഷൻ കലക്ടറേറ്റ് മലപ്പുറം, കൃഷി ഓഫീസർ കൊണ്ടോട്ടി തുടങ്ങിയവർ പങ്കെടുത്തു.

യോഗത്തിൽ ജില്ല വികസന കമ്മീഷണർ സിവിൽ സ്റ്റേഷൻ നിർമാണത്തിന് മുനിസിപ്പാലിററി ഓഫീസിനോടു ചേർന്നു കണ്ടെത്തിയ ഭൂമിക്ക് കൃഷി വകുപ്പിൽ നിന്നും എതിർപ്പ് വന്ന കാര്യം എം .എൽ.എ അറിയിച്ചെന്നും തുടർനടപടികൾ ചർച്ച ചെയ്യാമെന്നും അറിയിച്ചു.

യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു കൊണ്ട് എ.ഡി.എം വിഷയം അവതരിപ്പിച്ചു.

കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഒട്ടേറെ അന്വേഷണം നടത്തിയെങ്കിലും ഇന്നേവരെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ലെന്നും സർക്കാർ ഭൂമി ലഭ്യതക്കുറവ് കാരണമായെന്നും മുമ്പ് കണ്ടെത്തിയ ഭൂമി ഉന്നതാധികാരസമിതി പരിശോധിച്ച് സെക്ഷൻ 10 പ്രകാരം ഗവൺമെന്റിലേക്കയക്കുകയും ടി ഭൂമി ഡാറ്റാബാങ്കിലുൾപ്പെട്ട സ്ഥലമാണെന്നും കൃഷിഭൂമിയാണെന്നും ആയതിനാൽ തരംമാറ്റം അനുവദനീയമല്ല എന്നും ഗവ: കൃഷിവകുപ്പ് ഉത്തരവ് പ്രകാരം അറിയിച്ചതിനെ തുടർന്ന് പുതിയ സാഹചര്യം വിലയിരുത്തുന്നതിനും സിവിൽ സ്റ്റേഷനാവശ്യമായ ഭൂമി കണ്ടെത്തേണ്ടതിന്റെ പുരോഗതി വിലയിരുത്തുന്നതിനുമാണ് യോഗം ചേരുന്നതെന്ന് എ.ഡി.എം അറിയിച്ചു.

യോഗത്തിൽ ബഹു. കൊണ്ടോട്ടി എം.എൽ.എ സിവിൽ സ്റ്റേഷൻ നിർമാണത്തിനുള്ള ശ്രമം തുടങ്ങിയിട്ട് ഏഴുവർഷത്തോളമായെന്നും സർക്കാരിന്റെ അധീനതയിലുള്ള കൊണ്ടോട്ടി മുനിസിപ്പാലിററി ഓഫിസ് സ്ഥിതി ചെയ്യുന്ന 1.60 ഏക്ര ഭൂമിയിൽ 50 സെന്റ് സ്ഥലം സിവിൽ സ്റ്റേഷൻ നിർമാണത്തിനായി മുനിസിപ്പാലിററി വിട്ടുനൽകാമെന്നും ഗതാഗത സൗകര്യവും തെക്ക് ഭാഗം കരഭൂമിയാണെന്നതും കൊണ്ട് ടി സ്ഥലം അഭികാമ്യമായിരുന്നെന്നും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ ഗവൺമെന്റിൽ നിന്നും നിരസിച്ച് ഉത്തരവ് വന്നെന്നും MLA യോഗത്തെ അറിയിച്ചു.തുടർന്ന് മുൻ കലക്ടറുടെ കാലത്ത് കരിപ്പൂർ എയർപ്പോർട്ടിനടുത്ത് കണ്ടെത്തിയ സ്ഥലം സ്വകാര്യഭൂമിയാണെന്നതുകൊണ്ടും ഭൂമാഫിയക്ക് സഹായകമാകുമെന്ന വാദവും കാരണം സർവ്വകക്ഷിയോഗം തള്ളിക്കളഞ്ഞതാണെന്നും സ്വകാര്യഭൂമി വേണ്ട എന്നും സർവ്വ കക്ഷി യോഗം തീരുമാനമെടുത്തു എന്നും പറയുകയും നിലവിൽ സർക്കാർ തള്ളിയ ഭൂമി 1 ഏക്കർ 60 സെന്റ് വയൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഓഫിസിനടുത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമാണെന്നും ഒരു ഭാഗത്ത് മുനിസിപ്പൽ ഓഫീസിലേക്ക് പോകുന്ന റോഡും മറ്റു മൂന്നു ഭാഗവും കര ഭൂമിയാണെന്നും കൂടുതൽ സൗകര്യപ്രദമായ സ്ഥലമാണെന്നും ടി ഭൂമി സർക്കാരിലേക്ക് ഒരിക്കൽ കൂടി നിർദ്ദേശിക്കാമെന്നും ബഹു എ.എൽ എ യോഗത്തിൽ അറിയിച്ചു.

യോഗത്തിൽ കൊണ്ടോട്ടി കൃഷി ഓഫീസർ താൻ രണ്ട് മാസത്തോളമായി ചുമതല

06 JAN 2022

ഏറ്റെടുത്തിട്ടുള്ളതെന്നും മുനിസിപ്പൽ ഓഫീസിന് അടുത്ത് കണ്ടെത്തിയ ഭൂമി നെൽവയലാണെന്നും സഫിയ എന്നയാൾ പാട്ടത്തിന് കൃഷി ചെയ്യുന്നുണ്ടെന്നും കൃഷിക്ക് സബ്സിഡി നൽകുന്നതാണെന്നും പുറകുവശം മുഴുവൻ വയലാണെന്നും മണ്ണിട്ട് നികത്തിയാൽ നീരൊഴുക്കിനെ തടയുമെന്നും മാത്രമല്ല മറ്റുള്ളവർക്കുകൂടി അത് പ്രചോദനമാകുമെന്നും നികത്തുന്നതിനുള്ള പ്രവണത കൂടുതലാണെന്നും അറിയിച്ചു.

യോഗത്തിൽ കൊണ്ടോട്ടി മുനിസിപ്പൽ ചെയർ പേഴ്സൺ ടി ഭൂമിയിൽ നിലവിൽ ആരും കൃഷി ചെയ്യുന്നില്ല എന്നും സിവിൽ സ്റ്റേഷൻ നിർമാണത്തിനനുയോജ്യമായ ഭൂമി മുനിസിപ്പാലിറ്റി പരിധിയിൽ വേറെയില്ലെന്നും പറഞ്ഞു.

യോഗത്തിൽ ഡെപ്യൂട്ടി കലക്ടറും കൊണ്ടോട്ടി തഹസിൽദാറും ഫിഷ് മാർക്കറ്റിനടുത്തുള്ള സ്ഥലത്തെ കുറിച്ച് ആരായുകയും എന്നാൽ അത് ജനകീയ സമരമാകുകയും രാഷ്ട്രീയ പ്രശ്നമായിത്തീരുമെന്നും ഫിഷ് മാർക്കറ്റിന് മറ്റൊരു സ്ഥലമില്ലെന്നും എം.എൽ. എ അറിയിച്ചു. മീൻ മാർക്കറ്റിന് പുറകിലുള്ള സ്ഥലം നൽകി പ്രശ്നം പരിഹരിച്ചുകൂടെ എന്ന് ഡെപ്യൂട്ടി കലക്ടറും എ.ഡി. എമ്മും തഹസിൽദാരും നിർദ്ദേശിച്ചു.

കൊണ്ടോട്ടി നഗരത്തോട് ചേർന്നായതുകൊണ്ടും പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായതുകൊണ്ടും മുനിസിപ്പാലിററി ഓഫീസിനോടു ചേർന്നു കണ്ടെത്തിയ ഭൂമിക്കുവേണ്ടി സർക്കാർ തലത്തിൽ ഒന്നുകൂടി സമ്മർദ്ദം ചെലുത്താമെന്ന് M.L.A അറിയിച്ചു.

യോഗത്തിൽ എ.ഡി.എം, ഡെപ്യൂട്ടി കലക്ടർ എന്നിവർ 50 സെന്റിൽ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് അസൗകര്യമുണ്ടാക്കില്ലേയെന്നും പുതിയ സ്ഥലം കണ്ടെത്തുകയാണ് അഭികാമ്യമെന്നും മറ്റൊരു വഴിയും ഇല്ലെങ്കിൽ നിയമം അനുശാസിക്കുന്ന രീതിയിൽ ഉത്തരവ് പുനപരിശോധനക്ക് വന്നാൽ ഗവ: തലത്തിൽ തീരുമാനമെടുക്കേണ്ട സാഹചര്യം പരിശോധിക്കാമെന്നും അറിയിച്ചു.

ജില്ലാ വികസന സമിതി കമ്മീഷണറുടെ നിർദേശ പ്രകാരം യോഗം സെപ്റ്റംബർ 13 ന് ഉച്ചക്ക് ശേഷം വീണ്ടും യോഗം ചേരാമെന്നും സർക്കാർ തള്ളിയ ഭൂമിയുടെ നിലവിലുള്ള സാഹചര്യത്തെപ്പറ്റി ഒന്നുകൂടി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കൊണ്ടോട്ടി തഹസിൽദാറോടും കൃഷി ഓഫീസറോടും എ.ഡി. എം. നിർദേശം നൽകുകയുംചെയ്തു. യോഗം 12.00 മണിക്ക് അവസാനിച്ചു.

ഡെപ്യൂട്ടി കലക്ടർ(ജനറൽ)

കലക്ടറേറ്റ്, മലപ്പുറം

**C1-7098/2020(2).**

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 28.02.2022.

തഹസിൽദാർ,
കൊണ്ടോട്ടി.

ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം : കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ – സബ് കമ്മിറ്റിയോഗം ചേർന്ന് ലഭ്യമായ ഭൂമി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : ജില്ലാ കളക്ടറുടെ 22.01.2022–ലെ DCMPM/9297/2018-B5 നമ്പർ കത്ത്.

*******************

സൂചന കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം 24.02.2022–ന് കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ സ്ഥലമെടുപ്പ് സംബന്ധിച്ച് കൊണ്ടോട്ടി തഹസിൽദാരുടെ ചേമ്പറിൽ വെച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)–ന്റെ അദ്ധ്യക്ഷതയിൽ സബ് കമ്മിറ്റി അംഗങ്ങൾ യോഗം ചേർന്നു. താഴെ പറയുന്ന സർക്കാർ ഭൂമികളെയും സ്വകാര്യ ഭൂമികളെയും സംബന്ധിച്ച് ചർച്ച ചെയ്യുകയും പരിശോധന നടത്തുകയും ചെയ്തു. ആയതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

I) കൊണ്ടോട്ടി ഹോൾ സെയിൽ മത്സ്യ മാർക്കറ്റ്

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യു | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 414/3,1 | 0.3607 | കൊണ്ടോട്ടി മുനിസിപ്പാലിറ്റി | -- | |
| 2 | കൊണ്ടോട്ടി | 12 | 414/1 | 0.2534 | സ്വകാര്യ ഭൂമി | 1,00,000/- | |

കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽ നിന്നും മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന PWD റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ടൗണിൽ നിന്നും ഉദ്ദേശം 300 മീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു. ടി സ്ഥലത്തുള്ള മുനിസിപ്പാലിറ്റി അധീനതയിലുള്ള ഭൂമിയിലും സ്വകാര്യ വ്യക്തിയുടെ ഭൂമിയിലുമായിട്ടാണ് കൊണ്ടോട്ടി മുനിസിപ്പാലിററി ഹോൾ സെയിൽ മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റിയുടെ

ഉടമസ്ഥതയിൽ 0.3000 ഹെക്ടർ ഭൂമിയും 414/1-ൽ 0.0607 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.3607 ഹെക്ടർ ഭൂമി ഉണ്ട്. ടി സ്ഥലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് റീ.സ 414/1-ൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ 0.2534 ഹെക്ടർ ഭൂമിയും കൂടി ഉൾപ്പെട്ട സ്ഥലത്താണ് കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നത്. ടി 2 സർവ്വെ നമ്പറിന്റെയും ഇടക്ക് ഒരു തോടും ഉണ്ട് (റീസ 414/2). ടി സ്ഥലത്ത് താഴെ വിവരിക്കും പ്രകാരം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ഓപ്ഷൻ എ) :-

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 414/3 ന്റെ വടക്കുഭാഗത്തു കൂടെ മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ സ്ഥലത്തേക്ക് റോഡ് സൗകര്യം നൽകി മിനി സിവിൽ സ്റ്റേഷൻ റീ.സ 414/3-ൽ മാത്രം പരിമിതപ്പെടുത്തി കെട്ടിടം നിർമ്മിക്കാവുന്നതാണ്. ഇങ്ങനെയാവുമ്പോൾ മുനിസിപ്പാലിറ്റിയുടെ പേരിൽ മാത്രമുള്ള സ്ഥലത്ത് സിവിൽ സ്റ്റേഷൻ സാധ്യമാവുന്നതാണ്. അക്വിസിഷൻ ആവശ്യമായി വരുന്നതല്ല. കൊണ്ടോട്ടി ടൗണിന്റെ സമീപമായതിനാൽ പൊതുജനങ്ങൾക്കെത്തുന്നതിന് വളരെ സൗകര്യപ്രദമായിരിക്കും.

സിവിൽ സ്റ്റേഷനും മത്സ്യ മാർക്കറ്റും തൊട്ടടുത്ത് വരുമ്പോൾ ട്രാഫിക് ജാം ഉണ്ടാവാൻ സാധ്യതയുണ്ട്. കൂടാതെ മത്സ്യ മാർക്കറ്റിലെ ദുർഗന്ധവും മറ്റും സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും പ്രയാസങ്ങൾ ഉണ്ടാക്കാനും സാധ്യതയുണ്ട് .

ടി സ്ഥലത്ത് സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് PWD കെട്ടിട വിഭാഗത്തോട് എത്ര ഉയരത്തിൽ കെട്ടിടം നിർമ്മിക്കാം എന്നത് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

## ഓപ്ഷൻ ബി)

നിലവിലെ മത്സ്യ മാർക്കറ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റി മുനിസിപ്പാലിറ്റി അധീനതയിലുള്ള 0.3607 ഹെക്ടർ ഭൂമിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്. മത്സ്യ മാർക്കറ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന തൊഴിലാളികളുടെയും മറ്റും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നിന്

മുനിസിപ്പൽ സെക്രട്ടറിയെയും ഫിഷറീഷ് വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

ഇപ്രകാരം നടപടി സ്വീകരിക്കുന്ന പക്ഷം ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും മത്സ്യ മാർക്കറ്റ് മൂലം പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാവാൻ സാധ്യതയുള്ള പ്രയാസങ്ങൾ ഒഴിവാക്കാനും സാധിക്കും.

II) <u>നിലവിൽ കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലവും പരിസര സ്ഥലങ്ങളും.</u>

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യു | |
|---|---|---|---|---|---|---|---|
| 1 | നെടിയിരുപ്പ് | 35 | 29/8 | 0.1130 | കൊണ്ടോട്ടി മുനിസിപ്പാലിറ്റി | -- | |
| 2 | നെടിയിരുപ്പ് | 35 | 29/7 | 0.0020 | മുനിസിപ്പാലിറ്റി | -- | |
| 3 | നെടിയിരുപ്പ് | 35 | 29/3 | 0.1310 | സർക്കാർ, രജിസ്ട്രാർ ഓഫീസ് | 28,000/- | |
| 4 | നെടിയിരുപ്പ് | 35 | 29/4 | 0.0195 | മുഹമ്മദ് ഫാസിൽ, S/o.ഹംസ, പുള്ളിശ്ശേരി പൂക്കോട്ടൂർ | 28,000/- | |
| 5 | നെടിയിരുപ്പ് | 35 | 29/5 | 0.0050 | അബൂബക്കർ സിദ്ധീഖ് മണക്കടവൻ, ഇബ്രാഹിം നസീം മണക്കടവൻ | 28,000/- | |
| 6 | നെടിയിരുപ്പ് | 35 | 29/5 | 0.0075 | അമ്പലവൻ ഹമീദ്, | 28,000/- | |
| 7 | നെടിയിരുപ്പ് | 35 | 29/15 | 0.0080 | പീടിയേക്കൽ കദീജാബി | 28,000/- | |

ആകെ സർക്കാർ ഭൂമി 0.2460 ഹെക്ടർ

ആകെ സ്വകാര്യ ഭൂമി 0.0400 ഹെക്ടർ

കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ കൊണ്ടോട്ടി കുറുപ്പത്ത് അങ്ങാടിയുടെ വടക്ക് ഭാഗത്ത് കൊണ്ടോട്ടി താലൂക്ക് ഓഫീസ്, കൃഷി ഓഫീസ്, മുനിസിപ്പാലിറ്റി അധീനതയിലുള്ള ഷോപ്പ് എന്നിവ ഉൾക്കൊള്ളുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 0.1130 ഹെക്ടർ ഭൂമിയുണ്ട്. ആയതിന്റെ

പടിഞ്ഞാറ് ഭാഗത്തായി ദേശീയപാതയുടെ വടക്കു ഭാഗത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും കൊണ്ടോട്ടി എസ്.ആർ.ഒ, കൊണ്ടോട്ടി സബ് ട്രഷറി എന്നിവ സ്ഥിതി ചെയ്യുന്നതുമായ 0.1310 ഹെക്ടർ ഭൂമിയും ഉണ്ട്. ആയതിന്റെ മദ്ധ്യത്തിലായി കുറുപ്പത്ത് നിന്നും കാളോത്തേക്ക് പോകുന്ന മുനിസിപ്പൽ റോഡും 4 സ്കാര്യ വ്യക്തികളുടെ ഉടസ്ഥതിയുള്ള കെട്ടിടങ്ങളോടു കൂടിയ 0.0400 ഹെക്ടർ ഭൂമിയും ഉണ്ട്. മേൽ വിവരിച്ച സ്ഥലത്ത് താഴെ വിവരിക്കും പ്രകാരം മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിഗണിക്കാവുന്നതാണ്.

## ഓപ്ഷൻ എ

നിലവിലെ മുനിസിപ്പാലിറ്റിയുടെ ഭൂമിയും രജിസ്ട്രാർ ഓഫീസ് നിൽക്കുന്ന സർക്കാർ ഭൂമിയും (0.2460 ഹെക്ടർ) മാത്രം ഏറ്റെടുത്ത് രണ്ട് കോംപ്ലക്സുകളായി കെട്ടിടം നിർമ്മിക്കാവുന്നതാണ്.

മേൽ വിവരിച്ച പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മിക്കുമ്പോൾ അക്വിസിഷൻ നടപടികൾ ആവശ്യമായി വരുന്നില്ല. താഴത്തെ നിലയിൽ പാർക്കിംഗ് ഏർപ്പെടുത്തി മുകളിലേക്ക് സൗകര്യപ്രദമായി കെട്ടിടം പണിയാവുന്നതാണ്.

## ഓപ്ഷൻ ബി

മുനിസിപ്പാലിറ്റി രജിസ്ട്രാർ ഓഫീസ്, സ്വകാര്യ വ്യക്തികളുടെ ഭൂമി (0.2860 ഹെക്ടർ) ഏറ്റെടുത്ത് നിലവിലെ മുനിസിപ്പൽ റോഡ് കിഴക്കേ അതിരിലേക്ക് മാറ്റി ശേഷിക്കുന്ന സ്ഥലം ഒന്നിച്ച് ഏറ്റെടുത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്. അങ്ങനെ വരുമ്പോൾ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള 0.0400 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും. ആയതിന് ഫെയർ വാല്യൂ 28,000/- രൂപയാണ് കാണിച്ചിട്ടുള്ളതെങ്കിലും ആർ ഒന്നിന് 15,00,000/- രൂപ മാർക്കറ്റ് വിലയുള്ളതായി കാണുന്നു.

## ഓപ്ഷൻ സി

താലൂക്ക് ഓഫീസും രജിസ്ട്രാർ ഓഫീസിന്റെയും ഇടയിലുള്ള 29/15-ൽപ്പെട്ട സ്വകാര്യ വ്യക്തിയുടെ 0.0080 ഹെക്ടർ ഭൂമി മാത്രം ഏറ്റെടുത്ത് രജിസ്ട്രാർ ഓഫീസിനെയും താലൂക്ക് ഓഫീസിനെയും പരസ്പരം ബന്ധിപ്പിച്ച് മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്. ഇങ്ങനെയാവുമ്പോൾ 0.0080 ഹെക്ടർ ഭൂമി മാത്രമേ ഏറ്റെടുക്കേണ്ടതായുള്ളൂ. മേൽ പറഞ്ഞ 3 ഓപ്ഷനുകളുടെയും ഫീസിബിലിറ്റി

പരിശോധിക്കുന്നതിന് PWD AE ബിൽഡിംഗ്സ്, കൊണ്ടോട്ടി മുനിസിപ്പാലിറ്റി എയർപോർട്ട് അതോറിറ്റി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## III) സ്വകാര്യ ഭൂമികൾ

കൊണ്ടോട്ടി ചേപ്പിലക്കുന്ന്

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യൂ | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 110/1 109/1 | 0.7048 | മുഹമ്മദ്ബഷീർ, S/o.മുഹമ്മദാജി | 20,000/- | |

ടി സ്ഥലം കൊണ്ടോട്ടി ടൗണിൽ നിന്നും ഉദ്ദേശം 2 കി.മീ വടക്കു മാറിയും ബ്ലോക്ക് ഓഫീസിൽ നിന്നും 500 മീറ്റർ വടുക്കു മാറിയും കൊണ്ടോട്ടി ചേപ്പിലക്കുന്ന് റോഡിൽ ചീക്കോട് കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്കിന് സമീപത്തായി സ്ഥിതി ചെയ്യുന്നു. ടി ഭൂമി ചെങ്കുത്തായി വീതി കുറഞ്ഞ് നീളത്തിൽ സ്ഥിതി ചെയ്യുന്നു. ടൗണിൽ നിന്നും അകലെയായതിനാൽ പൊതുജനങ്ങൾക്ക് എത്തിപ്പെടാനും പ്രയാങ്ങൾ ഉണ്ടാകുന്നു. ടി സ്ഥലം 2019-ലെ പ്രളയത്തെ തുടർന്ന് നിയോഗിക്കപ്പെട്ട വിദഗ്ദ സമിതി അപകട മേഖലയായി ചൂണ്ടി കാണിച്ചതും സമീപ വാസികളെ ശക്തമായ മഴയിൽ മാറ്റിതാമസിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഫീസിബിലിറ്റി പരിശോധിക്കുന്നതിന് PWD AE, ജിയോളജി, എയർപോർട്ട് എന്നീ വകുപ്പുകളോട് ആവശ്യപ്പെട്ടു.

IV) ചേപ്പിലക്കുന്ന് ഈന്തുംകുഴി

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യൂ | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 105/5 | 1.20 | മമ്മീര്യം, W/o.സൈനുദ്ദീൻ മുസ്ല്യാർ, പഴയങ്ങാടി കൊണ്ടോട്ടി | 20,000/- | |

ടി സ്ഥലം കൊണ്ടോട്ടി ടൗണിൽ നിന്നും ഉദ്ദേശം രണ്ട് കി.മീ വടക്കു മാറി കൊണ്ടോട്ടി ചേപ്പിലകുന്ന് ഈന്തും കുഴി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. തട്ട് തട്ടുകളായിട്ടാണ് സ്ഥിതി ചെയ്യുന്നത്. മെയിൻ മുനിസിപ്പൽ റോഡിൽ നിന്നും ടി വസ്തുവിലേക്കുള്ള റോഡ് വളരെ ഇടുങ്ങിയതാണ്. ടൗണിൽ നിന്നും വളരെ അകലെയായതിനാൽ പൊതുജനങ്ങൾക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ട് ഉണ്ട്.

ഫീസിബിലിറ്റി പരിശോധിക്കുന്നതിന് PWD AE, ജിയോളജി, എയർപോർട്ട് എന്നീ വകുപ്പുകളോട് ആവശ്യപ്പെട്ടു.

V) കൊണ്ടോട്ടി കൊളത്തൂർ

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യൂ | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 10/3,4,5,7,8,9, 10,22 | 0.7082 | ട്രിഗർ ലോജിസ്റ്റിക് പ്രൈ. ലി. | 50,000/- | |

ടി സ്ഥലം കോഴിക്കോട് - പാലക്കാട് റോഡിൽ കൊണ്ടോട്ടി കൊളത്തൂർ എയർപോർട്ട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്കുഭാഗത്ത് സ്ഥിതി ചെയ്യുന്നു. ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യത്തോടുകൂടിയാണ് സ്ഥലം ഏറ്റെടുക്കേണ്ടത്. റോഡു സൗകര്യം സ്ഥല ഉടമ വാഗ്ദാനം ചെയ്തിട്ടുണ്ട്. ടി സ്ഥലം തട്ടു തട്ടായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

VI) കൊണ്ടോട്ടി കൊളത്തൂർ

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യൂ | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 208/1,2,10 | 0.6079 | ട്രിഗർ ലോജിസ്റ്റിക് പ്രൈ. ലി. | 80,000/- | |

ടി സ്ഥലം കോഴിക്കോട് - പാലക്കാട് റോഡിൽ കൊണ്ടോട്ടി കൊളത്തൂർ എയർപോർട്ട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്കുഭാഗത്ത് സ്ഥിതി ചെയ്യുന്നു. ദേശീയപാതയിൽ നിന്നും 10 മീറ്റർ വീതിയിൽ റോഡ് സൗകര്യത്തോടുകൂടിയാണ് സ്ഥലം ഏറ്റെടുക്കേണ്ടത്. റോഡു സൗകര്യം സ്ഥലം ഉടമ വാഗ്ദാനം ചെയ്തിട്ടുണ്ട്. ടി സ്ഥലം തട്ടു തട്ടായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

VII) കൊണ്ടോട്ടി എയർപോർട്ട് ജംഗ്ഷൻ

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യൂ | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 206/9 | 0.3910 | ശാക്കിർ കുഞ്ഞിമുഹമ്മദ്, കവ്വക്കാട്ടയിൽ സുലൈഖ് | 1,60,000/- | |

ടി ഭൂമി കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ കൊണ്ടോട്ടി - കൊളത്തൂർ എയർപോർട്ട് ജംഗ്ഷനിൽ ദേശീയപാതയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. വാണിജ്യ പ്രാധാന്യമുള്ള സ്ഥലമായതിനാൽ ഏറ്റെടുക്കുന്നതിന് വളരെ വലിയ സാമ്പത്തിക ബാധ്യത വരുന്നതായി കാണുന്നു.

VIII) കൊണ്ടോട്ടി ഡിമോസ് ഫർണിച്ചറിന് എതിർവശം.

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | ഉടമസ്ഥാവകാശം | ഫെയർ വാല്യൂ | |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 12 | 296/5 | 0.8180 | ചക്കിപറമ്പൻ ആലിമോയിൻ മകൻ ഉണ്യാലിക്കുട്ടി | 2,50,000/- | |

മേൽ പറഞ്ഞ ഭൂമി കോഴിക്കോട് - പാലക്കാട് റോഡിൽ മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് പടിഞ്ഞാറ് ഭാഗത്ത് ഡിമോസ് ഫർണിച്ചറിന്റെ എതിർവശത്ത് സ്ഥിതി ചെയ്യുന്നു. വാണിജ്യപ്രാധാനയമുള്ള സ്ഥലമായതിനാൽ അകിസിഷന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാവുമെന്ന് കാണുന്നു.

മേൽ വിവരങ്ങൾ തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം,

തഹസിൽദാർ.

ഉള്ളടക്കം :

ക്രമ നമ്പർ 1, 2 എന്നിവയുടെ സ്കെച്ച്.

Proposed mini Civil Station Site plan -
Kurupath Kondotty. Block No 35. 29/8, 29/7, 29/3, 29/5, 29/4, 29/15, 29/6
NEDIYIRUPPU VILLAGE.



DISTRICT -- MALAPPURAM
TALUK -- KONDOTTY
VILLAGE -- NEDIYIRIPPU

SITE PLAN

BLOCK NO: 35




ABCDEFGHIJKLMN PROPOSSED SITE FOR KONDOTTY TALUK MINI CIVIL STATION

| Sy No | Nature of Land | Owner of Land | Extend |
|---|---|---|---|
| 29/3 | Government | Government Treasury | 0.1310 |
| 29/4 | Private | Fousu<br>S/o Fulliyadika Usman | 0.0195 |
| 29/5 | Private | Kunjimoideenkutti<br>S/o manakkadan Moideenkutty Haji<br>Saithalikutty<br>S/o Kulakkadan Haidrukutty<br>Hameed Kulakkadan<br>S/o Ambalan Ahammed | 0.0125 |
| 29/6 | Municipality | Kondotty Municipality | 0.0130 |
| 29/7 | Municipality | Kondotty Municipality | 0.0022 |
| 29/8 | Municipality | Kondotty Municipality | 0.0636 |
| 29/15 | Private | Kunjahammed<br>S/o Chokkumarakkarakath Muhammed | 0.0080 |
| TOTAL | | | 0.2498 |

SCALE 1 CM = 5 M



404/12 F
B
A
414/3
C
G
D
408/10
E
414/1
414/2
Plot A : [illegible] 414/3 0.3000 H (74.12 [illegible]
[illegible]
Plot B : [illegible] 414/1 0.00857 (21.20 [illegible]
[illegible]
Plot C : [illegible] 414/1 0.0342 (H) (8.47
[illegible]
Plot D : [illegible] 414/1 0.0607 (15 [illegible])
[illegible]
Plot E : [illegible] 414/1 0.1335 (H) 33
[illegible]
Plot F : 404/12 0.1215 (H) 30
[illegible]
Plot G : 408/10 0.6061 H
149.75 [illegible]
[illegible]
Plot A : 74.12
B : 21.20
C 8.47
D 15.00
E 33.00
F 30.00
G 149.75
331.54

## കൊണ്ടോട്ടി മിനിസിവിൽസ്റ്റേഷൻ സ്ഥലപരിശോധനാ റിപ്പോർട്ട് തീയതി, 24.02.2022

### I. കൊണ്ടോട്ടി ഹോൾസെയിൽ മത്സ്യമാർക്കറ്റ്

കൊണ്ടോട്ടി ടൗൺ ബൈപ്പാസ് ജംഗ്ഷനിൽനിന്നും മേലങ്ങാടി ഭാഗത്തേക്ക് പോകുന്ന പി.ഡബ്ല്യു.ഡി റോഡിന്റെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഈ പ്ലോട്ടിലേക്ക് ടൗണിൽനിന്നും ഏകദേശം 300 മീറ്റർ അകലം കാണും. മുനിസിപ്പാലിറ്റിയുടെയും സ്വകാര്യ വ്യക്തികളുടെയും അധീനതയിലാണ് ഈ സ്ഥലം. മുനിസിപ്പാലിറ്റിയുടെ സ്ഥലം മാത്രം എടുക്കുകയാണെങ്കിൽ ലാൻഡ് അക്വിസിഷന്റെ ആവശ്യമില്ല. സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ അവയുടെ ഫെയർവാല്യൂ 4,00,000/- രൂപയാണ്.

### II. നിലവിൽ കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലവും പരിസരസ്ഥലങ്ങളും

കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ കൊണ്ടോട്ടി കുറുപ്പത്ത് അങ്ങാടിയുടെ വടക്കു ഭാഗത്ത് കൊണ്ടോട്ടി താലൂക്ക് ഓഫീസ്, കൃഷി ഓഫീസ്, മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഷോപ്പ് എന്നിവ ഉൾക്കൊള്ളുന്ന മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമി. ആയതിന് അക്വസിഷൻ നടപടികൾ ആവശ്യമായി വരുന്നില്ല. എന്നാൽ നിലവിലെ മുനിസിപ്പൽ റോഡ് കിഴക്കേ അതിരിലേക്ക് മാറ്റി ശേഷിക്കുന്ന സ്ഥലം ഒന്നിച്ചെടുക്കുകയാണെങ്കിൽ ലാൻഡ് അക്വസിഷൻ ആവശ്യമായി വരുന്നുണ്ട്. ടി സ്ഥലം ടൗണിലായതിനാൽ ഫെയർ വാല്യൂ 28,000/- രൂപയാണ്.

### III. കൊണ്ടോട്ടി ചേപ്പിലക്കുന്ന് ശ്രീ. മുഹമ്മദ് ബഷീർ കൈവശസ്ഥലം

കൊണ്ടോട്ടി ടൗണിൽനിന്നും 2 കിലോമീറ്റർ വടക്കുമാറിയും ബ്ലോക്ക് ഓഫീസിൽനിന്ന് 500 മീറ്റർ വടക്കു മാറിയും കൊണ്ടോട്ടി ചേപ്പിലക്കുന്ന് റോഡിൽ ചീക്കോട് കുടിവെള്ളപദ്ധതിയുടെ വാട്ടർ ടാങ്കിന് സമീപത്തായി സ്ഥിതി ചെയ്യുന്നു. ഈ സ്ഥലത്തേക്കുള്ള പാത വീതി കുറഞ്ഞതായതിനാൽ റോഡ് വീതി കൂട്ടുന്നതിനായും ലാൻഡ് അക്വസിഷൻ ചെയ്യേണ്ടതുണ്ട്.

### IV. കൊണ്ടോട്ടി - കൊളത്തൂർ ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ ഭൂമി

കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ കൊണ്ടോട്ടി - കൊളത്തൂർ എയർപോർട്ട് ജംഗ്ഷനിൽനിന്നും പടിഞ്ഞാറ് മാറി ദേശീയപാതയുടെ വടക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. തട്ടുകളായി സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. ദേശീയപാതയിൽനിന്നും സൗകര്യപ്രദമായ വീതിയിൽ റോഡിനുവേണ്ടി അക്വസിഷൻ നടത്തേണ്ടതായി വരുന്നുണ്ട്.

**V. ചേപ്പിലക്കുന്ന് - ഊത്തുംകുഴി - മജീദ്യം, W/o. സൈനുദ്ദീൻ മുസ്ലാർ കൈവശസ്ഥലം**

കൊണ്ടോട്ടി ടൗണിൽനിന്നും ഉദ്ദേശം 2 കി.മീ വടക്ക് മാറി കൊണ്ടോട്ടി ചേപ്പിലക്കുന്ന് ഊത്തുംകുഴി എന്ന സ്ഥലത്ത് തട്ടുകളായി സ്ഥിതി ചെയ്യുന്നു. മെയിൻ മുനിസിപ്പാലിറ്റി റോഡിൽനിന്നും വസ്തുവിലേക്കുള്ള റോഡ് വളരെ ഇടുങ്ങിയതാണ്. മുനിസിപ്പാലിറ്റി റോഡ് മുതൽ വസ്തുവരെയുള്ള ലാൻഡ് അക്വസിഷൻ വേണ്ടിവരുന്നതാണ്.

1. ശ്രീമതി. അംബിക.സി, ജൂനിയർ സൂപ്രണ്ട്, എൽ.എ സെക്ഷൻ
2. ശ്രീ. മുഹമ്മദ് ഷരീഫ്.കെ, സീനിയർ ക്ലാർക്ക്, എൽ.എ സെക്ഷൻ

No.C1-7098/2020.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 07.03.2022

തഹസിൽദാർ,
കൊണ്ടോട്ടി.

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം : കൊണ്ടോട്ടി താലൂക്ക് - മിനി സിവിൽ സ്റ്റേഷൻ - സംബന്ധിച്ച്

സൂചന : ബഹു. ജില്ലാ കളക്ടറുടെ 05.03.2022-ലെ സ്ഥലപരിശോധന.

*******************

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ 05.03.2022-ന് സ്ഥലപരിശോധന നടത്തുകയും ഇക്കാര്യത്തിലുള്ള റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. ആയത് താഴെ വിവരിക്കും പ്രകാരം സമർപ്പിക്കുന്നു.

കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജിൽ കുറുപ്പത്ത് അങ്ങാടിക്ക് സമീപം നാഷണൽ ഹൈവേയോട് ചേർന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബ്ലോക്ക് 36 റി.സ 29/8-ൽപ്പെട്ട 0.1130 ഹെക്ടർ ഭൂമിയും ഇതിന് പടിഞ്ഞാറ് ഭാഗത്ത് റി.സ 29/3-ൽപ്പെട്ട 0.1310 ഹെക്ടർ (32.36 സെന്റ്) ഭൂമിയും ഉണ്ട്. ഈ രണ്ടു ഭൂമികളുടെയും ഇടയിൽ മുനിസിപ്പൽ റോഡും, 1, 3 സർവ്വെ നമ്പറുകളിലായി 10 സെന്റ് സ്വകാര്യ സ്ഥലവുമാണ്. ഇതിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ ഇലക്ഷൻ വിഭാഗം പ്രവർത്തിക്കുന്ന ഹാളും ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുന്ന ഇരു നില കെട്ടിടവും (1998-ൽ നിർമ്മാണം പൂർത്തിയാക്കിയത്) (2) കൃഷിഭവനും പെർഫോമൻസ് ഓഡിറ്റ് വിഭാഗവും പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (1999 ൽ നിർമ്മിച്ചത്), (3) ഇപ്പോൾ താലൂക്ക് ഓഫീസും മുമ്പ് നെടിയിരുപ്പ് പഞ്ചായത്ത് ഓഫീസും പ്രവർത്തിച്ചിരുന്ന ഇരു നില കെട്ടിടവും (1969-ൽ നിർമ്മാണം ആരംഭിച്ചതും പിന്നീട് വിപുലീകരിച്ചതും) ഉൾപ്പെടുന്നു. ഇവിടെ ഉദ്ദേശം 40 സ്ക്വയർ മീറ്റർ സ്ഥലം മാത്രമേ ഒഴിഞ്ഞു കിടക്കുന്നുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് സബ് ട്രഷറി ഓഫീസ് പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (നിർമ്മാണം 2006) നിലവിൽ രജിസ്ട്രേൻ ഓഫീസ് പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (നിർമ്മാണം 2011) ഉണ്ട്. ഇവിടെ എസ്ആർ.ഒ-യുടെ

**C1-7098/2020 (1)**

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
തീയതി : 24.02.2022.

24.02.2022 തീയതിയിൽ 10.00 മണിക്ക് താലൂക്ക് ഓഫീസിൽ ചേർന്ന താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് യോഗത്തിന്റെ മിനുട്സ്.

യോഗ നടപടികൾ 10 മണിക്ക് എൽ.ആർ ഡെപ്യൂട്ടി കളക്ടർ (ശ്രീ.പുരുഷോത്തമൻ)-റുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ തഹസിൽദാർ സ്വാഗതം പറഞ്ഞു. താഴെ പറയുന്നവർ പങ്കെടുത്തു.

| | | |
|---|---|---|
| 1 | ശ്രീ.പുരുഷോത്തമൻ | എൽ.ആർ ഡെപ്യൂട്ടി കളകക്ടർ |
| 2 | ശ്രീ.അബൂബക്കർ പുലിക്കുത്ത് | തഹസിൽദാർ, കൊണ്ടോട്ടി |
| 3 | ശ്രീമതി.ടി.അനുപമ | നഗരസഭ സെക്രട്ടറി, കൊണ്ടോട്ടി |
| 4 | ശ്രീമതി.അംബിക | ജൂനിയർ സൂപ്രണ്ട്, കളക്ടറേറ്റ് LA Section |
| 5 | ശ്രീ.ഇബ്രാഹിം കുഞ്ഞി.കെ | സീനിയർ ജിയോളജിസ്റ്റ് |
| 6 | ശ്രീ.അനൂപ് കെ.എസ് | അസിസ്റ്റന്റ് ജിയോളജിസ്റ്റ് |
| 7 | ഡോ.പി.എസ്.ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 8 | ശ്രീ.സുദേഷ് തൊട്ടിയിൽ | അസിസ്റ്റന്റ് ജിയോജിസ്റ്റ് |
| 9 | ശ്രീബോണി ബാസ്റ്റ്യൻ | എ.ജി.എം (എഞ്ചിനീയർ സിവിൽ) |
| 10 | ശ്രീ.അബ്ദുൾ വഹാബ് | AE PWD, കൊണ്ടോട്ടി |
| 11 | ശ്രീ.ബേബി ചാക്കോ | സൂപ്രണ്ട്, മുനിസിപ്പാലിറ്റി, കൊണ്ടോട്ടി |
| 12 | ശ്രീ.സുലൈമാൻ.എ | എച്ച്.ക്യുഡി.റ്റി, കൊണ്ടോട്ടി |
| 13 | ശ്രീ.അച്യുതൻ.എ.കെ | വില്ലേജ് ഓഫീസർ, നെടിയിരുപ്പ് |
| 14 | ശ്രീ.സി.സുധാകരൻ പിള്ള | ഹെഡ് സർവ്വെയർ |
| 154 | ശ്രീഉണ്ണികൃഷ്ണൻ | താലൂക്ക് സർവ്വെയർ |
| 16 | ശ്രീ.മുഹമ്മദ് ഷരീഫ് | സീനിയർ ക്ലാർക്ക്, കളക്ടറേറ്റ് |

കൊണ്ടോട്ടി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നത് സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ആണ് യോഗം വിളിച്ചിട്ടുള്ളത് എന്ന് അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷന് വേണ്ടി സ്ഥലമേറ്റെടുപ്പ് തുടങ്ങിയിട്ട് അഞ്ച് വർഷത്തോളമായെന്നും 2015 കാലഘട്ടത്തിൽ നിരന്തരമായി സർക്കാരിലേക്ക് കത്തുകൾ പോവുകയും നേരത്തേ മുനിസിപ്പാലിറ്റിയുടെ ബ്ലോക്ക് 12 റി.സ നമ്പർ 376/1-ൽപ്പെട്ട 50 സെന്റ് (നിലം) സ്ഥലം. പരിഗണിക്കുകയും ആയത് കൃഷി വകുപ്പിന്റെ ഉത്തരവ് പ്രകാരം തരംമാറ്റൽ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. ആയതിന് ശേഷം നടന്ന യോഗത്തിൽ ലാൻഡ് അക്വിസിഷൻ വഴി ഭൂമി ഏറ്റെടുക്കാമെന്നും തീരുമാനിച്ചതായി ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. അത് പോലെ 50 സെന്റ് ഭാവി വികസനം കണക്കിലെടുത്താൽ സ്ഥലം കുറവാണെന്നും അങ്ങനെ 50 സെന്റിൽ കൂടുതലുള്ള 4 ഓളം സ്ഥലങ്ങൾ കണ്ടെത്തുകയും അതിൽ ഒരു സ്ഥലം പരിഗണിച്ച് ലാൻഡ് അക്വിസിഷൻ പ്രകാരം മുന്നോട്ട് പോവുകയും ചെയ്യുകയായിരുന്നു എന്ന് ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

ഈ നടപടികളുമായി മുന്നോട്ട് പോവുമ്പോഴാണ് ബഹുമാനപ്പെട്ട എം.എൽ.എ ഒരു യോഗം വിളിച്ച് ചേർക്കുകയും നേരത്തേ ഒഴിവാക്കിയ അതേ ഭൂമി (50 സെന്റ് നിലം) തന്നെ പരിഗണിക്കുകയും ചെയ്യാൻ പറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ 2 ഭൂമികളും നമ്മൾ സർക്കാരിലേക്ക് പ്രപ്പോസൽ ചെയ്യുകയാണെന്നും അതിൽ ഏത് ഉചിതമെന്നത് നോക്കി സർക്കാർ തീരുമാനിക്കട്ടെ എന്ന തീരുമാനവും ആ യോഗത്തിൽ എടുത്തിട്ടുള്ളതുമായി ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. ആയതിന് ശേഷം ബഹുമാനപ്പെട്ട റവന്യു മന്ത്രി എം.എൽ.എ, ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ല കളക്ടർ എന്നിവരുൾപ്പെടെ പങ്കെടുത്ത യോഗത്തിൽ ഈ രണ്ട് ഭൂമിയും പരിഗണിക്കാം എന്നും കൂടാതെ കൊണ്ടോട്ടി താലൂക്ക് പരിധിയിൽ അനുയോജ്യമായ സർക്കാർ ഭൂമികൾ ഉണ്ടോ എന്ന് പരിശോധിക്കുകയും കൂടാതെ ലാൻഡ് അക്വിസിഷൻ വഴി ഭൂമി കണ്ടെത്താൻ പറ്റുമോ എന്ന് നോക്കുകയും ചെയ്യണമെന്ന നിർദ്ദേശം വന്നു. ആയതിന്റെ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ സമർപ്പിക്കേണ്ടതുണ്ട് എന്നും യോഗത്തിൽ എൽ.ആർ ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് ഉൾപ്പെടുന്ന സ്ഥലം അടക്കം അഞ്ചോളം സ്ഥലങ്ങൾ ചർച്ചയിൽ വന്നു. മത്സ്യ മാർക്കറ്റിൽ ഏകദേശം 90 സെന്റ് കൊണ്ടോട്ടി നഗരസഭയുടെ കൈവശത്തിലാണ്. ടി സ്ഥലം സ്കെച്ച് ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ വിശദീകരിച്ചു. ടി സ്ഥലത്ത് കൊണ്ടോട്ടി നഗരസഭയും ഫിഷറീസ് ഡിപ്പാർട്ട്മെന്റും കൂടി കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ഡെപ്യൂട്ടി കളക്ടർ നിർദ്ദേശിച്ചു.

90 സെന്റിന് പുറമെ 10 സെന്റ് പ്രൈവറ്റ് ഭൂമിയും ഉൾപ്പെടുത്തി ഒരു ഏക്കർ ലഭിച്ചാൽ നിലവിലെ ഫിഷ് മാർക്കറ്റ് വേറെ സ്ഥലത്തേക്ക് മാറ്റാതെ ഒരു ഭാഗത്തേക്ക് ഒതുക്കി ബാക്കി സ്ഥലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് പരിഗണിക്കാൻ പറ്റുമോ എന്ന് നോക്കണമെന്നും നിർദ്ദേശം വന്നു. ഫിഷ് മാർക്കറ്റിന് മാറ്റി വെക്കുന്ന സ്ഥലത്ത് ഹോൾസെയിൽ ഫിഷ് മാർക്കറ്റിന് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം എം.എൽ.എ–ക്ക് ഒരു പ്രപ്പോസൽ നൽകണമെന്ന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ അഭിപ്രായപ്പെട്ടു. നഗരസഭ, ഫിഷറീസ്, PWD ഡിപ്പാർട്ട്മെന്റുകൾ ഒരുമിച്ച് ടി സ്ഥലവുമായി ബന്ധപ്പെട്ട് ഒരു തീരുമാനത്തിൽ എത്താവുന്നതാണ് എന്നും ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

അത് പോലെ നഗരസഭയുടെ കൈവശത്തിലുള്ള എയർപോർട്ട് ജംഗ്ഷന് അടുത്തുള്ള സ്ഥലം പരിഗണിച്ചപ്പോൾ ടി സ്ഥലത്ത് അഞ്ച് നില ബിൽഡിംഗ് നിർമ്മിക്കാമെന്നും താഴെ നില പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താമെന്നുമുള്ള നിർദ്ദേശം വന്നു. ടി സ്ഥലവുമായി ബന്ധപ്പെട്ട് എയർപോർട്ട് അതോറിറ്റി, കൊണ്ടോട്ടി നഗരസഭ, ജിയോജിസ്റ്റ്, PWD എന്നീ നാല് ഡിപ്പാർട്ട്മെന്റുകൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നത് ഉചിതമാവുമെന്ന് ഡെപ്യൂട്ടി കളക്ടർ നിർദ്ദേശിച്ചു. ടി സ്ഥലങ്ങളിൽ നിലവിൽ അപകട സാധ്യത ഉണ്ടോ എന്ന് അറിയിക്കേണ്ടത് ജിയോളജിസ്റ്റ് ആണ് എന്നും നിർദ്ദേശിച്ചു.

കൂടാതെ മൂന്ന് സ്ഥലങ്ങൾ കൂടി പരിഗണനയിൽ വന്നു. ആയവ മൂന്നും ലാൻഡ് അക്വിസിഷൻ വഴിയാണ് തയ്യാറാക്കേണ്ടത് എന്നതിനാൽ താഴെ പറയുന്ന മൂന്ന് സ്ഥലങ്ങളും നേരിൽ കണ്ട് ചർച്ച ചെയ്യാമെന്നും ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. ശേഷം ചേപ്പിലക്കുന്നിലെ പി.ഇ.ബഷീർ, ബംഗാളത്ത് മമ്മീര്യം കൊളത്തൂരിലെ ട്രിഗർ ലോജിസ്റ്റിക്ക്, എയർപോർട്ട് ജംഗ്ഷനിലെ BSNL ഓഫീസിന്റെ അടുത്ത സ്ഥലം, ഡിമോസ് ഫർണിച്ചറിന്റെ എതിർവശത്തുള്ള സ്ഥലം, മത്സ്യ മാർക്കറ്റ്, കൊണ്ടോട്ടി എന്നിവ സന്ദർശിച്ചു.

യോഗം കൃത്യം 11.30–ന് അവസാനിച്ചു

ഒപ്പ്

തഹസിൽദാർ.

**No.C1-7098/2020.**

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 07.03.2022

തഹസിൽദാർ,
കൊണ്ടോട്ടി

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം : കൊണ്ടോട്ടി താലൂക്ക് – മിനി സിവിൽ സ്റ്റേഷൻ – സംബന്ധിച്ച്

സൂചന : ബഹു. ജില്ലാ കളക്ടറുടെ 06.03.2022-ലെ സ്ഥലപരിശോധന.

********************

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ 06.03.2022-ന് സ്ഥലപരിശോധന നടത്തുകയും ഇക്കാര്യത്തിലുള്ള റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. ആയത് താഴെ വിവരിക്കും പ്രകാരം സമർപ്പിക്കുന്നു.

കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജിൽ കുറുപ്പത്ത് അങ്ങാടിക്ക് സമീപം നാഷണൽ ഹൈവേയോട് ചേർന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബ്ലോക്ക് 36 റീസ 29/8-ൽപ്പെട്ട 0.1130 ഹെക്ടർ ഭൂമിയും ഇതിന് പടിഞ്ഞാറ് ഭാഗത്ത് റീസ 29/3-ൽപ്പെട്ട 0.1310 ഹെക്ടർ (32.36 സെന്റ്) ഭൂമിയും ഉണ്ട്. ഈ രണ്ടു ഭൂമികളുടെയും ഇടയിൽ മുനിസിപ്പൽ റോഡും, 1, 3 സർവ്വേ നമ്പറുകളിലായി 10 സെന്റ് സ്വകാര്യ സ്ഥലവുമാണ്. ഇതിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ ഇലക്ഷൻ വിഭാഗം പ്രവർത്തിക്കുന്ന ഹാളും ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുന്ന ഇരു നില കെട്ടിടവും (1968-ൽ നിർമ്മാണം പൂർത്തിയാക്കിയത്) (2) കൃഷിഭവനും പെർഫോമൻസ് ഓഡിറ്റ് വിഭാഗവും പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (1999 ൽ നിർമ്മിച്ചത്), (3) ഇപ്പോൾ താലൂക്ക് ഓഫീസും മുമ്പ് നെടിയിരുപ്പ് പഞ്ചായത്ത് ഓഫീസും പ്രവർത്തിച്ചിരുന്ന ഇരു നില കെട്ടിടവും (1969-ൽ നിർമ്മാണം ആരംഭിച്ചതും പിന്നീട് വിപുലീകരിച്ചതും) ഉൾപ്പെടുന്നു. ഇവിടെ ഉദ്ദേശം 40 സ്ക്വയർ മീറ്റർ സ്ഥലം മാത്രമേ ഒഴിഞ്ഞു കിടക്കുന്നുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് സബ് ട്രഷറി ഓഫീസ് പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (നിർമ്മാണം 2006) നിലവിൽ രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (നിർമ്മാണം 2011) ഉണ്ട്. ഇവിടെ എസ്.ആർ.ഒ-യുടെ

റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് സൗകര്യത്തോടുകൂടിയ പഴയ കെട്ടിടവുണ്ട്. റിക്കാർഡുകൾ സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഇരിക്കാനുമുള്ള ചെറിയ സൗകര്യത്തോടുകൂടിയ പഴയ കെട്ടിടവുണ്ട് (1981). ഒഴിഞ്ഞു കിടക്കുന്നതും ഇപ്പോൾ വാഹന പാർക്കിംഗായി ഉപയോഗിക്കുന്നതും പഴയ ബിൽഡിംഗ് ഉൾപ്പെടുന്നതുമായ ആകെ 16 1/4 സെന്റ് സ്ഥലമുണ്ട്. ഈ സ്ഥലത്തിൽ താഴെ കാണിച്ച പ്രകാരം താലൂക്ക് ഓഫീസ് / മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്.

എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥലവും ഓഫീസായി ഉപയോഗിക്കാത്ത പഴയ കെട്ടിടങ്ങളും ഉൾപ്പെടുന്ന 16 1/4 സെന്റ് സ്ഥലത്ത് നിലവിലുള്ള കെ.ബി.ആർ നിയമങ്ങൾക്കനുസരിച്ച് പരമാവധി താഴെ പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കാവുന്ന തരത്തിൽ ബഹുനില കെട്ടിടം നിർമ്മിച്ച് ആയതിൽ താലൂക്ക് ഓഫീസും സ്ഥല ലഭ്യതക്കനുസരിച്ച് മറ്റ് ഓഫീസുകൾക്കും അനുവദിക്കാവുന്നതാണ്. കൂടാതെ നിലവിലുള്ള രജിസ്ട്രാർ ഓഫീസിന് മുകളിൽ രണ്ടാംനിലയും നിർമ്മിക്കാവുന്നതാണ്. ഇപ്രകാരം ഉത്തരവാകുകയാണെങ്കിൽ സ്വകാര്യ ഭൂമി അക്വയർ ചെയ്യേണ്ടതായോ നിലവിലുള്ള ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പൊളിക്കേണ്ടതായോ വരുന്നില്ല. വേഗത്തിൽ നിർമ്മാണം തുടങ്ങാനും സാധിക്കും. മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് രണ്ടാം ഘട്ടത്തിൽ ആവശ്യമെങ്കിൽ മിനിസിവിൽ സ്റ്റേഷൻ വിപുലീകരിക്കാനും സാധിക്കും

ബി) രജിസ്ട്രേൻ വകുപ്പിന്റെ പേരിലുള്ള പുറമ്പോക്കു ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയോ അല്ലെങ്കിൽ അവയുടെ ഉറപ്പും കാലതയും പരിശോധിച്ച് ആയവ കൂടി ഉൾപ്പെടുത്തി ടി സ്ഥലം മുഴുവനായി ഉപയോഗിച്ച് മൾട്ടി സ്റ്റോർഡ് കെട്ടിടം നിർമ്മിക്കുക താഴെ നില പാർക്കിംഗിനായും മറ്റുള്ള ഓഫീസിനുവേണ്ടി ഉപയോഗിക്കുന്ന രീതിയിൽ നിർമ്മിക്കാം. ഇങ്ങനെയാകുമ്പോൾ എല്ലാ ഓഫീസുകളും ഒരേ സ്ഥലത്ത് ഒരേ കെട്ടിടത്തിൽ തന്നെ ഉൾക്കൊള്ളിക്കാം. പാർക്കിംഗിന് കൂടുതൽ സ്ഥലം ലഭ്യമാകുകയും ചെയ്യും. എന്നാൽ നിലവിലുള്ള കെട്ടിടം പൊളിക്കേണ്ടതും നിർമ്മാണം വരെ നിലവിലുള്ള എസ്.ആർ.ഒ, എസ്.ടി.ഒ ഓഫീസുകൾക്ക് താല്ക്കാലികമായി പുതിയ കെട്ടിടം കണ്ടെത്തുകയും വേണ്ടി വരും. PWD അധികൃതരുടെ ശുപാർശ കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശ്വാസപൂർവ്വം,

(ഒപ്പ്)
തഹസിൽദാർ.

ഉത്തരവിൻ പ്രകാരം

[signature] 3/3/22

ഡെപ്യൂട്ടി തഹസിൽദാർ

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, മലപ്പുറം-676505
ഫോൺ: 0483 2734937
e-Mail: pwdexecutiveengineer@gmail.com

Public Works Department

നമ്പർ DS/1483/2022 തീയതി 08-03-2022

പ്രേഷകൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

ജില്ലാ കളക്ടർ,
മലപ്പുറം.

സർ,

വിഷയം:- കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ താലൂക്ക് ഓഫീസ് നിർമ്മാണം - സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച്.

സൂചന:- 1) അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള ഫോൺ സന്ദേശം.
2) കൊണ്ടോട്ടി കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് നമ്പർ കെ ബി.എസ്./ജനറൽ/2022 തിയതി 07-03-2022

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി അങ്ങയുടെ സന്ദർശന പ്രകാരം കെട്ടിട നിർമ്മാണ സ്ഥലവുമായി ബന്ധപ്പെട്ട റിപ്പോർട്ട് സൂചന (2) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

കൊണ്ടോട്ടി സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന സ്ഥലമാണ് കെട്ടിട നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ളത്. ബസ്സ്റ്റോപ്പ് ഉൾപ്പെടെയുള്ള പഴയ കെട്ടിടങ്ങൾ പൊളിക്കുകയും സബ് രജിസ്ട്രാർ, സബ് ട്രഷറി എന്നീ ഓഫീസ് കെട്ടിടങ്ങൾ നിലനിർത്തിക്കൊണ്ടും ലഭ്യമാകുന്ന സ്ഥലത്ത് ഒരു നിലയിൽ 343.64 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താഴത്തെ നിലയിൽ പാർക്കിംഗ് സൗകര്യം ഒരുക്കി 4 നില കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും കെട്ടിടത്തിന് ആകെ 1374.56 ചതുരശ്രമീറ്റർ വിസ്തീർണ്ണം ലഭ്യമാകുന്നതുമാണ്. സ്ഥലം റോഡ് നിരപ്പിലേക്കു കൊണ്ടു വരുമ്പോൾ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതും സബ് രജിസ്ട്രാർ, സബ് ട്രഷറി എന്നീ ഓഫീസുകളിലേക്ക് പ്രവേശിക്കുന്നതിനായി റാമ്പ് സൗകര്യം ഒരുക്കേണ്ടതായും വരും. പൊളിക്കാനുള്ള കെട്ടിടങ്ങളിൽ രണ്ടെണ്ണം ഓടിട്ടതും ഒരെണ്ണം കോൺക്രീറ്റ് കെട്ടിടവും രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകളുമാണുള്ളത്. ഈ കെട്ടിടങ്ങൾ പഴക്കം ഉള്ളതും ബലക്ഷയം സംഭവിച്ചതുമായതിനാൽ പൊളിച്ച് മാറ്റാവുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ പഴയ കെട്ടിടങ്ങൾ പൊളിച്ച് ലഭ്യമായ സ്ഥലം ഉപയോഗപ്പെടുത്തിയും ഇതൊന്നിച്ച് സമർപ്പിക്കുന്ന പുതിയ കെട്ടിടം ഉൾക്കൊള്ളുന്ന ഭാഗം മാർക്ക് ചെയ്ത് നൽകിയത് പരിഗണിക്കുന്നതിലേക്കായി അങ്ങേയ്ക്ക് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്: അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ് സെക്ഷൻ, കൊണ്ടോട്ടി

കൈപ്പറ്റ്

Scanned with CamScanner




| No | Building | Area |
|---|---|---|
| 01 | Sub Registrar Office New and Old Building Connection | 26.73 Sq.m |
| 02 | Sub Registrar Office Old Building | 153.80 Sq.m |
| 03 | Sub Registrar Office - waiting | 20.62 Sq.m |
| 04 | Toilet 01 | 5.40 Sq.m |
| 05 | Toilet 02 | 6.89 Sq.m |
| 06 | Bus waiting area | 30.50 Sq.m |

Scanned with CamScanner

ഭരണഭാഷ–മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം–676505,ഫോൺ 0483–2734922**
ഫാക്സ്– 0483–2730010, ഇ മെയിൽ– dcm.ker@nic.in

**തീയതി :01/04/2022**

പ്രേഷകൻ
ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്
ഗവമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി(ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)
റവന്യൂ (എഫ്) വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:– കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം – ഭൂമി ലഭ്യമാക്കുന്നത് – സബ് കമ്മിറ്റി യോഗം ചേർന്ന് ലഭ്യമായ ഭൂമി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:–

1. ഈ കാര്യാലയത്തിലെ 12/05/2014 തീയ്യതിയിലെ ബി1–32519/2013 നമ്പർ കത്തും ഉള്ളടക്കവും
2. 06/04/2015 തിയ്യതിയിലെ 711/2015 കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3. 25/09/2019 തിയ്യതിയിലെ ഇതേ നം. കത്ത്.
4. 17/03/2020 തീയ്യതിയിൽ ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗം.
5. കൊണ്ടോട്ടി തഹസിൽദാരുടെ 08/02/2021 തിയ്യതിയിലെ സി1–7098/2020 നമ്പർ കത്തും ഉള്ളടക്കവും
6. 25/08/2021 തീയ്യതിയിൽ DDC യുടെ അദ്ധ്യക്ഷതയിൽ ബഹ . കൊണ്ടോട്ടിഎം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗം.
7. കൊണ്ടോട്ടി തഹസിൽദാരുടെ 31/08/2021 തിയ്യതിയിലെ സി1–7098/2020 നമ്പർ കത്ത്.
8. കൊണ്ടോട്ടി കൃഷി ഓഫീസറുടെ 26/08/2021 തിയ്യതിയിലെ കെ.ആർ.ബി–9/2021 നം. കത്ത്.
9. ഈ കാര്യാലയത്തിലെ 02/09/2021 തിയ്യതിയിലെ ഇതേ നം. കത്ത്.
10. 21/02/2022 തിയ്യതിയിലെ ബഹ . റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹ.എം.എൽ.എ യുടേയും ബഹ.ലാന്റ് റവന്യൂ കമ്മീഷണറുടേയും സാന്നിദ്ധ്യത്തിൽ നടന്ന യോഗ തീരുമാനം.
11. 24/02/2022 തിയ്യതി കൊണ്ടോട്ടി തഹസിൽദാരുടെ ചേംബറിൽ ഡെപ്യൂട്ടി കലക്ടർ (എൽ.ആർ) ന്റെഅദ്ധ്യക്ഷതയിൽ ചേർന്ന സബ് കമ്മിറ്റി യോഗവും സ്ഥല പരിശോധനയും.
12. കൊണ്ടോട്ടി തഹസിൽദാരുടെ 28/02/2022 തിയ്യതിയിലെ സി1–7098/2020 നമ്പർ റിപ്പോർട്ട്.
13. കൊണ്ടോട്ടി തഹസിൽദാരുടെ 07/03/2022 തിയ്യതിയിലെ സി1–7098/2020 നമ്പർ റിപ്പോർട്ട്.
14. പൊതുമരാമത്ത് (ബിൽഡിംഗ് വിഭാഗം) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08/03/2022 തിയ്യതിയിലെ റിപ്പോർട്ട്.

**********************

സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു . കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ റി.സ 376/1 ൽ വില്ലേജ് റിക്കാർഡ് പ്രകാരം നഞ്ച വിഭാഗത്തിൽ പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 50 സെന്റ് ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റേഷൻ നിർമ്മാണത്തിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സൂചന 1 പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് സൂചന 2 പ്രകാരം നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി മറ്റൊരു ഭൂമി കണ്ടെത്തുന്നതിനായി ബഹു. ലാന്റ് റവന്യൂ കമ്മീഷണർ 15/12/2018 ലെ LRMI-36975/2018 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി താലൂക്ക്, കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ റി.സ 105/5 ൽ പെട്ട ബങ്കാളത്ത് മമ്മീര്യം എന്നവരുടെ കൈവശത്തിലുള്ള 1.20 ഏക്ര ഭൂമി 2013 ലെ RFCT LARR Act പ്രകാരം ഏറ്റെടുക്കാവുന്നതാണെന്ന് സൂചന 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

എന്നാൽ സൂചന 4 പ്രകാരം 17/03/2020 തീയ്യതിയിൽ ഈ കാര്യാലയത്തിൽ വെച്ച് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മേൽ ഭൂമി അസൗകര്യങ്ങൾ കാരണം ഒഴിവാക്കണമെന്ന് എം.എൽ.എ നിർദ്ദേശിക്കുകയും തുടർന്ന് ലഭ്യമായ മറ്റ് ഭൂമികളെക്കുറിച്ച്അന്വേഷിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തതിന്റെഅടിസ്ഥാനത്തിൽ സൂചന 5 പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി താഴെ വിവരിക്കുന്ന 3 ഭൂമികൾ തഹസിൽദാർ നിർദ്ദേശിക്കുകയുണ്ടായി.

1. മുനിസിപ്പാലിറ്റിയുടെ കൈവശത്തിലുള്ള മത്സ്യ മാർക്കറ്റിന് ഉപയോഗിക്കുന്ന ഭൂമി.
2. കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള റി.സ 10/20,10/3,10/5,10/7,10/8,10/9,10/22,208/1,208/2,209/1,209/2,208/10 ൽ പെട്ട 2.2515 ഹെക്ടർ ഭൂമി.
3. കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള റി.സ 10/3,10/4, 10/5,10/7, 10/8, 10/9,10/10,10/22 ൽ പെട്ട 1.75 ഏക്കർ ഭൂമി.

സൂചന 5 പ്രകാരമുള്ള സ്ഥല പരിശോധനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 3 പ്രകാരമുള്ള ഭൂമി കൂടുതൽ അനുയോജ്യമാണെന്ന് കൊണ്ടോട്ടി തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ സൂചന 2 പ്രകാരം സർക്കാർ നിരസിച്ച കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ റി.സ 376/1 ൽ പെട്ട 50 സെന്റ് ഭൂമി കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി വേണ്ടി ഒരിക്കൽകൂടി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലേക്ക് വിട്ടുവാനുള്ള സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു യോഗം ചേരുവാൻ ബഹു . കൊണ്ടോട്ടി എം.എൽ.എ നിർദ്ദേശിച്ചത് പ്രകാരം 25/08/2021 തിയ്യതിയിൽ സൂചന 6 പ്രകാരം യോഗം ചേരുകയും എം.എൽ.എ അറിയിച്ചത് പ്രകാരം ടി ഭൂമിയെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് തഹസിൽദാരിൽനിന്നും കൃഷി ഓഫീസറിൽനിന്നും ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടിതഹസിൽദാരും കൊണ്ടോട്ടി കൃഷി ഓഫീസറും സൂചന 7,8 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും നിലവിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ കരഭൂമി

ലഭ്യമല്ലാത്തതിനാൽ മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള 376/1 ൽ പെട്ട 50 സെന്റ് ഭൂമിയിൽ സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നുംസൂചന 7 പ്രകാരം തഹസിൽദാർ റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ളതും ഡാറ്റാബാങ്ക് പ്രകാരം നിലം ഭൂമിയിൽ ഉൾപ്പെട്ടതുമായ കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ റി.സ 376/1 ൽ ഒട്ടളവ് 1 ഏക്ര 56 സെന്റ് ഭൂമിയിൽ 70 സെന്റ് ഭൂമിക്ക് തരം മാറ്റ അനുമതി നൽകുകയോ കൊണ്ടോട്ടി വില്ലേജിൽ ബ്ലോക്ക് 12 ൽ ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള റി.സ 10/3,10/4,10/5,10/7,10/8,10/9,10/1010/22 ൽ പെട്ട 1.75 ഏക്ര ഭൂമി ലാന്റ് അക്വസിഷൻ മുഖേന ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണെന്ന് സൂചന 9 പ്രകാരം02/09/2021 തിയ്യതിയിൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള വയൽ ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചതിനെതിരെ ശ്രീ. റഫ്മത്ത് ഷാജഹാൻ എന്നവർ സർക്കാർ തലത്തിൽ പരാതികൾ നൽകുകയും ടി പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. അലി വൈതലപ്പറമ്പിൽ എന്നവർ ബഹു. കേരള ഹൈക്കോടതിയിൽ WP(C)-26620/21 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിൽ സൂചന 10 പ്രകാരം കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി ബഹു. റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. കൊണ്ടോട്ടി എം.എൽ.എ ബഹു.ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓൺലൈൻ യോഗം ചേരുകയും ടി യോഗ തീരുമാന പ്രകാരം ഒരു പുതിയ സബ് കമ്മിറ്റി ചേരുകയും സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി ലഭ്യമായ ഭൂമി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി.

ആയത് പ്രകാരം 24/02/2022 ന് കൊണ്ടോട്ടി തഹസിൽദാരുടെ ചേംബറിൽ വെച്ച് ഡെപ്യൂട്ടി കലക്ടർ (എൽ.ആർ) അധ്യക്ഷതയിൽ കൊണ്ടോട്ടി തഹസിൽദാർ, വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് കലക്ടേറ്റ് ലാന്റ് അക്വസിഷൻ വിഭാഗം , എയർപോർട്ട് വിഭാഗം, പൊതുമരാമത്ത് വിഭാഗം, ജിയോളജി വിഭാഗം, പൊതുമരാമത്ത് വിഭാഗം, ഫിഷറീസ് വിഭാഗം, കൊണ്ടോട്ടി നഗരസഭ, റവന്യൂ ഉദ്ധ്യോഗസ്ഥർ തുടങ്ങിയവർ ഉൾപ്പെട്ടുള്ള സബ് കമ്മിറ്റി അംഗങ്ങൾ യോഗം ചേരുകയും സർക്കാർ, സ്വകാര്യ ഭൂമികളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്ഥലപരിശോധന നടത്തുകയും ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 12 പ്രകാരം കൊണ്ടോട്ടി തഹസിൽദാർ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി സർക്കാർ, സ്വകാര്യ ഭൂമികൾ ഉൾപ്പെടെ 8 ഭൂമികളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

തുടർന്ന് 05.03.202 ൽ നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ സൂചന 13 പ്രകാരം കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജിൽ ദേശീയപാതയോട് ചേർന്ന് നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള ബ്ലോക്ക്-36 ൽ റി.സ 29/8 ൽ പെട്ട 0.1130 ഹെക്ടർ ഭൂമിയും ടി ഭൂമിയുടെ പടിഞ്ഞാറ് റി.സ 29/3 ൽ പെട്ട 0.1310 ഹെക്ടർ ഭൂമിയും ടി ഭൂമികൾക്കിടയിൽ മുനിസിപ്പൽ റോഡും 1,3 സർവ്വെ നമ്പറുകളിലായി 10 സെന്റ് സ്വകാര്യ സ്ഥലവുമുണ്ട് . മുനിസിപ്പാലിറ്റിയുടെ

ഉടമസ്ഥതയിൽ ഇലക്ഷൻ വിഭാഗം പ്രവർത്തിക്കുന്ന ഹാളും ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടുന്ന ഇരുനില കെട്ടിടവും കൃഷി ഭവനും പെർഫോമൻസ് ഓഡിറ്റ് വിഭാഗം പ്രവർത്തിക്കുന്ന ഇരുനില കെട്ടിടവും താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന ഇരുനില കെട്ടിടവും ഉൾപ്പെടുന്നുണ്ട്. ഇവിടെ ഏകദേശം 40 സ്ക്വയർ മീറ്റർ സ്ഥലമേ ഒഴിഞ്ഞുകിടക്കുന്നുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സബ് ട്രഷറി ഓഫീസ് പ്രവർത്തിക്കുന്ന 2006 ൽ നിർമ്മിച്ച ഇരുനില കെട്ടിടവും രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തിക്കുന്ന 2011 ൽ നിർമ്മിച്ച ഇരുനില കെട്ടിടവും ഉണ്ട്. എസ്.ആർ.ഒ യുടെ റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് സൗകര്യത്തോടുകൂടിയ 1881 ൽ നിർമ്മിച്ച പഴയ കെട്ടിടമുണ്ട്. ഒഴിഞ്ഞുകിടക്കുന്നതും വാഹന പാർക്കിംഗിനായി ഉപയോഗിക്കുന്നതും പഴയ ബിൽഡിംഗ് ഉൾപ്പെടുന്നതുമായ 16 സെന്റ് സ്ഥലമുണ്ട്. ടി സ്ഥലത്ത് താഴെ വിവരിക്കുന്ന പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്.

1. രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലവും പഴയ കെട്ടിടങ്ങളും ഉൾപ്പെടുന്ന 16 1/2 സെന്റ് സ്ഥലത്ത് നിലവിലുള്ള കെ.ബി.ആർ നിയമങ്ങൾക്കനുസരിച്ച് പരമാവധി താഴെ പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കാവുന്ന തരത്തിൽ ബഹുനില കെട്ടിടം നിർമ്മിച്ച് താലൂക്ക് ഓഫീസും, സ്ഥലലഭ്യതക്കനുസരിച്ച് മറ്റ് ഓഫീസുകളും അനുവദിക്കാവുന്നതും നിലവിലുള്ള രജിസ്ട്രേഷൻ ഓഫീസിന്റെ മുകളിൽ രണ്ടാം നിലയും നിർമ്മിക്കാവുന്നതാണ്. ഇപ്രകാരം പരിഗണിച്ചാൽ സ്വകാര്യ ഭൂമി അക്വയർ ചെയ്യേണ്ടതായോ നിലവിൽ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പൊളിക്കേണ്ടതായോ വരുന്നില്ല. വേഗത്തിൽ നിർമ്മാണം തുടങ്ങാനും മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുത്ത് ആവശ്യമെങ്കിൽ രണ്ടാം ഘട്ടത്തിൽ മിനി സിവിൽ സ്റ്റേഷൻ വിപുലീകരിക്കുവാനും സാധിക്കും.
2. രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയോ അല്ലെങ്കിൽ അവയുടെ ഉറപ്പും ക്ഷമതയും പരിശോധിച്ച് ആയവ കൂടി ഉൾപ്പെടുത്തി ടി സ്ഥലം മുഴുവനായി ഉപയോഗിച്ച് താഴത്തെ നില പാർക്കിംഗിനായും മറ്റുള്ള ഓഫീസുകൾക്കായും ഉപയോഗിക്കത്തക്ക രീതിയിൽ മൾട്ടി സ്റ്റോർഡ് കെട്ടിടം നിർമ്മിക്കാം. ഇപ്രകാരം പരിഗണിക്കുമ്പോൾ എല്ലാ ഓഫീസുകളും ഒരേ കെട്ടിടത്തിൽ തന്നെ ഉൾക്കൊള്ളിക്കാവുന്നതും പാർക്കിംഗിന് കൂടുതൽ സ്ഥലം ലഭ്യമാകുകയും ചെയ്യും. എന്നാൽ നിലവിൽ പ്രവർത്തിക്കുന്ന എസ്.ആർ.ഒ, എസ്.ടി.ഒ ഓഫീസുകൾക്ക് താൽക്കാലികമായി പുതിയ കെട്ടിടം കണ്ടെത്തേണ്ടി വരുന്നതും PWD അധികൃതരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ

സ്വീകരിക്കാമെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

സൂചന 14 പ്രകാരം PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിചിട്ടുള്ളതും ആയതു് പ്രകാരം ബസ് സ്റ്റോപ്പ് ഉൾപ്പെടെയുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ച് സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടങ്ങൾ നിലനിർത്തിക്കൊണ്ട് ലഭ്യമാകുന്ന സ്ഥലത്ത് ഒരു നിലയിൽ 343.64 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും താഴത്തെ നിലയിൽ പാർക്കിംഗ് സൗകര്യം ഒരുക്കി 4 നില കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും കെട്ടിടത്തിന് ആകെ 1374.56 ചതുരശ്രമീറ്റർ വിസ്തീർണ്ണം ലഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ടി സ്ഥലം റോഡ് നിരപ്പിലേക്കാക്കുമ്പോൾ വശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതും സബ് ട്രഷറി, സബ് രജിസ്റ്റാർ ഓഫീസുകളിലേക്ക് പ്രവേശനത്തിന് റാമ്പ് സൗകര്യം ഒരുക്കേണ്ടതായും വരും. പൊളിക്കേണ്ട കെട്ടിടങ്ങളിൽ രണ്ടെണ്ണം ഓടിട്ടതും ഒരെണ്ണം കോൺക്രീറ്റ് കെട്ടിടവും രണ്ട് ടോയ്ലറ്റ് ബ്ലോക്കുകളുമാണുള്ളത്. ടി കെട്ടിടങ്ങൾ പഴക്കം ഉള്ളതും ബലക്ഷയം സംഭവിച്ചിട്ടുള്ളതുമായതിനാൽ പൊളിച്ചുമാറ്റാവുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തഹസിൽദാരുടെയും (സൂചന 13) പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെയും (സൂചന 14)റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നത് ഉചിത മായിരിക്കും എന്ന് റിപ്പോർട്ട് ചെയ്യുന്നു

മേൽ പ്രസ്താവിച്ച വിവരങ്ങൾ ഉചിതമായ തീരുമാനത്തിനും ഉത്തരവിനുമായി സമർപ്പിച്ചുകൊള്ളുന്നു

വിശ്വാസപൂർവ്വം

**V R PREMKUMAR IAS, DC DCMPM, O/O DC DCMPM**
ജില്ലാ കലക്ടർ

Signature Not Verified

Digitally signed by V R PREMKUMAR IAS
Date: 2022.04.01 10:43:01 PDT
Reason: Approved

No.C1-7098/2020.

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ : kondottytaluk@gmail.com
പിൻ : 673 638.
തീയതി : 07.03.2022

തഹസിൽദാർ,
കൊണ്ടോട്ടി.

ജില്ലാ കളക്ടർ
മലപ്പുറം

സർ,

വിഷയം : കൊണ്ടോട്ടി താലൂക്ക് - മിനി സിവിൽ സ്റ്റേഷൻ - സംബന്ധിച്ച്

സൂചന : ബഹു. ജില്ലാ കളക്ടറുടെ 05.03.2022-ലെ സ്ഥലപരിശോധന.

******************

കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ 05.03.2022-ന് സ്ഥലപരിശോധന നടത്തുകയും ഇക്കാര്യത്തിലുള്ള റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. ആയത് താഴെ വിവരിക്കും പ്രകാരം സമർപ്പിക്കുന്നു.

കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജിൽ കുറുപ്പത്ത് അങ്ങാടിക്ക് സമീപം നാഷണൽ ഹൈവേയോട് ചേർന്ന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബ്ലോക്ക് 36 റി.സ 29/8-ൽപ്പെട്ട 0.1130 ഹെക്ടർ ഭൂമിയും ഇതിന് പടിഞ്ഞാറ് ഭാഗത്ത് റി.സ 29/3-ൽപ്പെട്ട 0.1310 ഹെക്ടർ (32.36 സെന്റ്) ഭൂമിയും ഉണ്ട്. ഈ രണ്ടു ഭൂമികളുടെയും ഇടയിൽ മുനിസിപ്പൽ റോഡും, 1, 3 സർവ്വെ നമ്പറുകളിലായി 10 സെന്റ് സ്വകാര്യ സ്ഥലവുമാണ്. ഇതിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ ഇലക്ഷൻ വിഭാഗം പ്രവർത്തിക്കുന്ന ഹാളും ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുന്ന ഇരു നില കെട്ടിടവും (1998-ൽ നിർമ്മാണം പൂർത്തിയാക്കിയത്) (2) കൃഷിഭവനും പെർഫോമൻസ് ഓഡിറ്റ് വിഭാഗവും പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (1999 ൽ നിർമ്മിച്ചത്). (3) ഇപ്പോൾ താലൂക്ക് ഓഫീസും മുമ്പ് നെടിയിരുപ്പ് പഞ്ചായത്ത് ഓഫീസും പ്രവർത്തിച്ചിരുന്ന ഇരു നില കെട്ടിടവും (1969-ൽ നിർമ്മാണം ആരംഭിച്ചതും പിന്നീട് വിപുലീകരിച്ചതും) ഉൾപ്പെടുന്നു. ഇവിടെ ഉദ്ദേശം 40 സ്ക്വയർ മീറ്റർ സ്ഥലം മാത്രമേ ഒഴിഞ്ഞു കിടക്കുന്നുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് സബ് ട്രഷറി ഓഫീസ് പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (നിർമ്മാണം 2006) നിലവിൽ രജിസ്ട്രേൻ ഓഫീസ് പ്രവർത്തിക്കുന്ന ഇരു നില കെട്ടിടവും (നിർമ്മാണം 2011) ഉണ്ട്. ഇവിടെ എസ്ആർ.ഒ-യുടെ

റിക്കാർഡുകൾ സൂക്ഷിക്കുന്നതിന് സൗകര്യത്തോടുകൂടിയ പഴയ കെട്ടിടമു... റിക്കാർഡുകൾ സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഇരിക്കാനുമുള്ള ചെ... സൗകര്യത്തോടുകൂടിയ പഴയ കെട്ടിടമുണ്ട് (1881). ഒഴിഞ്ഞു കിടക്കുന്നതും ഇപ്പോൾ വാ...ന പാർക്കിംഗായി ഉപയോഗിക്കുന്നതും പഴയ ബിൽഡിംഗ് ഉൾപ്പെടുന്നതുമായ ആകെ $16^{1}/_{3}$ സെന്റ് സ്ഥലമുണ്ട്. ഈ സ്ഥലത്തിൽ താഴെ കാണിച്ച പ്രകാരം താലൂക്ക് ഓഫീസ് / മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാവുന്നതാണ്.

എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതിയുള്ള ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥലവും ഓഫീസായി ഉപയോഗിക്കാത്ത പഴയ കെട്ടിടങ്ങളും ഉൾപ്പെടുന്ന $16^{1}/_{3}$ സെന്റ് സ്ഥലത്ത് നിലവിലുള്ള കെ.ബി.ആർ നിയമങ്ങൾക്കനുസരിച്ച് പരമാവധി താഴെ പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കാവുന്ന തരത്തിൽ ബഹുനില കെട്ടിടം നിർമ്മിച്ച് ആയതിൽ താലൂക്ക് ഓഫീസും സ്ഥല ലഭ്യതക്കനുസരിച്ച് മറ്റ് ഓഫീസുകൾക്കും അനുവദിക്കാവുന്നതാണ്. കൂടാതെ നിലവിലുള്ള രജിസ്ട്രാർ ഓഫീസിന് മുകളിൽ രണ്ടാംനിലയും നിർമ്മിക്കാവുന്നതാണ്. ഇപ്രകാരം ഉത്തരവാകുകയാണെങ്കിൽ സ്വകാര്യ ഭൂമി അക്വയർ ചെയ്യേണ്ടതായോ നിലവിലുള്ള ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പൊളിക്കേണ്ടതായോ വരുന്നില്ല. വേഗത്തിൽ നിർമ്മാണം തുടങ്ങാനും സാധിക്കും. മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് രണ്ടാം ഘട്ടത്തിൽ ആവശ്യമെങ്കിൽ മിനിസിവിൽ സ്റ്റേഷൻ വിപുലീകരിക്കാനും സാധിക്കും

ബി) രജിസ്ട്രേൻ വകുപ്പിന്റെ പേരിലുള്ള പുറമ്പോക്കു ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയോ അല്ലെങ്കിൽ അവയുടെ ഉറപ്പും ക്ഷമതയും പരിശോധിച്ച് ആയവ കൂടി ഉൾപ്പെടുത്തി ടി സ്ഥലം മുഴുവനായി ഉപയോഗിച്ച് മൾട്ടി സ്റ്റോർഡ് കെട്ടിടം നിർമ്മിക്കുക താഴെ നില പാർക്കിംഗിനായും മറ്റുള്ള ഓഫീസിനുവേണ്ടി ഉപയോഗിക്കുന്ന രീതിയിൽ നിർമ്മിക്കാം. ഇങ്ങനെയാകുമ്പോൾ എല്ലാ ഓഫീസുകളും ഒരേ സ്ഥലത്ത് ഒരേ കെട്ടിടത്തിൽ തന്നെ ഉൾക്കൊള്ളിക്കാം. പാർക്കിംഗിന് കൂടുതൽ സ്ഥലം ലഭ്യമാകുകയും ചെയ്യും. എന്നാൽ നിലവിലുള്ള കെട്ടിടം പൊളിക്കേണ്ടതും നിർമ്മാണം വരെ നിലവിലുള്ള എസ്.ആർ.ഒ, എസ്.ടി.ഒ എഫീസുകൾക്ക് താല്ക്കാലികമായി പുതിയ കെട്ടിടം കണ്ടെത്തുകയും വേണ്ടി വരും. PWD അധികൃതരുടെ ശുപാർശ കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശ്വാസപൂർവ്വം,

(ഒപ്പ്)
തഹസിൽദാർ.

Email issued on 7/3/22 at 3.52 PM

ഉത്തരവിൻ പ്രകാരം

7/3/22

ഡെപ്യൂട്ടി തഹസിൽദാർ